# വേദപ്രചാര മദ്ധ്യസ്ഥൻ

VEDAPRACHARA MADHYASTHAN
വാല്യം 96
ലക്കം 01
2023 ജൂലൈ

Malayalam Monthly
Price Rs. 25/- Annual Subscription Rs. 300/-



The official organ of
the Archeparchy of Changanacherry

2023
ജൂലൈ

# ജന്മദിനാശംസകൾ



**ജൂലൈ 5 ന് ജന്മദിനം**
**ആഘോഷിക്കുന്ന അഭിവന്ദ്യ**
**മാർ ജോസഫ് പെരുന്തോട്ടം പിതാവിന്**
**അതിരൂപതാകുടുംബത്തിന്റെ**
***പ്രാർത്ഥനാശംസകൾ...***

*Happy Birthday*

# നാമഹേതുകതിരുനാൾ



**ജൂലൈ 3ന് നാമഹേതുകതിരുനാൾ**
**ആഘോഷിക്കുന്ന അഭിവന്ദ്യ**
**മാർ തോമസ് തറയിൽ പിതാവിന്**
**അതിരൂപതാകുടുംബത്തിന്റെ**
***പ്രാർത്ഥനാശംസകൾ...***

**അതിരൂപതാകുടുംബത്തിലെ**
**തോമസ് നാമധാരികളായ**
**എല്ലാ വൈദികർക്കും അൽമായർക്കും**
**പ്രാർത്ഥനാശംസകൾ...**



''നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ''
(ഉൽപത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20, 1887

വാല്യം 96 ● ലക്കം 01 ● 2023 ജൂലൈ

# ഉള്ളടക്കം


ഇടയലേഖനം (Prot. No. 0611/2023) ........ 06
സർക്കുലർ (Prot. No. 0597/2023) ........ 12
ഇടയലേഖനം (23 PL. 39-343) ........ 17
സർക്കുലർ (23 Ch. 286-367) ........ 23
ആരാധനാജീവിതം: അനുബന്ധമാർഗനിർദേശങ്ങൾ - 2 ........ 26
സർക്കുലർ - യുവജനദിനം (No. 3879/K 35/OL/KCBC/DS) ........ 29
സർക്കുലർ - ദളിത് ക്രൈസ്തവർ (No. 3877/K 35/OL/KCBC/DS) ........ 33
സർക്കുലർ - മണിപ്പൂർ കലാപം (No. 3880/K 35/OL/KCBC/DS) ........ 35
കച്ചേരിക്കാര്യം ........ 38
സന്ദേശനിലയം ........ 56
ചെറുപുഷ്പ മിഷൻലീഗ് ........ 59
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ ........ 62
ഫാമിലി അപ്പോസ്തലേറ്റ് ........ 65
യുവദീപ്തി - SMYM ........ 69
കെ.സി.എസ്.എൽ. ........ 72
CARP ........ 73
CHASS ........ 75
ജീവകാരുണ്യനിധി ട്രസ്റ്റ് ........ 82
DFC ........ 84
ആതുരശുശ്രൂഷാമേഖല ........ 85
പ്രവാസി അപ്പോസ്തലേറ്റ് ........ 89
KLM ........ 90
AKCC ........ 92
ആത്മതാകേന്ദ്രം ........ 93
DCMS ........ 95
SFO ........ 96
വിൻസെൻഷ്യൻ വേദി ........ 98
കരിസ്മാറ്റിക് നവീകരണം ........ 99
പൗരോഹിത്യ ആദ്ധ്യാത്മികത ........ 100
അഭിവന്ദ്യ പിതാക്കന്മാരുടെ DIARY ........ 106
അഭിവന്ദ്യ പിതാക്കന്മാരുടെ ENGAGEMENTS ........ 112



വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ
മുഖപത്രം




Archbishop House, P.B. No. 20, Changanacherry P.O., Kottayam 686 101
0481 2420040, 2420379, 2420614
9037440040
www.archdiocesechanganacherry.org
chancellorchry@gmail.com



Annual Subscription: Rs. 300/-

# 110 – ാം ചരമദിനം

(ജൂലൈ 11)



## ബിഷപ് ചാൾസ് ലവീഞ്ഞ് SJ

**കോട്ടയം (ചങ്ങനാശേരി) വികാരിയാത്തിന്റെ ആദ്യ വികാരി അപ്പസ്തോലിക്കാ**

Prot. No. 0611/2023

# ഇടയലേഖനം

**സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്**
**കർദിനാൾ ജോർജ് ആലഞ്ചേരി**
**തന്റെ സഹശുശ്രൂഷകരായ**
**മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും**
**സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന**
**എല്ലാ ദൈവജനത്തിനും എഴുതുന്നത്.**
**കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.**

## ദുക്റാനതിരുനാൾ – സഭാദിനം 2023

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ദുക്റാനതിരുനാൾ സഭാദിനമായി മുൻവർഷങ്ങളിലേതുപോലെതന്നെ ഈ വർഷവും നമ്മൾ ആചരിക്കുകയാണല്ലോ. 'എന്റെ കർത്താവും, എന്റെ ദൈവവും' എന്ന മാർതോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനവും തുടർന്നു നടത്തിയ സുവിശേഷപ്രഘോഷണയാത്രയും താൻ പ്രഘോഷിച്ച വിശ്വാസത്തിനു സാക്ഷ്യംനല്കികൊണ്ടു വരിച്ച രക്തസാക്ഷിത്വവുമാണ് നമ്മുടെ സഭയുടെയും നാമോരോരുത്തരുടെയും വിശ്വാസം പണിതുയർത്തിയിരിക്കുന്ന മൂലക്കല്ല്. രക്ഷാകരസന്ദേശം ഭാരതത്തിലെത്തിക്കാൻ മാർതോമാശ്ലീഹായെ നിയോഗിച്ച ദൈവപരിപാലനയ്ക്കു നന്ദിപറയാനും ശ്ലീഹായുടെ ജീവിതസാക്ഷ്യത്തിൽനിന്ന് ഊർജം സ്വീകരിച്ചുകൊണ്ടു ഇന്നത്തെ കാലഘട്ടം ഉയർത്തുന്ന വെല്ലുവിളികൾ ധീരതയോടെ അഭിമുഖീകരിക്കാനുള്ള വിശ്വാസതീക്ഷ്ണതയ്ക്കുവേണ്ടി പ്രാർഥിക്കാനും ഈ വർഷത്തെ തിരുനാളാഘോഷം ഇടവരുത്തട്ടെ. അതിനുതകുന്ന

ഏതാനും കാര്യങ്ങൾ ഈ ഇടയലേഖനത്തിലൂടെ പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ക്രിസ്തുവർഷം 72ൽ മദ്രാസിലെ ചിന്നമലയിൽ മാർതോമാശ്ലീഹാ രക്തസാക്ഷിത്വം വരിച്ചതിന്റെ 1950-ാം വാർഷികാചരണമായിരുന്നു കഴിഞ്ഞവർഷത്തെ ദുക്റാന തിരുനാളിന്റെ മുഖ്യപ്രമേയം. സഭയുടെ വിവിധ തലങ്ങളിൽ അതു നമ്മൾ ആഘോഷിച്ചു. *സീറോമലബാർഹയരാർക്കി 1923ൽ സ്ഥാപിതമായതിന്റെ ശതാബ്ദിവർഷമെന്ന പ്രത്യേകതയാണ്* ഈ വർഷത്തെ ആഘോഷങ്ങൾക്കുള്ളത്. മാർതോമാശ്ലീഹായുടെ സുവിശേഷപ്രഘോഷണത്താൽ ആരംഭിച്ച ഈ സഭ ആദ്യനൂറ്റാണ്ടുകളിൽ തദ്ദേശീയമായ സംവിധാനങ്ങളിലൂടെ വളർച്ചയാരംഭിക്കുകയും പേർഷ്യൻ സഭയുമായുള്ള ബന്ധത്തിലൂടെ ആരാധനക്രമപരവും ഘടനാപരവുമായ വളർച്ച നേടുകയും ചെയ്തു. 16-ാം നൂറ്റാണ്ടിൽ ലത്തീൻഭരണ സംവിധാനത്തിലായ നമ്മുടെ സഭ, ഉദയംപേരൂർ സൂനഹദോസിലൂടെയുണ്ടായ പ്രതിസന്ധിവഴി കൂനൻകുരിശുസത്യത്തിലേക്കു നയിക്കപ്പെട്ടു. ഈ സാഹചര്യത്തിലും പരിശുദ്ധ സിംഹാസനത്തോടൊപ്പം നിൽക്കാൻ നമുക്കു കഴിഞ്ഞു. 1887ൽ ഭാഗ്യസ്മരണാർഹനായ ലെയോ പതിമൂന്നാമൻ മാർപാപ്പായാണ് സുറിയാനി കത്തോലിക്കരെ ലത്തീൻ സഭയിൽനിന്നു വേർതിരിച്ചുകൊണ്ടു സീറോമലബാർവിശ്വാസികൾക്കുവേണ്ടി തൃശൂർ, കോട്ടയം എന്നീ വികാരിയാത്തുകൾ സ്ഥാപിച്ചത്. 1896ൽ കോട്ടയം, തൃശൂർ വികാരിയാത്തുകളിൽനിന്നു എറണാകുളം വികാരിയാത്തു സ്ഥാപിതമാകുകയും കോട്ടയം വികാരിയാത്തു ചങ്ങനാശേരി എന്നപേരിൽ അറിയപ്പെടുകയും ചെയ്തു. തൃശൂർ, ചങ്ങനാശേരി, എറണാകുളം എന്നീ മൂന്നുവികാരിയാത്തുകളിലും തദ്ദേശീയമെത്രാന്മാരെ നിയമിക്കുകയും ചെയ്തു. 1911 ൽ ക്നാനായക്കാർക്കായി കോട്ടയം വികാരിയാത്ത് സ്ഥാപിതമായി. ഈ ഹയരാർക്കിക്കൽ സംവിധാനങ്ങളുടെ പൂർത്തീകരണമായി 1923 ഡിസംബർ 21 നു പതിനൊന്നാം പീയൂസ് മാർപാപ്പ എറണാകുളം വികാരിയാത്തിനെ അതിരൂപതയായും തൃശ്ശൂർ, ചങ്ങനാശേരി, കോട്ടയം വികാരിയാത്തുകളെ സാമന്തരൂപതകളായും നിശ്ചയിച്ചുകൊണ്ടു സീറോമലബാർ ഹയരാർക്കി സ്ഥാപിച്ചു. നമ്മുടെ സഭയുടെ വളർച്ചയിൽ നാഴികക്കല്ലായി മാറിയ ഈ ചരിത്രസംഭവത്തിന്റെ ശതാബ്ദിയാണ് ഈ വർഷം നമ്മളാചരിക്കുന്നത്.

പിന്നീടുള്ള വർഷങ്ങളിൽ നമ്മുടെ സഭയുടെ വളർച്ച ത്വരിതപ്പെടുത്തുന്ന നടപടികൾ പരി. സിംഹാസനം സ്വീകരിച്ചു. 1956ൽ ചങ്ങനാശേരി രൂപത അതിരൂപതയായി ഉയർത്തപ്പെട്ടു. കേരളത്തിലും കേരളത്തിനു പുറത്തും പുതിയ രൂപതകൾ സ്ഥാപിതമായി. 1990ൽ പ്രാബല്യ

ത്തിൽവന്ന പൗരസ്ത്യകാനൻനിയമസംഹിതയനുസരിച്ച് 1992 ഡിസംബർ 16ന് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ സീറോമലബാർസഭയെ മേജർആർക്കിഎപ്പിസ്കോപ്പൽസഭയായി ഉയർത്തുകയും കർദിനാൾ മാർ ആന്റണി പടിയറ പിതാവിനെ ആദ്യത്തെ മേജർ ആർച്ചുബിഷപ്പായി നിയമിക്കുകയും ചെയ്തു. പിന്നീട് 1995ൽ തൃശ്ശൂർ, തലശ്ശേരി രൂപതകൾ അതിരൂപതകളായി ഉയർത്തപ്പെട്ടു. ഭാരതത്തിലും ഭാരതത്തിനുപുറത്തും പുതിയ രൂപതകൾ സ്ഥാപിതമായി. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2017 ഒക്ടോബർ 10ന് സീറോമലബാർസഭയുടെ അതിർത്തി ഭാരതം മുഴുവനിലേക്കും വ്യാപിപ്പിക്കുകയും അജപാലനത്തിനും സുവിശേഷവത്ക്കരണത്തിനുമായുള്ള അവകാശം സഭയ്ക്കു നല്കുകയും ചെയ്തത് സഭാചരിത്രത്തിലെ അവിസ്മരണീയമായ ഒരു സംഭവമാണ്. 1923ൽ നിന്നു 2023ലേക്കുള്ള വളർച്ചയുടെ ഫലമായി സീറോമലബാർ സഭയ്ക്കു ഭാരതത്തിൽ 31 രൂപതകളും ഭാരതത്തിനുപുറത്ത് 4 രൂപതകളും ഒരു അപ്പസ്തോലിക് വിസിറ്റേഷനും ഉൾപ്പെടെ സഭാസംവിധാനങ്ങളുടെ വിപുലീകരണത്തിലും ഇതരമേഖലകളിലും നിർണായകമായ വളർച്ചനേടാൻ സാധിച്ചുവെന്നതിൽ നമുക്കു ദൈവത്തിനു നന്ദിപറയാം.

സഭയുടെ ഹയരാർക്കിക്കൽ വളർച്ചയ്ക്കൊത്തു ആത്മീയതയിലും കൂട്ടായ്മയിലുമുള്ള വളർച്ചയും ഈ കാലയളവിൽ നേടാൻ സാധിച്ചിട്ടുണ്ട് എന്നതു യാഥാർത്ഥ്യമാണ്. മെത്രാന്മാരും വൈദികരും സമർപ്പിതരും അൽമായപ്രേഷിതരും ഒത്തൊരുമിച്ചു പ്രവർത്തിച്ചതിന്റെ ഫലമാണു നമ്മുടെ സഭയ്ക്കു കൈവന്നിരിക്കുന്ന വളർച്ച. 2023 ജൂൺമാസം കൂടിയ മെത്രാൻസിനഡിൽ കൈക്കൊണ്ട തീരുമാനങ്ങൾ സഭയുടെ വളർച്ചയ്ക്കു പുതിയ ദിശാബോധം നല്കുന്നതിനും പ്രേഷിതമേഖലകളെ ശക്തിപ്പെടുത്തുന്നതിനും വിവിധ സഭാശുശ്രൂഷകളെ ഏകോപിപ്പിക്കുന്നതിനും ഉപകരിക്കുന്നവയാണ്. ഈ ലക്ഷ്യത്തോടെയുള്ള സിനഡുതീരുമാനങ്ങൾ പരി. സിംഹാസനത്തിന്റെ അംഗീകാരത്തോടെ നടപ്പിൽ വരുമ്പോൾ നമ്മുടെ സഭയുടെ ചരിത്രം പുതിയ ഘട്ടത്തിലേയ്ക്കു പ്രവേശിക്കും. ദൈവപരിപാലനയിൽ ആശ്രയമർപ്പിച്ചുകൊണ്ടും നമ്മുടെ വിശ്വാസപാരമ്പര്യങ്ങളെ മുറുകെപ്പിടിച്ചുകൊണ്ടും പൗരസ്ത്യസഭയുടേതായ സംവിധാനങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ടും നമുക്ക് ഒരുമിച്ചു മുന്നേറാം. സാർവത്രികസഭയുടെ കൂട്ടായ്മയിൽ ഒരു വ്യക്തിസഭയായി നാം വളരുമ്പോൾ പരിശുദ്ധ പിതാവിനോടു ചേർന്നു വൈദികമേലധ്യക്ഷന്മാരും വൈദികരും സമർപ്പിതരും അൽമായരും വിധേയത്വത്തോടെയും സഹകരണമനോഭാവത്തോടെയും വർത്തിക്കണം. നമ്മുടെ സഭയിൽ സിനഡാത്മകത (synodality) എല്ലാതലങ്ങളിലും പ്രായോഗിക

മാക്കാൻ എല്ലാവരും പരിശ്രമിക്കണം. 'ഒന്നിച്ചു നടക്കുക' എന്നതു കൊണ്ടു പരിശുദ്ധ പിതാവ് ഉദ്ദേശിക്കുന്നത് ഒന്നിച്ചു ചിന്തിക്കുകയും ഒന്നിച്ചു സംവദിക്കുകയും ഒരുമയോടെ പ്രവർത്തിക്കുകയും ചെയ്യുന്ന ജീവിതശൈലിയാണ്. ദൈവത്തിന്റെ കൃപയാലും സഭാമക്കളുടെ സ്നേഹത്താലും സഹകരണത്താലും സഭാകൂട്ടായ്മയെ ശക്തിപ്പെടുത്താൻ നമുക്കു പരിശ്രമിക്കാം.

ഈ പശ്ചാത്തലത്തിൽ ഒരു പ്രത്യേകകാര്യം എടുത്തുപറയാൻ ആഗ്രഹിക്കുന്നു. സീറോമലബാർസഭ കേരളത്തിൽനിന്നു ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്കും ഭാരതത്തിൽനിന്നു ലോകത്തിന്റെ വിവിധ രാജ്യങ്ങളിലേയ്ക്കും വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിൽനിന്നു സ്കൂൾവിദ്യാഭ്യാസത്തിനുശേഷം ഉപരിപഠനത്തിനും ജോലിക്കും വേണ്ടി വിദേശരാജ്യങ്ങളിലേയ്ക്കു പോകുന്നവരുടെ എണ്ണം അനുദിനം വർധിച്ചുകൊണ്ടിരിക്കുകയാണ്. ഇവർ പിന്നീടു അവിടങ്ങളിൽ സ്ഥിരതാമസക്കാരായി മാറുകയും ചെയ്യുന്നു. ഈ കുടുംബങ്ങൾക്കും വ്യക്തികൾക്കും അജപാലനശുശ്രൂഷ നല്കുന്നതിനായാണ് അമേരിക്കയിലും കാനഡയിലും ഗ്രേറ്റ്ബ്രിട്ടനിലും ഓസ്ട്രേലിയയിലും സീറോമലബാർ രൂപതകളും യൂറോപ്പിൽ അപ്പസ്തോലിക് വിസിറ്റേഷനും സ്ഥാപിതമായിരിക്കുന്നത്. മാതൃസഭയിൽനിന്നു വിദേശരാജ്യങ്ങളിൽ എത്തിച്ചേരുന്ന വ്യക്തികളുടെയും കുടുംബങ്ങളുടെയും അജപാലനപരമായ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കാനും സഭാകൂട്ടായ്മയിൽ അവരെ ചേർത്തുനിർത്താനും മാതൃസഭയിലെ രൂപതകളും വിദേശരാജ്യങ്ങളിലെ രൂപതകളും ചേർന്നു സംയുക്ത അജപാലനപദ്ധതികൾ രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. വിദേശരാജ്യങ്ങളിലേയ്ക്കു പോകുന്നവർ സീറോമലബാർസഭയിലെ അംഗങ്ങളെന്ന അവബോധത്തോടെ തങ്ങളുടെ പൈതൃകം കാത്തുസൂക്ഷിക്കാനും ആരാധനക്രമസംബന്ധമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും പിന്തുടരാനും കുഞ്ഞുങ്ങൾക്കു സഭാകൂട്ടായ്മയിൽ വിശ്വാസപരിശീലനം നൽകാനും ശ്രദ്ധിക്കണമെന്നു സ്നേഹപൂർവം ഓർമിപ്പിക്കട്ടെ.

ക്രൈസ്തവവിശ്വാസമനുസരിച്ചുള്ള ജീവിതത്തിനും പ്രവർത്തനങ്ങൾക്കും ഇന്നു സമൂഹത്തിൽ നേരിടേണ്ടിവരുന്ന വെല്ലുവിളികളെക്കുറിച്ചുകൂടി ഏതാനും ചിന്തകൾ പങ്കുവയ്ക്കാനാഗ്രഹിക്കുന്നു. ക്രൈസ്തവരും സഭാസമൂഹങ്ങളും സഭാസ്ഥാപനങ്ങളും വിവിധമേഖലകളിൽ നേരിടുന്ന വെല്ലുവിളികൾ നിരവധിയാണ്. *"നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ. 16:15)* എന്ന ദൈവകല്പിതമായ ദൗത്യം നിർവഹിക്കാൻ ഓരോ ക്രൈസ്ത


വനും കടപ്പെട്ടിരിക്കുന്നു. സുവിശേഷപ്രഘോഷണമില്ലെങ്കിൽ സഭയില്ലായെന്ന സത്യം നമ്മൾ മനസിലാക്കണം. പ്രഘോഷിക്കപ്പെടുന്ന സുവിശേഷത്താൽ ആകർഷിക്കപ്പെട്ടു ക്രൈസ്തവവിശ്വാസം സ്വീകരിക്കാൻ ഒരു വ്യക്തി ആഗ്രഹിച്ചാൽ അതിനെ തടയാൻ ആർക്കും സാധിക്കുകയില്ല. കാരണം, അതു കേവലം മാനുഷികമായ ഒരു തീരുമാനം മാത്രമല്ല ദൈവികപദ്ധതികൂടിയാണ്. വി. യോഹന്നാന്റെ സുവിശേഷത്തിൽ വായിക്കുന്നതുപോലെ *''എന്നെ അയച്ച പിതാവ് ആകർഷിച്ചാലല്ലാതെ ഒരുവനും എന്റെ അടുക്കലേക്കു വരാൻ സാധിക്കുകയില്ല'' (6:44).* പീഡനങ്ങൾക്കോ ഭീഷണികൾക്കോ ഒരു യഥാർത്ഥ വിശ്വാസിയെ തന്റെ ബോധ്യത്തിൽനിന്നു പിന്തിരിപ്പിക്കാൻ സാധിക്കുകയില്ലെന്നു രക്തസാക്ഷികളുടെ ചരിത്രം നമ്മെ ഓർമിപ്പിക്കുന്നു. സുവിശേഷത്തിനുവേണ്ടി നിരവധി പീഡനങ്ങൾ ഏറ്റുവാങ്ങിയ വി. പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഈ സത്യമാണ് പ്രഘോഷിക്കുന്നത്: *''എന്തെന്നാൽ മരണത്തിനോ ജീവനോ ദൂതന്മാർക്കോ അധികാരങ്ങൾക്കോ ഇക്കാലത്തുള്ളവയ്ക്കോ വരാനിരിക്കുന്നവയ്ക്കോ ശക്തികൾക്കോ ഉയരത്തിനോ ആഴത്തിനോ മറ്റേതെങ്കിലും സൃഷ്ടിക്കോ നമ്മുടെ കർത്താവായ ഈശോമിശിഹായിലൂടെയുള്ള ദൈവസ്നേഹത്തിൽനിന്നു നമ്മെ വേർപെടുത്താൻ കഴിയുകയില്ലെന്നു എനിക്ക് ഉറപ്പുണ്ട്'' (റോമാ 8:38-39).* ISIS തീവ്രവാദികൾ ലിബിയൻ കടൽത്തീരത്തുവച്ചു കഴുത്തറുത്തുകൊന്ന 21 എത്യോപ്യൻ രക്തസാക്ഷികളും ഇതേ തീവ്രവാദികളുടെ പീഡനങ്ങൾക്കിടയിലും ഈശോയിലുള്ള വിശ്വാസം തള്ളിപ്പറയാതെ മരണംവരിച്ച ഇറാക്കിലെയും സിറിയയിലെയും നൂറുകണക്കിനു വിശ്വാസികളും വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലും മണിപ്പുരിലും ആക്രമിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്ത ക്രൈസ്തവസഹോദരങ്ങളും ഈ ലോകത്തിലുള്ള ഒരു ശക്തിക്കും ഒരു ഭീഷണിക്കും ഒരു യഥാർത്ഥ വിശ്വാസിയെ പിന്തിരിപ്പിക്കാൻ സാധിക്കുകയില്ലെന്നു ഈ കാലഘട്ടത്തിൽ നമ്മെ ബോധ്യപ്പെടുത്തുന്നു.

സംഘടിതമായ എതിർപ്പുകളുടെയും ന്യായീകരിക്കാനാകാത്ത പ്രകോപനങ്ങളുടെയും തിരഞ്ഞുപിടിച്ചുള്ള ആക്രമണങ്ങളുടെയും പശ്ചാത്തലത്തിലും പൊതുസമൂഹത്തിന്റെ നന്മയും അഭിവൃദ്ധിയും ലക്ഷ്യമാക്കിയുള്ള സഭയുടെ പ്രവർത്തനങ്ങൾ തുടരുന്നതിൽ നമുക്കു മടുപ്പും മനക്ലേശവും ഉണ്ടാകരുത്. ഇത്തരം സാഹചര്യങ്ങളിൽ നഷ്ടധൈര്യരാകാതെ വിശ്വാസം കാത്തുസൂക്ഷിക്കാനും കാരുണ്യത്തോടും സ്നേഹത്തോടുംകൂടെ ക്രൈസ്തവജീവിതം നയിക്കാനും അനുദിന ജീവിതസാഹചര്യങ്ങളിൽ അതു സാക്ഷ്യപ്പെടുത്താനും നമുക്കു സാധി

ക്കണം. നമ്മെ പീഡിപ്പിക്കുന്നവരോടു കാരുണ്യപൂർവം വർത്തിക്കാൻ നമ്മുടെ വിശ്വാസം നമ്മെ നിർബന്ധിക്കുന്നു. അതേസമയം, നമ്മുടെ സ്ഥാപനങ്ങളും സംഘടനകളും വിവിധ സേവനമേഖലകളും ഇനിയും കാര്യക്ഷമമാക്കുകയും കുറവുകളും പോരായ്മകളും പരിഹരിച്ചു കൂടുതൽ ഫലപ്രദമാക്കുകയും എല്ലാ പ്രവർത്തനമേഖലകളിലും ആവശ്യമായ ജാഗ്രത പുലർത്തുകയും ചെയ്യേണ്ടതു കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

തന്റെ ജീവിതത്തിലൂടെയും പ്രഘോഷണത്തിലൂടെയും രക്തസാക്ഷിത്വത്തിലൂടെയും നമുക്കു മാതൃകയും പ്രചോദനവുമായ മാർതോമാശ്ലീഹായെ പിൻതുടർന്നു നമ്മുടെ വിശ്വാസജീവിതം ധീരതയോടെ നയിക്കാം. *"ലോകത്തിൽ നിങ്ങൾക്കു ഞെരുക്കമുണ്ടാകും. എങ്കിലും ധൈര്യമായിരിക്കുവിൻ; ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു" (യോഹ. 16:33)* എന്ന ഈശോയുടെ വാക്കുകൾ എല്ലാ പ്രതിസന്ധികളിലും നമുക്ക് ഊർജവും ഉണർവും ഉത്തേജനവും നല്കട്ടെ. ദുക്റാന തിരുനാളിന്റെയും സഭാദിനത്തിന്റെയും ആശംസകൾ സഭാമക്കളാ നിങ്ങൾക്കെല്ലാവർക്കും നേരുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പുപിതാവിന്റെയും മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2023-ാം ആണ്ട് ജൂൺ മാസം 25-ാം തീയതി നൽകപ്പെട്ടത്.



**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

**NB:** ***2023 ജൂലൈ 2 ഞായറാഴ്ച*** *ഈ ഇടയലേഖനം സീറോമലബാർ സഭയിലെ എല്ലാ ഇടവകദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും പരി. കുർബാനമധ്യേ വായിക്കേണ്ടതാണ്.*

Prot. No. 0597/2023

# സിനഡനന്തര സർക്കുലർ

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**

തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അൽമായസഹോദരങ്ങൾക്കും എഴുതുന്ന സർക്കുലർ.

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ പ്രത്യേക സിനഡുസമ്മേളനം 2023 ജൂൺ മാസം 12 മുതൽ 16 വരെ സഭാകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. നമ്മുടെ സഭയെയും സമൂഹത്തെയും ബാധിക്കുന്ന സമകാലികവിഷയങ്ങളെക്കുറിച്ചു പ്രാർത്ഥനാപൂർവം പഠിക്കാനും ദൈവഹിതം അന്വേഷിക്കാനുമാണു സിനഡുപിതാക്കന്മാർ ശ്രമിച്ചത്. സിനഡിന്റെ വിജയത്തിനായി നിങ്ങളെല്ലാവരും ആത്മാർത്ഥമായി പ്രാർഥിച്ചതിനു ഹൃദയപൂർവം നന്ദി പറയുന്നു.

## എറണാകുളം – അങ്കമാലി അതിരൂപത

ഏകീകൃത വി. കുർബാനയർപ്പണരീതിയുമായി ബന്ധപ്പെട്ട് എറണാകുളം-അങ്കമാലി അതിരൂപതയിൽ നിലനിൽക്കുന്ന പ്രതിസന്ധികൾക്കു ശാശ്വതമായ പരിഹാരം കണ്ടെത്തുകയെന്ന ലക്ഷ്യത്തോടെയാണു പ്രധാനമായും ഈ സിനഡുസമ്മേളനം വിളിച്ചുചേർത്തത്. നമ്മുടെ സഭയുടെ പെർമനന്റ് സിനഡ് അംഗങ്ങൾ വത്തിക്കാനിലെത്തി സ്റ്റേറ്റ് സെക്രട്ടറി കർദിനാൾ പിയെത്രോ പരോളിനും പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെ തലവൻ ആർച്ചുബിഷപ് ക്ലൗദിയോ ഗുജറോത്തിയുമായി നിലവിലെ പ്രതിസന്ധികളെക്കുറിച്ചു വിശദമായ ചർച്ചകൾ നടത്തി. പ്രസ്തുത ചർച്ചയിൽ പ്രശ്നപരിഹാരം ലക്ഷ്യമാക്കി ഉരുത്തിരിഞ്ഞ നിർദേശങ്ങളുടെ വെളിച്ചത്തിലാണു സിനഡിലെ ചർച്ചകൾ നടത്തിയത്. സീറോമലബാർസഭയുടെ സിനഡു തീരുമാനിച്ചതും ശ്ലൈഹികസിംഹാസനം അംഗീകരിച്ചതും പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ഉദ്ബോധിപ്പിച്ചതുമായ ഏകീകൃത കുർബാനയർപ്പണരീതി യാതൊരു മാറ്റവുമില്ലാതെ തുടരുമെന്നു സിനഡ് ആവർത്തിച്ച് പ്രഖ്യാപിക്കുന്നു.

ഏതെങ്കിലും ഒരു രൂപതയിൽ ഇതു നടപ്പിലാക്കാൻ പ്രതിസന്ധി നേരിടുന്നുവെന്നതു മേൽപറഞ്ഞ തീരുമാനത്തെ യാതൊരു വിധത്തിലും അസ്ഥിരപ്പെടുത്തുകയോ അസാധുവാക്കുകയോ ചെയ്യുന്നില്ല. സഭയിലെ മറ്റെല്ലാ രൂപതകളെയും കൂട്ടായ്മയിലേക്കു നയിച്ച തീരുമാനത്തിൽ മാറ്റംവരുത്തുന്നതു സഭയിൽ അരാജകത്വം സൃഷ്ടിക്കും. ഈ സത്യം മനസിലാക്കി വിയോജിപ്പുള്ളവരും കൂട്ടായ്മയിലേക്കു കടന്നുവരണമെന്നു സിനഡ് ആവർത്തിച്ചാവശ്യപ്പെടുകയാണ്. എല്ലാ പ്രതിസന്ധികളിലും കത്തോലിക്കാകൂട്ടായ്മയിൽ ഉറച്ചുനിന്ന നമ്മുടെ പൈതൃകം ചില നിക്ഷിപ്ത താല്പര്യങ്ങളുടെപേരിൽ ബലികൊടുക്കാൻ ഇടവരരുത്.

അഭിപ്രായാന്തരങ്ങൾ ചർച്ചകളിലൂടെയാണു പരിഹരിക്കേണ്ടത്. എറണാകുളം-അങ്കമാലി അതിരൂപതയുമായി വിവിധതലങ്ങളിൽ സിനഡിന്റെ പ്രതിനിധികൾ ചർച്ച നടത്തിയിട്ടുണ്ട്. ഈ ചർച്ചകൾ കൂടുതൽ ഫലപ്രദമായി നടത്തുന്നതിനാവശ്യകമായ സാഹചര്യങ്ങൾ ക്രമീകരിക്കണമെന്നു പരിശുദ്ധ പിതാവിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ചർച്ചകൾക്കൊപ്പം സഭാവിരുദ്ധനിലപാടുകളെ തിരുത്തുന്നതിനും സഭാത്മകമായ ഒരുമിച്ചുനടക്കലിന്റെ (Synodality) ആവശ്യകത വിശദമാക്കുന്നതിനും സഹായകമായ രീതിയിൽ എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള ഒരു പേപ്പൽ ഡെലഗേറ്റിനെയാണു സിനഡ് അഭ്യർത്ഥിച്ചിട്ടുള്ളത്. സിനഡിന്റെ ഈ അഭ്യർത്ഥനയെ അനുഭാവപൂർവം പരിഗണിക്കാമെന്നു പരിശുദ്ധ പിതാവ് ഉറപ്പുനൽകിയിട്ടുണ്ട്. എറണാകുളം-അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ടു നിലനിൽക്കുന്ന എല്ലാ പ്രതിസന്ധികളും പുതിയ സംവിധാനത്തിലൂടെ എല്ലാവർക്കും സ്വീകാര്യമായ രീതിയിൽ പരിഹരിക്കാനാകുമെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു.

ദൈവകൃപയാൽ നമ്മുടെ സഭ ആഗോളതലത്തിൽ വളർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മേജർ ആർച്ചുബിഷപ്പിന്റെ ഉത്തരവാദിത്തം വർദ്ധമാനമാകുന്നുണ്ട്. ഈ സാഹചര്യത്തിൽ, എറണാകുളം-അങ്കമാലിപോലെ അതിവിസ്തൃതമായ ഒരു അതിരൂപതയുടെ ഭരണചുമതലകൂടി മേജർ ആർച്ചുബിഷപ് നിർവഹിക്കുന്ന പതിവു തുടർന്നുപോകുന്നത് ശ്രമകരമായിരിക്കുമെന്നു സിനഡു വിലയിരുത്തുന്നു. എന്നാൽ, നിലവിലുള്ള എറണാകുളം-അങ്കമാലി അതിരൂപതയെ വിഭജിക്കാനോ അതിരൂപതയുടെ ഭൂമിശാസ്ത്രപരമായ അതിർത്തികൾ പുനഃക്രമീകരിക്കാനോ സിനഡ് ഉദ്ദേശിക്കുന്നില്ല. ഇതുസംബന്ധിച്ചുള്ള വ്യാജപ്രചാരണങ്ങൾ ആരെയും വഴിതെറ്റിക്കാതിരിക്കാൻ ശ്രദ്ധിക്കുമല്ലോ.

നിലവിലുള്ള എറണാകുളം-അങ്കമാലി അതിരൂപതയ്ക്കു സ്വതന്ത്രഭരണ ചുമതലയുള്ള അതിരൂപതാധ്യക്ഷനെ നിയോഗിക്കണമെന്നാണു സിനഡു പിതാക്കന്മാർ ആഗ്രഹിക്കുന്നത്. ഇതിനു സഹായകമായ ക്രമീകരണങ്ങൾക്കായി ശ്ലൈഹികസിംഹാസനത്തോടു സിനഡ് അഭ്യർത്ഥിച്ചിട്ടുണ്ട്.

താത്കാലികമായ പ്രശ്നപരിഹാരം എന്നതിലുപരി, എറണാകുളം-അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട സങ്കീർണമായ വിഷയങ്ങൾ അതിരൂപതയുടെകൂടി നന്മയെ ലക്ഷ്യമാക്കി ശാശ്വതമായി പരിഹരിക്കുന്നതിന് ആവശ്യകമായ ഒരു കർമപദ്ധതിയാണു ശ്ലൈഹികസിംഹാസനത്തിന്റെ അനുമതിയോടെ നടപ്പിലാക്കാൻ സിനഡു പരിശ്രമിക്കുന്നത്. നിലവിലുള്ള സംവിധാനങ്ങളിൽ മേൽപറഞ്ഞ മാറ്റങ്ങൾ വരുത്തുന്നതിനു ശ്ലൈഹികസിംഹാസനത്തിന്റെ അനുമതി ആവശ്യമാണ്. അതിനാലാണു കൃത്യമായ തീരുമാനങ്ങൾ ഇപ്പോൾ പ്രഖ്യാപിക്കാൻ കഴിയാത്തത്. ഏറെ വൈകാതെ നിലവിലുള്ള പ്രതിസന്ധികളെല്ലാം ശാശ്വതമായി പരിഹരിക്കാനാകുമെന്ന ഉറച്ച പ്രത്യാശയാണു സിനഡിനുള്ളത്. ഇതിനായി സഭയൊന്നാകെ പ്രാർത്ഥിക്കണമെന്നു സ്നേഹപൂർവം ആവശ്യപ്പെടുന്നു.

## എറണാകുളം ബസിലിക്ക

മേജർ ആർച്ചുബിഷപ്പിന്റെ ആസ്ഥാനദൈവാലയമായ എറണാകുളം സെന്റ് മേരീസ് ബസിലിക്ക ഏതാനും മാസങ്ങളായി അടഞ്ഞുകിടക്കുന്നതു സഭയുടെ മുഴുവൻ ദുഃഖമാണ്. ഏകീകൃത കുർബാനയർപ്പണരീതിയെ അനുകൂലിക്കുന്നവരും പ്രതികൂലിക്കുന്നവരും തമ്മിലുണ്ടായ സംഘർഷം ക്രമസമാധാനപ്രശ്നമായി വളർന്നപ്പോഴാണ് ആദ്യം ജില്ലാഭരണകൂടവും പിന്നീടു പോലീസും മുൻകൈയെടുത്തു ബസിലിക്ക അടച്ചത്. പൊതുസമൂഹത്തിൽ സഭയുടെ പ്രതിച്ഛായ ഏറെ വികലമാക്കുന്ന പ്രവർത്തനങ്ങൾ ഇതിനോടനുബന്ധിച്ചു നടന്നതു നമ്മുടെ സഭയ്ക്കു തീരാകളങ്കമായി മാറി.

എറണാകുളം ബസിലിക്കാദൈവാലയം തുറക്കാനും വി. കുർബാനയൊഴികെയുള്ള ആത്മീയകർമങ്ങൾ അനുഷ്ഠിക്കാനും ധാരണയായിട്ടുണ്ട്. കത്തീഡ്രൽ ദൈവാലയം എന്നനിലയിൽ ശ്ലൈഹികസിംഹാസനത്തിന്റെ നിർദേശപ്രകാരം ഏകീകൃതരീതിയിലുള്ള വി. കുർബാനയർപ്പണമല്ലാതെ ജനാഭിമുഖകുർബാന അവിടെ അർപ്പിക്കില്ലായെന്നു ബസിലിക്കാ വികാരിയും കൈക്കാരന്മാരും നൽകിയ ഉറപ്പിന്മേലാണു ദൈവാലയം തുറക്കുന്നത്. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരേ കാനൻനിയമമനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാനും സിനഡ് തീരു

മാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചു തെറ്റിദ്ധാരണ പരത്താൻ ശ്രമിക്കുന്ന വരെ അവഗണിച്ചു, പരസ്പരവിശ്വാസവും സ്നേഹവുംവഴി സഭാഗാത്ര ത്തിലെ മുറിവുകൾ ഉണക്കാൻ എല്ലാവരും ബോധപൂർവം ശ്രമിക്കണം.

## മണിപ്പൂർ കലാപം

ക്രൈസ്തവർക്കെതിരായ പീഡനങ്ങൾ ഭാരതത്തിൽ വർദ്ധിച്ചുവരു ന്നതു തികച്ചും ആശങ്കാജനകമാണ്. ഗോത്രസംഘർഷമായി ആരം ഭിച്ച മണിപ്പൂർ കലാപം വർഗീയമായി ആളിക്കത്താൻ തുടങ്ങിയിട്ട് ആഴ്ചകളായെങ്കിലും അഗ്നിയണക്കാൻ ഉത്തരവാദിത്തപ്പെട്ടവരുടെ ഭാഗത്തുനിന്നു കാര്യമായ ശ്രമങ്ങളൊന്നും ഉണ്ടാകുന്നില്ല. വർഗീയ കലാപമായി മാറിയ സംഘർഷത്തിൽ നൂറുക്കണക്കിനു മനുഷ്യ ജീവൻ പൊലിഞ്ഞിട്ടും അക്രമങ്ങൾ നിയന്ത്രിക്കാനോ വിധ്വംസക പ്രവർത്തകരെ നിലയ്ക്കുനിറുത്താനോ ഭരണകൂടത്തിനു കഴിയുന്നില്ല. മുന്നൂറോളം ക്രൈസ്തവദൈവാലയങ്ങൾ തകർക്കപ്പെട്ടിട്ടും ആയിര ങ്ങൾ ഭവനരഹിതരായിട്ടും ഇത്തരം പ്രവർത്തനങ്ങളെ അപലപിക്കാനോ കലാപകാരികളെ തള്ളിപറയാനോ ഭരണത്തിന്റെ തലപ്പത്തുള്ളവർ ഇനിയും തയ്യാറായിട്ടില്ലായെന്നതു വേദനാജനകമാണ്.

ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യത്തിനു കൂച്ചുവിലങ്ങി ടാനും ന്യൂനപക്ഷങ്ങളെ ശ്വാസംമുട്ടിക്കാനുമായി നിയമങ്ങൾതന്നെ നിർമിക്കപ്പെടുന്നുവെന്നതു ജനാധിപത്യത്തിനു ഭൂഷണമല്ല. ഭൂരിപക്ഷ ത്തിന്റെ പിൻബലത്തിൽ ഭരണഘടനാമൂല്യങ്ങൾ അട്ടിമറിക്കപ്പെടു ന്നില്ലായെന്ന് ഉറപ്പുവരുത്തി ന്യൂനപക്ഷങ്ങളെ സംരക്ഷിക്കേണ്ടതു ഭരണകൂടങ്ങളുടെ ഉത്തരവാദിത്തമാണ്. കേരളത്തിലും ക്രൈസ്തവ വിദ്യാഭ്യാസസ്ഥാപനങ്ങൾ വർഗീയ ലക്ഷ്യങ്ങളോടെ ആക്രമിക്കപ്പെ ടുന്ന സാഹചര്യം വർദ്ധിച്ചുവരുന്നത് ഏറെ ആശങ്കയുളവാക്കുന്നതാണ്.

## കാർഷിക പ്രശ്നങ്ങൾ

കേരളത്തിലെ കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ കേന്ദ്ര -സംസ്ഥാനസർക്കാരുകൾ അനുഭാവപൂർവമായ സമീപനം സ്വീക രിക്കേണ്ടതുണ്ട്. ബഫർസോൺ വിഷയത്തിൽ സുപ്രീംകോടതി വിധിക്കുശേഷവും കർഷകരുടെ ആശങ്കകൾ പരിഹരിക്കപ്പെടാതെ നിൽക്കുന്നുവെന്ന സത്യം സംസ്ഥാനസർക്കാർ മനസ്സിലാക്കണം. കൃഷി ഭൂമിയിൽ ഇറങ്ങുന്ന വന്യമൃഗങ്ങൾ കർഷകന്റെ ജീവനും സ്വത്തിനും ഭീഷണിയായി മാറിയിട്ടും കർഷകനെ സംരക്ഷിക്കുന്ന നയങ്ങൾ സർ ക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ലായെന്നുള്ളതു ദുഃഖകരമാണ്.

വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ മൂലമുള്ള ജീവഹാനി സമീപകാലത്തു വളരെയേറെ വർദ്ധിച്ചിരിക്കുന്നതു കർഷകരെ ആശങ്കയിലാഴ്ത്തുന്നുണ്ട്.

കാർഷികോൽപന്നങ്ങളുടെ വിലത്തകർച്ച കർഷകകുടുംബങ്ങളെ കടക്കെണിയിലും മുഴുപ്പട്ടിണിയിലുമാക്കിയിരിക്കുന്നുവെന്ന സത്യം സർക്കാർ തിരിച്ചറിയണം. കാർഷികോൽപന്നങ്ങൾക്കു ന്യായമായ താങ്ങുവില പ്രഖ്യാപിക്കുമെന്ന വാഗ്ദാനം തെരഞ്ഞെടുപ്പു പ്രകടനപത്രികയിൽ മാത്രമായി ഒതുങ്ങിപോകുന്നില്ലായെന്നു സർക്കാർ ഉറപ്പുവരുത്തണം. ഏറ്റെടുത്ത നെല്ലിന്റെ വിലകിട്ടാനായി സമരമുഖത്തായിരിക്കുന്ന നെൽകർഷകരുടെ പ്രശ്നങ്ങളിൽ സത്വരമായി ഇടപെടണമെന്നു സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. അതിജീവനം അസാധ്യമെന്ന തിരിച്ചറിവിൽ യുവജനങ്ങളിൽ നല്ലൊരു പങ്കു നാടുവിട്ടുപോകാനിടയാകുന്ന സാഹചര്യം ഒരു സർക്കാരിനും ഭൂഷണമല്ലെന്നു മനസിലാക്കണം.

നല്ല ദൈവത്തിന്റെ കരുതലാർന്ന പരിപാലനയ്ക്കു നമുക്കു നന്ദിപറയാം. ദൈവത്തിന്റെ അനുഗൃഹീതമാതാവും നമ്മുടെ അമ്മയുമായ പരി. കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെയും മാധ്യസ്ഥ്യം നമുക്കു സഹായമാകട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2023-ാം ആണ്ട് ജൂൺ മാസം 16-ാം തീയതി നൽകപ്പെട്ടത്.

+ G Alencherry

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

**NB:** ***2023 ജൂൺ 25 ഞായറാഴ്ച*** *പരി. കുർബാനമധ്യേ വായിക്കാനായി നൽകപ്പെട്ട സർക്കുലർ.*

23 PL. 39-343

# ഇടയലേഖനം

**കർത്താവിന്റെ ദാസനും ദൈവനിശ്ചയത്താൽ**
**ചങ്ങനാശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയുമായ**
**ജോസഫ് പെരുന്തോട്ടം**
**തന്റെ അതിരൂപതയിലെ വൈദികർക്കും**
**സമർപ്പിതസമൂഹങ്ങൾക്കും**
**ദൈവജനം മുഴുവനുമായി എഴുതുന്നത്**

# ശ്ലീഹാക്കാലവും ക്രിസ്തീയവിളിയും രക്ഷയുടെ സന്ദേശവാഹകരാകുക

വന്ദ്യവൈദികരേ, ബഹുമാനപ്പെട്ട സമർപ്പിതരേ, പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ, വത്സലമക്കളേ,

എല്ലാ മനുഷ്യർക്കുംവേണ്ടിയുള്ള രക്ഷയുടെ സന്ദേശമാണ് ഈശോ മിശിഹാ തന്റെ ജീവിതവും പ്രവൃത്തികളും പ്രബോധനങ്ങളുംവഴി നൽകിയത്. ശ്ലീഹന്മാർ ഈ സന്ദേശം ഈശോമിശിഹായിൽനിന്നു നേരിട്ട് സ്വായത്തമാക്കി. ഈ സുവിശേഷം എല്ലാവരെയും അറിയിക്കാൻ ഈശോ ശ്ലീഹന്മാരെ ചുമതലപ്പെടുത്തി. അവൻ കല്പിച്ചു: *'പോയി സകല ജനങ്ങളെയും ശിഷ്യരാക്കി ബാവായുടെയും പുത്രന്റെയും റൂഹാദ്ക്കുദ്ശായുടെയും നാമത്തിൽ മാമ്മോദീസാ നൽകുകയും ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം ആചരിക്കാൻ അവരെ പഠിപ്പിക്കുകയും ചെയ്യുക' (മത്താ. 28:19).*

> ‘ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ; വിശ്വസിക്കുകയും മാമ്മോദീസാ സ്വീകരിക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും’ *(മർക്കോ. 16:15)*.

തിരുസ്സഭയുടെ പ്രഥമരൂപവും അടിത്തറയുമായ ശ്ലീഹന്മാർക്കു നൽകപ്പെട്ട ഈ ദൈവനിയോഗം സഭയ്ക്കു മുഴുവനായും എല്ലാക്കാലത്തേക്കുമായി നൽകപ്പെട്ടിരിക്കുന്ന പ്രേഷിതദൗത്യമാണ്. സഭയുടെ ഈ പ്രേഷിതദൗത്യം ഇനിയും പൂർത്തീകരിക്കപ്പെട്ടിട്ടില്ല. മിശിഹായുടെ സന്ദേശം അറിയാത്ത ജനകോടികളിന്നുമുണ്ട്. അതെല്ലാവരിലും എത്തിക്കുകയെന്നതു തിരുസ്സഭയുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യമാണ്. സഭയുടെ ഈ ദൗത്യത്തിൽ ഓരോ അംഗവും പങ്കാളിയാണ്. മാമ്മോദീസായിലൂടെ സഭയിൽ അംഗത്വം ലഭിക്കുന്നതോടെ സഭയുടെ പ്രേഷിതദൗത്യത്തിലും ഓരോരുത്തരും പങ്കുചേരുന്നു.

നാമെല്ലാവരും പ്രേഷിതരാണെന്നും രക്ഷകനായ ഈശോയെ ലോകത്തിലെല്ലായിടത്തും സാക്ഷ്യപ്പെടുത്തുകയെന്ന പ്രേഷിതദൗത്യം സഭയോടുചേർന്നും ഓരോരുത്തരുടെയും വിളിക്കും ജീവിതസാഹചര്യങ്ങൾക്കുമനുസരിച്ചും നിർവഹിക്കാനുള്ള കടമയെ സഭ പ്രത്യേകമായി ഓർമപ്പെടുത്തുന്ന ആരാധനാവത്സരകാലഘട്ടമാണ് ശ്ലീഹാക്കാലം. സഭ സ്വഭാവത്താലേ പ്രേഷിതയാകയാൽ സഭയിലെ ഓരോ അംഗത്തിനും അതിനാൽത്തന്നെ പ്രേഷിതസ്വഭാവം കൈവരുന്നു. സാഹചര്യം അനുകൂലമായാലും പ്രതികൂലമായാലും പ്രേഷിതദൗത്യത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ ഒരു യഥാർത്ഥ ക്രിസ്ത്യാനിക്കു സാധിക്കയില്ല. വിശ്വാസത്തെ പ്രതി ജീവനർപ്പിക്കേണ്ടിവന്ന എണ്ണമറ്റ രക്തസാക്ഷികളുടെ ജീവിതസാക്ഷ്യങ്ങൾ നമ്മെ പഠിപ്പിക്കുന്നത് അതുതന്നെയാണ്. അവരിൽ വസിച്ച മിശിഹായുടെ അരൂപിയാണ് അവർക്കതിനു ശക്തിപകർന്നത്. വഴിയും സത്യവും ജീവനുമായ മിശിഹായെ പ്രഘോഷിക്കാനുള്ള കരുത്ത് നമുക്കു നൽകപ്പെട്ടിരിക്കുന്ന റൂഹാദ്ക്കുദ്ശാ നമുക്കു നൽകും. റൂഹായിൽ നിറയാനും റൂഹായാൽ നയിക്കപ്പെടാനുമുള്ള കൃപയ്ക്കായി തീവ്രമായി പ്രാർത്ഥിക്കാനും ശ്ലീഹാക്കാലം ആഹ്വാനം ചെയ്യുന്നു.

### സഭ രക്ഷയുടെ സാർവത്രികകൂദാശ

രക്ഷയുടെ സാർവത്രികകൂദാശയായിട്ടാണ് ഈശോ സഭയെ സ്ഥാപിച്ചത്. അതായത്, മിശിഹായിലുള്ള രക്ഷ അഥവാ സുവിശേഷചൈതന്യം എല്ലാ മനുഷ്യർക്കും പകർന്നുകൊടുക്കുന്നതിനുള്ള ഉപകരണമാകണം സഭ. ദരിദ്രരോടു സുവിശേഷം പ്രസംഗിക്കാൻ പിതാവയച്ച

മിശിഹായുടെ പ്രേഷിതദൗത്യമാണ് സഭയിലൂടെ തുടരുന്നത്. അതിനാൽ മിശിഹായുടെതന്നെ പാതയിലൂടെയാണ് സഭയും സഞ്ചരിക്കേണ്ടത്. അതു ദാരിദ്ര്യത്തിന്റെയും അനുസരണത്തിന്റെയും സേവനത്തിന്റെയും മരണംവരെയുള്ള ആത്മസമർപ്പണത്തിന്റെയും മാർഗമാണെന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു *(പ്രേഷിതപ്രവർത്തനം, 6)*. പത്രോസിന്റെ പിൻഗാമിയുടെ നേതൃത്വത്തിൽ മെത്രാൻസംഘത്തിന്റെ സഹകരണത്തോടെ നിർവഹിക്കേണ്ടതാണ് പ്രേഷിതവൃത്തിയെന്നും കൗൺസിൽ ഉദ്ബോധിപ്പിക്കുന്നു.

ദൈവത്തിന്റെ സ്നേഹം എല്ലാവരെയും അറിയിക്കാനും പകർന്നു കൊടുക്കാനുമാണ് സഭയെ കർത്താവ് നിയോഗിച്ചിരിക്കുന്നത്. ദൈവ ത്തെപ്പറ്റി കേട്ടിട്ടില്ലാത്തവരും ദൈവത്തെ നിഷേധിക്കുന്നവരും എതിർ ക്കുന്നവരും ഉണ്ടാകാം. മിശിഹായുടെ മനഃസ്ഥിതിയോടെയാകണം അവരെ സമീപിക്കാൻ. സഭ മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്നത് തന്റെ സന്താനങ്ങളിലൂടെയാണ്. സൽപ്രവൃത്തികൾകൊണ്ട് പിതാവായ ദൈവത്തെ മഹത്വപ്പെടുത്തണമെന്നാണ് ഈശോ പഠിപ്പിച്ചത് *(മത്താ. 5:16)*. സ്നേഹത്തോടും ആദരവോടുംകൂടി മറ്റുള്ളവരുമായി ഇടപെടണം.

സഭാമക്കൾ തങ്ങൾ ജീവിക്കുന്ന സമൂഹത്തിന്റെയും ഭാഗമാണ്. ആ സമൂഹത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ ജീവിതത്തിൽ അവർ പങ്കാളികളാകണം. ആ സമൂഹത്തെ അടുത്തറിയുകയും അതിൽ നിക്ഷിപ്തമായിരിക്കുന്ന നന്മകളെയും മൂല്യങ്ങളെയും തിരിച്ചറിയുകയും അവയെ സുവിശേഷവെളിച്ചത്താൽ പ്രകാശിപ്പിക്കയും ചെയ്യണമെന്നും സഭ പഠിപ്പിക്കുന്നു *(പ്രേഷിതപ്രവർത്തനം, 11)*.

തികച്ചും ഉദാരമായ സ്നേഹത്താൽ ദൈവം നമ്മെ സ്നേഹിച്ചു. ജാതിമതചിന്തകൾക്കും സാമൂഹ്യപരിതോവസ്ഥകൾക്കും അതീതമായി, പ്രതിനന്ദിയും പ്രതിഫലവും പ്രതീക്ഷിക്കാതെ എല്ലാവരെയും ഉൾക്കൊ ള്ളുന്നതാകണം ക്രിസ്തീയ സ്നേഹം.

ദൈവരാജ്യം സമാഗതമായിരിക്കുന്നതിന്റെ അടയാളമായി ഈശോ ഗ്രാമങ്ങളും നഗരങ്ങളും കയറിയിറങ്ങി എല്ലാവിധ രോഗങ്ങളും വ്യാധി കളും സുഖപ്പെടുത്തിയതുപോലെ, തിരുസ്സഭയും തന്റെ മക്കളിലൂടെ എല്ലാ മനുഷ്യരുമായി, പ്രത്യേകിച്ച് പാവപ്പെട്ടവരും ദുരിതമനുഭവി ക്കുന്നവരുമായി ഒന്നുചേരുകയും അവർക്കായി സ്വയം അർപ്പിക്കയും ചെയ്യുന്നു *(2 കോറി. 12:15)*.

മനുഷ്യരുടെ ഭൗതികപുരോഗതിയും ഐശ്വര്യവും അവഗണിക്കാതെ തന്നെ മിശിഹാ വെളിപ്പെടുത്തിത്തന്ന വിശ്വാസപരവും സാന്മാർഗികവു

മായ സത്യങ്ങൾ പഠിപ്പിച്ച്, മനുഷ്യമഹത്വവും സാഹോദര്യബന്ധവും വളർത്തി മനുഷ്യകുലത്തെ ദൈവത്തിലേക്കാനയിക്കുകയെന്നതാണ് സഭയുടെ മുഖ്യലക്ഷ്യം. ദൈവസ്നേഹവും സഹോദരസ്നേഹവും വഴി രക്ഷപ്രാപിക്കുന്നതിനു മനുഷ്യരെ സഹായിക്കുകയെന്നതാണിത്.

## അല്മായരുടെ പ്രേഷിതപ്രവർത്തനം

അല്മായരുടെ പ്രേഷിതദൗത്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് രണ്ടാംവത്തിക്കാൻ കൗൺസിൽ ഇപ്രകാരം പറയുന്നു:

> അല്മായരുടെ അഭാവത്തിൽ സഭ യഥാർത്ഥത്തിൽ സ്ഥാപിതയായിരിക്കുകയോ പൂർണമായി ജീവിക്കുകയോ ജനമദ്ധ്യേ മിശിഹായുടെ പൂർണമായ ഒരടയാളമായി വർത്തിക്കുകയോ ചെയ്യുന്നില്ല. കർമോത്സുകരായ അൽമായരുടെ സാന്നിധ്യംകൂടാതെ ജനങ്ങളുടെ മനസിലും ജീവിതത്തിലും പ്രവൃത്തിയിലും സുവിശേഷം ആഴമായി പതിയുകയില്ല. അതിനാൽ ഒരു സഭയുടെ സ്ഥാപനത്തിൽത്തന്നെ പക്വമതികളായ ക്രൈസ്തവാത്മായരുടെ സമൂഹം കരുപ്പിടിപ്പിക്കാൻ സർവശ്രദ്ധയും ചെലുത്തേണ്ടതാണ് *(പ്രേഷിതപ്രവർത്തനം, 21).*

കൗൺസിൽ തുടരുന്നു:

> സ്ത്രീപുരുഷ ഭേദമെന്യേ അല്മായരുടെ പ്രധാനചുമതല സ്വന്തം കുടുംബത്തിലും സാമൂഹ്യമായ ചുറ്റുപാടുകളിലും തൊഴിൽ സാഹചര്യങ്ങളിലുമുള്ള ജീവിതവും പ്രവർത്തനങ്ങളുംവഴി മിശിഹായ്ക്കു സാക്ഷ്യം വഹിക്കുകയെന്നതാണ്. നീതിയിലും യഥാർത്ഥ വിശുദ്ധിയിലും ദൈവഹിതാനുസാരം സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യൻ *(എഫേ. 4:24)* അവരിൽ പ്രത്യക്ഷപ്പെടണം. ...........വൈദികർ കർമനിരതമായ അല്മായപ്രേഷിതത്വത്തെ ഏറ്റവും കാര്യമായി മാനിക്കേണ്ടതാണ്....... മിശിഹായുടെ രക്ഷാരഹസ്യത്തെപ്പറ്റി അഗാധമായ ജ്ഞാനം നൽകിക്കൊണ്ട് അവരെ പഠിപ്പിക്കുകയും വിവിധതരത്തിലുള്ള പ്രായോഗിക രീതികളുമായി പരിചയപ്പെടുത്തുകയും വേണം *(പ്രേഷിതപ്രവർത്തനം, 21).*

## കൂട്ടുത്തരവാദിത്വത്തോടെയുള്ള പ്രവർത്തനം

സഭ ഒന്നാകെയാണ് പ്രേഷിതദൗത്യം നിർവഹിക്കുന്നത്. ദൈവ

ജനം മുഴുവന്റെയും കൂട്ടുത്തരവാദിത്വമുള്ള പ്രവർത്തിയാണത്. അതി നാൽ ഓരോരുത്തരും താന്താങ്ങളുടേതായ പങ്ക് വിശ്വസ്തതയോടും ഉത്സാഹത്തോടുംകൂടി ഏറ്റെടുക്കേണ്ടതുണ്ട്. മാമ്മോദീസായാലും തൈലാഭിഷേകത്താലും ദിവ്യകാരുണ്യത്താലും മിശിഹായുടെ അവയ വങ്ങളായി മാറുന്ന വിശ്വാസികൾ മിശിഹായുടെ ശരീരമായ സഭയുടെ വളർച്ചയ്ക്കായി പ്രവർത്തിക്കാൻ കടപ്പെട്ടവരാണ്.

പഠിപ്പിക്കുക, നയിക്കുക, വിശുദ്ധീകരിക്കുക എന്ന മെത്രാൻ പദവി യുടെ ത്രിവിധധർമങ്ങളിൽ സഹകാരികളായ വൈദികർ പ്രേഷിത പ്രവർത്തനത്തിനായി പ്രതിഷ്ഠിക്കപ്പെട്ടവരാണെന്നും തന്മൂലം അക്രൈ സ്തവരുടെയിടയിലും സുവിശേഷം പ്രചരിപ്പിക്കുന്നതിന് ഉപകരിക്ക ത്തക്കവിധം അവർ തങ്ങളുടെ അജപാലനപ്രവർത്തനം സംവിധാനം ചെയ്യണമെന്നും കൗൺസിൽ ഉദ്ബോധിപ്പിക്കുന്നു.

ലോകം മുഴുവനിലും എല്ലാ ജനതകളോടും സുവിശേഷം പ്രഘോഷിക്കാനുള്ള സഭയുടെ ഗൗരവമേറിയ ചുമതലയെക്കുറിച്ച് എല്ലാവരെയും ബോധ്യപ്പെടുത്താനും പ്രേഷിതദൈവവിളി പ്രോത്സാ ഹിപ്പിക്കാനും വൈദികർ പ്രത്യേകം ശ്രദ്ധിക്കണം. കുട്ടികളുടെയും യുവജനങ്ങളുടെയുമിടയിൽ പ്രേഷിതചൈതന്യം വളർത്താൻ ഉത്സാ ഹിക്കണം. *ചെറുപുഷ്പമിഷൻലീഗ്* എന്ന പ്രേഷിതസംഘടനയുടെ ലക്ഷ്യംതന്നെ അതാണല്ലോ. ഈ സംഘടനയുടെ പ്രവർത്തനങ്ങളി ലൂടെ ഉണ്ടായിട്ടുള്ള പതിനായിരക്കണക്കിനു ദൈവവിളികൾ സഭയുടെ പ്രേഷിത മുന്നേറ്റത്തെ വളരെയേറെ ശക്തിപ്പെടുത്തിയ കാര്യം പ്രചോ ദനം നൽകുന്നതാണ്. അതിനിയും തുടരണം.

'ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം' എന്നുള്ള പൗലോസ്ശ്ലീഹായുടെ വാക്കുകൾ സുവിശേഷപ്രഘോഷണ ത്തിന് ഓരോ ക്രൈസ്തവന്റെയും മൗലികകടമയെ സൂചിപ്പിക്കുന്നു. ''ലോകം മുഴുവനിലും സുവിശേഷം പ്രസംഗിക്കുകയെന്നതു റോമാ മാർപാപ്പായുടെ നിർദേശാനുസരണം എല്ലാ സഭകളുടെയും കടമയാ ണെന്ന്'' *(പൗരസ്ത്യസഭകൾ, 3)* വത്തിക്കാൻ കൗൺസിൽ പഠിപ്പി ക്കുന്നു.

ലോകമെങ്ങും സുവിശേഷം പ്രസംഗിക്കുകയെന്നതു സഭയുടെ ഒഴിച്ചുകൂടാനാവാത്ത കടമയാണെങ്കിലും ''സഭയിൽ ചേരുന്നതിനായി ഒരാളെ നിർബന്ധിക്കുകയോ അനുചിതമായ മാർഗങ്ങളിലൂടെ പ്രേരിപ്പി ക്കുകയോ വശീകരിക്കുകയോ ചെയ്യുന്നത് കർശനമായി വിലക്കിയിരി ക്കുന്നു'' *(CCEO കാനോന, 586)* എന്ന് സഭാനിയമം അനുശാസിക്കുന്നു.

സഭയുടെ പ്രേഷിതദൗത്യത്തിൽ ചങ്ങനാശേരി അതിരൂപത തീക്ഷ്ണതയോടെയും ഫലപ്രദമായും പങ്കുവഹിക്കുന്നുണ്ടെന്നുള്ളതു സന്തോഷകരമായ കാര്യമാണ്. കന്യാകുമാരിമിഷനും (ഇപ്പോൾ തക്കല രൂപത) ഇറ്റാവാ - ജയ്പ്പൂർ മിഷനുകളും തക്കലരൂപതയിലെ വിരുതുനഗർ മിഷനും ഉദാഹരണങ്ങളാണ്. എല്ലാ മിഷണറിമാർക്കുവേണ്ടിയും പ്രേഷിതരംഗങ്ങൾക്കുവേണ്ടിയും പുരുഷന്മാരുടെയും സ്ത്രീകളുടെയും ധാരാളം നല്ല ദൈവവിളികൾ ലഭിക്കുന്നതിനുവേണ്ടിയും നമുക്കു തീവ്രമായി പ്രാർഥിക്കാം.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപ നിങ്ങളെല്ലാവരോടും കൂടെയുണ്ടായിരിക്കട്ടെ.

സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

ശ്ലീഹാ അഞ്ചാം ഞായർ
25.06.2023

---

**NB:** ***2023 ജൂലൈ 9 ഞായറാഴ്ച*** *പരി. കുർബാനമധ്യേ ഈ ഇടയലേഖനം വായിക്കേണ്ടതാണ്.*

## സർക്കുലർ
**23 Ch. 286-367**

# ദുക്റാന
# മാർതോമാനസ്രാണികൾക്കു പ്രിയപ്പെട്ട ഓർമ

തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ഓർമ കൊണ്ടാടുന്ന പുണ്യദിനമാണു ജൂലൈ 3. ദുക്റാനത്തിരുനാൾ എന്ന് ആദരപൂർവം നാമതിനെ വിളിക്കുന്നു. തോമാശ്ലീഹായെക്കുറിച്ചുള്ള യോഹന്നാൻ ശ്ലീഹായുടെ ഓർമകൾ തന്റെ സുവിശേഷത്തിൽ അദ്ദേഹം പങ്കുവയ്ക്കുന്നുണ്ട്. സഭയുടെ വിശ്വാസത്തെയും പ്രേഷിതസാക്ഷ്യത്തെയും സംബന്ധിച്ച് അതിപ്രധാനസത്യങ്ങളാണവ.

ഈശോയും ശിഷ്യന്മാരും തമ്മിൽ നടന്ന ഒരു സംഭാഷണത്തിനിടയിൽ സംശയദൂരീകരണത്തിനായി തോമാശ്ലീഹാ ചോദിച്ച ഒരു ചോദ്യത്തിനുത്തരമായി ഈശോ തന്നെക്കുറിച്ചു നടത്തിയ സുപ്രധാന വെളിപ്പെടുത്തലാണ് അവയിലൊന്ന്. അതിപ്രകാരമാണ്: ഞാനാണു വഴിയും സത്യവും ജീവനും. എന്നിലൂടെയല്ലാതെ ആരും എന്റെ പിതാവിന്റെ അടുക്കലേക്കു വരുന്നില്ല *(യോഹ. 14:6)*. ക്രിസ്തീയ വിശ്വാസത്തിന്റെ ആണിക്കല്ലാണ് ഈ വചനങ്ങൾ. മിശിഹായെ പ്രഥമസത്യമായി മനുഷ്യരുടെ മുമ്പിൽ സാക്ഷ്യപ്പെടുത്തേണ്ടതിന്റെ അനിവാര്യത നമ്മെ ബോധ്യപ്പെടുത്തുന്ന വാക്കുകളാണിവ. ജീവിതലക്ഷ്യം നേടാനുള്ള മാർഗത്തെക്കുറിച്ചുള്ള സംശയരഹിതമായ ഉറപ്പാണ് ഈ വെളിപ്പെടുത്തൽ.

യോഹന്നാൻശ്ലീഹായുടെ തോമാശ്ലീഹായെക്കുറിച്ചുള്ള രണ്ടാമത്തെ ഓർമ, അദ്ദേഹത്തിന്റെ ധീരമായ ഒരിടപെടലും ദൃഢമായ തീരുമാനവുമാണ്. ജീവൻപോലും അപകടത്തിലാകാൻ സാധ്യതയുള്ള സ്ഥലത്തേയ്ക്കുള്ള ഈശോയുടെ യാത്രയെ മരണഭയംമൂലം തടസ്സപ്പെടുത്താൻ മറ്റു ശിഷ്യന്മാർ ശ്രമിച്ചപ്പോൾ, ഈശോയുടെ ഹിതം തിരിച്ചറിഞ്ഞ തോമാശ്ലീഹാ അവരോടു പറഞ്ഞു, 'നമുക്കും അവനോടൊന്നിച്ചു പോയി മരിക്കാം' *(യോഹ. 11:16)*. അവരെല്ലാവരും അതംഗീകരിച്ചു. ഏതു സാഹചര്യങ്ങളിലും മിശിഹായെ അനുഗമിച്ച് അവന്റെ ഇഷ്ടം നിറവേറ്റുന്നതാണു ക്രിസ്തുശിഷ്യത്വമെന്നും, വേണ്ടിവന്നാൽ മിശിഹായെ

പ്രതി മരിക്കാനും തയ്യാറാകുന്നതാണു പരമമായ സാക്ഷ്യജീവിതമെന്നും തോമാശ്ലീഹായുടെ വാക്കുകൾ വ്യക്തമാക്കുന്നു.

തോമാശ്ലീഹായെക്കുറിച്ചുള്ള യോഹന്നാന്റെ മൂന്നാമത്തെ ഓർമ, തോമാശ്ലീഹാ നടത്തിയ ഏറ്റവും ഉത്തമവും പൂർണവുമായ വിശ്വാസ പ്രഖ്യാപനമാണ്: 'എന്റെ കർത്താവും എന്റെ ദൈവവും' എന്നത്. ഏതൊരു വിശ്വാസിക്കും മാതൃകയാണു തോമാശ്ലീഹായുടെ ഈ വിശ്വാസ പ്രഖ്യാപനം. അതു പൂർണമായ സമർപ്പണത്തിന്റെ വാക്കുകളാണ്. ഈശോ തനിക്കാരാണെന്നതിന്റെ ദൃഢമായ ബോധ്യവും ഈശോയോടുള്ള അഗാധമായ സ്നേഹവും പ്രകടമാക്കുന്ന ഏറ്റുപറച്ചിലാണത്.

തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം നമ്മെ സംബന്ധിച്ചു വളരെ പ്രധാനപ്പെട്ട മറ്റൊരു വെളിപ്പെടുത്തൽ ഈശോയിൽനിന്നു ലഭിക്കാൻ ഇടയാക്കി. ഈശോ തോമാശ്ലീഹായോടു പറഞ്ഞ വാക്കുകളാണത്. 'ഇപ്പോൾ എന്നെ കണ്ടതുകൊണ്ടു നീ വിശ്വസിച്ചു. എന്നെ കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ' (യോഹ. 20:29). എന്താണിതിന്റെ അർഥം? ശ്ലീഹന്മാരെല്ലാവരും ഈശോയെ നേരിൽകണ്ട് വിശ്വസിച്ചവരാണ്. എന്നാൽ, ഈശോയെ നേരിൽ കാണാൻ സാധിക്കാതെ, ശ്ലീഹന്മാരുടെയും അവരുടെ പിൻഗാമികളുടെയും സാക്ഷ്യം അംഗീകരിച്ചു ഭാവിയിൽ ഈശോയിൽ വിശ്വസിക്കുന്നവരെല്ലാവരും ശ്ലീഹന്മാരെപ്പോലെ തന്നെ ഭാഗ്യപ്പെട്ടവരായിരിക്കുമെന്നാണ് ഈശോ പറഞ്ഞതിന്റെ അർഥം. നാമെല്ലാവരും ആ വിഭാഗത്തിൽപ്പെടുന്ന ഭാഗ്യപ്പെട്ടവരാണ്. നമുക്കു പ്രത്യാശ നൽകുന്ന കാര്യമാണിത്.

### തോമാശ്ലീഹായുടെ പ്രേഷിതവേലയും രക്തസാക്ഷിത്വവും

തോമാശ്ലീഹായുടെ പ്രേഷിതവേലയെക്കുറിച്ചും രക്തസാക്ഷിത്വത്തെക്കുറിച്ചും ഇന്ത്യയുമായുള്ള ബന്ധത്തെക്കുറിച്ചും പരാമർശിക്കുന്ന നിരവധി പുരാതനരേഖകളും കൃതികളും പഠനങ്ങളും സഞ്ചാരികളുടെ സാക്ഷ്യങ്ങളുമുണ്ട്. അവയിൽ വളരെ പ്രാധാന്യമർശിക്കുന്ന അതിപുരാതനരേഖയാണ് എ.ഡി. 200-നടുത്തു സുറിയാനിഭാഷയിൽ എഴുതപ്പെട്ട 'തോമ്മായുടെ നടപടികൾ' എന്ന കൃതി. തോമാശ്ലീഹായുടെ ഭാരത പ്രേഷിതത്വവുമായി ബന്ധപ്പെട്ട് ചരിത്രപരമായി തെളിയിക്കപ്പെട്ടിട്ടുള്ള പല വിവരങ്ങളും ഈ പുരാതനകൃതിയിലുണ്ട്.

### ടൂർസിലെ വി. ഗ്രിഗറി

ഏഴാംനൂറ്റാണ്ടിനുമുമ്പു ജീവിച്ചിരുന്ന നിരവധി സഭാപിതാക്കന്മാരുടെ സാക്ഷ്യങ്ങളും നമുക്കുണ്ട്. ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ടൂർസിലെ വി. ഗ്രിഗറി (538-593) തോമാശ്ലീഹായുടെ പ്രേഷിതജീവിതത്തെക്കുറിച്ചു പല വിവരങ്ങളും നൽകുന്നുണ്ട്. അവയിൽ പ്രധാനമായ ചില കാര്യങ്ങൾ

താഴെച്ചേർക്കുന്നു. തീർത്ഥാടകരിൽനിന്നാണ് അദ്ദേഹം വിവരങ്ങൾ ശേഖരിച്ചത്. തെയദോർ എന്ന തീർഥാടകനിൽനിന്നു വി. ഗ്രിഗറിക്കു ലഭിച്ച വിവരങ്ങൾ ഇവയാണ്:

'തോമാശ്ലീഹാ ഇന്ത്യയിൽ രക്തസാക്ഷിയായി; അദ്ദേഹത്തിന്റെ കബറിടം ഇന്ത്യയിലാണ്. കബറിടം സ്ഥിതിചെയ്യുന്ന സ്ഥലത്ത് ഒരു വലിയ പള്ളിയും അടുത്ത് ഒരു ആശ്രമവുമുണ്ട്. ആശ്രമവാസികൾ തീർഥാടന കേന്ദ്രത്തിൽ പ്രാർഥനാശുശ്രൂഷകൾ നടത്തുന്നു. തോമാശ്ലീഹായുടെ തിരുശേഷിപ്പുകൾ പിന്നീട് അവിടെനിന്ന് എദേസ്സായിലേക്കു കൊണ്ടുപോകുകയും അവിടെ സംസ്കരിക്കപ്പെടുകയും ചെയ്തു. ഇന്ത്യയിൽ തോമാശ്ലീഹായുടെ കബറിടപ്പള്ളിയിൽ ഒരുമാസം ദീർഘിക്കുന്ന തിരുനാളാഘോഷമുണ്ട്. വിവിധ രാജ്യങ്ങളിൽനിന്നു തീർഥാടകർ കാഴ്ചവസ്തുക്കളുമായി വരാറുണ്ട്.'

## വി. ഇസിദോറിന്റെ (560–636) സാക്ഷ്യം

ഇന്ത്യയെ സുവിശേഷവൽക്കരിച്ചതു തോമാശ്ലീഹായാണ്. പാർഥ്യാകാരോടും മീഡ്സിനോടും പേർഷ്യാക്കാരോടും ഹിർകാനിയാക്കാരോടും ബാക്ട്രിയാക്കാരോടും ഇന്ത്യാക്കാരോടും ശ്ലീഹാ സുവിശേഷം പ്രസംഗിച്ചു. ഇന്ത്യയിലെ കലാമിനാ (മൈലാപ്പൂർ) എന്ന പട്ടണത്തിൽ വച്ചു കുന്തത്താൽ കുത്തപ്പെട്ട് അദ്ദേഹം രക്തസാക്ഷിയായി.

വി. ബീഡ് (673-736) നൽകുന്ന സാക്ഷ്യവും തോമാശ്ലീഹാ ഇന്ത്യയിൽവച്ചു രക്തസാക്ഷിയായെന്നും പിന്നീടു തിരുശേഷിപ്പുകൾ എദേസ്സായിലേക്കു കൊണ്ടുപോയെന്നുമാണ്. ഇപ്രകാരം നിരവധി സാക്ഷ്യങ്ങളാണു തോമാശ്ലീഹായുടെ ഇന്ത്യൻ പ്രേഷിതത്വത്തെക്കുറിച്ചുള്ളത്. ഇന്ത്യയും സമീപപ്രദേശങ്ങളുമെല്ലാം ഉൾക്കൊള്ളുന്ന വിപുലമായ ഭൂപ്രദേശങ്ങളിൽ സുവിശേഷത്തിനു സാക്ഷ്യംവഹിച്ചു രക്തസാക്ഷിയായ തോമാശ്ലീഹാ നമുക്കു വിശ്വാസത്തിൽ ആത്മീയജന്മം നൽകിയ പിതാവാണ്. അതേ പ്രേഷിതതീക്ഷ്ണതയോടെ നമുക്കും സുവിശേഷത്തിനു സാക്ഷ്യം വഹിക്കാം. തോമാശ്ലീഹായെക്കുറിച്ചുള്ള 'ദുക്റാന' പ്രതികൂലസാഹചര്യങ്ങളിലും പീഡനങ്ങളുടെ നടുവിലും മിശിഹായ്ക്കും സാക്ഷ്യം വഹിക്കാൻ നമുക്കു ശക്തിപകരട്ടെ. എല്ലാവർക്കും ദുക്റാന തിരുനാളിന്റെ ആശംസകൾ.

മിശിഹായിൽ സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

# ആരാധനാജീവിതം:
# അനുബന്ധമാർഗനിർദേശങ്ങൾ – 2

## 8. മാമ്മോദീസാപ്പേര്

മാമ്മോദീസായോടൊപ്പം പുതിയ പേരും നല്കപ്പെടുന്നുണ്ടല്ലോ. മാമ്മോദീസ ആത്മീയമായ പുനർജന്മമായതിനാലാണത്; ജലത്താലും റൂഹായാലുമുള്ള പുനർജന്മം *(യോഹ 3:3,5)*. ദൈവരാജ്യത്തിൽ പ്രവേശിക്കാൻ യോഗ്യത നൽകുന്ന പുതുജീവന് ഒരാൾ അവകാശിയായിരിക്കുന്നുവെന്നു സൂചിപ്പിക്കുകയാണു പുതിയ പേര്. ദൈവത്തിന്റെ മകനോ മകളോ ആയി സ്വീകരിക്കപ്പെടുന്നു; പുതിയൊരു വ്യക്തിത്വവും ദൗത്യവും മാമ്മോദീസായിലൂടെ ലഭിക്കുന്നു. അതിനാൽ മാമ്മോദീസായിൽ നല്കപ്പെട്ട പേരിനെക്കുറിച്ച് സന്തോഷവും അഭിമാനവും നന്ദിയും വേണം.

ദൈവംതന്നെ ചിലർക്കു പുതിയ പേരു നല്കുന്നതിനെക്കുറിച്ചു ബൈബിളിൽ പറയുന്നുണ്ടല്ലോ. പ്രത്യേകമായ ദൈവവിളിയെയും ദൗത്യത്തെയും അതു സൂചിപ്പിക്കുന്നു. ഉദാഹരണത്തിന്, പൂർവപിതാവായ അബ്രാമിന് 'അബ്രാഹം' എന്ന പേരു ദൈവം നൽകി. സാറായിക്കു 'സാറാ' എന്നും *(ഉല്പ. 17:5,15)*. യോഹന്നാൻ, ഈശോ എന്നീ പേരുകളും ദൈവഹിതപ്രകാരമാണു നൽകപ്പെട്ടത്.

നമ്മുടെ സഭാപാരമ്പര്യത്തിൽ ബൈബിൾ നാമങ്ങളാണു പ്രധാനമായും നൽകപ്പെട്ടുപോന്നിരുന്നത്. വിശുദ്ധരുടെ പേരുകളും നല്കപ്പെട്ടിരിക്കുന്നു. മാതാപിതാക്കളുടെയും പൂർവികരുടെയും പേരുകൾ മക്കൾക്കും കൊച്ചുമക്കൾക്കുമൊക്കെ നല്കുന്ന പതിവാണുള്ളത്. സാധാരണയായി മാമ്മോദീസാപ്പേരായിരുന്നു ഔദ്യോഗികരേഖകളിൽ ചേർത്തിരുന്നത്. സ്കൂളിൽ ചേർക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിച്ചിരുന്നു. കൂടാതെ, മാതാപിതാക്കളും കുടുംബാംഗങ്ങളും ഉറ്റബന്ധുക്കളും മറ്റും വാത്സല്യത്തോടെ വിളിക്കുന്ന ഒരു ഓമനപ്പേരുമുണ്ടാകും.

ഇപ്പോൾ മാമ്മോദീസാപ്പേരിന്റെ കാര്യത്തിൽ പലരും വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നതായി കാണുന്നില്ല. ചിലർക്കു മാമ്മോദീസാപ്പേര് ഏതാണെന്നുപോലും അറിയില്ല. ആ പേരിൽ വിളിക്കപ്പെടാനോ അറിയപ്പെടാനോ താല്പര്യമില്ലാത്തവരുമുണ്ട്. ഇപ്പോഴത്തെ ചില വിളിപ്പേരുകളിൽനിന്നു ക്രിസ്ത്യാനിയാണോ എന്നുപോലും തിരിച്ചറിയാനാവില്ല. മാതാപിതാക്കളുടെ പേരുകൂടി ചേർത്തുപറഞ്ഞാലേ ക്രിസ്ത്യാനിയാണെന്നു മനസിലാകൂ.

വിശുദ്ധജീവിതം നയിച്ചു സ്വർഗത്തിലായിരിക്കുന്ന ഒരാളുടെ പേരു സ്വീകരിക്കുന്നതു പലതരത്തിൽ പ്രയോജനപ്രദമാണ്. ദൈവസന്നിധിയിലായിരിക്കുന്ന ഒരു പുണ്യവ്യക്തിയുമായി പ്രത്യേകമായൊരു ബന്ധം കൈവരുന്നു. നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കാൻ ഒരാൾ സ്വർഗത്തിലുണ്ട് എന്നതു നമുക്കു ശക്തിയും സമാശ്വാസവും നല്കുന്നു. ആ ആളിന്റെ ജീവിതവിജയം നമുക്കു വഴികാട്ടിയും മാതൃകയും പ്രചോദനവുമാണ്. അതിനാൽ എല്ലാവരും തങ്ങളുടെ സ്വർഗീയമധ്യസ്ഥന്റെ / മധ്യസ്ഥയുടെ ജീവിതചരിത്രം പഠിക്കണം; പ്രാർഥനാസഹായം തേടുകയും വേണം.

പേരുകളുടെ സുറിയാനിരൂപങ്ങളോ അവയോടു ചേർന്നുപോകുന്ന നാമങ്ങളോ ആണു പൊതുവെ ഉപയോഗിച്ചു പോന്നിരുന്നത്. മറിയം, യൗസേപ്പ്, തോമാ, പൗലോസ്, യോഹന്നാൻ, ഗീവർഗീസ്, അന്ന, മത്തായി, പീലിപ്പോസ് തുടങ്ങിയവ ഉദാഹരണങ്ങളാണ്. നമ്മുടേതു പൗരസ്ത്യ സുറിയാനി സഭാപാരമ്പര്യമാണെന്നുള്ളതിന്റെ ഒരു സാക്ഷ്യം കൂടിയാണു സുറിയാനി നാമങ്ങളുടെ ഉപയോഗം.

### 'ഈശോ' നാമം

ഒരു കുട്ടി ജനിക്കുമ്പോൾ അതിന്റെ ചെവിയിൽ *മാറൻ ഈശോ മിശിഹാ* (നമ്മുടെ കർത്താവീശോമിശിഹാ) എന്നു മന്ത്രിക്കുന്ന പതിവുണ്ടായിരുന്നു. മിശിഹാകേന്ദ്രീകൃതമായ വിശ്വാസപരിശീലനത്തിനു ഇവിടെ ആരംഭംകുറിക്കുകയാണ്.

എല്ലാ നാമങ്ങളെയുംകാൾ വലിയ നാമം 'ഈശോ' എന്ന നാമമാണെന്നു പൗലോസ്ശ്ലീഹാ പഠിപ്പിക്കുന്നു. ഈശോനാമം കേൾക്കുമ്പോൾ എല്ലാ മുട്ടുകളും മടങ്ങുമെന്നും മനുഷ്യകുലത്തിന്റെ രക്ഷയ്ക്കായി മറ്റൊരു നാമവും നല്കപ്പെട്ടിട്ടില്ലെന്നും ശ്ലീഹാ പറയുന്നു.

പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞു പുതിയ മനുഷ്യനെ ധരിക്കുന്ന സംഭവമാണു മാമ്മോദീസാ. ഈശോമിശിഹായെത്തന്നെ ധരിക്കുന്നതാണത്. ഈ പുതിയ മനുഷ്യനെ തിരിച്ചറിയാനുള്ള പേരാണു മാമ്മോദീസായിൽ നൽകപ്പെടുന്നത്. ഈ പുതുജീവിതത്തിനു വില കൽപിക്കുകയും അതിൽ സന്തോഷിക്കുകയും ചെയ്യുന്നവർ തീർച്ചയായും ആ പേരിൽ അറിയപ്പെടാനും ആഗ്രഹിക്കും. അതൊരു ക്രൈസ്തവസാക്ഷ്യവുമായിരിക്കും.

## 9. വിശുദ്ധ മൂറോൻ അഥവാ അഭിഷേകതൈലം

തിരുവോസ്തിയിലും തിരുരക്തത്തിലും ഈശോമിശിഹായുടെ സാന്നിധ്യമെന്നതുപോലെ, വിശുദ്ധ മൂറോനിൽ റൂഹാദ്ക്കുദ്ശായുടെ സാന്നിദ്ധ്യമാണുള്ളത്. അതിനാൽ ഭക്ത്യാദരവുകളോടെ വേണം ഈ വിശുദ്ധ തൈലം കൈകാര്യം ചെയ്യാൻ. തൈലാഭിഷേകകൂദാശയിലും

പള്ളിക്കൂദാശയിലുമൊക്കെ വിശുദ്ധ തൈലം കയ്യിലെടുക്കുന്നതും മറ്റും ഒരു വൈദികനോ മ്ശംശാനായോ ആയിരിക്കണം.

ദിവ്യകാരുണ്യം സൂക്ഷിക്കുന്നതിനു സക്രാരി എന്നതുപോലെ വിശുദ്ധ മൂറോൻ സൂക്ഷിക്കുന്നതും ഉചിതവും സുരക്ഷിതവുമായ സ്ഥലത്തായിരിക്കണം. തൈലാഭിഷേക കൂദാശ നൽകുന്ന അവസരത്തിൽ വിശുദ്ധ തൈലം സൂക്ഷിക്കപ്പെട്ടിരിക്കുന്ന സ്ഥലത്തുനിന്നു കൂദാശ നൽകപ്പെടുന്ന സ്ഥലത്തേക്കു യഥാസമയം ഭക്ത്യാദരപൂർവം വിശുദ്ധ തൈലം സംവഹിക്കപ്പെടേണ്ടതാണ്. ഒരു വൈദികനോ മ്ശംശാനായോ ആയിരിക്കണം അതുനിർവഹിക്കേണ്ടത്. തിരികളുടെ അകമ്പടിയോടെ ആഘോഷമായിട്ടാണ് സംവഹിക്കപ്പെടുന്നതെങ്കിൽ മൂറോൻതൈലത്തിന്റെ പ്രാധാന്യവും അതിലെ ദൈവികസാന്നിധ്യവും വിശ്വാസികൾക്കു കൂടുതലായി ബോധ്യപ്പെടുന്നതാണ്.

തൈലാഭിഷേകം നടത്തിയതിനുശേഷം കാർമികൻ കൈകൾ കഴുകി തുടയ്ക്കുമ്പോൾ, ചെളി കഴുകിക്കളയാനെന്നപോലെ സോപ്പുപയോഗിക്കുന്നത് ഒഴിവാക്കേണ്ടതാണ്. ആവശ്യമെങ്കിൽ അല്പം റൊട്ടിക്കഷണവും ചെറുനാരങ്ങാനീരും ഉപയോഗിക്കാവുന്നതാണ്.

വിശുദ്ധ തൈലം തുടയ്ക്കുന്നതിനുപയോഗിക്കുന്ന പഞ്ഞിയും തുണിക്കഷണങ്ങളും അലക്ഷ്യമായി എവിടെയെങ്കിലും ഇടാതെ ശ്രദ്ധയോടെ കത്തിച്ചുകളയേണ്ടതാണ്.

*(തുടരും)*

മിശിഹായിൽ സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

No. 3879/K 35/OL/KCBC/DS 23.06.2023

# യുവജനദിനം

***(2023 ജൂലൈ 9 ഞായർ)***

## കെ.സി.ബി.സി. യുവജനകമ്മിഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

കേരള കത്തോലിക്കാസഭ 2023 ജൂലൈ 9 ഞായറാഴ്ച യുവജനദിനമായി ആചരിക്കുന്നു. ഏവർക്കും കെ.സി.ബി.സി. യുവജനകമ്മിഷനിൽ നിന്നും ഈ ദിനത്തിന്റെ ആശംസകൾ നേരുന്നു!

വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ 1986 ൽ ആരംഭിച്ച ലോകയുവജനദിനാഘോഷത്തിന്റെ 17-ാമത്തെ പതിപ്പിൽ എത്തിനിൽക്കുന്നു. *''മറിയം എഴുന്നേറ്റു തിടുക്കത്തിൽ യാത്ര പുറപ്പെട്ടു'' (ലൂക്കാ 1:39)* എന്ന വിശുദ്ധഗ്രന്ഥവാക്യമാണ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ ഈ വർഷത്തെ യുവജനദിനത്തിന്റെ ആപ്തവാക്യമായി തിരഞ്ഞെടുത്തിരിക്കുന്നത്. സഭയുടെ ചാലകശക്തികളായ ലക്ഷക്കണക്കിനു യുവജനങ്ങൾ ഒരുമിച്ചുവന്ന് ആഹ്ളാദപൂർവം ദൈവത്തിനു നന്ദിപറയുന്ന അവസരത്തെ സമർപ്പിച്ച് നമുക്കു പ്രത്യേകം പ്രാർത്ഥിക്കാം. പരി. അമ്മയെപോലെ തിടുക്കവും തീക്ഷ്ണതയുമുള്ള ഒരു യുവജനസഭ, കേരളസഭയിലുണ്ടാകാനായി പദ്ധതികൾ തയ്യാറാക്കാം.

### ആപ്തവാക്യം: തീക്ഷ്ണ യൗവനം മിശിഹായിൽ ഒന്നായി

കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച ആഗോളസിനഡിന്റെ പശ്ചാത്തലത്തിൽ കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്നീ ആദർശങ്ങളിൽ അടിസ്ഥാനപ്പെടുത്തി *സഹയാനം ചെയ്യുന്ന സഭ* എന്ന ആശയം യുവത്വം ഏറ്റെടുക്കുന്നു. ഈ വർഷം ആപ്തവാക്യമായി തെരഞ്ഞെടുത്തിരിക്കുന്നത് *'തീക്ഷ്ണ യൗവനം മിശിഹായിൽ ഒന്നായി'* എന്നതാണ്. കേരളസഭ 2022-25 വർഷങ്ങളെ സഭാനവീകരണ കാലഘട്ടമായി പ്രഖ്യാപിച്ചിരിക്കുന്നു. 'സഭ മിശിഹായിൽ പണിയപ്പെടുന്ന ഭവനം' എന്ന ആപ്തവാക്യത്തിലൂന്നിയ സഭാനവീകരണ പ്രവർത്തനങ്ങളിൽ മുഖ്യപങ്കു വഹിക്കേണ്ടതു യുവജനങ്ങളാണ്. കേരളസഭാനവീകരണത്തിന്റെ ആദ്യവർഷമായ 2022 ശ്രവണകാലഘട്ടമായിരുന്നു. യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികൾ, വിശ്വാസപരമായ സന്ദേഹങ്ങൾ, ആത്മീയവും ഭൗതികവുമായ സംഘർഷങ്ങൾ തുടങ്ങിയവ പൊതുവിടങ്ങളിൽ ചർച്ചയാകേണ്ടതുണ്ട്. 2023 ഡിസംബർ

1, 2, 3 തീയതികളിൽ നടക്കുന്ന ദിവ്യകാരുണ്യ കോൺഗ്രസിന്റെ സമാപനസമ്മേളനത്തിൽ 2024 യുവജനവർഷമായി പ്രഖ്യാപിക്കപ്പെടുന്നു. കേരളസഭയിലെ യുവജനങ്ങൾ സഭയുടെ പ്രേഷിതരായി മാറാൻ 2025 ജൂബിലിവർഷത്തിൽ മിഷൻവർഷമായി ആചരിക്കാനും പദ്ധതിയുണ്ട്.

വിഭജിക്കപ്പെട്ട സഭ പാഷണ്ഡതയാണ്. സഭയുടെ ഐക്യം ഊട്ടിയുറപ്പിക്കാൻ വിളിക്കപ്പെട്ടവരാണ് യുവജനങ്ങൾ. ആഗോളകത്തോലിക്കാസഭയിലെ 24 സഭകളുടെ കൂട്ടായ്മ പ്രതിഫലിക്കുന്ന ഇടമാണ് ഭാരതസഭ. പ്രത്യേകിച്ച് മൂന്നുവ്യക്തിഗതസഭകൾ ഒരേ സ്ഥലത്തായിരിക്കുന്ന കേരളസഭ. മൂന്നുറീത്തുകളിലുമുള്ള യുവാക്കൾക്ക് ഒത്തുചേരാനും സഭയുടെയും സമൂഹത്തിന്റെയും പ്രശ്നങ്ങളിൽ ഇടപെടാനുമുള്ള അന്തരീക്ഷമാണ് നമുക്കുള്ളത്. അതിന്റെ സാധ്യതകളെ കണ്ടെത്തി ദൗത്യത്തിന്റെ കനൽ ഏറ്റുവാങ്ങാൻ യുവജനങ്ങൾ ബാധ്യസ്ഥരാണ്. ഐക്യത്തിന്റെ ആത്മാവിനെയാണ് നാം സ്വീകരിച്ചിരിക്കുന്നത്. മൂന്നുറീത്തുകളിലെയും യുവജനങ്ങൾ ഒത്തുചേർന്ന് നവീകരണത്തിന്റെ 'കാറ്റലിസ്റ്റു'കളാകാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഓരോ സഭയ്ക്കും അതിന്റേതായ ചരിത്രവും സ്വത്വവും പാരമ്പര്യവും ആരാധനക്രമവും ഒക്കെയുമുള്ളപ്പോഴും അതിനെ അതിലംഘിക്കുന്ന ഐക്യത്തിന്റെ പ്രതീകമാണ് കേരളസഭയിലെ യുവജനശുശ്രൂഷ.

## യുവാക്കൾ: ഈശോയുടെ കരങ്ങൾ

ഈശോയുടെ അനുകമ്പ അത്ഭുതങ്ങളായി മാറുന്ന കാഴ്ച വേദപുസ്തകത്തിന്റെ താളുകളിൽ നാം കാണുന്നു. മിശിഹായുടെ കരുണയുടെ കരങ്ങളായി മാറുന്ന യുവത്വം സഭയുടെ സ്വപ്നമാണ്. പ്രത്യേകിച്ച് ആരോരുമില്ലാത്തവർ, സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികൾ, ഉപേക്ഷിക്കപ്പെട്ട വൃദ്ധജനങ്ങൾ എന്നിവരിലേക്കു നീളുന്ന കരുണയുടെ കരങ്ങളായി യുവജനങ്ങൾ മാറേണ്ടതുണ്ട്.

## ലഹരിമുക്ത യൗവനം

യുവാവായ ഈശോയിലേക്ക് ആകർഷിക്കപ്പെടുന്ന യുവത്വം സഭയുടെ മുതൽക്കൂട്ടാണ്; സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും സമ്പത്താണ്. യൗവനം: ഒരു തലമുറ ജീവിതാന്തസ്സു തെരഞ്ഞെടുക്കുന്ന കാലം; അവർ ഉത്തമപൗരന്മാരും ക്രിസ്തുദർശനത്തിന്റെ കാവലാളുകളുമാകാൻ പരിശ്രമിക്കുന്ന കാലം. എന്നാൽ മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം യൗവനത്തിന്റെ ലഹരിയെ നശിപ്പിക്കുന്നു. അത്തരം ലഹരിക്കടിമപ്പെടുന്ന യൗവനം ഒരു ബാധ്യതയാണ്. തീവ്രവാദത്തിന്റെ ഫണ്ടിങ്ങിനായി മാരകമായ ലഹരിവസ്തുക്കൾ കേരളത്തിലേക്ക് ഇറക്കുമതി ചെയ്യപ്പെടുന്നുവെന്ന സത്യം വാർത്തകളിൽ നിറയുന്നു. യൗവനത്തിന്റെ തീക്ഷ്ണതയെ കയറൂരിവിടുന്ന ലൈംഗിക അരാജകത്വം, സ്വവർഗവിവാഹം പോലുള്ള തിന്മകൾ, വിവാഹപൂർവ

ലൈംഗികത, വിവാഹേതരലൈംഗികത, ഒത്തുവസിക്കലുകൾ, അതേത്തുടർന്നുണ്ടാകുന്ന ഗർഭച്ഛിദ്രങ്ങൾ, പ്രണയത്തിന്റെ മറവിലെ തീവ്രവാദങ്ങൾ, 'കല്യാണയുദ്ധങ്ങൾ' അങ്ങനെ വെല്ലുവിളികൾ ധാരാളമുണ്ട്. സാങ്കേതികവിദ്യയുടെ അതിപ്രസരംമൂലം ഗെയിം അഡിക്ഷൻ, സ്ക്രീൻ അഡിക്ഷൻ, മൊബൈൽ അഡിക്ഷൻ തുടങ്ങിയവ കോവിഡനന്തര കാലത്തു വർധിച്ചിട്ടുണ്ട്. അക്കാര്യത്തിൽ യുവത്വം ജാഗ്രത പുലർത്തുകയും അതിജീവിക്കാൻ വേണ്ട പരിശീലനം നേടുകയും വേണം.

## വിദ്യാഭ്യാസം, തൊഴിൽ, സംരംഭകത്വം

കേരളത്തിന്റെ സാക്ഷരതയ്ക്കു ക്രൈസ്തവരുടെ പങ്ക് അനന്യമാണ്. വിദ്യാഭ്യാസമേഖലയിലെ ആരോഗ്യകരമല്ലാത്ത പ്രവണതകൾ, പാഠപ്പുസ്തക പരിഷ്ക്കരണത്തിലെ രാഷ്ട്രീയ താത്പര്യങ്ങൾ, അനാവശ്യ നിയമനിർമാണങ്ങൾ, ക്രൈസ്തവ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു നേരെയുള്ള അക്രമങ്ങൾ, അനാവശ്യസമരങ്ങൾ, വിദ്യാഭ്യാസമേഖലയിലെ ക്രൈസ്തവസംഭാവനകളുടെ തമസ്കരണം തുടങ്ങീ സമകാലിക യാഥാർത്ഥ്യങ്ങൾ യുവജനങ്ങൾ മനസ്സിലാക്കുകയും സൃഷ്ടിപരമായി പ്രതികരിക്കുകയും ചെയ്യേണ്ടതാണ്.

തൊഴിലില്ലായ്മ, സംരംഭകർക്ക് അനുകൂലമല്ലാത്ത അന്തരീക്ഷം സൃഷ്ടിക്കുന്ന സർക്കാർ-രാഷ്ട്രീയ സംവിധാനങ്ങൾ തുടങ്ങിയവ നിമിത്തം വിദേശരാജ്യങ്ങളിലേക്കു നമ്മുടെ യൗവനം ഒഴുകുന്നു. ഇതുമൂലം ഉണ്ടാകുന്ന വിശ്വാസപരവും സാംസ്കാരികപരവുമായ വിടവുകൾ സഭ ഏറെ ശ്രദ്ധയോടെ വീക്ഷിക്കുന്നു. അതോടൊപ്പം അന്യസംസ്ഥാനങ്ങളിൽനിന്നും പ്രവാസികളായി വന്നുചേർന്നിരിക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ, അവരുടെ ഐഡന്റിറ്റി, അതിന്റെ പ്രത്യാഘാതങ്ങൾ ഇവയൊക്കെ ഗൗരവമായ പരിഗണന അർഹിക്കുന്ന വിഷയങ്ങൾ തന്നെയാണ്. ഇവയ്ക്കു പരിഹാരം കണ്ടെത്താൻ സാധിക്കുന്നവിധത്തിലുള്ള യുവജനശുശ്രൂഷാ മോഡലുകൾ രൂപം കൊടുക്കുവാൻ സഭ ആഗ്രഹിക്കുന്നു. ഈ നാടിന്റെ സംരംഭകരായി മാറാൻ, സർക്കാർ ജോലി നേടാൻ ഒക്കെ യുവജനങ്ങളെ പ്രേരിപ്പിക്കുകയെന്നതാണ് അതിനുള്ള മാർഗം.

## യുവാക്കൾ ക്ഷേമരാഷ്ട്രനിർമിതിക്ക്

ഇന്ത്യയെന്ന മഹത്തായ രാഷ്ട്രത്തിന്റെ ക്ഷേമത്തിനും ഐശ്വര്യത്തിനുമായി പ്രവർത്തിക്കാൻ പ്രതിജ്ഞാബദ്ധരാണ് യുവജനങ്ങൾ. ശുദ്ധരാഷ്ട്രീയത്തിന്റെ വക്താക്കളായി ക്രൈസ്തവയുവത്വം മാറേണ്ടതുണ്ട്. ഭാരതത്തിന്റെ മതേതരത്വത്തെ കാക്കാൻ കടപ്പെട്ടവരാണ് ക്രൈസ്തവ യുവത്വം. സ്വന്തം മതത്തെ പ്രഘോഷിക്കുമ്പോഴും മറ്റുമതങ്ങളെ ബഹുമാനത്തോടെ കാണാൻ കഴിയുന്ന കണ്ണാണ് യുവജനങ്ങൾക്കുണ്ടാകേണ്ടത്. അല്ലെങ്കിൽ അതു വർഗീയതീവ്രവാദത്തിന്റെ കനലുകളെ ഊതികത്തിയ്ക്കുമെന്നതിനു ചരിത്രം സാക്ഷി. വിഭജനത്തിന്റെ നാൾ

മുതൽ ഭാരതം കണ്ടുകൊണ്ടിരിക്കുന്ന ഭീകരസംഭവങ്ങൾ നമ്മുടെ ഓർമ യിലുണ്ട്. ആഗോളഭീകരതയുടെ വേരുകൾ കേരളത്തിലെത്തി നിൽ ക്കുന്നു. കേരളം തീവ്രവാദത്തിന്റെ ഹബ്ബായി മാറിക്കൊണ്ടിരിക്കുന്നു. ഇവിടെ വേറിട്ടൊരു നിലപാടുമായി മതേതരത്വത്തിന്റെ കാവലായി ക്രൈസ്തവയുവത്വം മറേണ്ടതുണ്ട്. തീവ്രവാദത്തിന്റെ ഫണ്ടിങ്ങിനായി സ്വർണക്കടത്ത്, മയക്കുമരുന്ന് വ്യാപാരം, ഹവാല പണത്തിന്റെ സമാന്തര സമ്പദ്ക്രമം, എന്നിവ പരസ്യമായ രഹസ്യങ്ങളായി വാഴുന്ന കാലത്ത് സുതാര്യമായ ജീവിതക്രമവും രാഷ്ട്രീയവും മുന്നോട്ടു വയ്ക്കാൻ യുവാ ക്കൾക്കു കഴിയണം. ഇപ്പോൾ മണിപ്പുരിൽ നടക്കുന്നതുപോലുള്ള തീവ്രവാദ-വർഗീയാക്രമണങ്ങളെ അപലപിക്കാനും അതിനെതിരെ പ്രതിഷേധിക്കാനും അതേസമയംതന്നെ വി. ഫ്രാൻസിസ് അസ്സീസി യുടെ പ്രാർത്ഥനപോലെ 'സമാധാനത്തിന്റെ ഉപകരണങ്ങൾ' ആകാനും യുവജനങ്ങൾക്കു സാധിക്കണം.

കേരള കത്തോലിക്കാസഭയിലെ യുവജനം സഭയുടെ ജീവനാണ്; മുത്താണ്. അവർ ലൈവാണ്; ലൈഫാണ്. ഈശോയെന്ന യുവാവായ ദൈവം പകരുന്ന ആദർശമാണ് അവരുടെ അടിത്തറ. യുവജനകമ്മിഷന്റെ ആഭിമുഖ്യത്തിൽ കെ.സി.വൈ.എം., ജീസസ് യൂത്ത്, സി.എൽ.സി., മിജാർക്ക്, ഐക്കഫ്, യൂക്കരിസ്റ്റിയ, ഇദെന്തെ യൂത്ത്, ബോസ്കോ യൂത്ത് എന്നീ സംഘടനകളിലും അല്ലാതെയുമായി മിശിഹായ്ക്കു സാക്ഷ്യം നല്കുന്ന എല്ലാ യുവജനങ്ങൾക്കും അവരെ അനുധാവനം ചെയ്യുന്ന വൈദികർക്കും സന്യസ്തർക്കും യുവജനദിനത്തിന്റെ ആശംസ കൾ. യൗവനയുക്തനായ ഈശോ ഏവരെയും അനുഗ്രഹിക്കട്ടെ!

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ.**
(ചെയർമാൻ)

**ബിഷപ് ജോസഫ് പണ്ടാരശ്ശേരിൽ**
(വൈസ് ചെയർമാൻ)

**ഡോ. മാത്യൂസ് മാർ പോളികാർപ്പോസ്**
(വൈസ് ചെയർമാൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

---

**NB:** ***2023 ജൂലൈ 9 ഞായറാഴ്ച*** *പരി. കുർബാനമധ്യേ ഈ സർക്കു ലറിലെ ആശയങ്ങൾ വിശദീകരിച്ചു കൊടുക്കേണ്ടതാണ്.*

■

No. 3877/K 35/OL/KCBC/DS 17.06.2023

# കെ.സി.ബി.സി. എസ്.സി./എസ്.ടി./ബി.സി. കമ്മിഷൻ പുറപ്പെടുവിക്കുന്ന

# സർക്കുലർ

അഭി. പിതാക്കന്മാരേ, ബഹു. വൈദികരേ, ബഹു. സിസ്റ്റേഴ്സ്, പ്രിയ സഹോദരീസഹോദരന്മാരേ,

മതേതരത്വം മുഖമുദ്രയായ ജനാധിപത്യരാഷ്ട്രമാണ് നമ്മുടെ രാജ്യം. എന്നാൽ, മതേതരത്വം ഉദ്ഘോഷിക്കുന്ന ഈ രാജ്യത്ത് ക്രൈസ്തവ മതം സ്വീകരിച്ചുവെന്ന ഏകകാരണത്താൽ ജന്മാവകാശങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുകയാണ് പട്ടികജാതിയിൽനിന്നും ക്രിസ്തുമതം സ്വീകരിച്ച ദളിത് ക്രൈസ്തവവിഭാഗത്തിന്. ഇന്ത്യയുടെ ഭരണഘടന രൂപീകരിച്ചപ്പോൾ, നൂറ്റാണ്ടുകളായി അയിത്തവും അടിമത്തവും അനുഭവിച്ച് സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും പിന്തള്ളപ്പെട്ടുപോയ ജനസമൂഹത്തെ മുഖ്യധാരയിൽ എത്തിക്കുകയെന്ന ലക്ഷ്യത്തോടുകൂടി ഭരണഘടനയിൽ *പട്ടികജാതി പട്ടികവർഗം* എന്നു വകുപ്പ് ചേർക്കുകയുണ്ടായി. എന്നാൽ 1950 ആഗസ്റ്റ് 10 നു പ്രസിഡന്റിൽ നിക്ഷിപ്തമായ പ്രത്യേക അധികാരമുപയോഗിച്ച് ഇറക്കിയ ഉത്തരവുപ്രകാരം ഹിന്ദുമതവിശ്വാസികൾക്കു മാത്രമായി പട്ടികജാതിസംവരണം പരിമിതപ്പെടുത്തി. പിന്നീട് 1956 ൽ സിക്കുമതത്തിലെ ദളിതരെയും 1990 ൽ ബുദ്ധമതത്തിലെ ദളിതരെയും പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ ആ വിഭാഗങ്ങൾക്കും സംവരണം നൽകുകയുണ്ടായി. കഴിഞ്ഞ എഴുപത്തിമൂന്നു വർഷങ്ങളായി ക്രൈസ്തവരായ ദളിതരെ പട്ടികജാതിലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. 1950 മുതൽ ദളിതുക്രൈസ്തവർ നിരന്തരമായ സമരങ്ങളും നിവേദനങ്ങളും സർക്കാരിനു നൽകിയതിന്റെ ഫലമായി പല കമ്മിഷനുകളും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിയമിച്ചു. കമ്മിഷൻ റിപ്പോർട്ടുകൾ അനുകൂലമായിരുന്നെങ്കിലും ഫലം കണ്ടില്ല.

2004 ൽ ട്രിച്ചി സ്വദേശിയായ അഡ്വ. ഫ്രാങ്ക്ളിൻ സീസർ ദളിതുക്രൈസ്തവർക്കു സംവരണാനുകൂല്യം ലഭിക്കുന്നതിനു സുപ്രീംകോടതിയിൽ ഒരു കേസ് ഫയൽ ചെയ്തു. അതിൽ 1950 ആഗസ്റ്റ് 10 നു ഇറക്കിയ ഉത്തരവിലെ 3-ാം ഖണ്ഡിക റദ്ദുചെയ്ത് ക്രൈസ്തവരായ ദളിതർക്കു പട്ടികജാതിസംവരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് കേസ്

ഫയൽ ചെയ്തത്. കേസിനെ സംബന്ധിച്ചുള്ള വിചാരണ പലപ്രാവശ്യം മാറ്റിവച്ചുവെങ്കിലും 2023 ജൂലൈ 11 നു സുപ്രീംകോടതിയിൽ വീണ്ടും വിചാരണയ്ക്ക് എടുത്തിരിക്കുകയാണ്. ഈ അവസരത്തിൽ നമ്മുടെ ദളിതുക്രൈസ്തവ സഹോദരങ്ങളോട് ഐക്യദാർഢ്യം പ്രകടിപ്പിക്കാനും അവരെ കരുതുവാനും സഭ പ്രതിജ്ഞാബദ്ധയാണ്. ഈ നിർണായക കേസ് സുപ്രീംകോടതിയിൽ വിജയിക്കുവാനും പട്ടികജാതി സംവരണം ലഭ്യമാകുവാനും ദൈവകൃപ ആവശ്യമാണ്. അതിനാൽ കേരള കത്തോലിക്കാസഭ മുഴുവൻ ഈ നിയോഗത്തിനായി **2023 ജൂലൈ 9 ഞായറാഴ്ച** പ്രാർത്ഥനാദിനമായി ആചരിക്കുകയാണ്. അന്നേദിവസം വിശ്വാസികളെല്ലാവരും പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും കേസിൽ നമുക്കുവേണ്ടി വാദിക്കുന്ന വക്കീലന്മാരെയും വിധി കല്പിക്കുന്ന ജഡ്ജിമാരെയും സമർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ് ഗീവർഗീസ് മാർ അപ്രേം**
(ചെയർമാൻ)

**ബിഷപ് ഡോ. വിൻസെന്റ് സാമുവൽ**
(വൈസ് ചെയർമാൻ)

**ബിഷപ് സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
(വൈസ് ചെയർമാൻ)

പി.ഒ.സി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി, 682025

---

**NB:** ***2023 ജൂലൈ 2 ഞായറാഴ്ച*** *പരി. കുർബാനമധ്യേ ജനങ്ങൾക്ക് ആശയങ്ങൾ വിശദീകരിച്ചു കൊടുക്കാനായി നൽകപ്പെട്ട സർക്കുലർ.*

■

No. 3880/K 35/OL/KCBC/DS 26.06.2023

# മണിപ്പൂരിൽ രൂക്ഷമായി തുടരുന്ന കലാപാന്തരീക്ഷത്തിന്റെ പശ്ചാത്തലത്തിൽ കെ.സി.ബി.സി. പ്രസിദ്ധീകരിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനമായ മണിപ്പൂരിൽ കഴിഞ്ഞ മെയ് 3 ന് ആരംഭിച്ച് ഇപ്പോഴും തുടരുന്ന ആഭ്യന്തരകലാപം ഇതിനോടകം നൂറിലധികം മനുഷ്യജീവനുകൾ അപഹരിച്ചിരിക്കുന്നു. അതോടൊപ്പം പതിനായിരക്കണക്കിനുപേർ എല്ലാം ഉപേക്ഷിച്ച് പലായനം ചെയ്യാൻ നിർബന്ധിതരാവുകയും നിരവധി സ്ഥാപനങ്ങളും ദൈവാലയങ്ങളും അഗ്നിക്കിരയാക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഇതു വലിയ ആശങ്കയും ഭീതിയുമാണ് രാജ്യമൊട്ടാകെ ഉളവാക്കിയിട്ടുള്ളത്. മണിപ്പൂരിലെ ക്രൈസ്തവസമൂഹത്തെ തുടച്ചുനീക്കുകയെന്ന നിഗൂഢലക്ഷ്യത്തോടെ മതമൗലികവാദപ്രസ്ഥാനങ്ങളുമായി ബന്ധമുള്ള സായുധ സംഘങ്ങൾ ആസൂത്രിതമായാണ് മണിപ്പൂർ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ കലാപത്തിന്റെ മറവിൽ ആക്രമണങ്ങൾ അഴിച്ചുവിട്ടുകൊണ്ടിരിക്കുന്നതെന്നത് ഈ ദിവസങ്ങളിൽ കൂടുതൽ വ്യക്തമാണ്.

രാജ്യത്തിന്റെ ഐക്യത്തിനും പുരോഗതിക്കും തടസ്സമാകുന്ന ഇത്തരം നീക്കങ്ങളും കലാപങ്ങളും നിയമപരമായും നിഷ്പക്ഷമായും കൈകാര്യം ചെയ്തുകൊണ്ട് ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്തത്തിൽനിന്നു കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ഒഴിഞ്ഞു മാറാനാകില്ല. അങ്ങനെയിരിക്കെ, ചില പ്രത്യേക പ്രത്യയശാസ്ത്രങ്ങളെ പിന്തുണയ്ക്കുന്ന സായുധസംഘങ്ങളെ സംസ്ഥാനസർക്കാർ സഹായിക്കുന്നതായും അവർ നടത്തുന്ന അക്രമപ്രവർത്തനങ്ങൾക്കു നേരെ കണ്ണടയ്ക്കുന്നതായുമുള്ള വാർത്തകൾ ആശങ്കാജനകമാണ്. അതോടൊപ്പംതന്നെ കേന്ദ്രസർക്കാർ സാഹചര്യങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്നില്ലായെന്നത് ആശങ്കകൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

ക്രൈസ്തവസമൂഹത്തിലെ അംഗങ്ങളെന്ന നിലയിലും മതേതരത്വത്തെ മാനിക്കുന്നവരെന്ന നിലയിലും രാജ്യത്ത് ഉണ്ടാകുന്ന ഇത്തരം അസ്വസ്ഥതകളെയും അരക്ഷിതാവസ്ഥകളെയും കണ്ടില്ലായെന്നു നടിക്കാനോ പ്രതികരിക്കാതിരിക്കാനോ നമുക്കു കഴിയുകയില്ല. ഏതു സമൂഹത്തിനും അവരായിരിക്കുന്ന ഇടങ്ങളിൽ സുരക്ഷിതമായി, ഭയലേശമില്ലാതെ ജീവിക്കാൻ സാധിക്കുന്നവിധം രാജ്യത്തിലെ പൗരന്മാരെ ഒന്നായിക്കണ്ട് അവർക്കു സുരക്ഷിതത്വം ഉറപ്പുനൽകേണ്ട ഉത്തര

വാദിത്തം ഭരണനേതൃത്വങ്ങൾക്കുണ്ട്. ഏതൊരു രാഷ്ട്രീയപാർട്ടിയും ഭരണത്തിലേക്കു വരുന്നത് രാജ്യത്തിലെ പൗരന്മാർ പ്രതീക്ഷയോടെ അർപ്പിക്കുന്ന വോട്ടുകളുടെ ബലത്തിലും പാർട്ടികൾക്കും പ്രത്യയ ശാസ്ത്രങ്ങൾക്കും അതീതമായ അവരുടെ സഹകരണത്തോടെയുമാണ്. അക്കാരണത്താൽതന്നെ മണിപ്പുരിൽ നടമാടുന്ന അക്രമപ്രവർത്തന ങ്ങളോടും കലാപങ്ങളോടും നിഷ്പക്ഷമായി പ്രതികരിക്കാൻ കേന്ദ്ര-സംസ്ഥാനസർക്കാരുകൾ ഇനിയും വൈകരുത്.

ക്രൈസ്തവരെന്ന നിലയിൽ രാജ്യത്തിന്റെ സുരക്ഷിതത്വത്തിനും ഐക്യത്തിനും അഖണ്ഡതയ്ക്കുംവേണ്ടി ഒത്തൊരുമിച്ചു പ്രവർത്തി ക്കുന്നതിനും രാജ്യത്തോടുള്ള കൂറും വിശ്വസ്തതയും ഒരിക്കൽക്കൂടി ഉറക്കെ പ്രഖ്യാപിക്കുന്നതിനും ഈ അവസരത്തിൽ നാം ഉണർന്നു ചിന്തി ക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടതുണ്ട്. മണിപ്പുരിൽ കൊല്ല പ്പെട്ട സഹോദരരെ ഓർമിച്ചുകൊണ്ടും എല്ലാം നഷ്ടപ്പെട്ട് സ്വഭവനങ്ങ ളിൽനിന്നും സംസ്ഥാനത്തുനിന്നുതന്നെയും ഓടിപ്പോകേണ്ടിവരുന്നരും മരണഭീതിയിൽ കഴിയുന്നവരും പീഡിപ്പിക്കപ്പെടുന്നവരുമായ മണിപ്പു രിലെ ആയിരക്കണക്കിനു സഹോദരീസഹോദന്മാരോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ടും അവരെ ശക്തിപ്പെടുത്തികൊണ്ടും **2023 ജൂലൈ 2 പ്രാർത്ഥനാദിനമായി** ആചരിക്കണമെന്നു ഭാരത കത്തോലിക്കാ മെത്രാൻ സമിതി ആഹ്വാനം ചെയ്തിട്ടുണ്ട്. ഈ ആഹ്വാനത്തെ സർ വാത്മനാ സ്വീകരിച്ചുകൊണ്ട് കേരള കത്തോലിക്കാസഭയും ജൂലൈ 2 പ്രാർത്ഥനാദിനമായി ആചരിക്കുകയും മണിപ്പുരിനെയും ഇന്ത്യയെ മുഴുവ നെയും ദൈവതിരുമുമ്പിൽ സമർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കൊല്ലപ്പെട്ടവരുടെ ആത്മാക്കൾക്കു നിത്യശാന്തി ലഭിക്കുന്നതിനും മുറി വേറ്റും പീഡിപ്പിക്കപ്പെട്ടും മാരകമായ അവസ്ഥയിലൂടെ കടന്നുപോകു ന്നവർക്ക് ആശ്വാസം ലഭിക്കുന്നതിനും എല്ലാം നഷ്ടപ്പെട്ട് പലായനം ചെയ്യപ്പെട്ട വ്യക്തികൾക്കു സ്വദേശത്തു തിരികെയെത്തി സമാധാനത്തിൽ ജീവിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുന്നതിനും വേണ്ടിയുള്ള നമ്മുടെ യാചനകൾ ദൈവതിരുമുമ്പിൽ സമർപ്പിക്കാൻ ഈ പ്രാർത്ഥനാ ദിനം സഹായിക്കട്ടെ. ഈ പ്രാർത്ഥനാദിനാചരണത്തോടു ചേർന്നു തന്നെ നമ്മുടെ പ്രതിഷേധങ്ങളും ആശങ്കകളും പൊതുസമൂഹത്തിൽ അവതരിപ്പിക്കാനുള്ള സാഹചര്യങ്ങൾ ഇടവകതലത്തിലും സംഘടനാ തലങ്ങളിലും ക്രമീകരിക്കാനായി ഈ അവസരം പ്രയോജനപ്പെടുത്തു മല്ലോ. അതീവഗൗരവമുള്ള ഈ വിഷയത്തിലേയ്ക്കു സർക്കാരിന്റെ സത്വരശ്രദ്ധ ആകർഷിക്കത്തക്കവിധം, ഇടവക-ഫൊറോന-രൂപതാ തലങ്ങളിൽ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ വിശ്വാസിസമൂഹ ത്തിന്റെ പ്രതിഷേധപരിപാടികൾ ക്രമീകരിക്കുന്നത് ഉചിതമാണ്.

ഈ കലാപത്തിൽ സകലതും നഷ്ടപ്പെട്ട ആളുകളെ വേർതിരിവുകൾ ക്കതീതമായി സഹോദരീസഹോദരന്മാരായി കണ്ടുകൊണ്ട് സഹായി

ക്കുക സന്മനസ്സുള്ള ഏവരുടെയും കടമയാണ്. **2023 ജൂലൈ 2 ഞായറാഴ്ചയിലെ സ്തോത്രകാഴ്ച മണിപ്പുരിനുവേണ്ടി പ്രത്യേകമായി സമാഹരിക്കേണ്ടതാണ്. അതിനുള്ള അറിയിപ്പ് മുൻകൂട്ടി നൽകുമല്ലോ.** മണിപ്പുരിൽ പുനരധിവാസ-ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിക്കൊണ്ടിരിക്കുന്ന, ഭാരത കത്തോലിക്കാ സഭയുടെ ജീവകാരുണ്യ പ്രവർത്തന, സാമൂഹിക സേവനവിഭാഗമായ കാരിത്താസ് ഇന്ത്യയ്ക്കാണ് ആ പണം എത്തിച്ചുനൽകേണ്ടത്. കാരിത്താസ് ഇന്ത്യയുടെ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ നൽകുന്നു.

Account Name: **Caritas India**
Account Number: **015305300007238**
Name & Address of the Bank: **The South Indian Bank, 22, Regal Building Connaught Place, New Delhi 110 001**
IFSC Code: **SIBL0000153**

ഇടവകകളിൽനിന്നു സ്തോത്രക്കാഴ്ചയിലൂടെ സമാഹരിക്കുന്ന പണം മേൽപ്പറഞ്ഞ ബാങ്ക് അക്കൗണ്ടിലേക്ക് അയക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ രൂപതാകേന്ദ്രത്തിൽനിന്നും ഒരുക്കണമെന്ന് അഭ്യർഥിക്കുന്നു.

ആഭ്യന്തരകലാപത്തിന്റെ തുടർച്ചയായ കടുത്തദുരിതത്തിലൂടെ കടന്നുപോകുന്ന കുഞ്ഞുങ്ങളും വൃദ്ധരും രോഗികളും ഉൾപ്പെടുന്ന പതിനായിരക്കണക്കിനു ജനങ്ങളോടുള്ള ഐക്യദാർഢ്യം വാക്കുകൾകൊണ്ട് മാത്രമല്ല, പ്രായോഗികതലത്തിലും നമുക്കു പ്രകടിപ്പിക്കാം. രാജ്യത്തിലെ ഉത്തമ പൗരന്മാരെന്നനിലയിൽ നമ്മുടെ സഹപൗരന്മാരുടെ വേദനയിൽ പങ്കുപറ്റിക്കൊണ്ട് ജാതിമതരാഷ്ട്രീയ ഭേദമന്യേ ഏവരുടെയും കണ്ണു തുറപ്പിക്കാനും സമയോചിതമായ ഇടപെടലിലൂടെ സമാധാനം പുനഃസ്ഥാപിക്കുന്നതിനായി ഭരണകർത്താക്കൾ പ്രവർത്തനനിരതരാകാനും നമ്മുടെ പ്രാർത്ഥനയും പ്രവർത്തനങ്ങളും വഴിയൊരുക്കട്ടെയെന്ന് ആശംസിക്കുന്നു.

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**
*(പ്രസിഡന്റ്)*

**ബിഷപ് പോളി കണ്ണൂക്കാടൻ**
*(വൈസ് പ്രസിഡന്റ്)*

**ബിഷപ് ഡോ. അലക്സ് വടക്കുംതല**
*(സെക്രട്ടറി ജനറൽ)*

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി 682025




# I

# Transfers & Appointments June 2023

| Very Rev/Rev Fr. | Transferred from | Transferred to |
|---|---|---|
| Aiyamkary Joseph | Care Homes | Relieved |
| Aruparayil Joseph | | Bible Study St. Thomas Major Seminary Vadavathoor (addl) |
| Chalackal Sebastian | | Vicar, Vallamchira (addl) |
| Chalasserry Joseph | | Vicar, Mundathanam |
| Changankary Abraham | | Vicar, Anakulam (addl) |
| Cheeramvelil Jacob | Amboory Forane | Vicar, Aruvikuzhy |
| Chekkonthayil Thomas | Cheeramattam | Sabbatical Year |
| Chethipuzha Jacob | Thekkupara | Vicar, Thayankary |
| Choolaparampil Joseph | Thottackadu | Vicar, Pacha-Chekidikadu |
| Ethackad Antony | Chengannur Forane, Media Village | Vicar, Thrickodithanam Forane |
| Ettakkakunnel Thomas | | Director Danahalaya Punnapra, Vicar Kariyil filial Church |
| Kainikara Thomas | Dean of Studies, John Paul II Institute Thuruthy | Vice President, John Paul II Institute Thuruthy |
| Kakkuzhy Cherian | Kesarea, Veliyanad St. Joseph's | Vicar, Thiruvalla-Muthoor |
| Kalayil Varghese | Paral | Sick Leave |
| Kanikunnel James | Ambalapuzha | Rector SB Boarding & Director Excellence Program |
| Kanjiravelil Thomas | Kandankary | Vice Principal Mar Gregorios College, Punnapra |

| | | |
|---|---|---|
| Kanjooparampil Thomas | | Vice Principal St. Berchmans College Changanacherry |
| Karuvelil Francis | Thrickodithanam Forane | Vicar, Amboory Forane |
| Kattapuram Joseph | Podippara | Vicar, Muttar New |
| Kattooppara Antony | Arpookara Little Flower | Vicar, Muhamma Forane |
| Kavithazhe Philip | | Director CANA Thuruthy |
| Kayithara Varghese | Anakulam, Lourdes Matha School Meenkulam | Vicar, Arunoottamapadam & Kuttamangalam |
| Kinganamchira Michaeal | Charamangalam | Vicar, Pampady, Doctorate (St. Thomas Major Seminary Vadavathoor) |
| Kochuchirayil Joseph | KVS, Thayankary | Mar Sleeva Dayara, Adoor |
| Kochuthara Thomas | | Vicar, Kondackal |
| Koippally Jacob | Director CANA & Vice President John Paul II Institute Thuruthy | Dean of Studies, John Paul II Institute Thuruthy |
| Kollaparampil Augustine | Nedumanny | Retired; Vicar, Chunkappara |
| Kunnuparampil Joseph | Chunkappara | Vicar, Nedumanny |
| Kuzhuppil Thomas | Mundathanam | Vice President *Paurastya Vidyapitam* Vadavathoor |
| Maleckal Antony | Pacha-Chekkidikadu | Vicar, Veroor |
| Mampara Sebastain | Pampady | LECL Vadavathoor |
| Manakalam Joseph | St. Thomas Minor Seminary, Kurichy | Relieved |
| Manakunnel John | Kottackupuram | Vicar, Mundupalam |
| Manavath Varkey | Metropolitan Tribunal | Joint Director Mother Teresa Home Alappuzha (addl) |
| Mancherikalam Sebastian (Jr) | | Vicar, Thekkupara (addl) |
| Mullassery Mathew | | Mother Teresa Home Alappuzha (Residence) |
| Mundunadackal Isaac | Muttar New | Vicar, Podippara |
| Muttathil Antony | Kumarakam Nava Nazareth | Vicar, Charamangalam |
| Nalpathamkalam Joseph | Moncompu-Nazareth | Leave |

| | | |
|---|---|---|
| Nambimadam Varghese | Nedumangad | Vicar, Vettithuruthu filial Church |
| Nereyath Antony | Mallappally | Vicar, Mannila |
| Noozhaithadam George | Kunnamthanam | Vicar, Paippadu Lourdes Matha |
| Odalany Mathew | Paippadu Lourdes Matha | Vicar, Pulickalkavala |
| Padinjareveettil Thomas | Mar Gregorios College Punnapra | Vicar, Kavalam Lisieux Director, Higher Education |
| Pakalomattam Joseph | | Procurator , CANA (addl) |
| Parappallil Scaria | Thiruvalla-Muthoor | Vicar, Paral |
| Parappally Jose | Mundupalam | Vicar, Kesarea & Veliyanadu St. Joseph's |
| Parappuram Alex | Kavalam Lisieux | Vicar, Vadakkeamichakary |
| Parathara Thomas | Vettithuruthu filial Church | Relieved (Residence SOIL Changanacherry) |
| Paruvaparampil John | Muhamma Forane | Vicar, Thottackadu |
| Pathalil John | Danahalaya Punnapra | Vicar, Kandankary |
| Pazhayamadam James | | Director Archeparchial Care Homes (addl) |
| Pazhayamadam Varghese | Carmel School Alappuzha | Relieved |
| Pazhayapura George | | Retired; Vimala Poor Home (Residence) |
| Plathottam Thomas | Vadakkeamichakary | Vicar, Kunnamthanam |
| Ponganamthadathil Augustine | Vallamchira | Vicar, Kayalpuram St. Joseph & St. Antony |
| Puthanangady Mathew | Pulincunnoo Forane | Retired; Vicar, Perumkavu |
| Puthenkalam Tom | Veroor | Vicar, Pulincunnoo Forane |
| Puthenparampil Joseph (Shijo) | St. Thomas Minor Seminary, Kurichy | Vicar, Chengannur Forane |
| Puthiaparampil Joseph (Toji) | Perumkavu | Vicar, Kurichy |
| Puthuparampu Devasia | Bursar SJCC | Executive Director SJCC |
| Souriamackal Sebastain | Dalumughom, Pachakad | Vicar, Ambalapuzha St. Mary's & Study (Danahalaya) |
| Srambickal Thomas (Jr) | | Bursar St. Thomas Minor Seminary (addl) |

| | | |
|---|---|---|
| Thalachelloor Antony | | Vicar, Kannady St. Joseph's Judge, Metropolitan Tribunal |
| Thekkedathu Mathew | Kannady St. Joseph's | Relieved |
| Thekkepurathu Jose | Vice Principal SB College | Relieved |
| Thekkumuriyil Thomas | Aruvikuzhy | Vicar, Kottackupuram |
| Thyparampil Augustine | Kayalpuram | Vicar, Mallappally |
| Vadakkettam Francis | Kondackal | Vicar, Nazareth - Moncompu |
| Vellanickal George | Mar Gregorios College Punnapra | Principal Carmel School Alappuzha |
| Vellanickal Louis | | Vicar, Arpookara Little Flower |
| Anithottathil Jose CMI | Karikattoor | Relieved |
| Chackalackal Mathews CMI | Mannanam | Relieved |
| Chakkanikunnel Christeen CSsR | | Vicar, Karavaloor |
| Chalangady Kurian CMI | | Vicar, Mannanam |
| Cheradiyil Joy CMF | Kottarakara Mission | Relieved |
| Cheruplavil Jose O. Praem | Aryad | Relieved |
| Choolaparampil Thomas CMI | Chethipuzha | Relieved |
| Chundakattil Sebastian OFM Cap. | | Vicar, Mannanthala |
| Kalathil Renny CMI | Cheepunkal | Relieved |
| Kallukalam Thomas CMI | | Vicar, Chethipuzha |
| Kannampally Mathew CMI | | Vicar, Kuchapuram |
| Keeprath Joseph OFM Cap. | Mannanthala | Relieved |
| Kollamalil Joseph CMI | ICM Muttar | Relieved |
| Kunnumpuram Mathew MCBS | Sreekaryam Emmaus | Relieved |
| Molipadavil Johncy CMI | Pacha-Chekidikadu | Vicar, ICM Muttar |
| Muttamthottiyil Sebastian MCBS | | Vicar, Sreekaryam Emmaus |

| | | |
|---|---|---|
| Mylaparampil George O Praem | | Vicar, Aryad |
| Panachikal Michael VC | | Priest in charge Nedumangad |
| Peringalloor Ajith MCBS | Arunoottamapadam, Kuttamangalam | Relieved |
| Poriath Sunny CMI | | Vicar, Karikkattoor |
| Puthettu John CMF | | Vicar, Kottarakara Mission |
| Thundiyil Mathew George CFIC | | Vicar, Dalumughom & Pachakad |
| Vadakkeparampil Jojo CMI | Kuchapuram | Relieved |
| Vadakkummuryil Paul CMI | | Vicar, Cheepunkal |
| Valiyaparampil Cyriac MCBS | Pulickakavala | Vicar, Kumarakam Nava Nazareth |
| Veliyath Roy CSsR | Karavaloor | Relieved |
| **Parochial Vicars** | | |
| Anchil Mathew (Jerin) | Kurumpanadam | Parochial Vicar, Veroor |
| Erupathil Zacharia | Mammoodu | Parochial Vicar, Nedumkunnam Forane |
| Eruppakattu Joseph | Ithithanam | Parochial Vicar, Thuruthy (30.06.23) |
| Kaithaparampil Joseph (Mijo) | Edathua-Koilmuck Forane | Parochial Vicar, Nedumkunnam Forane |
| Kanniyakonil Thomas | Poonthope | Study (Residence @ Karumady) |
| Kocheethra Joseph | Nedumkunnam Forane | Parochial Vicar, Madappally |
| Kocheettathottathil Bitto | Thuruthy | Relieved |
| Kollarett Dominic Savio | Veroor | Relieved |
| Kunnathu Andrews | Athirampuzha Forane | Parochial Vicar, Thiruvananthapuram Forane |
| Moonnuparayil Varghese | Madappally | Parochial Vicar, Kodinattumkunnu |

| | | |
|---|---|---|
| Muriankary Mathew | Paippadu Lourdes | Parochial Vicar, Mammoodu; Bursar, SJCC |
| Naduthundathil Sebastian | Thathampally | Parochial Vicar, Ithithanam |
| Nambisserikalam Varghese | Champakulam-Kalloorkadu Forane | Parochial Vicar, Thathampally |
| Parathanam Joseph | Chanjody | Parochial Vicar, Fathimapuram |
| Peediakel Kuriakose | Kodinattumkunnu | Co Vicar, Mudiyoorkara |
| Plamparampil Varghese | | Syriac Study Vadavathoor (addl.) |
| Ponnattil Joseph | Thrickodithanam Forane | Parochial Vicar, Mammoodu |
| Thadathil Mathew | Thiruvananthapuram Forane | Parochial Vicar, Champakara |
| Vettithanam Xavier | Kottayam Forane | Parochial Vicar, Edathua-Koilmuck Forane |
| Vettuvelikalam Luka | Mammoodu | Parochial Vicar, Villoonni |
| Chechottu Ankith CMI | Chethipuzha | Relieved |
| Ezharayathu Xavier (Jibin) CSsR | | Parochial Vicar, Poonthope |
| Kizhakkemury Antony CMI | Veroor | Relieved |
| Kooran John CSsR | | Parochial Vicar, Champakulam-Kalloorkadu Forane |
| Pathinezhilchira Jojo CMI | | Parochial Vicar, Kottayam Forane |
| Plakuzhy Twinkle Cherian CRM | Villoonni | Parochial Vicar, Kurumpanadam Forane |
| Pulichumackal Joby MSFS | Fathimapuram | Relieved |
| Valiyathazhathu Jerin CMI | Champakara | Parochial Vicar, Chethipuzha |
| Vattamannil Jestin MST | Mudiyoorkara | Relieved |

## II

# പതിനാറാമത് പാസ്റ്ററൽ കൗൺസിൽ ഇലക്ഷൻ കമ്മിഷൻ നിയമന ഡിക്രി

ARCHEPARCHY OF CHANGANACHERRY

JOSEPH PERUMTHOTTAM
METROPOLITAN ARCHBISHOP
OF CHANGANACHERRY

ARCHBISHOP'S HOUSE
CHANGANACHERRY - 686 101
KERALA, INDIA

**C.23/GL 137** **09.06.2023**

Constitution of the Election Commission for the 16th Pastoral Council of the Archeparchy of Changanacherry

## DECREE

As the 15th Pastoral Council of the Archeparchy has completed its term, I, Joseph Perumthottam, the Metropolitan Archbishop of Changanacherry, in virtue of my pastoral office (CCEO c. 272) hereby constitute the following Three-Member Election Commission for the 16th Pastoral Council.

The members of the Commission are:

1. Rev. Fr. Dr. Thomas Karukakalam
2. Dr. Dominic Vazheeparampil
3. Adv. Georgekutty Chirayil

The Election Commission has to conduct the process of election as per the statutes of the Pastoral Council (2016) and the special norms issued by the Archeparchial Curia. The Commission is urged to submit the list of the elected members to the Archeparchial Curia before 15 August 2023.

**† Joseph Perumthottam**
Metropolitan Archbishop of Changanacherry

**Fr Isaac Alencherry**
Chancellor

ARCHEPARCHY OF CHANGANACHERRY | ARCHEPARCHY OF CHANGANACHERRY

Tel: 0091 481 2420040, 2420379, 2420614
E-mail: bpjperumthottam@gmail.com | Website: www.archdiocesechanganacherry.org

# III

# പതിനാറാമത് പാസ്റ്ററൽ കൗൺസിൽ ഇലക്ഷൻ കമ്മിഷൻ വിജ്ഞാപനം

ചങ്ങനാശേരി അതിരൂപതാ 16-ാമത് പാസ്റ്ററൽ കൗൺസിലിലേയ്ക്കുള്ള ഇടവക, ഫൊറോനാതല തെരഞ്ഞെടുപ്പ് സംബന്ധിച്ച നിർദേശങ്ങൾ

1. ചങ്ങനാശേരി അതിരൂപതാ പള്ളിയോഗ നടപടിക്രമങ്ങളും പാസ്റ്ററൽ കൗൺസിലിന്റെ ഭരണഘടന (2016) യ്ക്കനുസൃതമായും അതിരൂപതാ കച്ചേരിയുടെ തീരുമാനമനുസരിച്ച് താഴെ നല്കിയിരിക്കുന്ന നിർദേശങ്ങൾ അനുസരിച്ചായിരിക്കും തെരഞ്ഞെടുപ്പുകൾ നടത്തേണ്ടത്.

2. പാസ്റ്ററൽ കൗൺസിൽ ഭരണഘടനയുടെ അനുബന്ധത്തിൽ ചേർത്തിരിക്കുന്ന ഫൊറോനാ കൗൺസിൽ നിയമാവലിക്കു വിധേയമായി അതാത് ഫൊറോനാ കൗൺസിലുകൾ രൂപീകരിച്ചതിനുശേഷം പ്രസ്തുത ഫൊറോനാ കൗൺസിലുകളിൽനിന്നും വേണം അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്കുള്ള തെരഞ്ഞെടുപ്പുകൾ നടത്തേണ്ടത്.

3. ബഹു. ഫൊറോനാ വികാരിമാരുടെ മേൽനോട്ടത്തിലും നേതൃത്വത്തിലും വേണം അതാതു ഫൊറോനകളിലെ ഫൊറോനാ കൗൺസിൽ രൂപീകരിക്കേണ്ടത്.

## ഫൊറോനാ കൗൺസിൽ അംഗങ്ങളുടെ തെരഞ്ഞെടുപ്പ്

4. ഇടവകവികാരി ക്രമപ്രകാരം വിളിച്ചുകൂട്ടുന്ന ഇടവകപ്രതിനിധിയോഗമാണ് ഇടവകയിൽനിന്നുമുള്ള ഫൊറോനാ കൗൺസിൽ പ്രതിനിധികളെ തെരഞ്ഞെടുക്കേണ്ടത്. പ്രതിനിധിയോഗം നിലവിലില്ലാത്ത ഇടവകകളിൽ പൊതുയോഗം വിളിച്ചുകൂട്ടി തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. പ്രതിനിധിയോഗത്തിലോ, പൊതുയോഗത്തിലോ സംബന്ധിക്കുവാൻ അർഹതയുള്ളവർക്ക് (ചങ്ങനാശേരി അതിരൂപതാ പള്ളിയോഗ നടപടിക്രമം 2007, കാനോനകൾ 5 മുതൽ 6.4 വരെയും 9 മുതൽ 9.4 വരെയും കാണുക) മാത്രമായിരിക്കും വോട്ടവകാശം.

5. നിയമപരമായ അയോഗ്യതകളില്ലാത്തവരും (ചങ്ങനാശേരി അതിരൂപതാ പള്ളിയോഗ നടപടിക്രമം 2007, കാനോനകൾ 6-6.2) 2019 മാർച്ച് 31 ന് മുമ്പ് ഇരുപത്തൊന്നു വയസ്സെങ്കിലും പൂർത്തിയായവരുമായിരിക്കണം തെരഞ്ഞെടുക്കപ്പെടേണ്ടത്. ന്യായമായ സഭാധികാരത്തെ പരസ്യമായി ധിക്കരിക്കുകയോ അവഹേളിച്ച് സംസാരിക്കുകയോ മറ്റുള്ളവർക്ക് ഇടർച്ചയ്ക്കിടയാകത്തക്കവിധം പ്രവർത്തിക്കുന്നവരെയും ഈശ്വര/മതനിഷേധപ്രസ്ഥാനങ്ങളിലെ പ്രവർത്തകരെയും അയോഗ്യരായി പരിഗണിക്കേണ്ടതാണ്.

6. രഹസ്യബാലറ്റിംഗ് സമ്പ്രദായത്തിലൂടെവേണം തെരഞ്ഞെടുപ്പുകൾ നടത്തുവാൻ.

7. ബഹു. വികാരിയുടെ നേതൃത്വത്തിൽ തന്നാണ്ടത്തെ കൈക്കാരന്മാർ (അവർ സ്ഥാനാർത്ഥികളല്ലെങ്കിൽ) വോട്ടുകൾ എണ്ണി തിട്ടപ്പെടുത്തുകയും ബഹു. വികാരി ഫലപ്രഖ്യാപനം നടത്തുകയും ചെയ്യണം. കൈക്കാരന്മാർ സ്ഥാനാർത്ഥികളാണെങ്കിൽ ഉത്തമരായ രണ്ട് അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ വോട്ടുകൾ എണ്ണേണ്ടതാണ്. ഇപ്രകാരം ഇടവകകളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന നാലോ അഞ്ചോ പ്രതിനിധികളുടെ പേരും വിലാസവും ബഹു. ഫൊറോനാ വികാരിക്കും ഇലക്ഷൻ കമ്മിഷൻ കൺവീനർക്കും പുതുതായി രൂപീകൃതമാകുന്ന ഫൊറോനാ കൗൺസിലിന്റെ പ്രഥമയോഗത്തിനു മുമ്പായി വികാരിമാർ ഫൊറോനാ വികാരിയെ ഏല്പിക്കേണ്ടതാണ്.

8 ഏതെങ്കിലും കാരണവശാൽ ഒരിടവകയിൽ സമയപരിധിക്കുള്ളിൽ തെരഞ്ഞെടുപ്പ് നടക്കാൻ സാധിക്കാതെവന്നാൽ ബഹു. വികാരി പ്രസ്തുത വിവരം അതിരൂപതാദ്ധ്യക്ഷനെയും ഇലക്ഷൻ കമ്മിഷൻ കൺവീനറെയും ഫൊറോനാ വികാരിയെയും രേഖാമൂലം അറിയിക്കേണ്ടതാണ്.

9 യോഗവും ആണ്ടുതിരട്ടുള്ളതും അതിർത്തിതിരിഞ്ഞതും ബഹു. വൈദികർ സ്ഥിരതാമസമുള്ളതുമായ കുരിശുപള്ളികൾക്കും ഇപ്രകാരം പ്രതിനിധികളെ തെരഞ്ഞെടുത്ത് ഫൊറോനാ കൗൺസിലിലേക്ക് അയയ്ക്കുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്. എന്നാൽ തലപ്പള്ളിയിലെയും കുരിശുപള്ളികളിലെയും പ്രതിനിധികളെ ഒരു ഇടവകയൂണിറ്റിലെ അംഗങ്ങളായി മാത്രമേ കണക്കാക്കുകയുള്ളു. ആയതിനാൽ ഇതര ഇടവകക്കാരായ പ്രതിനിധികൾക്കെന്നതുപോലെ അവരിൽനിന്ന് ഒരാൾക്കു മാത്രമേ അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്കു തെരഞ്ഞെടുക്കപ്പെടുവാൻ അർഹതയുണ്ടായിരിക്കുകയുള്ളു.

10. ഫൊറോനാ വികാരി പുതുതായി രൂപീകരിക്കുന്ന ഫൊറോനാ കൗൺസിലിന്റെ പ്രഥമസമ്മേളനത്തിൽതന്നെ അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്കുള്ള ഫൊറോനാതല തെരഞ്ഞെടുപ്പു നടത്തുന്നതിനുവേണ്ടി അതിനുള്ള ദിവസവും സമയവും സ്ഥലവും നിശ്ചയിച്ച് ഇലക്ഷൻ കമ്മിഷൻ കൺവീനറെയും ഫൊറോനയിലെ പള്ളികളിലെ ബഹു. വികാരിമാരെയും രേഖാമൂലം മുൻകൂട്ടി അറിയിക്കേണ്ടതാണ്. ബഹു. വികാരിമാർ തങ്ങളുടെ ഇടവകയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടവരെ ഉടൻതന്നെ പ്രസ്തുത വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## II. **ഫൊറോനാ കൗൺസിൽ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ തെരഞ്ഞെടുപ്പ്**

11. ഓരോ ഇടവകയിൽനിന്നും കുറഞ്ഞത് ഒരു വനിതയടക്കം നാലു

പ്രതിനിധികളെ വീതം താഴെപ്പറയും പ്രകാരം ഫൊറോനാ കൗൺസിലിലേക്കു ചുവടെ ചേർത്തിരിക്കുന്ന വയോവിഭാഗത്തിൽനിന്നും തെരഞ്ഞെടുക്കണം.

21 മുതൽ 35 വരെ, 36 മുതൽ 50 വരെ, 50 നു മുകളിൽ

ഓരോ ഫൊറോനയിലെയും വിവിധ ഇടവകകളിലെ പ്രതിനിധിയോഗാംഗങ്ങളിൽനിന്നാണ് ഫൊറോനാ ഇലക്ടറൽ കോളേജിലേക്കുള്ള അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്. 1500-ലധികം കുടുംബങ്ങളുള്ള ഇടവകകളിൽനിന്നു കുറഞ്ഞതു രണ്ടുവനിതകളടക്കം അഞ്ചുപേരെയും മറ്റിടവകകളിൽനിന്ന് കുറഞ്ഞത് ഒരു വനിതയുൾപ്പെടെ നാലുപേരെയും മുകളിൽ പറഞ്ഞിരിക്കുന്ന വയോവിഭാഗങ്ങളിൽനിന്നു തെരഞ്ഞെടുക്കേണ്ടതാണ്.

40-ൽ കൂടുതൽ ദളിതുകുടുംബങ്ങളുള്ള ഇടവകകളിൽനിന്ന് മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും വയോവിഭാഗത്തിൽപ്പെട്ട കുറഞ്ഞത് ഒരു ദളിതംഗത്തെയും 25 -ൽ കൂടുതൽ നാടാർ കുടുംബങ്ങളുള്ള ഇടവകകളിൽനിന്നു മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും വയോവിഭാഗത്തിൽപ്പെട്ട കുറഞ്ഞത് ഒരു നാടാർ അംഗത്തെയും തെരഞ്ഞെടുക്കേണ്ടതാണ്. ദളിത്, നാടാർ, വനിതാവിഭാഗങ്ങൾ ഉൾപ്പടെയാണ് ഇടവകയിൽനിന്നും മേൽപ്പറഞ്ഞ പ്രകാരം നിശ്ചിത അംഗങ്ങളെ ഫൊറോനാ ഇലക്ടറൽ കോളജിലേക്കു തെരഞ്ഞെടുക്കേണ്ടത്.

ഫൊറോനാ കൗൺസിലിൽനിന്നും കുറഞ്ഞത് ഒരു വനിതയടക്കം മേൽപ്പറഞ്ഞ വയോവിഭാഗങ്ങളിൽനിന്നു നാലുപേരെ അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേയ്ക്കു തെരഞ്ഞെടുക്കേണ്ടതാണ്. ഇതിൽ ഫൊറോനാതലത്തിൽ 250-ൽ കൂടുതൽ ദളിതുകുടുംബങ്ങളുള്ള ഫൊറോനയിൽനിന്നു മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും വയോവിഭാഗത്തിൽപ്പെട്ട ഒരു ദളിതംഗത്തെയും, ഫൊറോനാതലത്തിൽ 200-ൽ കൂടുതൽ നാടാർകുടുംബങ്ങളുള്ള ഫൊറോനയിൽനിന്ന് മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും വയോവിഭാഗത്തിൽപ്പെട്ട ഒരു നാടാർ അംഗത്തെയും അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്കു തെരഞ്ഞെടുക്കേണ്ടതാണ്. വനിതാ അംഗം ഇവയിൽ ഏതെങ്കിലും വയോവിഭാഗത്തിൽപെട്ടാൽ മതിയാകും. വനിതാ അംഗത്തിന്റെ തെരഞ്ഞെടുപ്പ് ആദ്യം നടത്തേണ്ടതാണ്. ദളിത്, നാടാർ, വനിതാവിഭാഗങ്ങൾ ഉൾപ്പടെയാണ് ഫൊറോനായിൽനിന്നു നാല് അംഗങ്ങളെ അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്കു തെരഞ്ഞെടുക്കേണ്ടത്. അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്കു തെരഞ്ഞെടുക്കപ്പെടുന്ന നാലുപേരിൽനിന്നും ഒരാളെ ഫൊറോനാ കൗൺസിൽ സെക്രട്ടറിയായി തെരഞ്ഞെടുക്കേണ്ടതാണ്.

തുടർച്ചയായി രണ്ടുപ്രാവശ്യത്തിൽ കൂടുതൽ ഒരാൾ ഫൊറോനാ

കൗൺസിലിലേക്കും പാസ്റ്ററൽ കൗൺസിലിലേക്കും തെരഞ്ഞെടുക്കപ്പെടാൻ പാടില്ല. ഫൊറോനാ കൗൺസിലിലേക്കും പാസ്റ്ററൽ കൗൺസിലിലേക്കും തെരഞ്ഞെടുക്കപ്പെടുന്നവരിൽ മൂന്നിലൊന്നെങ്കിലും പുതുമുഖങ്ങളായിരിക്കണം. ഇടവകകളിലെ പ്രതിനിധിയോഗത്തിൽ തുടർച്ചയായി രണ്ടുടേം പൂർത്തിയാക്കിയവർ തിരഞ്ഞെടുക്കപ്പെടാൻ പാടില്ല.

12. കൗൺസിലുകളിലേക്കു തെരഞ്ഞെടുക്കപ്പെടുന്നവരുടെ യോഗ്യതാപത്രം ബഹു. വികാരി, പെരി. ബഹു. ഫൊറോനാവികാരിക്കു സമർപ്പിക്കേണ്ടതാണ്.

13. ഇടവകതല തെരഞ്ഞെടുപ്പിന്റെ ചുമതല ഇടവകവികാരിക്കും ഫൊറോനാതല തെരഞ്ഞെടുപ്പിന്റെ ചുമതല ഫൊറോനാ വികാരിക്കുമായിരിക്കും.

14. തെരഞ്ഞെടുപ്പ് കമ്മിഷൻ അംഗങ്ങൾക്കോ കമ്മിഷന്റെ പ്രതിനിധികൾക്കോ ആവശ്യമെങ്കിൽ നിരീക്ഷകരായി ഫൊറോനാതല തെരഞ്ഞെടുപ്പിൽ സംബന്ധിക്കാവുന്നതാണ്. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കമ്മിഷനംഗങ്ങളുടെ സേവനം ആവശ്യമെങ്കിൽ പെരി. ബഹു. ഫൊറോനാ വികാരിമാർക്കു തേടാവുന്നതാണ്.

15. അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനു ഫൊറോനാ കൗൺസിൽ അംഗങ്ങൾക്ക് എല്ലാവർക്കും വോട്ടവകാശം ഉണ്ടായിരിക്കുന്നതാണ്.

16. വോട്ടെടുപ്പിൽ ഒന്നിലധികം പേർക്കു തുല്യമായി വോട്ട് വരികയാണെങ്കിൽ നറുക്കെടുപ്പിലൂടെ വിജയിയെ നിശ്ചയിക്കേണ്ടതാണ്.

17. തെരഞ്ഞെടുപ്പുഫലം രേഖപ്പെടുത്തി അവരുടെ ബയോഡേറ്റാ ഫാറം പൂരിപ്പിച്ച് ഫൊറോനാവികാരിയും നിരീക്ഷകനുണ്ടെങ്കിൽ അദ്ദേഹവും ഒപ്പുവയ്ക്കേണ്ടതും ഇലക്ഷൻ കമ്മിഷൻ കൺവീനർക്കു ലിസ്റ്റും പൂരിപ്പിച്ച ബയോഡേറ്റ ഫാറവും താമസംകൂടാതെ എത്തിച്ചുകൊടുക്കേണ്ടതാണ്.

18. പ്രതിനിധിയോഗത്തിൽനിന്നുള്ള തെരഞ്ഞെടുപ്പുകൾ 2023 ജൂലൈ 15-ാം തീയതിക്ക് മുമ്പും ഫൊറോനാതല തെരഞ്ഞെടുപ്പുകൾ 2023 ആഗസ്റ്റ് 8-നകവും പൂർത്തിയാക്കേണ്ടതാണ്.

19. ഇടവകതല തെരഞ്ഞെടുപ്പ് സംബന്ധിച്ച പരാതികൾ ഫൊറോനാ വികാരിക്കും ഫൊറോനാതലത്തിലുണ്ടാകുന്ന പരാതികൾ ഇലക്ഷൻ കമ്മിഷൻ കൺവീനർക്കും ഇലക്ഷൻ കഴിഞ്ഞ് 3 ദിവസത്തിനകം അതിരൂപതാ മുദ്രപത്രത്തിൽ രണ്ടുകോപ്പികൾ സഹിതം സമർപ്പിക്കേണ്ടതാണ്.

20. ഫൊറോനാ പള്ളി ഇടവകയിൽ നടത്തപ്പെടുന്ന ഇടവകതല തെരഞ്ഞെടുപ്പിനെ സംബന്ധിക്കുന്ന പരാതികളും ഇലക്ഷൻ കമ്മിഷൻ കൺവീനർക്കു മേൽപ്പറഞ്ഞ പ്രകാരം സമർപ്പിക്കേണ്ടതാണ്.

21. ഫൊറോനാസമിതിയിലുള്ള അൽമായ പ്രതിനിധികളിൽ നിന്നു മാണ് അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേയ്ക്ക് അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടത്.

## III. മറ്റ് അംഗങ്ങളുടെ തെരഞ്ഞെടുപ്പ്

**അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേയ്ക്കുള്ള മറ്റ് അംഗ ങ്ങളെ തെരഞ്ഞെടുക്കേണ്ടത് ഇപ്രകാരമായിരിക്കും.**

ഇടവകകളിലെ പ്രതിനിധിയോഗത്തിൽ തുടർച്ചയായി രണ്ടുടേം പൂർത്തിയാക്കിയവർ 21 മുതൽ 25 വരെ പ്രതിപാദിക്കുന്ന പ്രസ്ഥാന ങ്ങളിലൂടെയും സ്ഥാപനങ്ങളിലൂടെയും തെരഞ്ഞെടുക്കപ്പെടാൻ പാടില്ല.

22. അതിരൂപതയിലെ സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ ഒരു പ്രതിനിധി, പ്രൊമോട്ടർമാരുടെ ഒരു പ്രതിനിധി, സൺഡേസ്കൂൾ അധ്യാപകരിൽനിന്നും ഒരു വനിതാപ്രതിനിധി ഉൾപ്പെടെ മൂന്നു പ്രതിനിധികൾ എന്നിവരെ തെരഞ്ഞെടുക്കുവാനുള്ള ചുമതല സന്ദേശനിലയം ഡയറക്ടറുടേതായിരിക്കും. ഈ തെരഞ്ഞെടു പ്പിനുള്ള മാനദണ്ഡങ്ങളും തീയതിയും സമയവും മറ്റും ഇല ക്ഷൻ കമ്മിഷനുമായി ആലോചിച്ച് സന്ദേശനിലയം ബഹു. ഡയ റക്ടർക്കു തീരുമാനിക്കാവുന്നതാണ്.

താഴെപ്പറയുന്ന വിഭാഗങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്നവർ പാസ്റ്ററൽ കൗൺസിൽ കാലാവധി മുഴുവൻ ആ വിഭാഗത്തെ പ്രതി നിധീകരിക്കുന്നതാണ്. സംഘടനയിൽ/പ്രസ്ഥാനത്തിൽ അദ്ദേഹ ത്തിന്റെ ഭാരവാഹിത്തം/ചുമതല കഴിയുന്നതോടെ അംഗത്വം ഇല്ലാ താകുന്നതല്ല

23. അതിരൂപതയിലെ പ്രൈമറി സ്കൂളുകളിലെയും ഹൈസ്കൂളുക ളിലെയും ഹയർസെക്കന്ററി സ്കൂളുകളിലെയും കത്തോലിക്കാ ഹെഡ്മാസ്റ്റർമാരുടെയും പ്രിൻസിപ്പൽമാരുടെയും ഓരോ പ്രതി നിധികൾ വീതവും അതിരൂപതയിലെ പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കന്ററികളിൽ പഠിപ്പിക്കുന്ന കത്തോലിക്കാ അദ്ധ്യാപക രുടെയും അനദ്ധ്യാപകരുടെയും ഓരോ പ്രതിനിധികൾ വീതവും ബഹു. അതിരൂപതാ കോർപ്പറേറ്റ് മാനേജരുടെ മേൽനോട്ടത്തിലും ഉത്തരവാദിത്വത്തിലും നടത്തുന്ന തെരഞ്ഞെടുപ്പിലൂടെ കണ്ടെത്തേ ണ്ടതാണ്. തെരഞ്ഞെടുപ്പ് സംബന്ധിച്ച നടപടിക്രമങ്ങൾ തെര ഞ്ഞെടുപ്പ് കമ്മിഷനുമായി കൂടിയാലോചിച്ച് ബഹു. കോർപ്പറേറ്റ് മാനേജർക്കു തീരുമാനിക്കാവുന്നതാണ്.

24. അതിരൂപതയുടെ ഉടമസ്ഥതയിലുള്ള കോളേജുകളിലെ കത്തോ ലിക്കാ അദ്ധ്യാപകരിൽനിന്നും ഒരു വനിതയുൾപ്പെടെ രണ്ടു പ്രതി നിധികൾ, അനദ്ധ്യാപകരുടെ ഒരു പ്രതിനിധി, സി.എസ്.എം രണ്ടു പ്രതിനിധികൾ എന്നിവരുടെ തിരഞ്ഞെടുപ്പ് പെരിയ ബഹു. മാനേ ജരച്ചന്റെ നേതൃത്വത്തിൽ നടത്തുന്നതാണ്.

25. അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ഭരണഘടന 5.6.2 പ്രകാരമുള്ള പ്രസ്ഥാനങ്ങളുടെയും സംഘടനകളുടെയും മറ്റും തെരഞ്ഞെടുപ്പുകൾ ബന്ധപ്പെട്ട അധികാരികളുടെ നേതൃത്വത്തിലും ഉത്തരവാദിത്തത്തിലും ഇലക്ഷൻ കമ്മിഷനുമായി കൂടിയാലോചിച്ച് നടത്തേണ്ടതാണ്.

26. സ്ഥാപനങ്ങളിൽ നിന്നുമുള്ള പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ചുമതല വഹിക്കുന്ന ബഹു. വൈദികരുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്.

27. മേൽപറഞ്ഞ എല്ലാ തെരഞ്ഞെടുപ്പുകളും 2023 ജൂലൈ 31-ാം തീയതിക്കു മുമ്പായി പൂർത്തിയാക്കി ലിസ്റ്റ് ഇലക്ഷൻ കമ്മിഷനെ ഏൽപ്പിക്കേണ്ടതാണ്.

28. തെരഞ്ഞെടുപ്പ് സംബന്ധിച്ചുണ്ടാകുന്ന തർക്കങ്ങളിൽ അതിരൂപതാദ്ധ്യക്ഷൻ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും.

29. ഇലക്ഷൻ കമ്മിഷൻ കൺവീനറുടെയും അംഗങ്ങളുടെയും മേൽവിലാസം:

**റവ. ഫാ. തോമസ് കറുകക്കളം** 9496062129
XVI പാസ്റ്ററൽ കൗൺസിൽ ഇലക്ഷൻ കമ്മിഷൻ
ആർച്ചുബിഷപ് ഹൗസ്, ചങ്ങനാശേരി പി.ഒ, കോട്ടയം 686 101

**ഡോ. ഡൊമിനിക് വഴീപ്പറമ്പിൽ** 9447580323
വഴീപ്പറമ്പിൽ, ഇടയിരിക്കപ്പുഴ പി.ഒ, കോട്ടയം 686541

**അഡ്വ. ജോജി ചിറയിൽ** 9447659020
ചിറയിൽ, മറിയപ്പള്ളി പി.ഒ, കോട്ടയം 686 013

ചങ്ങനാശേരി
22-06-2023

## ഫൊറോനാ കൗൺസിൽ നിയമാവലി

1. മെത്രാപ്പോലീത്തായുടെ അധികാരത്തിനു വിധേയമായി ഫൊറോനാ വികാരിയുടെ മേൽനോട്ടത്തിൽ ഫൊറോനയിലെ അജപാലനപരമായ കാര്യങ്ങളും അതിരൂപതയിൽനിന്നു നിർദേശിക്കുന്ന ഇതര കാര്യങ്ങളും ചർച്ച ചെയ്യുന്നതിനും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പ്രായോഗിക നിർദേശങ്ങൾ നൽകുന്നതിനുമായി അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ഭരണഘടനയ്ക്കനുസൃതം ഫൊറോനാതലത്തിൽ സ്ഥാപിതമായിരിക്കുന്ന ആലോചനാസമിതിയാണ് ഫൊറോനാ കൗൺസിൽ.

   ഈ നിയമാവലിയിൽ പ്രത്യേകമായി എടുത്തുപറയാത്ത സംഗതികളെ സംബന്ധിച്ച്, അതിരൂപതാ പാസ്റ്ററൽ കൗൺസിൽ ഭരണഘടനയുടെ ബന്ധപ്പെട്ട വകുപ്പുകൾ ബാധകമായിരിക്കും.

## 2. അംഗങ്ങൾ

1) ഫൊറോനാ വികാരി
2) ഫൊറോനയിലെ ഇടവക വികാരിമാർ
3) ഫൊറോനാ കൗൺസിലിലേക്ക് ഇടവകയിൽനിന്നു താഴെപറയും പ്രകാരം തിരഞ്ഞെടുക്കപ്പെട്ടവർ.
4) അതിരൂപതാ പാസ്റ്ററൽ കൗൺസിലിൽ അംഗങ്ങളായിട്ടുള്ള, ഫൊറോനയിൽനിന്നുള്ള വ്യക്തികൾ.
5) ഫൊറോനാ അതിർത്തിയിലുള്ള സമർപ്പിതസമൂഹങ്ങളുടെ മുഖ്യ അധികാരികൾ.
6) ഫൊറോനയിൽ പ്രവർത്തിക്കുന്ന അതിരൂപതയുടെ അംഗീകാരമുള്ള സംഘടനകളുടെ/പ്രസ്ഥാനങ്ങളുടെ ഫൊറോനാ പ്രസിഡന്റുമാർ/കൺവീനർമാർ.
7) ഫൊറോനയിൽ പ്രവർത്തിക്കുന്ന അതിരൂപതയുടെ അംഗീകാരമുള്ള സംഘടനകളുടെ /പ്രസ്ഥാനങ്ങളുടെ ഫൊറോനാ ഡയറക്ടർമാർ.
8) ഫൊറോനാ സൺഡേസ്കൂൾ പ്രൊമോട്ടർമാരുടെ ഒരു പ്രതിനിധി.
9) ഫൊറോനാ ജാഗ്രതാസമിതിയുടെ കൺവീനർ; ഫൊറോനായിലെ സ്കൂളദ്ധ്യാപകരുടെയും കോളേജദ്ധ്യാപകരുടെയും ഓരോ പ്രതിനിധികൾ.
10) നാമനിർദേശം ചെയ്യപ്പെട്ട അംഗങ്ങൾ. ഫൊറോനാസമിതിയിലുള്ള അംഗങ്ങളുടെ 10% വരെ ഫൊറോനാവികാരിയ്ക്കു നാമനിർദേശം ചെയ്യാവുന്നതാണ്.

## 3. തെരഞ്ഞെടുപ്പ്

ഓരോ ഇടവകയിൽനിന്നും കുറഞ്ഞത് ഒരു വനിതയടക്കം നാലു പ്രതിനിധികളെ വീതം താഴെപ്പറയും പ്രകാരം ഫൊറോനാ കൗൺസിലിലേക്കു ചുവടെ ചേർത്തിരിക്കുന്ന വയോവിഭാഗത്തിൽനിന്നും തെരഞ്ഞെടുക്കണം.

21 മുതൽ 35 വരെ, 36 മുതൽ 50 വരെ, 50 നു മുകളിൽ

ഓരോ ഫൊറോനയിലെയും വിവിധ ഇടവകകളിലെ പ്രതിനിധിയോഗാംഗങ്ങളിൽ നിന്നാണ് ഫൊറോനാ ഇലക്ടറൽ കോളേജിലേക്കുള്ള അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്. 1500-ലധികം കുടുംബങ്ങളുള്ള ഇടവകകളിൽനിന്നു കുറഞ്ഞത് രണ്ടുവനിതകളടക്കം അഞ്ചുപേരെയും മറ്റിടവകകളിൽനിന്ന് കുറഞ്ഞത് ഒരു വനിത

യുൾപ്പെടെ നാലുപേരെയും മുകളിൽ പറഞ്ഞിരിക്കുന്ന വയോ വിഭാഗങ്ങളിൽനിന്നു തെരഞ്ഞെടുക്കേണ്ടതാണ്.

40-ൽ കൂടുതൽ ദളിതുകുടുംബങ്ങളുള്ള ഇടവകകളിൽനിന്നു മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും വയോവിഭാഗത്തിൽപ്പെട്ട കുറഞ്ഞത് ഒരു ദളിത് അംഗത്തെയും 25 -ൽ കൂടുതൽ നാടാർ കുടുംബങ്ങളുള്ള ഇടവകകളിൽനിന്നു മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും വയോവിഭാഗത്തിൽപ്പെട്ട കുറഞ്ഞത് ഒരു നാടാർ അംഗത്തെയും തെരഞ്ഞെടുക്കേണ്ടതാണ്. ദളിത്, നാടാർ, വനിതാ വിഭാഗങ്ങൾ ഉൾപ്പടെയാണ് ഇടവകയിൽനിന്നും മേൽപ്പറഞ്ഞ പ്രകാരം നിശ്ചിത അംഗങ്ങളെ ഫൊറോനാ ഇലക്ടറൽ കോളജി ലേക്കു തെരഞ്ഞെടുക്കേണ്ടത്.

ഫൊറോനാ കൗൺസിലിൽനിന്നും കുറഞ്ഞത് ഒരു വനിതയടക്കം മേൽപ്പറഞ്ഞ വയോവിഭാഗങ്ങളിൽനിന്നു നാലുപേരെ അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേയ്ക്കു തെരഞ്ഞെടുക്കേണ്ടതാണ്. ഇതിൽ ഫൊറോനാതലത്തിൽ 250-ൽ കൂടുതൽ ദളിതുകുടും ബങ്ങളുള്ള ഫൊറോനയിൽനിന്നു മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും വയോവിഭാഗത്തിൽപ്പെട്ട ഒരു ദളിത് അംഗത്തെയും ഫൊറോനാതലത്തിൽ 200-ൽ കൂടുതൽ നാടാർകുടുംബങ്ങളുള്ള ഫൊറോനയിൽനിന്നു മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും വയോവിഭാഗത്തിൽപ്പെട്ട ഒരു നാടാർ അംഗത്തെയും അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്കു തെരഞ്ഞെടുക്കേണ്ടതാണ്. വനിതാ അംഗം ഇവയിൽ ഏതെങ്കിലും വയോവിഭാഗത്തിൽപെട്ടാൽ മതിയാകും. വനിതാ അംഗത്തിന്റെ തെരഞ്ഞെടുപ്പ് ആദ്യം നടത്തേണ്ടതാണ്. ദളിത്, നാടാർ, വനിതാവിഭാഗങ്ങൾ ഉൾപ്പടെ യാണ് ഫൊറോനായിൽനിന്നു നാല് അംഗങ്ങളെ അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്കു തെരഞ്ഞെടുക്കേണ്ടത്. അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്കു തെരഞ്ഞെടുക്കപ്പെടുന്ന നാലു പേരിൽനിന്നും ഒരാളെ ഫൊറോനാ കൗൺസിൽ സെക്രട്ടറിയായി തെരഞ്ഞെടുക്കേണ്ടതാണ്.

തുടർച്ചയായി രണ്ടുപ്രാവശ്യത്തിൽ കൂടുതൽ ഒരാൾ ഫൊറോനാ കൗൺസിലിലേക്കും പാസ്റ്ററൽ കൗൺസിലിലേക്കും തെരഞ്ഞെ ടുക്കപ്പെടാൻ പാടില്ല. ഫൊറോനാ കൗൺസിലിലേക്കും പാസ്റ്ററൽ കൗൺസിലിലേക്കും തെരഞ്ഞെടുക്കപ്പെടുന്നവരിൽ മൂന്നിലൊ ന്നെങ്കിലും പുതുമുഖങ്ങളായിരിക്കണം. ഇടവകകളിലെ പ്രതി നിധിയോഗത്തിൽ തുടർച്ചയായി രണ്ടുടേം പൂർത്തിയാക്കിയവരും തിരഞ്ഞെടുക്കാൻ പാടില്ല.

**4. ഭാരവാഹികൾ**

**പ്രസിഡന്റ്:** ഫൊറോനാവികാരിയായിരിക്കും ഫൊറോനാ കൗൺസിലിന്റെ പ്രസിഡന്റ്.

**വൈസ് പ്രസിഡന്റ്:** ഫൊറോനാ വൈദികകോൺഫ്രൻസിന്റെ സെക്രട്ടറിയോ, വൈദികകോൺഫ്രൻസ് തെരഞ്ഞെടുക്കുന്ന മറ്റൊരു വൈദികനോ ആയിരിക്കും ഫൊറോനാ കൗൺസിലിന്റെ വൈസ് പ്രസിഡന്റ്.

**സെക്രട്ടറി:** ഫൊറോനാ കൗൺസിൽ സെക്രട്ടറിയായി അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്കു തെരഞ്ഞെടുക്കപ്പെട്ട നാലു പേരിൽനിന്നും ഒരാളെ തെരഞ്ഞെടുക്കേണ്ടതാണ്. ആവശ്യമെങ്കിൽ ഒരു ജോയിന്റ് സെക്രട്ടറിയെയും തിരഞ്ഞെടുക്കാവുന്നതാണ്. സെക്രട്ടറി വനിത അല്ലെങ്കിൽ ജോയിന്റ് സെക്രട്ടറി വനിത ആയിരിക്കേണ്ടതാണ്.

**സെക്രട്ടറിയുടെ ചുമതലകൾ:** കൗൺസിലിന്റെ മീറ്റിംഗുകൾ പ്രസിഡന്റിന്റെ നിർദേശാനുസരണം വിളിച്ചുകൂട്ടുക, കൗൺസിലിനെ സംബന്ധിക്കുന്ന എഴുത്തുകുത്തുകൾ നടത്തുക, കമ്മിറ്റികളുടെ റിപ്പോർട്ടുകൾ കൗൺസിലിന്റെ പരിഗണനയ്ക്കു കൊണ്ടുവരിക, മറ്റു റിപ്പോർട്ടുകൾ തയ്യാറാക്കി സൂക്ഷിക്കുക. പുതിയ ഫൊറോനാ കൗൺസിൽ രൂപപ്പെടുന്നതുവരെ രേഖകൾ സൂക്ഷിക്കുക, കൗൺസിൽ ഭരമേൽപ്പിക്കുന്ന മറ്റ് ഉത്തരവാദിത്വങ്ങൾ നിർവഹിക്കുക.

ഔദ്യോഗിക കാര്യങ്ങളിൽ സെക്രട്ടറിയെ സഹായിക്കുകയെന്നുള്ളതാണ് ജോയിന്റ് സെക്രട്ടറിയുടെ ചുമതല.

### 5. കമ്മിറ്റികൾ

അതിരൂപതാ പാസ്റ്ററൽ കൗൺസിലിലെന്നപോലെ ആവശ്യാനുസരണം കമ്മിറ്റികൾക്കു രൂപം കൊടുക്കാവുന്നതും കൺവീനർമാരെ തെരഞ്ഞെടുക്കേണ്ടതുമാണ്. അതിരൂപതാതല കമ്മിറ്റികൾ സംബന്ധിച്ച വ്യവസ്ഥകൾ ഫൊറോനാ കൗൺസിൽ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾക്കും ബാധകമായിരിക്കും.

### 6. നിർവാഹകസമിതി

ഫൊറോനാ കൗൺസിലിനു താഴെപറയുന്ന നിർവാഹകസമിതി ഉണ്ടായിരിക്കേണ്ടതാണ്.

1. ഫൊറോനാ കൗൺസിൽ പ്രസിഡന്റ് 2. ഫൊറോനാ കൗൺസിൽ വൈസ് പ്രസിഡന്റ് 3. ഫൊറോനാ പ്രീസ്റ്റ് കോൺഫ്രൻസ് സെക്രട്ടറി 4. ഫൊറോനാ കൗൺസിൽ സെക്രട്ടറി 5. ഫൊറോനാ കൗൺസിൽ ജോയിന്റ് സെക്രട്ടറി 6. കമ്മിറ്റി കൺവീനേഴ്സ് 7. ഫൊറോനാ കൗൺസിലിലുള്ള സമർപ്പിതർ, വനിതകൾ, വിദഗ്ദ്ധർ തുടങ്ങിയവരിൽനിന്നും ഫൊറോനാ വികാരി നോമിനേറ്റു ചെയ്യുന്നവർ.

### 7. സമ്മേളനങ്ങൾ

ഒരു പ്രവർത്തനവർഷത്തിൽ രണ്ടു സാധാരണ സമ്മേളനങ്ങളെങ്കിലും കൂടേണ്ടതാണ്. ആവശ്യമനുസരിച്ച് പ്രത്യേക സമ്മേളന

ങ്ങളോ, അടിയന്തിര സമ്മേളനങ്ങളോ കൂടാവുന്നതാണ്. ഫൊറോനാ വികാരിയുടെ നിർദേശപ്രകാരം ഫൊറോനാ കൗൺസിൽ സെക്രട്ടറിയാണ് സമ്മേളനങ്ങൾ വിളിച്ചുകൂട്ടേണ്ടത്.

**8. കോറം**

ഫൊറോനാ കൗൺസിലിന്റെയും നിർവാഹകസമിതിയുടെയും കമ്മിറ്റികളുടെയും കോറം അംഗസംഖ്യയുടെ മൂന്നിലൊന്നായിരിക്കും.

**9. കാലാവധി**

അതിരൂപതാദ്ധ്യക്ഷൻ മറ്റു വിധത്തിൽ നിർദേശിക്കാത്ത പക്ഷം ഫൊറോനാസമിതിയുടെ കാലാവധി അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ കാലാവധി തന്നെയായിരിക്കും.

## IV

## ഗ്രാന്റ് പേരന്റ്സ് ഡേ

വിശുദ്ധരായ യോവാക്കിം - അന്ന ദമ്പതികളുടെ തിരുനാളിനോടനുബന്ധിച്ചു *ജൂലൈ 23 ഞായറാഴ്ച* ഗ്രാൻഡ് പേരെന്റ്സ് ഡേ ആയി ആചരിക്കാൻ ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്തിരിക്കുന്നു. 'അവന്റെ കാരുണ്യം യുഗങ്ങളോളം' *(ലൂക്കാ1:50)* എന്നതാണ് പ്രസ്തുത ദിനാചരണത്തിന്റെ ഈ വർഷത്തെ ചിന്താവിഷയം

## V

## പ്രത്യേക പിരിവുകൾ

**മണിപ്പൂർ പുനഃരധിവാസ-ദുരിതാശ്വാസ ഫണ്ട്**

ജൂലൈ 2 ഞായറാഴ്ചയിലെ സ്തോത്രക്കാഴ്ച ആഭ്യന്തരകലാപത്തിൽ ദുരിതമനുഭവിക്കുന്ന മണിപ്പൂരിലെ ജനങ്ങളെ സഹായിക്കാനായി നൽകാനുള്ളതാണ്.

**സീറോമലബാർസഭാദിന ഫണ്ട്**

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ (ജൂലൈ 3) സഭാദിനമായി ആചരിക്കുന്നു. *ജൂലൈ 3* ലെ സ്തോത്രക്കാഴ്ച (ഒരാൾക്കു രണ്ടുരൂപാവീതം) സീറോ മലബാർസഭാ കാര്യാലയത്തിന്റെ പ്രവർത്തനച്ചെലവുകൾക്കായി നൽകാനുള്ളതാണ്.

**യുവജനദിനം**

*ജൂലൈ 9 ഞായർ* യുവജനദിനമായി ആചരിക്കുന്നു. ഈ ദിവസത്തെ സ്ത്രോത്രകാഴ്ച യുവജനങ്ങളുടെ വിശ്വാസപരീശിലനത്തിനാണ്. 50% അതിരൂപതാ യുവജനഫണ്ടിലേക്കും 25% ഫൊറോനാ യുവജന ഫണ്ടിലേക്കും 25% യൂണിറ്റ് ഫണ്ടിലേക്കും നൽകേണ്ടതാണ്. അതിരൂപത, ഫൊറോന ഫണ്ടിലേക്കുള്ളത് ഇടവകകളിൽ വന്നു കൈപ്പറ്റുന്നതാണ്.

# VI

## ബഹു. വൈദികരുടെ വാർഷികധ്യാനം

നമ്മുടെ അതിരൂപതയിലെ ബഹു. വൈദികരുടെ വാർഷികധ്യാനം മൂന്നു ബാച്ചുകളിലായി കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ ക്രമീകരിച്ചിരിക്കുന്നു. ഓരോ ധ്യാനവും ആദ്യദിവസം (ഞായർ) വൈകുന്നേരം 6 മണിക്ക് റംശായോടുകൂടി ആരംഭിച്ച് സമാപനദിവസം (വെള്ളി) ഉച്ചഭക്ഷണത്തോടുകൂടി അവസാനിക്കുന്നു.

| ബാച്ച് | ദിവസങ്ങൾ | ധ്യാനഗുരു |
|---|---|---|
| II | 2023 ജൂലൈ 09 - 14 വരെ | റവ. ഡോ. ജോസഫ് കടുപ്പിൽ *(സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി, വടവാതൂർ)* |
| III | 2023 ജൂലൈ 23 - 28 വരെ | |

അതിരൂപതയ്ക്കു പുറത്ത് സേവനത്തിലോ പഠനത്തിലോ ഏർപ്പെട്ടിരിക്കുന്ന വൈദികർക്കും വിരമിച്ച വൈദികർക്കും അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന സന്ന്യാസവൈദികർക്കും ധ്യാനത്തിൽ സംബന്ധിക്കാൻ താല്പര്യമുള്ളപക്ഷം ഇഷ്ടമുള്ള ഏതെങ്കിലും ധ്യാനബാച്ചിൽ പങ്കെടുക്കാവുന്നതാണ്. അങ്ങനെയുള്ളവർ ഏതു ബാച്ചിലാണ് ധ്യാനിക്കുന്നതെന്ന് അതിരൂപതാ ചാൻസിലറെ രേഖാമൂലം അറിയിക്കേണ്ടതാണ്.

# VII

## 2022–23 വർഷത്തെ കണക്ക് സമർപ്പിക്കേണ്ട പള്ളികൾ ഫൊറോനാകേന്ദ്രങ്ങളിൽ എത്തിച്ചേരേണ്ട തീയതിയും സമയവും

| | | | | | |
|---|---|---|---|---|---|
| തൃക്കൊടിത്താനം | ജൂലൈ 04 | 10 am | മുഹമ്മ | ജൂലൈ 18 | 02 pm |
| കോട്ടയം | ജൂലൈ 07 | 10 am | കൊല്ലം, ആയൂർ | ജൂലൈ 21 | 10 am |
| ചമ്പക്കുളം | ജൂലൈ 08 | 10 am | | | |
| ആലപ്പുഴ | ജൂലൈ 18 | 10 am | ചെങ്ങന്നൂർ | ജൂലൈ 21 | 03 pm |

അതിരൂപതാ സാമ്പത്തികകാര്യാലയത്തിൽ 2022–23 വർഷത്തെ കണക്കു സമർപ്പിക്കുവാൻ വരുമ്പോൾ പൊതുകണക്കിന്റെയും കൃഷികണക്കിന്റെയും കൂടാതെ പ്രത്യേക ആവശ്യങ്ങൾക്കുള്ള കണക്ക്, ഇവയുടെയെല്ലാം നാൾവഴി, പേരേട്, തിരട്ട്, ബാങ്ക് പാസ്ബുക്ക്, ഡിപ്പോസിറ്റ് രസീതുകൾ, വൗച്ചറുകൾ, മുറിച്ചാർത്ത്, ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട്, അവയുടെ മറുപടി ഇത്രയും റിക്കാർഡുകൾ ഒഴിവാക്കാതെ നല്കേണ്ടതാണ്.

# VIII

## പരിശുദ്ധ കുർബാന നിയോഗം

**2023 ജൂൺ 25 ന്** അതിരൂപതാകുടുംബത്തിൽനിന്നും നിത്യസമ്മാനത്തിനു യാത്രയായ പുളിക്കപ്പറമ്പിൽ ബഹു. മാത്യൂസ് അച്ചനെ നമ്മുടെ പ്രാർത്ഥനയിലോർക്കാം. എല്ലാ അംഗങ്ങളും ബഹു. അച്ചനുവേണ്ടി ഒരു വി. കുർബാന അർപ്പിക്കേണ്ടതാണ്.

■

# സന്ദേശനിലയം

മിശിഹായിൽ പ്രിയമുള്ളവരേ,

നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ വാർഷികമാണ് ജൂലൈ 3 നു ദുക്റാനതിരുനാളിൽ നാം ആചരിക്കുന്നത്. തോമാശ്ലീഹാ നമുക്കു പകർന്നുനൽകിയ വിശ്വാസം സഭയിലും കുടുംബത്തിലും കാത്തുസൂക്ഷിക്കാനാണ് ഈ വർഷം നാം പ്രത്യേകം പരിശ്രമിക്കുന്നത്. ശ്ലീഹായുടെ മാതൃക ഉൾക്കൊണ്ട് മിശിഹാനുഭവം സ്വന്തമാക്കാനും സഭയിലും കുടുംബത്തിലും അതിനു സാക്ഷികളാകാനും നമുക്കു പരിശ്രമിക്കാം. 'എന്റെ കർത്താവും എന്റെ ദൈവവും' എന്നുള്ള ശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം നമ്മുടെ പ്രാർത്ഥനയാക്കി മാറ്റാം. ദുക്റാനതിരുനാൾദിനം മതാധ്യാപകദിനമായി നാം ആചരിക്കുകയാണ്. വിശ്വാസപരിശീലകർക്ക് എല്ലാ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

**ഫാ. ജോസഫ് ഈറ്റോലിൽ**
**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
*(അസിസ്റ്റന്റ് ഡയറക്ടേഴ്സ്)*

## അറിയിപ്പുകൾ

**ജൂലൈ 2023**

01 ശനി : BCT ക്ലാസ് 1

02 ഞായർ: ശ്ലീഹാ ആറാം ഞായർ, ക്ലാസ്സ് 5

03 തിങ്കൾ : **ദുക്റാന തിരുനാൾ,** സഭാദിനം, അതിരൂപതാ മതാധ്യാപക ദിനം.

08 ശനി : **CLT, MCC കോഴ്സ് പുതിയ ബാച്ചുകളുടെ ഉദ്ഘാടനം**
BCT ക്ലാസ് 2

09 ഞായർ: ശ്ലീഹാ ഏഴാം ഞായർ, ക്ലാസ്സ് 6

15 ശനി : CLT ക്ലാസ് 1, BCT ക്ലാസ് 3

16 ഞായർ: കൈത്താ ഒന്നാം ഞായർ, ക്ലാസ്സ് 7

23 ഞായർ: കൈത്താ രണ്ടാം ഞായർ, ക്ലാസ്സ് 8

28 വെള്ളി : മാർത്ത് അൽഫോൻസാ, CLT ക്ലാസ് 2

30 ഞായർ: കൈത്താ മൂന്നാം ഞായർ, ക്ലാസ്സ് 9

**ആഗസ്റ്റ് 2023**

01 ചൊവ്വ : പതിനഞ്ച് നോമ്പാരംഭം.

04 വെള്ളി : വി. ജോൺ മരിയ വിയാനി

05 ശനി : **അൽഫോൻസാ തീർത്ഥാടനം** *(ഓഫീസ് അവധി)*

06 ഞായർ: കൈത്താ നാലാം ഞായർ, ക്ലാസ്സ് 10

## CLT & MCC കോഴ്സ്

CLT & MCC കോഴ്സ് പുതിയ ബാച്ചുകളുടെ ഉദ്ഘാടനം ജൂലൈ 8 ശനിയാഴ്ച രാവിലെ 9.30 ന് സന്ദേശനിലയം ഹാളിൽ നടക്കും. Google form വഴി അപേക്ഷ നൽകിയവരിൽനിന്നും കോഴ്സിന് അർഹരായതായി സന്ദേശം ലഭിച്ചിട്ടുള്ളവർ അന്നുനടക്കുന്ന ഉദ്ഘാടന ചടങ്ങിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

## BCT കോഴ്സ്

ജൂലായ് 01, 08, 15; ആഗസ്റ്റ് 12, 19, 26. രജിസ്റ്റർ ചെയ്യാൻ 9446468958 എന്ന നമ്പറിലേക്കു BCT August, Official Name, Parish എന്നക്രമത്തിൽ മെസേജ് അയയ്ക്കുക.

## Ecos@sandes

Ecos@sandes ഓൺലൈൻ പോർട്ടൽ സംവിധാനം എല്ലാ സൺഡേസ്കൂളുകളും 2023-24 പ്രവർത്തനവർഷത്തിന്റെ ആരംഭം മുതൽ പ്രവർത്തനസജ്ജമാക്കേണ്ടതാണ്. എല്ലാ അധ്യാപകരെയും കുട്ടികളെയും അതിൽ രജിസ്റ്റർ ചെയ്യുക. 2022-23 വർഷത്തിലെ 11-ാം ക്ലാസിലെ (ഇപ്പോൾ 12 ൽ) കുട്ടികളുടെ വിവിധ ടേമുകളിലെ മാർക്കുകൾ വെബ്സൈറ്റിൽ രേഖപ്പെടുത്തുക. അധ്യാപകരുടെ Statistics *ജൂലൈ 30* നു മുമ്പായി വെബ്സൈറ്റിലൂടെ Submit ചെയ്യുക. തുടർന്ന് അതിന്റെ ഒരു കോപ്പി ബഹു. വികാരിയച്ചന്റെ ഒപ്പോടുകൂടെ സന്ദേശനിലയം ഓഫീസിൽ ഏല്പിക്കുക.

## പി.റ്റി.എഫ് & സൺഡേസ്കൂൾ ലീഡേഴ്സ്

1 മുതൽ 12 വരെയുള്ള ക്ലാസുകളിലെ സൺഡേസ്കൂൾ കുട്ടികളുടെ മാതാപിതാക്കളിൽനിന്ന് ഒരു മാതാവും ഒരു പിതാവും എന്നപ്രകാരം പ്രതിനിധികളെ എക്സിക്യൂട്ടിവ് അംഗങ്ങളായി തിരഞ്ഞെടുക്കുകയും അവരിൽനിന്നും അധ്യാപകരിൽനിന്നും PTF ഭാരവാഹികളെ *ജൂലൈ 10*നകം തിരഞ്ഞെടുക്കേണ്ടതുമാണ്. സൺഡേസ്കൂൾ ലീഡേഴ്സ് തിരഞ്ഞെടുപ്പ് നടന്നില്ലെങ്കിൽ താമസംവിനാ നടത്തേണ്ടതാണ്.

## നന്ദി

സൺഡേസ്കൂൾ ഫൊറോനാ ഓർഗനൈസർമാരായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ച ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ (ചമ്പക്കുളം), ഫാ. സെബാസ്റ്റ്യൻ ശൗര്യമാക്കൽ (അമ്പൂരി), ഫാ. ആൻഡ്രൂസ് കുന്നത്ത് (അതിരമ്പുഴ), ഫാ. ജോസഫ് കൈതപറമ്പിൽ (എടത്വാ), ഫാ. മാത്യു അഞ്ചിൽ (കുറുമ്പനാടം), ഫാ. മിഖായേൽ കിങ്ങണംചിറ (മുഹമ്മ), ഫാ. ജോസഫ് കൊച്ചീത്ര (നെടുങ്കുന്നം) എന്നിവർക്കു സന്ദേശനിലയം കുടുംബം ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

## സ്വാഗതം

സൺഡേസ്കൂൾ ഫൊറോനാ ഡയറക്ടർമാരായി നിയുക്തരായിരിക്കുന്ന ഫാ. മാത്യു പുളിക്കൽ (അതിരമ്പുഴ), ഫാ. ആന്റണി ചൂരവടി (എടത്വാ),

ഫാ. തോമസ് പ്ലാക്കുഴിയിൽ CRM (കുറുമ്പനാടം), ഫാ. മാത്യു തടത്തിൽ (നെടുങ്കുന്നം), ഫാ. ആന്റണി കാട്ടുപ്പാറ (മുഹമ്മ), ഫാ. ജോൺ തത്തക്കാട്ടു പുളിക്കൽ (ചമ്പക്കുളം) എന്നിവർക്ക് അതിരൂപതാ സന്ദേശനിലയം കുടുംബം ഹൃദയം നിറഞ്ഞ സ്വാഗതമറിയിക്കുന്നു.

**നന്ദിയും സ്വാഗതവും**

സന്ദേശനിലയം ഓഫീസ് സെക്രട്ടറിയായി ഏഴുവർഷക്കാലം സ്തുത്യർഹമായി ശുശ്രൂഷ ചെയ്ത സി. ഗൊരേത്തി ചൂരപ്പുഴ SABS നു സ്നേഹനിർഭരമായ നന്ദി. പുതിയ ഓഫീസ് സെക്രട്ടറിയായി നിയമിതയായിരിക്കുന്ന സി. സാരൂപ്യ SD ക്കു ഹൃദയം നിറഞ്ഞ സ്വാഗതം പ്രാർത്ഥനാപൂർവം നേരുന്നു.

**ആദരാഞ്ജലികൾ**

വെട്ടിത്തുരുത്ത് സെന്റ് ആന്റണീസ് സൺഡേസ്കൂൾ അധ്യാപകനായിരുന്ന സണ്ണിയപ്പൻ വലിയപറമ്പിലിന്റെയും പാറമ്പുഴ ഹോളി ഫാമിലി സൺഡേ സ്കൂൾ മുൻ പ്രഥമാധ്യാപകനായിരുന്ന ചെമ്പകശേരിൽ സി.വി. ലൂക്കോസിന്റെയും നിര്യാണത്തിൽ സന്ദേശനിലയം – മിഷൻലീഗ് കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

■

## ഉത്ഥിതനോടൊപ്പം



**സി. ഏണസ്റ്റ് പാലാത്ര SABS**

**"ഞാൻ നന്നായി പൊരുതി;**
**എന്റെ ഓട്ടം പൂർത്തിയാക്കി;**
**വിശ്വാസം കാത്തു"** (2 തിമോ. 4:7)

# ചെറുപുഷ്പ മിഷൻലീഗ് (CML)

സ്നേഹം നിറഞ്ഞ കുഞ്ഞുമിഷനറിമാരേ,

എല്ലാ മേഖലയിലും യൂണിറ്റുകളിലും പ്രവർത്തനവർഷ ഉദ്ഘാടനം വളരെ ഭംഗിയായി നടത്തിയെന്നു വിശ്വസിക്കുന്നു. ഈ മാസം നമ്മെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണ്. മിഷൻലീഗിന്റെ ഉപമധ്യസ്ഥരായ മാർ തോമാശ്ലീഹായുടെയും മാർത്ത് അൽഫോൻസായുടെയും തിരുനാളുകൾ ഈ മാസത്തിലാണ് കൊണ്ടാടുന്നത്. അതുപോലെ മാർത്ത് അൽഫോൻസായുടെ ജന്മഗൃഹത്തിലേക്കുള്ള തീർത്ഥാടനത്തിനു പ്രാർത്ഥനയോടെ ഒരുങ്ങേണ്ട സമയം കൂടിയാണിത്. നമ്മുടെ പിതാവായ മാർതോമാശ്ലീഹായെയും മാർത്ത് അൽഫോൻസായെയും കൂടുതൽ അറിയുവാനും ഈ രണ്ടുവിശുദ്ധരും പകർന്നുതന്ന വിശ്വാസതീക്ഷ്ണത കൂടുതൽ ഉജ്ജ്വലിപ്പിക്കാനും നമുക്കു പരിശ്രമിക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

**ഫാ. ജോസഫ് ഈറ്റോലിൽ**
**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
*(അസിസ്റ്റന്റ് ഡയറക്ടേഴ്സ്)*

## അറിയിപ്പുകൾ

**ജൂലൈ 2023**

02 ഞായർ : **അംഗത്വസ്വീകരണം അതിരൂപതാതല ഉദ്ഘാടനം**

03 തിങ്കൾ : **ദുക്റാനതിരുനാൾ** *(കടമുള്ള ദിവസം)* അംഗത്വസ്വീകരണം നടത്തുക, മാർ തോമസ് തറയിൽ പിതാവിന്റെ നാമഹേതുക തിരുനാൾ, തോമസ് നാമധാരികൾക്ക് ആശംസകൾ നേരാം

08 ശനി : ബേത്‌ലെഹെം മീറ്റ്, പഠനഗ്രന്ഥ ചർച്ച

16 ഞായർ : 12 ശ്ലീഹന്മാരുടെ തിരുനാൾ *(നുസാർദേൽ)*

28 വെള്ളി : **മാർത്ത് അൽഫോൻസായുടെ തിരുനാൾ**, അൽഫോൻസാ നാമധാരികൾക്ക് ആശംസകൾ നേരാം (ശാഖകളിൽ പ്രത്യേക സമ്മേളനം)

30 ഞായർ : അൽഫോൻസാ തീർത്ഥാടനത്തിന് ഒരുക്കമായുള്ള അതിരൂപതാ ഭാരവാഹികളുടെ പ്രാർത്ഥന കുടമാളൂരിലെ ജന്മഗൃഹത്തിൽ

**ആഗസ്റ്റ് 2023**

01 ചൊവ്വ : പതിനഞ്ച് നോമ്പാരംഭം

04 വെള്ളി : വി. ജോൺ മരിയ വിയാനി, ഇടവക വൈദികദിനം, ഇടവക വൈദികർക്കുവേണ്ടി പ്രാർത്ഥിക്കാം, ആശംസകൾ നേരാം

05 ശനി : **35-ാമത് അൽഫോൻസാ തീർത്ഥാടനം**

06 ഞായർ : നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം, 'ഇടയനോടൊപ്പം' ശാഖകളിൽ

## ദുക്റാന തിരുനാൾ

മഹാമിഷണറിയായ തോമാശ്ലീഹായെ കൂടുതൽ അറിയുവാനും അദ്ദേഹത്തിന്റെ ജീവിതം ഉൾക്കൊള്ളുവാനുമായി ഒരു സെമിനാർ സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കും. അന്നേദിവസം പ്രത്യേക മീറ്റിംഗ് സംഘടിപ്പിക്കുക. അംഗങ്ങൾ ബാഡ്ജ് ധരിച്ച് വി. കുർബാനയിൽ പങ്കെടുക്കുക.

## അംഗത്വസ്വീകരണം

പുതിയതായി മിഷൻലീഗിലേയ്ക്കു പ്രവേശിക്കുന്ന കുട്ടികളുടെ അംഗത്വസ്വീകരണം *ജൂലൈ 3* നു നടത്തേണ്ടതാണ്. വിശ്വാസകൈമാറ്റത്തിൽ നമ്മെ സഹായിക്കുന്ന വിശ്വാസപരിശീലകരെ ആദരിക്കുകയും നമ്മുടെ ഇടവകയിൽ പ്രായമായ മതാധ്യാപകരുണ്ടെങ്കിൽ അവരെ സന്ദർശിക്കുകയും ചെയ്യുക.

## 35-ാമത് അൽഫോൻസാ തീർത്ഥാടനം

*ജൂലൈ 1 മുതൽ 23 വരെ* അൽഫോൻസാ തീർത്ഥാടനത്തിന് ഒരുക്കമായുള്ള കുടുംബനവീകരണപ്രാർത്ഥനയും ഭവനസന്ദർശനവും കാര്യക്ഷമമായി നടത്തുക. പ്രേഷിതപ്രവർത്തനങ്ങളുടെ ഭാഗമായുള്ള ഈ ഭവനസന്ദർശനവും പ്രാർത്ഥനയും ഏറ്റം മനോഹരമായി ക്രമീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. *ജൂലൈ 21 മുതൽ 31 വരെ* തീർത്ഥാടനത്തിന് ഒരുക്കമായുള്ള നോമ്പാചരണം നടത്തുക. *ആഗസ്റ്റ് 5* ന് അൽഫോൻസാ തീർത്ഥാടനത്തിൽ പങ്കുചേരുക. **സഭയിലും കുടുംബത്തിലും സാക്ഷികളാകാൻ കുഞ്ഞുമിഷനറിമാർ** എന്നതാണ് ഈ വർഷത്തെ തീർത്ഥാടനത്തിന്റെ ആപ്തവാക്യം. അൽഫോൻസാ തീർത്ഥാടനത്തിനൊരുക്കമായി ശാഖാതലത്തിൽ കൂട്ടായ്മാടിസ്ഥാനത്തിൽ ഭവനസന്ദർശനം നടത്തുകയും കുടുംബനവീകരണ പ്രാർത്ഥന നടത്തുകയും ചെയ്യേണ്ടതാണ്.

## ഭൂമിയിലെ മാലാഖ

വി. അൽഫോൻസാമ്മയുടെ തിരുനാളിനും തീർത്ഥാടനത്തിനും ഒരുക്കമായി ജൂലൈ ഒന്നുമുതൽ അതിരൂപതയിൽനിന്നു അൽഫോൻസാമ്മയുടെ ജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങളും ചെറിയ സുകൃതങ്ങളും പോസ്റ്റർ രൂപത്തിൽ വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെ നൽകുന്നതാണ്. വിശുദ്ധയെക്കുറിച്ചു കൂടുതൽ പഠിക്കുവാനും സുകൃതങ്ങൾ അഭ്യസിക്കുവാനും കുട്ടികളെ പ്രേരിപ്പിക്കുമല്ലോ. തിരുനാളിന് ആത്മീയമായി ഒരുങ്ങുവാൻ സഹായിക്കുന്ന ഈ പോസ്റ്റർ ക്ലാസധ്യാപകർ ഗ്രൂപ്പുകളിൽ നൽകണമെന്ന് ഓർമിപ്പിക്കുന്നു. മാർത്ത് അൽഫോൻസായുടെ ജീവിതത്തെ കേന്ദ്രീകരിച്ച് മേഖലാതലത്തിൽ short videos, status videos എന്നിവ നിർമിക്കാവുന്നതാണ്.

## അൽഫോൻസാ സെമിനാർ: ജൂലൈ 28 വെള്ളി

*ജൂലൈ 28 വൈകുന്നേരം 6 മണിക്ക്* അതിരൂപതാതലത്തിൽ അൽഫോൻസാ സെമിനാർ ഓൺലൈനായി ക്രമീകരിച്ചിട്ടുണ്ട്.

## അൽഫോൻസാ ഓൺലൈൻ ക്വിസ് : ജൂലൈ 30 ഞായർ

വിഷയം: അൽഫോൻസാ സെമിനാർ, അതിരൂപതയിൽനിന്നു ലഭിക്കുന്ന

വി. അൽഫോൻസാമ്മയുടെ ജീവചരിത്രം ഉൾക്കൊള്ളുന്ന ചെറിയ പുസ്തകം, *ജൂലൈ 1 മുതൽ 28 വരെ* ഷെയർ ചെയ്യുന്ന പോസ്റ്ററുകൾ (വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും)

**കബറിട സന്ദർശനം**

അൽഫോൻസാ തീർത്ഥാടനത്തോടനുബന്ധിച്ച് മിഷൻലീഗ് സ്ഥാപക ഡയറക്ടർ ബഹു. മാലിപ്പറമ്പിലച്ചന്റെ കബറിടം സ്ഥിതിചെയ്യുന്ന ആർപ്പൂക്കര ചെറുപുഷ്പദൈവാലയം സന്ദർശിച്ച് പ്രാർത്ഥിക്കുവാൻ കുഞ്ഞുമിഷനറി മാർക്ക് അവസരം നല്കുന്ന രീതിയിൽ തീർത്ഥാടനം ക്രമീകരിക്കാവുന്നതാണ്.

**നന്ദി**

മിഷൻലീഗ് മേഖലാ ഡയറക്ടർമാരായി സ്തുത്യർഹമായ സേവനമനു ഷ്ഠിച്ച ബഹു. ഫാ. സെബാസ്റ്റ്യൻ ശൗര്യമാക്കൽ (അമ്പൂരി), ഫാ. ആൻഡ്രൂസ് കുന്നത്ത് (അതിരമ്പുഴ), ഫാ. ജോസഫ് കൈതപ്പറമ്പിൽ (എടത്വാ), ഫാ. മാത്യു അഞ്ചിൽ (കുറുമ്പനാടം), ഫാ. മിഖായേൽ കിങ്ങണംചിറ (മുഹമ്മ), ഫാ. ജോസഫ് കൊച്ചീത്ര (നെടുങ്കുന്നം) എന്നിവർക്കു ചെറുപുഷ്പ മിഷൻലീഗ് കുടുംബം ഹൃദയം നിറഞ്ഞ നന്ദിയറിയിക്കുന്നു.

**സ്വാഗതം**

അതിരൂപതാ ചെറുപുഷ്പ മിഷൻലീഗ് മേഖലാ ഡയറക്ടർമാരായി തിര ഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ഫാ. മാത്യു പുളിക്കൽ (അതിരമ്പുഴ), ഫാ. ആന്റണി ചൂര വടി (എടത്വാ), ഫാ. തോമസ് പ്ലാക്കുഴിയിൽ CRM (കുറുമ്പനാടം), ഫാ. മാത്യു തടത്തിൽ (നെടുങ്കുന്നം), ഫാ. ആന്റണി കാട്ടുപ്പാറ (മുഹമ്മ) എന്നിവർക്കു ചെറുപുഷ്പ മിഷൻലീഗ് കുടുംബം ഹൃദ്യമായ സ്വാഗതമാശംസിക്കുന്നു.

**മേഖലാ സമ്മേളനങ്ങൾ**

അൽഫോൻസാ തീർത്ഥാടന ആലോചനയോഗങ്ങൾ മേഖലാ സമിതി കൾ മേഖലാതലത്തിൽ ശാഖകളുടെ പങ്കാളിത്തത്തോടെ വിളിച്ചുകൂട്ടുകയും പ്രസ്തുത മീറ്റിംഗിൽ അതിരൂപതാ ഭാരവാഹികൾ പങ്കെടുക്കുന്നവിധം തീയതി -സമയ ക്രമീകരണങ്ങൾ അതിരൂപതാ ഓഫീസിൽ അറിയിക്കുകയും ചെയ്യുമല്ലോ.

■

# ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ

ഈശോയിൽ ഏറ്റം സ്നേഹം നിറഞ്ഞവരേ,

ഒത്തിരിയേറെ സന്തോഷത്തോടെയും അതിലേറെ നന്ദിയോടെയുമാണു ഞാൻ നിങ്ങൾക്ക് എഴുതുന്നത്. നമ്മൾ നടത്തിയ **'നൂറുമേനി'** വചന മനഃപാഠ മത്സരം നൂറുമേനി വിളവെടുക്കുവാൻ കാരണക്കാരായ നിങ്ങളെ ഓരോരുത്തരെയും നന്ദിയോടെ ഓർക്കുന്നു. ഇതിന്റെ വിജയത്തിനായി അദ്ധ്വാനിച്ച എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു. കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെയും മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെയും മാർ തോമസ് തറയിൽ പിതാവിന്റെയും മഹനീയ സാന്നിധ്യം ഏറെ അനുഗ്രഹപ്രദമായിരുന്നു. നൂറുമേനി മഹാസംഗമത്തിൽ വിശിഷ്ട അതിഥികളായെത്തിയ സിബി മാത്യു IPS നും ജോണി ആന്റണിക്കും പ്രത്യേകം നന്ദി.

ഈ വർഷത്തെ **ലോഗോസ് ക്വിസ്** മത്സരത്തിനുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. കേരളസഭാ നവീകരണ പശ്ചാത്തലത്തിൽ ഈ വർഷം 4 മുതൽ 12 വരെ സൺഡേസ്കൂളിൽ പഠിക്കുന്ന കുട്ടികളെ കൂടാതെ മതാധ്യാപകരും സന്യസ്തരും കുടുംബക്കൂട്ടായ്മകളും സംഘടനകളും ഇതിൽ പങ്കെടുക്കണമെന്നാണ് കെ.സി.ബി.സി. ബൈബിൾ കമ്മിഷൻ ആഹ്വാനം ചെയ്തിരിക്കുന്നത്. ദൈവവചനത്തിലേയ്ക്കു തിരിഞ്ഞ് കേരളസഭാ നവീകരണ യജ്ഞത്തിൽ നമുക്കും പങ്കുചേരാം.

കുടുംബക്കൂട്ടായ്മ ഫൊറോനാ സംഗമങ്ങൾ ഉടനെ ആരംഭിക്കുന്നതാണ്. ഈ വർഷം ദിവ്യകാരുണ്യ വർഷമായി കേരളസഭ പ്രഖ്യാപിച്ചിരിക്കുന്നതിനാൽ ദിവ്യകാരുണ്യത്തിൽ അധിഷ്ഠിതമായ വിഷയങ്ങളാണ് പഠനത്തിനു നല്കിയിരിക്കുന്നത്. എല്ലാ പ്രവർത്തനങ്ങളോടും നിങ്ങൾ കാണിക്കുന്ന സഹകരണങ്ങൾക്കു നന്ദി പറയുന്നു.

സ്നേഹപൂർവം,

**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ഡയറക്ടർ)*

## ലോഗോസ് ക്വിസ് 2023

ഈ വർഷത്തെ ലോഗോസ് ക്വിസ് രജിസ്ട്രേഷൻ ആരംഭിച്ചു. *ജൂലൈ 31* ന് അവസാനിക്കുന്നതായിരിക്കും. സൺഡേസ്കൂൾ കുട്ടികളെ 4 ഗ്രൂപ്പുകളായി തിരിച്ച് ഇടവകതലമത്സരത്തിൽ അവർക്കു പരിശീലനം നൽകി അതിരൂപതാ മത്സരത്തിൽ പങ്കെടുപ്പിക്കുവാൻ സൺഡേസ്കൂൾ അധ്യാപകരും ബന്ധപ്പെട്ടവരും ശ്രദ്ധിക്കേണ്ടതാണ്. മറ്റു രൂപതകളെ അപേക്ഷിച്ച് നമ്മുടെ രൂപതയിൽ നിന്നും പങ്കാളിത്തം കൂടുതൽ മെച്ചപ്പെടേണ്ടതായുണ്ട്. ഈ കാര്യത്തിൽ ബഹു.

ഹെഡ്മാസ്റ്റർമാരും കുടുംബക്കൂട്ടായ്മാ ലീഡേഴ്സും പ്രത്യേകം താല്പര്യം എടുക്കുമല്ലോ.

**ലോഗോസ് ക്വിസ് പഠനഭാഗം**

ജോഷ്വാ 13–24, പ്രഭാഷകൻ 27–33, ലൂക്കാ 18, 2 കോറിന്തോസ് 1–6

**പരീക്ഷാ തീയതി (അതിരൂപതാതലം)**

*2023 സെപ്റ്റംബർ 24 ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെ* ഇടവകകളിൽ നടത്തപ്പെടുന്നു.

**കെരിഗ്മ 2023**

ജൂലൈമാസത്തിൽ കൂട്ടായ്മ ഫൊറോനാ സംഗമങ്ങൾ (കെരിഗ്മ) ആരംഭിക്കുകയാണ്. ഓരോ ഫൊറോനയ്ക്കും നിശ്ചയിച്ചിരിക്കുന്ന സമയത്ത് എല്ലാ കൂട്ടായ്മ ലീഡേഴ്സും പങ്കെടുക്കണമെന്ന് ഓർമിപ്പിക്കുന്നു.

**നൂറുമേനി സീസൺ 2**

നൂറുമേനി മഹാസംഗമത്തിൽ സീസൺ 2 നു തുടക്കംകുറിച്ചു. ഈ വർഷം സുവിശേഷങ്ങളും അപ്പസ്തോലപ്രവർത്തനങ്ങളുമാണ് പഠനവിഷയം. പഠന സഹായി സെപ്റ്റംബർമാസം ലഭ്യമാക്കുന്നതാണ്. വി. ഗ്രന്ഥം മുഴുവൻ മനഃപാഠമാക്കി ജീവിതത്തിൽ പകർത്താൻ ഈ ഉദ്യമത്തിലൂടെ നാം ലക്ഷ്യം വയ്ക്കുന്നു.

**പ്രത്യേക അറിയിപ്പ്**

സെക്യൂരിറ്റി സംവിധാനത്തിന്റെ ഭാഗമായി ഈ വർഷം ലോഗോസ് പാസ്സ്വേർഡുകൾ മാറുകയാണ്. നിങ്ങൾ രജിസ്റ്റർ ചെയ്തിരിക്കുന്ന നമ്പരിൽ പുതിയ പാസ്സ്വേർഡ് ലഭിക്കുന്നതാണ്. സംശയദൂരീകരണത്തിനു ഓഫീസ് സമയത്ത് വിളിക്കുക: (രാവിലെ 10 മുതൽ വൈകുന്നേരം 5 വരെ) 7306208356, 9961566044. ആർക്കെങ്കിലും പാസ്സ്വേർഡ് ലഭിക്കാതിരുന്നാൽ പഴയ യൂസർനെയിമും പാസ്സ്വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്യുമ്പോൾ പുതിയ പാസ്സ്വേർഡ് ലഭിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ ലഭിക്കുന്നതാണ്.

**അവാർഡുദാനം**

കുടുംബക്കൂട്ടായ്മ-ബൈബിൾ അപ്പോസ്തലേറ്റ് വിഭാഗങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ബൈബിൾ ഏകവത്സരകോഴ്സ് ഒന്നാം ബാച്ചിന്റെയും ബൈബിൾ കയ്യെഴുത്ത് പൂർത്തിയാക്കിയ ഒന്നാം ബാച്ചുകാരുടെയും 2022 ലോഗോസ് മത്സരത്തിൽ ഓരോ വിഭാഗത്തിലും ആദ്യ മൂന്നുസ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്കുമുള്ള സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും *ജൂലൈ 28 വെള്ളിയാഴ്ച രാവിലെ 11 മണിക്ക്* മാർതോമ്മാവിദ്യാനികേതൻ ഹാളിൽ അഭി. ജോസഫ് പെരുന്തോട്ടം പിതാവ് നൽകുന്നതാണ്. ബന്ധപ്പെട്ടവർ സമ്മാനങ്ങൾ സ്വീകരിക്കുന്നതിന് എത്തിച്ചേരേണ്ടതാണ്.

## നൂറുമേനി ഗ്രാൻഡ്ഫിനാലെ

**വിജയികൾ**

**ഒന്നാംസ്ഥാനം – കുട്ടനാട് റീജൻ**

സെന്റ് ജോസഫ്സ് ചർച്ച് കായൽപ്പുറം

പറപ്പള്ളി കൊച്ചുറാണി സിബിച്ചൻ

എമിലിൻ എലിസബത്ത് സിബി

എൽദ ആൻ സിബി

**രണ്ടാംസ്ഥാനം – ചങ്ങനാശേരി റീജൻ**

സെന്റ് മേരീസ് ചർച്ച് പാറേൽ

കുംഭംവേലിൽ ടി.ടി. ജോൺ

നിർമല ജോൺ

ക്രിസ് ജോൺ

**മൂന്നാംസ്ഥാനം – സതേൺ റീജൻ**

സെന്റ് അൽഫോൻസാ ചർച്ച് പോങ്ങുംമ്മൂട്

കുരിശുംമൂട്ടിൽ കെ. കെ. തോമസ്

ലിസി തോമസ്

**നാലാംസ്ഥാനം – നെടുങ്കുന്നം റീജൻ & കോട്ടയം റീജൻ**

**നെടുങ്കുന്നം റീജൻ**

സെന്റ് ആന്റണീസ് ചർച്ച് മുണ്ടത്താനം

മാങ്ങോട്ടു സിമി സെബാസ്റ്റ്യൻ

എൽസ എലിസബത്ത് തോമസ്

എയ്ഞ്ചൽ ആൻ തോമസ്

**കോട്ടയം റീജൻ**

12 അപ്പോസൽസ് ചർച്ച് മാന്നാനം

മുരിങ്ങമറ്റം ഡോ. സുമാ ജോസ്

മരിയ ജീസ്

തെരേസ ജീസ്

■

# ഫാമിലി അപ്പോസ്തലേറ്റ്

മിശിഹായിൽ പ്രിയ സഹോദരങ്ങളേ,

ഏവർക്കും നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവം നേരുന്നു. വിശ്വാസം ജീവിക്കാനും കൈമാറാനുമുള്ള നമ്മുടെ ഉത്തരവാദിത്തത്തെക്കുറിച്ച് പരിചിന്തനം ചെയ്യാനും അതിന് അനുഗുണമായ പ്രായോഗികകാര്യങ്ങൾ നിർവഹിക്കാനും കുടുംബ പ്രേക്ഷിതദൗത്യത്തിൽ വ്യാപൃതരായിരിക്കുന്ന നമുക്കേവർക്കും കടമയുണ്ട്. ജൂൺ - ജൂലൈ മാസങ്ങളിലെ വിചിന്തനവിഷയങ്ങൾ നമ്മുടെ വിളിയെയും ദൗത്യത്തെയും സഭയുടെ പ്രേക്ഷിതദൗത്യത്തോടുള്ള ആത്മസമർപ്പണത്തെയും അനുസ്മരിപ്പിക്കുന്നതാണ്.

പിതൃവേദി റൂബി ജൂബിലിയോട് അനുബന്ധിച്ച് എല്ലാ ഫൊറോനകളിലും കുടുംബസമ്മേളനങ്ങൾ നടത്തുവാൻ ആഗ്രഹിക്കുന്നു. അതിനൊരുക്കമായി റൂബി ജൂബിലി സന്ദേശയാത്ര ക്രമീകരിക്കുന്നുണ്ട്. തെക്കൻമേഖലയിലെ അമ്പൂരിയിൽനിന്നു തുടക്കംകുറിക്കുന്ന സന്ദേശയാത്രയും കുടുംബസമ്മേളനങ്ങളും നവംബർ മാസത്തിൽ സമാപിക്കും. വിശദവിവരങ്ങൾ ഫൊറോനാ ഡയറക്ടറച്ചന്മാർ വഴി അറിയിക്കുന്നതാണ്. ഏവരുടെയും സഹകരണവും സാന്നിധ്യവും അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവം,

**ഫാ. ജോസഫ് ഇരുപ്പക്കാട്ട്**
*(അസിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(ഡയറക്ടർ)*

## റിപ്പോർട്ട്

**ലോകരക്ഷാകർത്തൃദിനം (ജൂൺ 1):** യൂണിറ്റുകളിൽ പ്രായമായ മാതാപിതാക്കളെ സന്ദർശിക്കുകയും അവരോടൊപ്പം സമയം ചിലവഴിക്കുകയും വയോജന സംഗമം സംഘടിപ്പിക്കുകയും ചെയ്തു.

**ലോകപരിസ്ഥിതിദിനം (ജൂൺ 5):** പരിസ്ഥിതി വാരാചരണം നടത്താൻ (ജൂൺ 4 –10) യൂണിറ്റുകൾക്കു നിർദേശം നല്കി. പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കാനും പുനഃരുപയോഗം, റീ സൈക്ലിങ് എന്നിവ പ്രോത്സാഹിപ്പിക്കുന്ന സെമിനാറുകൾ, തുണിസഞ്ചിനിർമാണ പ്രോത്സാഹനം, കാരുണ്യഭവനങ്ങളിലും വീട്ടുപരിസരങ്ങളിലും പള്ളിപ്പരിസരങ്ങളിലും വൃക്ഷതൈ നടൽ, ഒറ്റക്കു താമസിക്കുന്ന വയോജനങ്ങളുടെ വീടും പരിസരവും വൃത്തിയാക്കൽ എന്നിവ വിവിധ യൂണിറ്റുകൾ നടപ്പാക്കി.

**ലോകപിതൃദിനം (ജൂൺ 18):** അതിരൂപതാ പിതൃവേദിയുടെ പിതൃദിന വാരാഘോഷത്തിനു പിതൃവേദി പ്രസിഡന്റ് ജിനോദ് എബ്രാഹം പാസ്റ്ററൽ സെന്ററിൽ പതാക ഉയർത്തി തുടക്കംകുറിച്ചു. പിതൃവേദി റൂബി ജൂബിലി

യുടെ ഭാഗമായി തിരഞ്ഞെടുത്ത 40 ജീവകാരുണ്യകേന്ദ്രങ്ങളിൽ ഒന്നായ നാലുകോടി പുതുജീവൻ സന്ദർശിച്ച് ജീവകാരുണ്യ സംഭാവന നല്കി. അതിരൂപതാ മാതൃവേദി-പിതൃവേദി അതിരൂപതാസമിതിയും ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടറച്ചന്മാരും ചേർന്ന് നിത്യവിശ്രമം പൂകിയ ആദ്യകാല പിതൃവേദി കൺവീനർ സി.ജെ. ജോസഫ് ചോതിരക്കുന്നേൽ (തോട്ടക്കാട്), പ്രസിഡന്റായിരുന്ന ജോസ് കൈലാത്ത് (മാമ്പുഴക്കരി) എന്നിവരുടെ കല്ലറകൾ സന്ദർശിച്ച് ഒപ്പീസുപ്രാർഥന ചൊല്ലുകയും അവരുടെ കുടുംബാംഗങ്ങളുമായി അല്പസമയം ചിലവഴിക്കുകയും ചെയ്തു. തോട്ടക്കാട് സെന്റ് ജോർജ് പള്ളിയിൽ മണിപ്പൂരിലെ വംശഹത്യയ്ക്കെതിരെ പ്രതിഷേധം രേഖപ്പെടുത്തി. അതിരൂപതാസമിതിയുടെ നേതൃത്വത്തിൽനടന്ന പിതൃദിനാഘോഷങ്ങളിൽ സഹകരിച്ച തൃക്കൊടിത്താനം, കുറുമ്പനാടം, പുളിങ്കുന്ന് ഫൊറോനകൾക്കു നന്ദി. ഫൊറോനകളും യൂണിറ്റുകളും പിതൃദിനത്തിൽ പതാക ഉയർത്തിയും മധുരം പങ്കുവെച്ചും പിതാക്കന്മാരെ ആദരിച്ചും അഗതിഭവനങ്ങൾ സന്ദർശിച്ചും പിതൃവേദി മുൻകാലപ്രവർത്തകരുമായി അനുഭവങ്ങൾ പങ്കുവെച്ചും ആന്തമത്സരം സംഘടിപ്പിച്ചും പിതൃദിനാഘോഷങ്ങൾ നടത്തി.

**ലോകവിധവാദിനം (ജൂൺ 23):** നവോമി/യൂദിത്ത് ഫോറങ്ങൾ പ്രവർത്തനക്ഷമമാക്കാനും വിധവകൾക്കായി പ്രാർഥനയ്ക്കും പങ്കുവക്കലിനുമുള്ള അവസരങ്ങൾ ക്രമീകരിക്കാൻ നിർദേശം നല്കി.

**ലോകലഹരിവിരുദ്ധ ദിനം (ജൂൺ 26):** ഫൊറോനാതലത്തിലും യൂണിറ്റുതലത്തിലും ലഹരിവിരുദ്ധ സന്ദേശങ്ങൾ പൊതുമീറ്റിങ്ങുകളിൽ നല്കി. ലഹരിയുടെ അടിമത്തത്തെക്കുറിച്ച് ബോധവത്ക്കരണം നൽകുന്ന നോട്ടീസുകൾ വിതരണം ചെയ്തു.

**കുട്ടനാട്ടിലെ കർഷകർക്ക് ഐക്യദാർഢ്യം:** നെല്ലിന്റെ വില സമയബന്ധിതമായി ലഭിക്കാത്തതിൽ കർഷകരോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ചങ്ങനാശേരി ബൈപാസ് ജംഗ്ഷനിൽ മാതൃവേദി - പിതൃവേദി വിവിധ ഫൊറോനകളിൽനിന്നുള്ള നേതൃനിരയുടെ ആഭിമുഖ്യത്തിൽ ധർണ നടത്തി.

**വലിയ കുടുംബങ്ങൾക്ക് ഒരു കൈത്താങ്ങ്:** വിവാഹിതരായി 25 വർഷങ്ങൾ പിന്നിടാത്തവരും നാലോ അതിൽ കൂടുതലോ മക്കളുള്ളവരുമായ സാമ്പത്തികമായി ബുദ്ധിമുട്ടുള്ള യുവദമ്പതികൾക്കു കൈത്താങ്ങാകുന്ന ഫാമിലി അപ്പോസ്തലേറ്റ് പ്രോലൈഫ് വിദ്യാഭ്യാസ സഹായപദ്ധതിയിൽ വ്യക്തികളും ഇടവകകളും ഫൊറോനകളും പങ്കുചേർന്നു. സഹകരിച്ചവർക്കു പ്രത്യേകം നന്ദി.

**കെ.സി.ബി.സി. വിമൻസ് കമ്മിഷൻ സോണൽ കോൺഫ്രൻസ്:** കെ.സി.ബി.സി. വിമൻസ് കമ്മിഷന്റെ ചങ്ങനാശേരി, കോട്ടയം, വിജയപുരം, തിരുവല്ല, പാലാ, കാഞ്ഞിരപ്പള്ളി, പത്തനംതിട്ട രൂപതകൾ ഉൾപ്പെട്ട കോട്ടയം സോണൽ കോൺഫ്രൻസ് ജൂൺ 9 നു തിരുവല്ല ശാന്തിനിലയത്തിൽ നടത്തപ്പെട്ടു. മാതൃവേദി അതിരൂപതാ പ്രസിഡന്റ് ബീന ജോസഫ് ഉൾപ്പെടെ 5 പ്രതിനിധികൾ പങ്കെടുത്ത ഈ സമ്മേളനത്തിൽ ക്ലാസുകൾ, ആദരിക്കൽ, മണിപ്പൂർ വംശീയഹത്യയിലുള്ള പ്രതിഷേധം എന്നിവ സംഘടിപ്പിക്കപ്പെട്ടു.

## ജൂലൈ മാസത്തിൽ ഓർമിക്കാൻ

**ദേശീയ ഡോക്ടേഴ്സ് ഡേ (ജൂലൈ 1):** ഇടവകയിലെ ഡോക്ടർമാരെ ഒരുമിച്ചുകൂട്ടി അവരുടെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും തൊഴിൽമേഖലയിൽ അവർ നേരിടുന്ന വെല്ലുവിളികൾ, ഈ ശുശ്രൂഷയുടെ നന്മ തുടങ്ങിയ അനുഭവസാക്ഷ്യങ്ങൾ പങ്കുവയ്ക്കാനും അവരുമായി സംവദിക്കാനുമുള്ള അവസരമൊരുക്കാം.

**പിതൃവേദി റൂബിജൂബിലി ഓൺലൈൻ പ്രസംഗമത്സരം:** ചങ്ങനാശേരി അതിരൂപതയിലെ പിതാക്കന്മാർക്കായി സംഘടിപ്പിക്കുന്ന റൂബിജൂബിലി ഓൺലൈൻ പ്രസംഗമത്സരം യൂണിറ്റുകളിൽ നടത്തി മികച്ച എൻട്രി *ജൂലൈ 3* നു ഫൊറോനകളെ ഏൽപിച്ച്, ഫൊറോനയിലെ മികച്ച എൻട്രി തിരഞ്ഞെടുത്ത് *ജൂലൈ 10* നു മുമ്പായി അതിരൂപതയിൽനിന്നു നിർദേശിക്കുന്ന ഫോൺ നമ്പറിലേക്കോ മെയിൽ ഐഡിയിലേക്കോ അയച്ചുതരേണ്ടതാണ്. മത്സരങ്ങളിൽ അതിരൂപതാതലത്തിൽ മാത്രമേ സമ്മാനങ്ങൾ നല്കുകയുള്ളു.

**പിതൃവേദി റൂബിജൂബിലി സന്ദേശയാത്രയും കുടുംബസംഗമവും:** പിതൃവേദി റൂബിജൂബിലിയോടനുബന്ധിച്ച് അതിരൂപതയിലെ 18 ഫൊറോനകളിലെ പള്ളികളിലൂടെയും ഫൊറോനാ ആനിമേഷൻ ടീമിന്റെ നേതൃത്വത്തിൽ അതിരൂപതാ ആനിമേഷൻ ടീമിന്റെ സഹകരണത്തോടെ റൂബിജൂബിലി സന്ദേശയാത്രയും കുടുംബസംഗമങ്ങളും ക്രമീകരിക്കാൻ ആഗ്രഹിക്കുന്നു.

| ഫൊറോന | തീയതി |
|---|---|
| അമ്പൂരി | ജൂലൈ 8 നു ജൂബിലി സന്ദേശയാത്രയും 9 നു കുടുംബസംഗമവും |
| തിരുവനന്തപുരം | ജൂലൈ 16, 17 ജൂബിലി സന്ദേശയാത്രയും നേതൃസംഗമവും |
| കൊല്ലം-ആയൂർ | ജൂലൈ 22, 23 ജൂബിലി സന്ദേശയാത്ര 28 നു കുടുംബസംഗമം. |

**ജൂലൈ 23 – ജൂലൈ 29 മുത്തശീമുത്തച്ഛന്മാരുടെ വാരാഘോഷം:** 65 വയസ്സിനു മുകളിലുള്ളവരെ ഒരുമിച്ചുകൂട്ടി വി. കുർബാനയർപ്പണവും സെമിനാറുകളും ചർച്ചയും കലാപരിപാടികളും സംഘടിപ്പിക്കാം.

### മുണ്ട് ചലഞ്ച്

ആദ്യഘട്ട മുണ്ടുകൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. മുണ്ട് ലഭിച്ച ഇടവകകൾ ഏറെ വൈകാതെതന്നെ അതിന്റെ തുക അതിരൂപതാ ഫാമിലി അപ്പോസ്തലേറ്റ് ഓഫീസിൽ എത്തിക്കേണ്ടതാണ്; ക്രമീകരണങ്ങൾ ചെയ്യാൻ ഫൊറോനാസമിതി ശ്രമിക്കുമല്ലോ.

### അതിരൂപതാ കലോത്സവം

മത്സരത്തിൽ ഒന്നുംതന്നെ യൂണിറ്റ് കൗൺസിലർമാർ പങ്കെടുക്കാനും ഫൊറോനാതല മത്സരങ്ങൾ നിയന്ത്രിക്കേണ്ടതിനാൽ ഒരു യൂണിറ്റിന്റെയും

ടീം മാനേജേഴ്സാകാനും പാടുള്ളതല്ല.

**രചനാ മത്സരങ്ങൾ**

- കവിതാരചന, കഥാരചന, ഉപന്യാസം, പെൻസിൽ ഡ്രോയിങ്, ക്വിസ്
- 2023 ഒക്ടോബർ 1 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 നു ഫൊറോനാ കേന്ദ്രങ്ങളിൽ രചനാമത്സരങ്ങൾ ക്രമീകരിക്കുന്നു.
- രചനാ മത്സരങ്ങളിൽ ഒരു വ്യക്തിക്കു 2 ഇനങ്ങളിൽ മാത്രമേ പങ്കെടുക്കാനാവൂ.
- ക്വിസ് മത്സരം രചനാമത്സരമാണെങ്കിലും ഒക്ടോബർ 30 നു മുമ്പുള്ള ഏതെങ്കിലും ദിവസം ക്രമീകരിച്ചാൽ മതിയാകും.
- രചനാ മത്സരങ്ങളുടെ വിജയികളുടെ വിവരങ്ങളും രചനയും ഒക്ടോബർ 17 നു മുമ്പായി ഫാമിലി അപ്പോസ്തലേറ്റ് ഓഫീസിൽ എത്തിക്കണം.

**അവതരണ മത്സരങ്ങൾ**

➤ വ്യക്തിഗത ഇനമായ പ്രസംഗം (1973 ജനുവരി 1 നും അതിനുശേഷവും ജനിച്ചവർ, 1972 ഡിസംബർ 31 നും അതിനുമുമ്പും ജനിച്ചവർ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളായാണ് മത്സരം നടത്തുക), മാർഗംകളി, കോലടികളി, സംഘഗാനം (ഒരു ക്രിസ്തീയ ഭക്തിഗാനവും സീറോമലബാർ കുർബാന തക്സയിലെ ഒരു സുറിയാനി പാട്ടും മാതൃവേദി-പിതൃവേദി സംയുക്ത ആന്തവും ആലപിക്കണം), സാമൂഹികനാടകം (വിഷയം - സമൂഹനിർമിതിയിൽ കുടുംബത്തിന്റെ പങ്ക്) എന്നീ ഗ്രൂപ്പ് ഇനങ്ങളുമാണ് അവതരണമത്സരവിഭാഗത്തിൽപ്പെടുന്നത്.

➤ 2023 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ യൂണിറ്റുതല മത്സരങ്ങളും സെപ്തംബർ - ഒക്ടോബർ മാസങ്ങളിലായി ഫൊറോനാതല മത്സരങ്ങളും ക്രമീകരിക്കണം. ഒക്ടോബർ 29 നകം ഫൊറോനാതലമത്സരങ്ങൾ പൂർത്തിയാക്കി അതിരൂപതാ കലോത്സവത്തിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് അതിരൂപതയിൽനിന്നും നൽകുന്ന നിശ്ചിതഫോറത്തിൽരേഖപ്പെടുത്തി *ഒക്ടോബർ 31* നകം അതിരൂപതാ ഓഫീസിൽ എത്തിക്കണം.

➤ അതിരൂപതാതല അവതരണമത്സരങ്ങളും രചനാ മത്സരത്തിൽപ്പെടുന്ന ക്വിസ് മത്സരവും *നവംബർ 11* നു നടത്തപ്പെടുന്നതാണ്.

➤ അവതരണമത്സരങ്ങളിൽ ഒരുവ്യക്തിക്ക് 3 ഇനങ്ങളിൽ മാത്രമേ പങ്കെടുക്കാനാവൂ.

➤ ഓരോ ഫൊറോനയുടെയും പ്രസിഡന്റുമാർ അതിരൂപതാമത്സരത്തിൽ അതാതു ഫൊറോനകളുടെ മുഖ്യ ടീം മാനേജർമാരായിരിക്കും.

**നന്ദി**

ഫാമിലി അപ്പോസ്തലേറ്റ് ഫൊറോനാ ഡയറക്ടർമാരായി സേവനം നൽകിയ ഫാ. സിറിയക് വലിയപറമ്പിൽ MCBS (നെടുങ്കുന്നം), ഫാ. ജോസഫ്

*ശേഷം പേജ് 71 ൽ.....»*

# യുവദീപ്തി - SMYM

## മണിമല ഫൊറോനാ പ്രാർത്ഥനാ പഠനപരിശീലനക്യാമ്പ്

മണിമല ഫൊറോനാ യുവദീപ്തി-SMYMന്റെ 2023 പ്രവർത്തനവർഷത്തെ പ്രാർത്ഥനാ പഠനപരിശീലനക്യാമ്പ് മെയ് 19, 20, 21 തീയതികളിൽ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെട്ടു. ഫൊറോനാ പ്രസിഡന്റ് അലൻ ടോമിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ഫൊറോനാ വികാരി ഫാ. മാത്യു താന്നിയത്ത് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ ആമുഖപ്രസംഗം നടത്തി. ഫൊറോനാ ഡയറക്ടർ ഫാ. മാർട്ടിൻ ഇലയ്ക്കാട്ടുനാലുപാറ MCBS, ലൂസി ഫിലിപ്പോസ്, അതിരൂപതാ പ്രസിഡന്റ് ജോർജ് സെബാസ്റ്റ്യൻ, ജനറൽ സെക്രട്ടറി ജോയൽ ജോൺ റോയി എന്നിവർ ആശംസകളറിയിച്ചു സംസാരിച്ചു. അതിരൂപതാ ടീം ക്യാമ്പിലെ ക്ലാസുകൾ നയിച്ചു. ബ്രദർ ഡെറിക്, രേഷ്മ ദേവസ്യാ, അമല റേച്ചൽ ഷാജി, മെറീറ്റാ ജോസഫ്, അലൻ സിബി എന്നിവർ ക്യാമ്പിനു നേതൃത്വം നൽകി.

## തിരുവനന്തപുരം ഫൊറോനാ ക്യാമ്പ്

തിരുവനന്തപുരം ഫൊറോനാ ക്യാമ്പ് ജൂൺ 9, 10,11 തീയതികളിൽ കുറ്റിച്ചൽ ലൂർദുമാതാ എഞ്ചിനിയറിങ് കോളേജിൽ നടത്തപ്പെട്ടു. ഫൊറോനാ പ്രസിഡന്റ് ജെറി ജെസ്റ്റിയുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ലൂർദുമാതാ എഞ്ചിനിയറിങ് കോളേജ് ഡയറക്ടർ ഫാ. വർഗീസ് അറയ്ക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ ആമുഖസന്ദേശം നൽകി. ഫാ. ഗ്രിഗറി മേപ്പുറം മാർഗനിർദേശപ്രസംഗം നടത്തി. അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റ് രേഷ്മ ദേവസ്യാ, സി. ലിറ്റി DSFS അതിരൂപതാ ജനറൽ സെക്രട്ടറി ജോയൽ ജോൺ റോയി, ആൽബിൻ പുത്തൂർ, മേഘ ബേബി, റിച്ച രാജു മാത്യൂസ് എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. അതിരൂപതാ ടീം ക്ലാസ് നയിച്ചു.

## വി. തോമസ് മൂർ ദിനാചരണം (സ്വർഗീയ മദ്ധ്യസ്ഥദിനം)

യുവദീപ്തി-SMYMന്റെ സ്വർഗീയമധ്യസ്ഥൻ വി. തോമസ് മൂറിന്റെ അനുസ്മരണദിനാചരണം യൂണിറ്റ്, ഫൊറോനാ, അതിരൂപതാതലങ്ങളിൽ വിവിധ പരിപാടികളോടെ ആചരിച്ചു. മാന്നാനം കെ. ഇ. കോളേജ് ഓഡിറ്റോറിയത്തിൽ ചേർന്ന യുവജനസമ്മേളനം ഷംഷാബാദ് രൂപത സഹായമെത്രാൻ മാർ തോമസ് പാടിയത്ത് ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ജോർജ് സെബാസ്റ്റ്യൻ തയ്യിൽ അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ ഡയറക്റ്റർ ഫാ. ആന്റണി ആനക്കല്ലുങ്കൽ ആമുഖപ്രഭാഷണവും മാന്നാനം കെ. ഇ. കോളേജ് മാനേജരും ആശ്രമം പ്രിയോരുമായ ഫാ. കുര്യൻ ചാലങ്ങാടി CMI അനുഗ്രഹപ്രഭാഷണവും നടത്തി. SMYM ഗ്ലോബൽ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര, അതിരൂപതാ ജനറൽ സെക്രട്ടറി ജോയൽ ജോൺ റോയി, കുടമാളൂർ ഫൊറോനാ ഡയറക്ടർ ഫാ. ലൂക്കാ വെട്ടുവേലിക്കളം, ഫൊറോനാ പ്രസിഡന്റ് മാത്യു ജോസഫ്, അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റ് രേഷ്മ ദേവസ്യാ, ട്രഷറർ അലൻ സിബി

എന്നിവർ പ്രസംഗിച്ചു. ദിനാചരണത്തോടനുബന്ധിച്ച് വിവിധ യൂണിറ്റുകളുടെയും ഫൊറോനാകളുടെയും കലാപരിപാടികളും നടത്തപ്പെട്ടു.

**കാഞ്ഞിരപ്പള്ളി അമൽജ്യോതി കോളേജിന് ഐക്യദാർഢ്യം**

കാഞ്ഞിരപ്പള്ളി അമൽജ്യോതി കോളേജിലെ വിദ്യാർത്ഥിനി ജീവനൊടുക്കിയതുമായി ബന്ധപ്പെട്ട് കോളേജിനെതിരെ നടന്ന അക്രമസംഭവങ്ങളെ യുവദീപ്തി-SMYM അപലപിക്കുകയും കോളേജിനു പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു. കാഞ്ഞിരപ്പള്ളിയിൽ നടന്ന സമരപരിപാടികളിൽ അതിരൂപതാ പ്രസിഡന്റ് ജോർജ് സെബാസ്റ്റ്യന്റെ നേതൃത്വത്തിൽ യുവദീപ്തി അതിരൂപതാ നേതാക്കന്മാർ പങ്കെടുത്തു.

**17-ാമതു നിരണം തീർത്ഥാടനം (ജൂലൈ 02 ഞായർ)**

ചങ്ങനാശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ യുവദീപ്തി-SMYM നേതൃത്വം നൽകുന്ന 17-ാമതു നിരണം തീർത്ഥാടനം *ജൂലൈ 2 ഞായറാഴ്ച* നടത്തുന്നു. രാവിലെ 8.30 ന് ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയാങ്കണത്തിലെ മാർത്ത് മറിയം കബറിടപള്ളിയിൽ അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യും. ഒരുമണിയോടുകൂടി നിരണം മാർതോമാശ്ലീഹാ പിൽഗ്രിം സെന്ററിലെത്തും. തുടർന്ന് കൽവിളക്കിൽ തിരിതെളിക്കും. അഭി. പിതാവ് വി. കുർബാനയർപ്പിക്കും. തീർത്ഥാടകർക്കു നേർച്ചഭക്ഷണം നൽകും.

**യുവജനദിനാഘോഷം (ജൂലൈ 30)**

അതിരൂപതാ യുവദീപ്തി-SMYMന്റെ ആഭിമുഖ്യത്തിൽ *ജൂലൈ 30* നു മുഹമ്മ സെന്റ് ജോർജ് ഫൊറോനാപള്ളിയങ്കണത്തിൽ നടത്തുന്ന യുവജനദിനാഘോഷത്തിൽ അതിരൂപതയിലെ എല്ലാ ഫൊറോനകളിൽനിന്നും യുവജനങ്ങൾ പങ്കെടുക്കേണ്ടതാണ്.

| |
|---|
| ജൂലൈ 9 ഞായർ യൂണിറ്റുകളിൽ വിവിധ പരിപാടികളോടുകൂടി യുവജനദിനം ആചരിക്കേണ്ടതാണ്. |

**ആന്റപ്പൻ ആമ്പിയായം പരിസ്ഥിതി പ്രസംഗമത്സരം**

യുവദീപ്തി-SMYM എടത്വാ ഫൊറോനാ മുൻപ്രസിഡന്റും സജീവ പരിസ്ഥിതി പ്രവർത്തകനുമായ ആന്റപ്പൻ ആമ്പിയായത്തിന്റെ ഓർമക്കായി നടത്തുന്ന പരിസ്ഥിതി പ്രസംഗമത്സരം ജൂൺ 11 ഞായറാഴ്ച ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ നടത്തി. അതിരൂപതാ പ്രസിഡന്റ് ജോർജ് സെബാസ്റ്റ്യന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം വികാരി ജനറാൾ വെരി റവ. ഡോ. വർഗീസ് താനമാവുങ്കൽ ഉദ്ഘാടനം ചെയ്തു. സെൻട്രൽ ഓഫീസ് സെക്രട്ടറി ലാലിച്ചൻ മറ്റത്തിൽ അനുസ്മരണാപ്രസംഗം നടത്തി. ജനറൽ സെക്രട്ടറി ജോയൽ ജോൺ റോയി, ട്രഷറർ അലൻ സിബി എന്നിവർ പ്രസംഗിച്ചു.

**വിജയികൾ**

| സ്ഥാനം | പേര്, ഇടവക | ഫൊറോന |
|---|---|---|
| **A വിഭാഗം** | | |
| ഒന്ന് | ജോബിൻ ജോസഫ്, ചമ്പക്കര | നെടുംകുന്നം |
| രണ്ട് | ക്രിസ്റ്റോ ആന്റണി, തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| മൂന്ന് | ജോൺസൺ ജിജി, നാൽപ്പാത്തിമല | അതിരമ്പുഴ |
| **B വിഭാഗം** | | |
| ഒന്ന് | മേബിൾ തോമസ്, അറുനൂറ്റംപാടം | ആലപ്പുഴ |
| രണ്ട് | എയ്ഞ്ചൽ മരിയ ചാക്കോ, മുണ്ടുപാലം | തൃക്കൊടിത്താനം |
| മൂന്ന് | മഡോണ മാത്യു, പാറമ്പുഴ | കുടമാളൂർ |
| ,, | അനില തോമസ്, രാജമറ്റം | കുറുമ്പനാടം |

**ഈ മാസത്തെ പരിപാടികൾ**

ജൂലൈ 02 നിരണം തീർത്ഥാടനം - രാവിലെ 8.00 ന് ആരംഭിക്കുന്നു.
ജൂലൈ 14,15,16 ചങ്ങനാശേരി, തുരുത്തി ഫൊറോനാ ക്യാമ്പുകൾ

**ജോർജ് സെബാസ്റ്റ്യൻ തയ്യിൽ**
*(പ്രസിഡന്റ്)*

**ഫാ. ആന്റണി ആനക്കല്ലുങ്കൽ**
*(ഡയറക്ടർ)*

■

---

***ഫാമിലി അപ്പോസ്തലേറ്റ് തുടർച്ച.....»***

ചൂളപ്പറമ്പിൽ (കുറുമ്പനാടം), ഫാ. ജോസഫ് കട്ടപ്പുറം (തുരുത്തി), ഫാ. അഗസ്റ്റിൻ പൊങ്ങനാംതടം (മണിമല), ഫാ. ജോൺ പരുവപ്പറമ്പിൽ (മുഹമ്മ), ഫാ. തോമസ് കാഞ്ഞിരവേലിൽ (ചമ്പക്കുളം), ഫാ. സേവ്യർ വെട്ടിത്താനം (കോട്ടയം), ഫാ. ജോസഫ് പൊന്നാറ്റിൽ (തൃക്കൊടിത്താനം) എന്നിവർക്കും ഫാമിലി അപ്പോസ്തലേറ്റ് ഫൊറോനാ ആനിമേറ്റർമാരായി സേവനം നല്കിയ സി. ക്രിസ്ജോസ് CMC (കൊല്ലം-ആയൂർ), സി. അൽഫോൻസാ മാത്യു CMC (നെടുങ്കുന്നം) എന്നിവർക്കും ഫാമിലി അപ്പോസ്തലേറ്റ് കുടുംബം നന്ദിയും യാത്രാമംഗളങ്ങളും അറിയിക്കുന്നു.

## വിവാഹ ഒരുക്കധ്യാനം

| മാസം | തീയതി | സ്ഥലം |
|---|---|---|
| ജൂലൈ | 08, 09, 10 | ചങ്ങനാശേരി പാസ്റ്ററൽ സെന്റർ |
| | 24, 25, 26 | ചങ്ങനാശേരി പാസ്റ്ററൽ സെന്റർ |
| ഓഗസ്റ്റ് | 12, 13, 14 | ചങ്ങനാശേരി പാസ്റ്ററൽ സെന്റർ |
| | 21, 22, 23 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |

**കൂടുതൽ വിവരങ്ങൾക്ക്** : 0481 2424476, 9447016240
വിളിക്കേണ്ട സമയം: 10 am - 05 pm

■

# കെ.സി.എസ്.എൽ.

ഈശോമിശിഹായിൽ സ്നേഹം നിറഞ്ഞവരേ,

സന്തോഷപ്രദവും സമാധാനപരവുമായ അവധിക്കാലത്തിനുശേഷം പുതിയ അധ്യായനവർഷത്തിലേക്കു പ്രവേശിച്ചിരിക്കുന്ന ഏവർക്കും എല്ലാ വിജയാശംസകളും പ്രാർത്ഥനാപൂർവം നേരുന്നു. ഈ അധ്യയനവർഷത്തിൽ KCSL പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ, വിശ്വാസത്തിൽ ആഴപ്പെടാൻ, ഈശോയെ മറ്റുള്ളവർക്കു പകർന്നു കൊടുക്കുവാൻ പര്യാപ്തരായ വിദ്യാർത്ഥിപ്രതിനിധികളെ കണ്ടെത്തുന്നതിനായി മെയ് 16, 17, 18 തീയതികളിൽ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ Leadership Camp (Nuhara 2k23) നടത്തപ്പെട്ടു. 126 കുട്ടികൾ സംബന്ധിച്ചു. ഭാരവാഹികളുടെ തിരഞ്ഞെടുപ്പിൽ അതിരൂപതാ ചെയർപേഴ്സണായി നേഹ മരിയ ജോസഫ് (St. Joseph's HS Paippad), ജനറൽ സെക്രട്ടറിയായി ഷെഫിൻ എസ്. പോളയ്ക്കനെയും (St. Mary's HSS Champakulam). HSS, HS, UP വിദ്യാർത്ഥി പ്രതിനിധികളെയും തിരഞ്ഞെടുത്തു. എല്ലാ ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ വിജയാശംസകളും നേരുന്നു.

കഴിഞ്ഞവർഷം റീജന്റ് ബ്രദേഴ്സായി സേവനം ചെയ്ത ബ്രദർ ജസ്റ്റിൻ മുളമൂട്ടിലും ബ്രദർ സാജൻ പുത്തൻപറമ്പിലും വൈദികവസ്ത്രം സ്വീകരിച്ചു. പ്രിയപ്പെട്ട ബ്രദേഴ്സിനു പ്രാർത്ഥനാശംസകൾ നേരുന്നു.

2023-24 അധ്യയനവർഷത്തെ അതിരൂപതാ KCSL പ്രവർത്തന ഉദ്ഘാടനവും ആനിമേറ്റേഴ്സ് മീറ്റും ജൂൺ 20 ന് വാഴപ്പള്ളി സെന്റ് തെരേസാസ് ഹയർസെക്കന്ററി സ്കൂളിൽ നടത്തപ്പെട്ട സമ്മേളനത്തിൽ 2023-24 അധ്യയന വർഷത്തെ മാർഗരേഖ പ്രകാശനം ചെയ്യുകയും പഠന വിഷയം പരിചയപ്പെടുത്തുകയും ചെയ്തു.

**2022-23 അദ്ധ്യായനവർഷത്തിലെ മികച്ച യൂണിറ്റിനുള്ള അവാർഡുകൾ**

| വിഭാഗം | സ്കൂൾ | വിഭാഗം | സ്കൂൾ |
|---|---|---|---|
| LP | സെന്റ് തെരേസാസ് വാഴപ്പള്ളി | UP | സെന്റ് ജോസഫ്സ് ചങ്ങനാശേരി |
| HS | സെന്റ് തെരേസാസ് നെടുംകുന്നം | HSS | സെന്റ് തെരേസാസ് വാഴപ്പള്ളി |

**പ്രത്യേക അവാർഡുകൾ**

ആര്യങ്കാവ് സെന്റ് മേരീസ് HS, അമ്പൂരി സെന്റ് തോമസ് HSS
സേക്രഡ് ഹാർട്ട് CISCE, ചങ്ങനാശേരി (അൺഎയ്ഡഡ് വിഭാഗം)

കഴിഞ്ഞവർഷം പന്ത്രണ്ടാം ക്ലാസിൽ ഫുൾ എ പ്ലസ് നേടിയ കത്തോലിക്കാ കുട്ടികളെ ജൂൺ 29ന് ചങ്ങനാശേരി സെന്റ് ബർക്കുമാൻസ് ഹയർ സെക്കന്ററി സ്കൂളിൽ വിളിച്ചുകൂട്ടി. പ്രസ്തുത യോഗത്തിൽ അഭി. പെരുന്തോട്ടം പിതാവും അഭി. തറയിൽ പിതാവും കുട്ടികളെ ആദരിക്കുകയും ഉപഹാരം നൽകുകയും ചെയ്തു.

*NB:* 2022-23 വർഷത്തെ മെമ്പർഷിപ്പ് ഫീസ്, സ്റ്റഡി സർക്കിൾ ഇനങ്ങളിൽ കുടിശ്ശിക വരുത്തിയവർ എത്രയുംവേഗം അടച്ചുതീർക്കാൻ ശ്രദ്ധിക്കുമല്ലോ.

അൽഫോൻസാ ക്വിസ് - ജൂലൈ 22 സെന്റ് ആൻസ് GHS ചങ്ങനാശേരി

സസ്നേഹം,

**ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
*(ഡയറക്ടർ)*

■

# CARP
## (DEPARTMENT OF COMMUNITY AWARENESS AND RIGHTS' PROTECTION)

കാർപ് ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ ജൂൺ 9 വെള്ളിയാഴ്ച വൈകുന്നേരം 3 മണിക്ക് അതിരൂപതാകേന്ദ്രത്തിൽ കൂടിയ അതിരൂപതാ എക്സിക്യൂട്ടിവ് കമ്മിറ്റിയിൽ കഴിഞ്ഞവർഷം നടന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. സംവരണ മാനദണ്ഡങ്ങളെ സംബന്ധിച്ചും ന്യൂനപക്ഷ ആനുകൂല്യങ്ങളെപ്പറ്റിയും അവ എങ്ങനെ സഭയിൽ അംഗങ്ങൾക്കു ഫലപ്രദമാക്കാമെന്ന ചർച്ചയും നടന്നു. മാർ തോമസ് തറയിൽ പിതാവ് മുഖ്യപ്രഭാഷണം നടത്തി. ഡയറക്ടർ ഫാ. ജയിംസ് കൊക്കാവയലിൽ തുടർപരിപാടികൾ യോഗസമക്ഷം അവതരിപ്പിച്ചു സംസാരിച്ചു. സമുദായ ഐക്യം വളർത്തിയെടുക്കാൻ ഒക്ടോബർ മാസം സമുദായശക്തീകരണ മാസമായി ആചരിക്കണമെന്നു യോഗം അഭിപ്രായപ്പെട്ടു. കൂട്ടായ്മകളിൽ ബോധവത്കരണ ക്ലാസുകൾ നൽകണമെന്നും അതിനായി അത്മായർക്കു സോണൽതലത്തിൽ പരിശീലനം നൽകി ബോധവൽക്കരണ ടീം രൂപീകരിക്കണമെന്നും അതിനുതകുന്ന ലഘുലേഖകൾ തയ്യാറാക്കണമെന്നും നിർദേശങ്ങൾ ഉയർന്നുവന്നു.

## ജൂലൈ മാസത്തിൽ ശ്രദ്ധിക്കാൻ

### ഇമ്പച്ചിബാവ ഭവന പുനഃരുദ്ധാരണ പദ്ധതി

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾ/ വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ എന്നിവർക്കുള്ള ഇമ്പിച്ചിബാവ ഭവന പുനഃരുദ്ധാരണ പദ്ധതി (2023-24)യിൽ ഇപ്രകാരമുള്ള ക്രിസ്ത്യൻ സ്ത്രീകൾക്ക് അപേക്ഷ സമർപ്പിക്കാം.

ശരിയായ ജനലുകൾ / വാതിലുകൾ / മേൽക്കൂര / ഫ്ളോറിങ് / ഫിനിഷിങ് / പ്ലംബിങ് / സാനിട്ടേഷൻ / ഇലക്ട്രിഫിക്കേഷൻ എന്നിവയില്ലാത്ത വീടുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനാണ് ധനസഹായം. ഒരു വീടിന്റെ അറ്റകുറ്റപ്പണിക്കു 50,000 രൂപയാണ് നൽകുന്നത്. ഇതു തിരിച്ചടക്കേണ്ടതില്ല. അപേക്ഷകയുടെ സ്വന്തം/പങ്കാളിയുടെ പേരിലുള്ള വീടിന്റെ പരമാവധി വിസ്തീർണം 1200 സ്ക്വ. ഫീറ്റ് കവിയരുത്. അപേക്ഷക കുടുംബത്തിലെ ഏക വരുമാനദായകയായിരിക്കണം. ബി.പി.എൽ. കുടുംബത്തിനു മുൻഗണന. അപേക്ഷകയ്ക്കോ, അവരുടെ മക്കൾക്കോ, ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർ, പെൺകുട്ടികൾ മാത്രമുള്ള അപേക്ഷക തുടങ്ങിയവർക്കു മുൻഗണന നൽകും. സർക്കാർ/ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ സ്ഥിരവരുമാനം ലഭിക്കുന്ന മക്കളുള്ള വിധവകൾ, സർക്കാരിൽനിന്നോ സമാന ഏജൻസികളിൽനിന്നോ ഇതിനുമുമ്പ് 10 വർഷത്തിനുള്ളിൽ ഭവനനിർമാണത്തിനു സഹായം ലഭിച്ചവർ എന്നിവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല.

വകുപ്പ് പ്രത്യേകം തയ്യാറാക്കിയ അപേക്ഷാ ഫാറം മുഖേനയാണ് അപേക്ഷിക്കേണ്ടത്. 2023-24 സാമ്പത്തികവർഷത്തെ ഭൂമിയുടെ കരം അടച്ച രസീതിന്റെ

പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ് എന്നിവയോടൊപ്പം വീട് റിപ്പയർ ചെയ്യേണ്ടതിനും വീടിന്റെ വിസ്തീർണം 1200 സ്ക്വ. ഫീറ്റിൽ കുറവാണെന്നു സാക്ഷ്യപ്പെടുത്തുന്നതിനും വില്ലേജ് ഓഫീസർ/തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ അസിസ്റ്റന്റ് എഞ്ചിനീയർ/ബന്ധപ്പെട്ട അധികാരികൾ എന്നിവരിൽ ആരുടെയെങ്കിലും സാക്ഷ്യപത്രം മതിയാകും. മറ്റു വകുപ്പുകളിൽ നിന്നോ, സമാന ഏജൻസികളിൽനിന്നോ അപേക്ഷകയ്ക്കു ഭവന പുനഃരുദ്ധാരണത്തിനും 10 വർഷത്തിനുള്ളിൽ ഭവനനിർമാണത്തിനും ആനുകൂല്യം ലഭിച്ചിട്ടില്ലെന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/പഞ്ചായത്ത് സെക്രട്ടറി/ എന്നിവരിൽ ആരുടെയെങ്കിലും പക്കൽ നിന്നുള്ളതു മതിയാകും. പൂരിപ്പിച്ച അപേക്ഷ അനുബന്ധ രേഖകൾ സഹിതം അതാതു ജില്ലാ കളക്ടറേറ്റിലെ ന്യൂനപക്ഷക്ഷേമ സെക്ഷനിൽ നേരിട്ടോ, ഡെപ്യൂട്ടി കളക്ടർ (ജനറൽ), ജില്ലാ ന്യൂനപക്ഷക്ഷേമ സെക്ഷൻ, ജില്ലാ കളക്ടറേറ്റ് എന്ന വിലാസത്തിൽ അതാതു ജില്ലാ കളക്ടറേറ്റിലേയ്ക്കു തപാൽ മുഖാന്തിരമോ അയക്കണം. അപേക്ഷാ ഫോം www.minoritywelfare.kerala.gov.in എന്ന വെബ് സൈറ്റിൽ നിന്നോ കാർപ് വെബ്സൈറ്റായ carpchanganacherry.com ൽ നിന്നോ ഡൗൺലോഡ് ചെയ്യാം. അപേക്ഷകൾ *ജൂലൈ 31 വരെ* അതാതു ജില്ലാ കളക്ടറേറ്റുകളിൽ സ്വീകരിക്കും.

**ബേബി വട്ടക്കര** (9142121717)
**ടോം ജോസഫ്** (9447207700)
**ബിനു കുര്യാക്കോസ്** (7306513917)
*(കോർഡിനേറ്റേഴ്സ്)*

**ഫാ. ജയിംസ് കൊക്കാവയലിൽ**
*(ഡയറക്ടർ)*
6238214912

■

# ചാസ്
## (CHANGANACHERRY SOCIAL SERVICE SOCIETY)

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽനിന്നും ആശംസകൾ !!!**

ഒന്നിനുപുറകെ ഒന്നായി സംഭവിച്ചുകൊണ്ടിരിക്കുന്ന ദുരന്തങ്ങളും കാലാവസ്ഥാവ്യതിയാനം മൂലം സംജാതമാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും കോവിഡു പോലുള്ള മഹാമാരികളും എല്ലാം ചേർന്ന് വളരെ സങ്കീർണമായ ഒരു സാഹചര്യത്തിലൂടെയാണല്ലോ നമ്മുടെ നാട് കടന്നുപോകുന്നത്. ഇവിടെയെല്ലാം ജനത്തിന്റെ ജീവനും സ്വത്തിനും ഒരു പരിധിവരെ സംരക്ഷണമേകുവാനും പ്രതിരോധപ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുവാനും നമുക്കു സാധിച്ചിട്ടുണ്ടെന്നത് ആശാവഹമാണ്. എന്നാൽ നാം ശ്രദ്ധിക്കാതെപോയ ഒരു വൻവിപത്താണ് കുട്ടികളിലും യുവതലമുറയിലും പടർന്നു പിടിച്ചിരിക്കുന്ന ലഹരിയുടെ ഉപയോഗം. നമ്മുടെ കണക്കുകൂട്ടലുകൾക്കപ്പുറം കുട്ടികളും യുവജനങ്ങളും ലഹരിക്കടിമകളായിത്തീർന്നിരിക്കുന്നുവെന്നതാണ് സത്യം. എക്സൈസിന്റെയും പോലീസ് ഡിപ്പാർട്ടുമെന്റിന്റെയും കണക്കുകൾപ്രകാരം നൂറുകണക്കിനു സ്കൂൾപരിസരങ്ങൾ ലഹരി ഉപയോഗത്തിന്റെയും വിതരണത്തിന്റെയും ഹോട്ട് സ്പോട്ടുകളായി മാറിയിരിക്കുന്നു. കുഞ്ഞുങ്ങളെ വഴിതെറ്റിക്കുവാൻ ലഹരി മാഫിയകൾ സദാ ജാഗരൂകരായി പ്രവർത്തിക്കുമ്പോൾ ഇതൊന്നും ഞങ്ങളെ ബാധിക്കില്ലായെന്ന രീതിയിൽ നിഷ്ക്രിയരായിരിക്കുന്ന ഒരു പ്രവണത സമൂഹം വച്ചുപലർത്തുന്നു. കുട്ടികൾ ആരുടേതുമായിക്കൊള്ളട്ടെ, അവർ പൊതുസ്വത്താണെന്ന തിരിച്ചറിവ് നമുക്കുണ്ടാവുകയാണെങ്കിൽ അവരെ നേർവഴിക്കു നയിക്കുവാൻ നാം ബോധപൂർവം പരിശ്രമം നടത്തും. അല്ലാത്തിടത്തോളം കാലം നാം നിഷ്ക്രിയരായി നോക്കി നിൽക്കും. അതു നമ്മുടെ നാടിനെ കൊണ്ടെത്തിക്കുന്നത് യുവത്വം നഷ്ടപ്പെട്ട് ജരാനര ബാധിച്ച ഒരു അവസ്ഥയിലായിരിക്കും. കുട്ടികളുടെയും യുവജനങ്ങളുടെയും എണ്ണം കുറഞ്ഞുവരുന്ന ഈ സാഹചര്യത്തിൽ ഉള്ളവരെ നഷ്ടമാകാതെ സംരക്ഷിക്കുവാൻ നമുക്കു സാധിക്കണം. സൺഡേസ്കൂൾ ഉൾപ്പെടെ എല്ലാ സംവിധാനങ്ങളും ഉണർന്നു പ്രവർത്തിച്ച് ലഹരിക്കെതിരെ കുട്ടികളെ ബോധവത്ക്കരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതിനായി ഇടവക തലത്തിൽ ഒരു കർമസേനയെ രൂപീകരിക്കുന്നത് ഉചിതമായിരിക്കും.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോർജ് പനക്കേഴം**
**ഫാ. ജോർജ് തൈച്ചേരിൽ**
*(അസിസ്റ്റന്റ് ഡയറക്ടേഴ്സ്)*

**ഫാ. തോമസ് കുളത്തുങ്കൽ**
*(ഡയറക്ടർ)*

## കേന്ദ്രവാർത്തകൾ

### ചാസ് ഗ്രാമ ബസാർ ഉദ്ഘാടനം

കേരളാ ഗവൺമെന്റിന്റെ രണ്ടാം വാർഷികാഘോഷത്തിന്റെ ഭാഗമായി മുഖ്യ മന്ത്രി പ്രഖ്യാപിച്ച 100 ദിനകർമപരിപാടിയിൽ ഉൾപ്പെടുത്തി കാർഷികവികസന കർഷകക്ഷേമ വകുപ്പ് ചാസിന് അനുവദിച്ച കാർഷികോൽപ്പന്നങ്ങളുടെ പ്രീമിയം ഔട്ട്ലെറ്റ്–'ചാസ് ഗ്രാമബസാർ' ന്റെ ആശീർവാദകർമം 2023 മെയ് 25 ന് അതി രൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടവും ചങ്ങനാശേരി എം. എൽ.എ. അഡ്വ. ജോബ് മൈക്കിൾ ഉദ്ഘാടനവും നിർവഹിച്ചു. കോട്ടയം പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ ഗീത വർഗീസ്, ചങ്ങനാശേരി മുനി സിപ്പൽ വൈസ് ചെയർമാൻ ബെന്നി പുതുപ്പറമ്പിലിന് ഉൽപ്പന്നങ്ങൾ നൽകി ആദ്യവിൽപ്പന നടത്തി. ചാസ് പ്രസിഡന്റും വികാരി ജനറാളുമായ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, കൃഷി അസി. ഡയറക്ടർ അനീന സൂസൻ സ്കറിയ, ചങ്ങനാശേരി കൃഷി ഓഫീസർ ബിജു പി. എന്നിവർ ആശംസയർപ്പിച്ച് സംസാരിച്ചു. ചാസ് അസി. ഡയറക്ടർമാരായ ഫാ. ജോർജ് പനക്കേഴം, ഫാ. ജോർജ് തൈച്ചേരിൽ, പ്രോഗ്രാം ഓഫീസർ ജോബി മാത്യു, ബേബി ജോസഫ് എന്നിവർ നേതൃത്വം നൽകി. കർഷകരിൽനിന്നും സ്വാശ്രയസംഘങ്ങളിൽനിന്നും നേരിട്ടു സമാഹരിക്കുന്ന വിഷരഹിത കാർഷികോൽപ്പന്നങ്ങളും മറ്റു നിത്യോപയോഗ സാധനങ്ങളും ഇടനിലക്കാരെ ഒഴിവാക്കി മിതമായ വിലയ്ക്കു ലഭ്യമാക്കിവരുന്നു.

### ഇടയസന്ദർശനം

അതിരൂപതയുടെ അഭി. മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം പിതാവും അതിരൂപതാ വികാരി ജനറാളും ചാസ് പ്രസിഡന്റുമായ പെരി. ബഹു. ജോസഫ് വാണിയപ്പുരയ്ക്കലച്ചനും ചാസ് കേന്ദ്രഓഫീസ് സന്ദർശിച്ച് ഡയറക്ടർമാരും സ്റ്റാഫ് അംഗങ്ങളുമായി ചാസിന്റെ പ്രവർത്തനങ്ങൾ വില യിരുത്തുകയും ക്ഷേമാന്വേഷണങ്ങൾ നടത്തുകയും ചെയ്തു. 2023 മെയ് 31 ന് ഉച്ചകഴിഞ്ഞ് 2.30 മുതൽ 5 മണിവരെയായിരുന്നു സന്ദർശനം. ചാസ് കേന്ദ്ര ഓഫീസ്, ഖാദി ഗ്രാമവ്യവസായമേഖല, കോപ്ടാക്, ഡിഅഡിക്ഷൻ തുടങ്ങി എല്ലാ മേഖലകളിലെയും പ്രവർത്തനങ്ങൾ ചോദിച്ചറിഞ്ഞ പിതാവ് ചാസ് സഭ യുടെ കാരുണ്യത്തിന്റെ മുഖമാണെന്ന് ഉദ്ബോധിപ്പിച്ചു. ചാസിനോടു സഹ കരിച്ചു പ്രവർത്തിക്കുന്നവരെ അഭി. പിതാവ് അഭിനന്ദിക്കുകയും തുടർപ്രവർ ത്തനങ്ങളിൽ അതിരൂപതയുടെ എല്ലാ സഹായസഹകരണങ്ങളും വാഗ്ദാനം ചെയ്യുകയും ചെയ്തു.

### സോഷ്യൽവർക്ക് വിദ്യാർത്ഥികൾക്ക് ഓറിയന്റേഷൻ

BCM കോളേജ് കോട്ടയം, സെന്റ് ജോസഫ് കോളേജ് ബാംഗളൂർ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് കളമശ്ശേരി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജുമെന്റ് റോത്താക്ക് ഹരിയാന, മാർസ്ലീവാ കോളേജ് ഓഫ് ആർ ട്ട്സ് & സയൻസ് ഇടുക്കി, മോണ്ട്ഫോർട്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് ബാംഗളൂർ, മലങ്കര കാത്തലിക് കോളേജ് കന്യാകുമാരി, ക്രൈസ്റ്റ്

കോളേജ് ബാംഗളൂർ എന്നിവിടങ്ങളിൽനിന്നും വന്ന MSW, B.Com, BBA, MBA, LLB വിദ്യാർത്ഥികൾക്കു ജൂൺ 1, 9 തീയതികളിൽ ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ, പ്രോഗ്രാം ഓഫീസർ ജോബി മാത്യു, പ്രൊജക്റ്റ് ഓഫീസർ സി. സെൽമ SRA എന്നിവർ ക്ലാസുകൾ നയിച്ചു.

**മേഖലാ PME**

ചാസ് യൂണിറ്റുതലപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും കണക്കുകളും റിപ്പോർട്ടുകളും അവതരിപ്പിച്ച് വേണ്ട തിരുത്തലുകളും സമയബന്ധിതമായ ഇടപെടലുകളും നടത്തുന്നതിനും ഭാവിപരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും മേഖലാ PME കൾ സംഘടിപ്പിച്ചുവരുന്നു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഓഫീസർ ജോബി മാത്യു, അതാത് മേഖലകളുടെ കോർഡിനേറ്റേഴ്സ്, യൂണിറ്റ്, മേഖലാ ഭാരവാഹികൾ എന്നിവരുമായി ചർച്ച നടത്തി.

| ***തീയതി*** | ***മേഖല*** |
|---|---|
| 18.06.2023 | ചമ്പക്കുളം, പുളിങ്കുന്ന് |
| 19.06.2023 | ആലപ്പുഴ |

**ആന്റി നാർക്കോട്ടിക് ദിനാചരണം**

ചാസ് യൂണിറ്റുകൾ, സ്കൂളുകൾ, നാൽക്കവലകൾ, ബസ് സ്റ്റാന്റ് എന്നിവിടങ്ങളിൽ ആന്റി നാർക്കോട്ടിക് ദിനാചരണഭാഗമായി ജൂൺ 1 മുതൽ 24 വരെ മദ്യവിരുദ്ധ ബോധവത്ക്കരണക്ലാസ്, തെരുവ് നാടകം, മൂകാഭിനയം, ഒപ്പ് ശേഖരണം, ലഹരി വിരുദ്ധസന്ദേശം എന്നിവ സംഘടിപ്പിച്ചു.

| ***തീയതി*** | ***സ്ഥലം*** |
|---|---|
| ജൂൺ 01 | വടക്കേക്കര, കുന്നേപ്പടി |
| ജൂൺ 13 | സെന്റ് തെരേസാസ്, വാഴപ്പള്ളി PTA |
| ജൂൺ 14 | സെന്റ് തെരേസാസ്, വാഴപ്പള്ളി |
| ജൂൺ 14 | മല്ലപ്പള്ളി ഖാദിഭവൻ |
| ജൂൺ 15 | പായിപ്പാട് ലൂർദുമാതാ ചർച്ച് SHG |
| ജൂൺ 16 | ഫാത്തിമ മാതാ ചർച്ച്, ഫാത്തിമാപുരം |
| ജൂൺ 17 | ചാസ് കേന്ദ്ര ഓഫീസ്-ഓട്ടോ-ടാക്സി ഡ്രൈവേഴ്സ് |
| ജൂൺ 17 | വള്ളംചിറ SHG, മണിമല SHG |
| ജൂൺ 19 | പോപ്പേസ് സ്കൂൾ, കറ്റാനം-റാലി |
| ജൂൺ 19 | എടത്വാ ടൗൺ ജംഗ്ഷൻ, മുട്ടാർ സെന്റ് ജോർജ് ചർച്ച്, തകഴി ടൗൺ ജംഗ്ഷൻ, കൈനടി സ്കൂൾ, കൈനടി ബസ് സ്റ്റാന്റ്, ചാലച്ചിറ, കിടങ്ങറ ജംഗ്ഷൻ |
| ജൂൺ 20 | സെന്റ് തോമസ് ഹോസ്പിറ്റൽ കറ്റാനം, വെട്ടികോട്, ചാരംമൂട്, ചെങ്ങന്നൂർ KSRTC ബസ് സ്റ്റാന്റ് |

ജൂൺ 23 തോട്ടയ്ക്കാട് SHG
ജൂൺ 23 കറ്റാനം- ICDS Leaders, പുന്നപ്രാ കാർമൽ പോളിടെക്നിക്
ജൂൺ 24 ചെത്തിപ്പുഴ SHG, ളായിക്കാട് SHG

**പരിസ്ഥിതി ദിനാചരണം**

ചാസ് കേന്ദ്രഓഫീസിന്റെ ആഭിമുഖ്യത്തിൽ ചാസ്, കോപ്ടാക് സ്റ്റാഫ് അംഗങ്ങളെ ഉൾപ്പെടുത്തി ജൂൺ 5 ന് ചാസ് അങ്കണത്തിൽ പരിസ്ഥിതിദിനാചരണം സംഘടിപ്പിച്ചു. ചാസിന്റെ പരിസരവും ഓഫീസും വൃത്തിയാക്കുകയും ഓഫീസ് പരിസരത്തു വൃക്ഷതൈകൾ നടുകയും ചെയ്തു. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ പരിസ്ഥിതിദിന സന്ദേശം നൽകി. അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ, പ്രോഗ്രാം ഓഫീസർ ജോബി മാത്യു, സ്റ്റാഫ് സെക്രട്ടറി സജി ഷാജി എന്നിവർ പ്രസംഗിച്ചു. അസംപ്ഷൻ കോളേജിലെ സോഷ്യൽവർക്ക് വിദ്യാർത്ഥികൾ പരിസ്ഥിതിദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഫ്ളാഷ് മോബ് അവതരിപ്പിച്ചു.

**പോസ്റ്റർ രചന**

'ലഹരിവിപത്തിനെ പ്രതിരോധിക്കേണ്ട ആവശ്യകത' എന്ന വിഷയത്തെ ആസ്പദമാക്കി സ്കൂൾ കുട്ടികൾക്കായി ജൂൺ 21 ന് പോസ്റ്റർ രചനാ മത്സരം ചങ്ങനാശേരി സെന്റ് ആൻസ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ സംഘടിപ്പിച്ചു. 150 ൽപ്പരം വിദ്യാർത്ഥിനികൾ പങ്കെടുത്തു. ഹെഡ്മിസ്ട്രസ് സി. ബ്ലസിയാ FCC, SLCA ഫീൽഡ് കോർഡിനേറ്റർ കാർമൽ ജോബി മാത്യു എന്നിവർ നേതൃത്വം നൽകി.

## ചാസ് സാമൂഹ്യസുരക്ഷാ സഹായപദ്ധതി

ചാസിന്റെ സാമൂഹ്യസുരക്ഷാ സഹായപദ്ധതികൾ വഴി 2023 ജൂൺ മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

1) **SHG മരണാനന്തര സഹായം** (ഒരു കുടുംബത്തിന് 10,000/-രൂപ അനുവദിച്ചു)

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 626. അന്നമ്മ ഫിലിപ്പോസ് | മേരിമാത | പച്ച | എടത്വാ |

2) **മ്യൂച്വൽ ബനഫിറ്റ് സ്കീം MBS** (ഒരു കുടുംബത്തിന് 10,000/-രൂപ മരണാനന്തര സഹായം അനുവദിച്ചു)

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 883. ജോർജി അലക്സ്, ആറ്റുപുറം | മുട്ടാർ ഓൾഡ് | എടത്വാ |

## മേഖലാ വാർത്തകൾ

**സ്വാശ്രയ സംഘരൂപീകരണം**

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 31.05.2023 | മുഹമ്മ | യുവധാര | 11 |
| 14.06.2023 | കൈനകരി | അഭയം | 17 |

## തയ്യൽ യൂണിറ്റുകൾ

ചാസും നബാർഡും കേരളാ സോഷ്യൽസർവീസ് ഫോറവുമായി സഹ കരിച്ച് പത്തനംതിട്ട ജില്ലയിലെ കുളത്തൂർ യൂണിറ്റിൽ സംഘടിപ്പിച്ചുവന്ന തയ്യൽ പരിശീലനത്തിന്റെ തുടക്കമായി മെയ് 26, 29 തീയതികളിൽ രണ്ട് സ്വയം തൊഴിൽ സംരംഭകത്വ യൂണിറ്റുകൾ ആരംഭിച്ചു. KSSF ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ പരിശീലനാർത്ഥികൾക്കു സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

**കുളത്തൂർ:** തയ്യൽ പരിശീലനം പൂർത്തിയാക്കിയ 6 വനിതകൾ ചേർന്നു തുടക്കം കുറിച്ച 'ചെറുപുഷ്പം' തയ്യൽ യൂണിറ്റിന്റെ ഉദ്ഘാടനം ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കലിന്റെ അദ്ധ്യക്ഷതയിൽ ലീഡ് ബാങ്ക് മാനേജർ സിറിയക് തോമസ് നിർവഹിച്ചു. അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ, ഷൈനി വർഗീസ്, ജിറ്റു ജെ. തോമസ്, ടോണി സണ്ണി, വി.എം. ചാക്കോ, തോമസ് ജോസഫ് എന്നിവർ ആശംസയർപ്പിച്ചു.

**വായ്പൂര് ഓൾഡ്:** തയ്യൽ പരിശീലനം പൂർത്തിയാക്കിയ 6 വനിതകൾ ചേർന്ന് 'എയ്ഞ്ചൽ' തയ്യൽ യൂണിറ്റ് ആരംഭിച്ചു. KSSF ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. പ്രോഗ്രാം ഓഫീസർ ജിറ്റു ജെ. തോമസ്, മേഖലാ കോർഡിനേറ്റർ അൽഫോൻസ് വർഗീസ് എന്നിവർ ആശംസയർപ്പിച്ചു.

## എക്സിക്യൂട്ടിവ് സമിതി തെരഞ്ഞെടുപ്പ്

**ആര്യങ്കാവ്** യൂണിറ്റിൽ ചാസ് പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന്റെ ഭാഗമായി മെയ് 28 ന് പുതിയ എക്സിക്യൂട്ടിവ് സമിതിയെ തെരഞ്ഞെടുത്തു. യൂണിറ്റ് ഡയറക്ടർ ഫാ. ഫിലിപ്പ് തയ്യിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ചാസിന്റെ പ്രവർത്തനങ്ങളും എക്സിക്യൂട്ടിവ് സമിതിയുടെ ചുമതലകളും വിശദീകരിച്ചു. മേഖലാ കോർഡിനേറ്റർ ബേബി ജോസഫ് നേതൃത്വം നൽകി.

**നർബോനപുരം** യൂണിറ്റിന്റെ പ്രവർത്തനങ്ങൾ ശക്തീകരിക്കുന്നതിന്റെ ഭാഗമായി യൂണിറ്റ് ഡയറക്ടർ ഫാ. മാത്യു പുളിച്ചമാക്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പുതിയ എക്സിക്യൂട്ടിവ് സമിതിയെ തെരഞ്ഞെടുത്തു.

## കർഷകസംഗമം

കൂരോപ്പട ചാസ് ഹരിത ഫാർമേഴ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മെയ് 31 നു കർഷകസംഗമം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജോസ് പാറശ്ശേരിൽ അദ്ധ്യക്ഷതയും ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനവും നിർവഹിച്ചു. പങ്കെടുത്ത എല്ലാവർക്കും സൗജന്യമായി പച്ചക്കറിതൈ വിതരണം ചെയ്തു.

## കാർഷിക സെമിനാർ

കുറുമ്പനാടം യൂണിറ്റിന്റെ നേതൃത്വത്തിൽ പരിസ്ഥിതിദിനാചരണത്തിന്റെ ഭാഗമായി ജൂൺ 4 നു കാർഷിക സെമിനാർ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ചെറിയാൻ കറുകപ്പറമ്പിൽ അദ്ധ്യക്ഷതയും ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനവും നിർവഹിച്ചു. മാടപ്പള്ളി കൃഷി അസി.

ഡയറക്ടർ അനീന സൂസനാണ് ഇതു നയിച്ചത്. ഫാ. മാത്യു അഞ്ചിൽ, യൂണിറ്റ് സെക്രട്ടറി പ്രസാദ് ജേക്കബ്, തോമസ് ജെ. മാന്തറ എന്നിവർ പ്രസംഗിച്ചു.

### യൂണിറ്റ്-സ്വാശ്രയസംഘങ്ങളുടെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണം

ചാസ് യൂണിറ്റുകൾ, സ്വാശ്രയസംഘങ്ങൾ, ഫാർമേഴ്സ് ക്ലബ് എന്നിവയുടെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി പരിസ്ഥിതി ദിനസന്ദേശം, ബോധവത്ക്കരണക്ലാസ്, പരിസരശുചീകരണ പ്രവർത്തനങ്ങൾ, ഫലവൃക്ഷതൈ നടീൽ-വിതരണം, പച്ചക്കറിതൈ വിതരണം, ഫ്ളാഷ്മോബ് തുടങ്ങി പരിപാടികൾ ചാസ് കേന്ദ്രഓഫീസുമായി സഹകരിച്ച് നടപ്പിലാക്കി. യൂണിറ്റുകൾ നൽകിയ ഓർഡർ അനുസരിച്ച് കേന്ദ്രഓഫീസിൽനിന്നും രണ്ടായിരത്തിൽപ്പരം ഫലവൃക്ഷതൈകൾ വിതരണം ചെയ്യുകയും ചെയ്തു.

### ഹരിത ഫാർമേഴ്സ് ക്ലബ് വാർഷിക പൊതുയോഗം

കൊടുപ്പുന്ന ഹരിത ഫാർമേഴ്സ് ക്ലബിന്റെ വാർഷിക പൊതുയോഗം ജൂൺ 4 നു സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ അദ്ധ്യക്ഷതവഹിച്ചു. സെക്രട്ടറി റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി 45 കുടുംബങ്ങൾക്കു തെങ്ങിൻതൈ വിതരണം ചെയ്തു.

### സ്വാശ്രയസംഘസംഗമം

**കൊടുപ്പുന്ന** യൂണിറ്റിൽ ജൂൺ 4 നു സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ അദ്ധ്യക്ഷതവഹിച്ചു. പരിസ്ഥിതിസംരക്ഷണത്തെക്കുറിച്ച് മേഖലാ കോർഡിനേറ്റർ ആൻസി ലോനിച്ചൻ വിശദീകരിച്ചു.

**പച്ച-ചെക്കിടിക്കാട്** യൂണിറ്റിൽ ജൂൺ 13 നു സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് ചൂളപ്പറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. സ്വാശ്രയസംഘത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഫാ. സുബിൻ സ്കറിയ വിശദീകരിച്ചു. മേഖലാ കോർഡിനേറ്റർ ആൻസി ലോനിച്ചൻ നേതൃത്വം നൽകി.

**കായൽപ്പുറം** യൂണിറ്റിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘങ്ങളുടെ സംഗമം ജൂൺ 15 നു സംഘടിപ്പിച്ചു. സെക്രട്ടറി ചെറിയാൻ ജോസഫ് അദ്ധ്യക്ഷതവഹിച്ചു. സംഘങ്ങളുടെയും ജെ.എൽ.ജി.കളുടെയും പ്രവർത്തനങ്ങളെക്കുറിച്ച് ബിനു ജോസഫ് വിശദീകരിച്ചു. മേഖലാ കോർഡിനേറ്റർ ബൈജു സി. സേവ്യർ, മേഖലാ പ്രസിഡന്റ് ലാലിച്ചൻ മരിയാലയം, ആശ എന്നിവർ പ്രസംഗിച്ചു. 35 അംഗങ്ങൾ പങ്കെടുത്തു.

**മണ്ണഞ്ചേരി, മുഹമ്മ, പഴവങ്ങാടി** യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘങ്ങളുടെ സംഗമം ജൂൺ 16, 17, 20 തീയതികളിൽ സംഘടിപ്പിച്ചു. മേഖലാ കോർഡിനേറ്റർ ഡി. ജോസഫ് സംഘങ്ങളുടെ പ്രവർത്തനപുരോഗതി വിലയിരുത്തുകയും തുടർപ്രവർത്തനങ്ങൾക്കുവേണ്ട മാർഗനിർദേശം നൽകുകയും ചെയ്തു.

**വെളിയനാട്** സെന്റ് സേവ്യേഴ്സ് യൂണിറ്റിൽ ജൂൺ 18 നു സ്വാശ്രയസംഘ സംഗമം സംഘടിപ്പിച്ചു. യൂണിറ്റ് പ്രസിഡന്റ് ജോബ് കെ. മാത്യു അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ഇമ്മാനുവൽ നെല്ലുവേലി ഉദ്ഘാടനം ചെയ്തു. 'സ്വയം തൊഴിൽ സംരംഭം' എന്ന വിഷയത്തെ ആസ്പദമാക്കി ആൻസി ലോനിച്ചൻ ക്ലാസ് നയിച്ചു. മേഖലാ കോർഡിനേറ്റർ ബൈജു സി. സേവ്യർ നേതൃത്വം നൽകി.

### ആടുവളർത്തൽ പദ്ധതി

കൊണ്ടാക്കൽ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നിർദ്ധനരായ അംഗങ്ങളെ സഹായിക്കുന്നതിന്റെ ഭാഗമായി ആടുവളർത്തൽ പദ്ധതി ആരംഭിച്ചു. ആടിനെ ലഭിക്കുന്ന അംഗങ്ങൾ ഓരോ കുട്ടിയെ വീതം യൂണിറ്റിനെ തിരിച്ചേൽപ്പിച്ച് അടുത്ത അംഗത്തിനു കൈമാറുന്നതാണ് പദ്ധതി. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകുന്നു.

### കുട വിതരണം

ചമ്പക്കുളം, വൈശ്യംഭാഗം യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി ഓർഗനൈസർമാർക്ക് അവരുടെ സാമൂഹ്യപ്രവർത്തനത്തിനു പ്രോത്സാഹന മായി കുട വിതരണം ചെയ്തു.

■

# ജീവകാരുണ്യനിധി ട്രസ്റ്റ്

## കളർ എ ഹോം ഭവനനിർമാണപദ്ധതി

കളർ എ ഹോം ഭവനനിർമാണപദ്ധതിയിൽ 2022 ഡിസംബറിൽ ഇടവകകൾ സമാഹരിച്ച തുകയും 2023 ജൂൺ 21 വരെ അതിരൂപതാകേന്ദ്രത്തിൽ ലഭിച്ച തുകയും (40%)

| | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 186 | തിരുവല്ലം | 54051 | 21620 |
| 187 | കൊണ്ടാക്കൽ | 71800 | 43080 |
| 188 | പഴയേരൂർ | 4850 | 4850 |
| 189 | അഞ്ചൽ | 33800 | 13520 |
| 190 | ചുങ്കപ്പാറ | 40600 | 16240 |
| 191 | ചെങ്ങന്നൂർ | 10550 | 4250 |
| 192 | പള്ളിക്കുന്ന് | 46300 | 18520 |
| 193 | കാര്യവട്ടം | 47300 | 18920 |
| 194 | കിടങ്ങറ | 74650 | 29860 |
| 195 | പുതുശ്ശേരി - കല്ലൂപ്പാറ | 12350 | 4950 |
| 196 | പോങ്ങുംമ്മൂട് | 164250 | 65700 |
| 197 | ഫാത്തിമാപുരം | 140990 | 56396 |
| 198 | കിളിരൂർ | 49250 | 19700 |
| 199 | വടവാതൂർ | 159550 | 63820 |
| 200 | വാഴപ്പള്ളി വെസ്റ്റ് | 12900 | 5160 |
| 201 | തേക്കുപാറ | 9770 | 3910 |
| 202 | പാദുവാപുരം | 19000 | 7600 |
| 203 | എസ്.എൽ. പുരം | 14200 | 5680 |
| 204 | താഴത്തുവടകര | 28900 | 11560 |
| 205 | പൊങ്ങ | 48360 | 19350 |
| 206 | പൂന്തോപ്പ് | 211002 | 84400 |
| 207 | തെക്കേക്കര സെന്റ് ജോൺസ് | 50000 | 20000 |
| 208 | കാവാലം സെന്റ് തെരേസാസ് | 206480 | 82592 |
| 209 | വെട്ടിത്തുരുത്ത് | 14900 | 5960 |
| 210 | മങ്കൊമ്പ് | 30711 | 12500 |
| 211 | കൈനടി | 90765 | 36305 |
| 212 | കരവാളൂർ | 14600 | 5840 |

(തുടരും...)

# കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസപദ്ധതി

കളർ എ ഡ്രീം പദ്ധതിയിലേക്ക് 2023 മെയ് 23 മുതൽ 2023 ജൂൺ 21 വരെ വിവിധ ഇടവക/സംഘടനകളിൽനിന്നും ലഭിച്ച സംഭാവനകൾ

| | ഇടവക | തുക |
|---|---|---|
| 1. | ഫാത്തിമാ മാതാ ചർച്ച് - പള്ളിക്കൂട്ടുമ്മ | 100000 |
| 2. | സെന്റ് ജോസഫ്സ് ചർച്ച് - ഫിൽഗിരി | 100000 |
| 3. | സെന്റ് മേരീസ് ഫൊറോനാ ചർച്ച് - പുളിങ്കുന്ന് | 53000 |
| 4. | ഫാത്തിമാ മാതാ ചർച്ച് - നെടുമണ്ണി | 15000 |
| 5. | സെന്റ് മേരീസ് ചർച്ച് - ഇരവുചിറ | 14000 |
| 6. | സെന്റ് മേരീസ് ബസിലിക്ക - ചമ്പക്കുളം | 4500 |

■

# ദീപിക ഫ്രണ്ട്സ് ക്ലബ് (DFC)

ഈശോയിൽ പ്രിയ അച്ചന്മാരേ, സമർപ്പിതരേ, DFC പ്രവർത്തകരേ, കുടുംബ ക്കൂട്ടായ്മ ഭാരവാഹികളേ,

നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ദുക്റാനതിരുനാൾ ആശംസ കൾ സ്നേഹത്തോടെ നേരുന്നു. മാർതോമാശ്ലീഹായിൽനിന്നു നമുക്കു ലഭിച്ച മിശിഹായിലും സഭയിലുമുള്ള വിശ്വാസം അഭംഗുരം കാത്തുസൂക്ഷിക്കുവാനും പകർന്നു നൽകാനും നമുക്കു പരിശ്രമിക്കാം. വെല്ലുവിളികൾ നിറഞ്ഞ ഈ കാലഘട്ടത്തിൽ സഭയ്ക്കും സത്യത്തിനും നീതിക്കും മറ്റു ധാർമികമൂല്യങ്ങൾ ക്കുമായി നിലകൊള്ളുന്ന **ദീപിക**യുടെ പ്രചാരകരായി അഭിമാനപൂർവം നമുക്കു മുന്നേറാം. മാധ്യമപ്രേഷിതത്വത്തിലൂടെ ഈശോയ്ക്കു സാക്ഷ്യം വഹിക്കാം.

### അതിരൂപതാ / ഫൊറോനാസമിതി യൂണിറ്റ് സന്ദർശനങ്ങൾ

ഓരോ ഇടവകയിലും പ്രവർത്തിക്കുന്ന DFC യൂണിറ്റുകൾ അതിരൂപതാ ഡയ റക്ടർ/ഫൊറോനാ ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ *ജൂലൈ 9 ഞായർ* മുതൽ സന്ദർശനങ്ങൾ ആരംഭിക്കുകയാണ്. ഓരോ യൂണിറ്റും ശക്തിപ്പെടുത്തുക യെന്നതാണു ലക്ഷ്യം.

### ഡ്രീംലൈൻ പ്രൊജക്റ്റ് നടപ്പാക്കൽ

ദീപികയുടെ പ്രചരണാർത്ഥം ഓരോ ഫൊറോനായിലെയും തെരഞ്ഞെടുക്ക പ്പെടുന്ന 2 ഇടവകകൾ വീതം എങ്കിലും ഡ്രീംലൈൻ പ്രൊജക്റ്റ് നടപ്പാക്കാൻ DFC പ്രവർത്തകർ ഉത്സാഹിക്കേണ്ടതാണ്. ദീപിക എക്സിക്യുട്ടിവിന്റെ സഹ കരണത്തോടുകൂടിയാണ് പ്രൊജക്റ്റ് നടപ്പിലാക്കുന്നത്.

### അദ്ധ്യാപകരെയും അനധ്യാപകരെയും ദീപിക വരിക്കാരാക്കുന്ന പദ്ധതി

നമ്മുടെ അതിരൂപതയിലെ കലാലയങ്ങളിൽ അദ്ധ്യാപകരെയും അനധ്യാ പകരെയും ദീപിക വരിക്കാരാക്കുന്നതിനുള്ള പദ്ധതി ജൂലൈ-ആഗസ്റ്റ് മാസ ങ്ങളിൽ അതിരൂപതാസമിതിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നു.

സ്നേഹപൂർവം,

**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ഡയറക്ടർ)*
9447432531

**ആന്റണി തോമസ് മലയിൽ**
9446342561
**ആൻസി മാത്യു ചേന്നോത്ത്**
9447390669
*(പ്രസിഡന്റ്സ്)*

**സണ്ണി പുളിങ്കാലായിൽ**
9539125164
**പരിമൾ ആന്റണി അറയ്ക്കത്തറ**
9495393890
*(ജനറൽ സെക്രട്ടറീസ്)*

---

**ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താനാഗ്രഹിക്കുന്നവർ വിളിക്കുക**
**വർഗീസ് ഡൊമിനിക്- 9400390539, കോര സി. – 9495445827, വർക്കി ഇ.വി. – 9349599028, ജോജോ- 9847361030, അനൂപ് സെബാസ്റ്റ്യൻ- 9400751229**

# ആതുരശുശ്രൂഷാമേഖല

## സെന്റ് തോമസ് ഹോസ്പിറ്റൽ ചെത്തിപ്പുഴ

### ഡോ. എൻ. രാധാകൃഷ്ണൻ ഇന്റർനാഷണൽ സെന്റർ ഫോർ മെഡിക്കൽ ഇന്നവേഷൻ

മെഡിക്കൽ ഗവേഷണരംഗത്തു എം.ജി. സർവകലാശാലയുടെ സുപ്രധാന പദ്ധതിയായ 'ഡോ. എൻ. രാധാകൃഷ്ണൻ ഇന്റർനാഷണൽ സെന്റർ ഫോർ മെഡിക്കൽ ഇന്നവേഷൻ' ലോകപ്രശസ്ത വാസ്കുലാർ സർജനും ചങ്ങനാശേരി ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ മെഡിക്കൽ അഡ്മിനിസ്റ്റേറ്ററുമായ ഡോ. എൻ. രാധാകൃഷ്ണന്റെ നേതൃത്വത്തിലുള്ള 'ഡോ. എൻ. രാധാകൃഷ്ണൻ ഫൗണ്ടേഷൻ ഫോർ റിസേർച്ച് ഓൺ വീനസ് ഡിസീസസിന്റെ' സഹകരണത്തോടെ പ്രവർത്തനം ആരംഭിച്ചു.

### ആരോഗ്യരംഗത്തെ പ്രവർത്തനമികവിന് അംഗീകാരം

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ മെഡിക്കൽ ഉപകരണങ്ങൾ, ഉപയോഗവസ്തുക്കൾ എന്നിവ അണുവിമുക്തമാക്കുന്ന സെൻട്രൽ സ്റ്റെറൈൽ സർവീസസ് ഡിപ്പാർട്ട്മെന്റിനു (CSSD) കൺസോർഷ്യം ഓഫ് അക്രഡിറ്റഡ് ഹെൽത്ത് കെയർ ഓർഗനൈസേഷൻസിന്റെ (CAHO) അവേർനസ് കംപ്ലയൻസ് എക്സലൻസ് (ACE) സർട്ടിഫിക്കേഷൻ ലഭിച്ചു.

CSSD പ്രവർത്തനങ്ങളിൽ ഗുണനിലവാരത്തിന്റെയും സുരക്ഷയുടെയും നിലവാരം ഉയർത്തിപ്പിടിക്കുന്നതിനുള്ള പ്രതിബദ്ധതയുടെ തെളിവും ഈ മികച്ച ആരോഗ്യസംരക്ഷണം നൽകുന്നതിനുള്ള കഠിനാധ്വാനത്തിനും അർപ്പണബോധത്തിനുമുള്ള അംഗീകാരവുമാണിത്.

### സുഭിക്ഷം – ഓണക്കാലത്ത് വിഷരഹിത പച്ചക്കറി

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ നേതൃത്വത്തിൽ ലോകഭക്ഷ്യസുരക്ഷാദിനത്തോട് അനുബന്ധിച്ച് ഓണക്കാലത്ത് വിഷരഹിതവും സുരക്ഷിതവുമായ പച്ചക്കറികൾ ലഭിക്കുവാൻ ലക്ഷ്യമിട്ടുള്ള 'സുഭിക്ഷം' പദ്ധതിയുടെ ഉദ്ഘാടനവും സൗജന്യ പച്ചക്കറി വിത്തുവിതരണവും ചങ്ങനാശേരി എം.എൽ.എ. അഡ്വ. ജോബ് മൈക്കിൾ നിർവഹിച്ചു.

ആശുപത്രിയിലെ അഞ്ഞൂറോളം സ്റ്റാഫും വിദ്യാർഥികളും പങ്കെടുക്കുന്ന പച്ചക്കറികൃഷി മത്സരം സുരക്ഷിതമായ ഭക്ഷണം ദൈനദിനജീവിതത്തിന്റെ ഭാഗമാക്കുവാൻ ലക്ഷ്യമിട്ടുള്ളതാണ്. ജൈവ പച്ചക്കറി കൃഷിമത്സരം ഓണത്തിനു മുമ്പ് സമാപിക്കും. മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാ മത്സരാർഥികൾക്കും ഫാ. തോമസ് കുളത്തുങ്കൽ (ഡയറക്ടർ, ചാസ്) നയിച്ച ജൈവ പച്ചക്കറികൃഷി ക്ലാസ്സ് നൽകി.

### ലോക രക്തദാതാക്കളുടെ ദിനാചരണം – മെഗാ രക്തദാനക്യാമ്പ്

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ നേതൃത്വത്തിൽ റേഡിയോ മീഡിയാ വില്ലേജിന്റെയും കുരിശുമ്മൂട് സെന്റ് ജോസഫ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷന്റെയും സംയുക്തസഹകരണത്തോടെ ലോകരക്തദാതാക്കളുടെ

ദിനം വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. ഹോസ്പിറ്റൽ എക്സി. ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് ഉദ്ഘാടനം നിർവഹിച്ച യോഗത്തിൽ സെന്റ് ജോസഫ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷൻ എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. ദേവസ്യാ പുതുപ്പറമ്പ് അദ്ധ്യക്ഷത വഹിച്ചു.

ദിനാചരണപരിപാടിയുടെ ഭാഗമായി മെഗാ രക്തദാനക്യാമ്പ് സംഘടിപ്പിക്കുകയും പത്തു തവണയിലധികം ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ രക്തം ദാനം ചെയ്ത ദാതാക്കളെ യോഗത്തിൽ ആദരിക്കുകയും ചെയ്തു. ബ്ലഡ് ഡോണേഴ്സ് കേരളാ വോളന്റിയേഴ്സ്, കുരിശുമ്മൂട് സെന്റ് ജോസഫ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷനിലെയും ചങ്ങനാശേരി എസ്.ബി. കോളേജിലെയും വിദ്യാർഥികൾ, എൻ.എസ്.എസ്. വോളന്റിയേഴ്സ്, മറ്റു സന്നദ്ധ ദാതാക്കൾ എന്നിവർ ക്യാമ്പിൽ പങ്കെടുത്തു.

**സൗജന്യ നെഫ്രോളജി മെഡിക്കൽ ക്യാമ്പ്**

ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ നെഫ്രോളജി & റീനൽ ട്രാൻസ്പ്ലാന്റേഷൻ ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ സൗജന്യ നെഫ്രോളജി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ചെത്തിപ്പുഴ ക്രിസ്തുജ്യോതി ഗ്രൂപ്പ് ഓഫ് എജ്യുക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻ മാനേജറും ആശ്രമാധിപനുമായ ഫാ. തോമസ് കല്ലുകളം CMI ക്യാമ്പ് ഉദ്ഘാടനം ചെയ്തു. നെഫ്രോളജി & റീനൽ ട്രാൻസ്പ്ലാന്റേഷൻ വിഭാഗത്തിൽ പ്രഗത്ഭരായ ഡോ. ഹരീഷ് കെ. ജി., ഡോ. ശബരിനാഥ് സി., ഡോ. ലെനികുമാർ ജോസഫ് എന്നിവർ നേതൃത്വം നൽകി. മെഡിക്കൽ ക്യാമ്പ് ജൂൺ 17 നു സമാപിച്ചു. ക്യാമ്പിൽ കൺസൾട്ടേഷൻ സൗജന്യമായിരുന്നു. ലാബ് സേവനങ്ങൾക്കും റേഡിയോളജി സേവനങ്ങൾക്കും 25% ഡിസ്കൗണ്ട് നൽകി. ആശുപത്രിയുടെ 70-ാം വാർഷികത്തിന്റെ ഭാഗമായി 300 രൂപയ്ക്കു ഡയാലിസിസ് ചെയ്യുന്ന 'ആർദ്രം' പദ്ധതി നിലവിലുണ്ട്.

**ഡ്രീം ബിഗ് - കുട്ടികൾക്കുള്ള ഗൈഡൻസ് പ്രോഗ്രാം**

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ സ്റ്റാഫിന്റെ കുട്ടികൾക്കായി പഠനത്തിലും പാഠ്യേതരവിഷയങ്ങളിലും മികവുതെളിയിക്കാൻ പ്രാപ്തരാക്കുന്ന ഗൈഡൻസ് പ്രോഗ്രാം 'ഡ്രീം ബിഗ്' സംഘടിപ്പിച്ചു. മുൻ വത്തിക്കാൻ സ്ഥാനപതി ആർച്ചുബിഷപ് മാർ ജോർജ് കോച്ചേരി ഉദ്ഘാടനം ചെയ്തു. പരിപാടിയുടെ ഭാഗമായി മോട്ടിവേഷൻ ക്ലാസ്, ഗെയിംസ്, സമ്മാനങ്ങൾ എന്നിവ ക്രമീകരിച്ചിരുന്നു. ക്ലാസ് 1 മുതൽ 5 വരെയും ക്ലാസ് 6 മുതൽ 10 വരെയും രണ്ട് വിഭാഗങ്ങളിലായി സംഘടിപ്പിച്ച പരിപാടികൾക്ക് റോബിൻ രാജു (സോഫ്റ്റ് സ്കിൽ & കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനർ), ജോകേഷ് കെ. വർഗീസ് (എച്ച്. ആർ. ട്രെയിനർ) എന്നിവർ നേതൃത്വം നൽകി.

**ഫാ. ജയിംസ് പി. കുന്നത്ത്**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

**ഫാ. മാർട്ടിൻ മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. തോമസ് പുതിയിടം**
*(അസോസിയേറ്റ് ഡയറക്ടേഴ്സ്)*

## സഹൃദയ ഹോസ്പിറ്റൽ ആലപ്പുഴ

### മാതൃദിന ആഘോഷം

അന്താരാഷ്ട്ര മാതൃദിനത്തോടനുബന്ധിച്ച് ആലപ്പുഴ സഹൃദയ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ മാതൃദിന ഫോട്ടോ കോണ്ടസ്റ്റ് 'സഫലമീ ജീവിതം' നടത്തി. സഹൃദയ ഹോസ്പിറ്റലിന്റെ ഒഫീഷ്യൽ ഇൻസ്റ്റഗ്രാം പേജിൽ നടത്തിയ ഫോട്ടോ കോണ്ടെസ്റ്റിൽ പങ്കെടുത്ത ഇരുപത്തിയഞ്ചോളം പേരിൽ നിന്നായി ഏറ്റവും കൂടുതൽ ലൈക്ക് കരസ്ഥമാക്കിയ മൂന്നുപേരെ വിജയികളായി തിരഞ്ഞെടുത്തു. മാതൃദിനത്തോടനുബന്ധിച്ച് അമ്മമാർക്കുള്ള പ്രത്യേക മെഡിക്കൽ ചെക്കപ്പ് പാക്കേജുകളും ഒരുക്കി.

### ലോകപുകയിലവിരുദ്ധദിനാചരണം

ലോകപുകയിലവിരുദ്ധദിനത്തോട് അനുബന്ധിച്ച് ആലപ്പുഴ സഹൃദയ ഹോസ്പിറ്റലിൽ വീഡിയോ പ്രസന്റേഷനും ബോധവത്ക്കരണ ക്ലാസ്സും സംഘടിപ്പിച്ചു. പുകയില ഉപേക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ആശുപത്രിയുടെ ജനറൽ മെഡിസിൻ വിഭാഗം ഡോ. ഗോവിന്ദ് അവബോധം നൽകുകയും ആരോഗ്യകരമായ ജീവിതം നയിക്കാൻ ഭക്ഷണമാണ് വേണ്ടതു പുകയിലയല്ലായെന്ന വീഡിയോസന്ദേശം ആശുപത്രിയുടെ റിസപ്ഷൻ ഏരിയയിൽ പ്രദർശിപ്പിക്കുകയും ചെയ്തു. ശ്വാസകോശത്തെയും ശ്വസനവ്യവസ്ഥയെയും ബാധിക്കുന്ന വിപത്താണ് പുകവലിയെന്നും പുകയിലയുടെ ഉപയോഗം ആരോഗ്യത്തെ ബാധിക്കുകയും നിരവധിയായ അസുഖങ്ങൾക്കു കാരണമാവുകയും ചെയ്യുമെന്നും ഡോ. ഗോവിന്ദ് പറഞ്ഞു.

### ലോകപരിസ്ഥിതിദിനാചരണം

ലോകപരിസ്ഥിതിദിനത്തിന്റെ ഭാഗമായി ആലപ്പുഴ സഹൃദയ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ ക്യാപ്ഷൻ കോണ്ടെസ്റ്റ് സംഘടിപ്പിച്ചു. സഹൃദയ ഹോസ്പിറ്റലിന്റെ ഒഫീഷ്യൽ ഇൻസ്റ്റഗ്രാം പേജിലൂടെ നടത്തിയ മത്സരത്തിൽ നിരവധി പേർ പങ്കെടുക്കുകയും കമന്റിനു ലഭിച്ച ലൈക്കുകളുടെ അടിസ്ഥാനത്തിൽ അനൽ വി. നായർ സമ്മാനാർഹനാവുകയും ചെയ്തു.

### സ്റ്റാഫ് ഡൈനിങ് ഹാൾ ആശീർവാദകർമം

ആലപ്പുഴ സഹൃദയ ഹോസ്പിറ്റൽ സ്റ്റാഫിനായി നിർമിച്ച ഡൈനിങ് ഹാളിന്റെ ആശീർവാദകർമം എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ നിർവഹിച്ചു. അസി. ഡയറക്ടർ ഫാ. ആന്റോ ആന്റണി പെരുമ്പള്ളിത്തറ, ഡിപ്പാർട്ടുമെന്റ് ഇൻചാർജുമാർ, മെഡിക്കൽ ആൻഡ് പാരാമെഡിക്കൽ സ്റ്റാഫ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

### ഹോസ്പിറ്റൽ ദിനം-തിരുഹൃദയ തിരുനാൾ ആഘോഷങ്ങൾ

56 വർഷം ആതുരസേവനരംഗത്തു ചുവടുകൾ ഉറപ്പിച്ച് മുമ്പോട്ടു കുതിക്കുന്ന സഹൃദയ ഹോസ്പിറ്റൽ ദിനവും തിരുഹൃദയ തിരുനാളും ആചരിച്ചു. ആചാരണത്തിന്റെ ഭാഗമായി വി. കുർബാനയും വെഞ്ചരിപ്പുകർമവും നടത്തി. സഹൃദയ എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ മുഖ്യകാർമികത്വം

വഹിച്ചു. തത്തംപള്ളി സെന്റ് മൈക്കിൾസ് പള്ളി വികാരി ഫാ. ജോസഫ് പുതുപ്പറമ്പിൽ, അസി. വികാരി ഫാ. വർഗീസ് നമ്പിശ്ശേരികളം, ഹോസ്പിറ്റൽ അസി. ഡയറക്ടർ ഫാ. ആന്റോ ആന്റണി പെരുമ്പള്ളിത്തറ, മെഡിക്കൽ, പാരാ മെഡിക്കൽ, നോൺ മെഡിക്കൽ സ്റ്റാഫ് അംഗങ്ങൾ എന്നിവർ പങ്കുചേർന്നു.

**ലാമിനാർ ഫ്ളോയോടുകൂടിയ ഓപ്പറേഷൻ തീയറ്റർ ആശീർവാദകർമം**

ആലപ്പുഴ സഹൃദയ ഹോസ്പിറ്റലിൽ ലാമിനാർ ഫ്ളോയോടുകൂടിയ ആറാമത്തെ ഓപ്പറേഷൻ തിയറ്ററിന്റെ ആശീർവാദകർമം തത്തംപള്ളി സെന്റ് മൈക്കിൾസ് പള്ളി വികാരി ഫാ. ജോസഫ് പുതുപ്പറമ്പിൽ ജൂൺ 16 നു നിർവ ഹിച്ചു. അസി. വികാരി ഫാ. വർഗീസ് നമ്പിശ്ശേരികളം, ഹോസ്പിറ്റൽ എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ, അസി. ഡയറക്ടർ ഫാ. ആന്റോ ആന്റണി പെരുമ്പള്ളിത്തറ, മെഡിക്കൽ, പാരാമെഡിക്കൽ, നോൺ മെഡിക്കൽ സ്റ്റാഫ് അംഗങ്ങൾ എന്നിവർ പങ്കുചേർന്നു.

**പിതൃദിന ആഘോഷം**

അന്താരാഷ്ട്ര പിതൃദിനത്തോടനുബന്ധിച്ച് ആലപ്പുഴ സഹൃദയ ഹോസ് പിറ്റലിന്റെ നേതൃത്വത്തിൽ പിതൃദിന ഫോട്ടോ കോണ്ടസ്റ്റ് നടത്തി. സഹൃ ദയ ഹോസ്പിറ്റലിന്റെ ഒഫീഷ്യൽ ഇൻസ്റ്റഗ്രാം പേജിൽ നടത്തിയ ഫോട്ടോ കോണ്ടെസ്റ്റിൽ പങ്കെടുത്ത ഇരുപത്തിയഞ്ചോളം പേരിൽ നിന്നായി ഏറ്റവും കൂടുതൽ ലൈക്ക് കരസ്ഥമാക്കിയ മൂന്നുപേരെ വിജയികളായി തിരഞ്ഞെ ടുത്തു.

**മെഡിക്കൽ ക്യാമ്പ്**

ആലപ്പുഴ സഹൃദയ ആശുപത്രിയുടെയും യുവജ്യോതി കെ.സി.വൈ.എം. സെന്റ് വിൻസെന്റ് പള്ളോട്ടി ചർച്ച് യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. സഹൃദയ ഹോസ്പിറ്റൽ എക്സി. ഡയ റക്ടർ ഫാ. തോമസ് മാളിയേക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. സെന്റ് വിൻസെന്റ് പള്ളോട്ടി ചർച്ച് കെ.സി.വൈ.എം. യൂണിറ്റ് പ്രസിഡന്റ് ഷാനു സൈമൺ അധ്യക്ഷത വഹിച്ച യോഗത്തിൽ വികാരി ഫാ. ആന്റണി കൈതപറമ്പിൽ സ്വാഗതവും ആനിമേറ്റർ സി. എലിസബത്ത് കൈക്കൂട്ടയിൽ, സഹൃദയ അസി. ഡയറക്ടർ ഫാ. ആന്റോ ആന്റണി പെരുമ്പള്ളിത്തറ എന്നി വർ ആശംസയർപ്പിക്കുകയും ചെയ്തു. ആശുപത്രിയുടെ ജനറൽ മെഡിസിൻ വിഭാഗം ഡോ. ഗോവിന്ദ്, ഓർത്തോപീഡിക് വിഭാഗം ഡോ. ശിവസുബ്രഹ്മ ണ്യൻ, ഇ.എൻ.ടി. വിഭാഗം ഡോ. പ്രശാന്ത് എന്നിവർ ക്യാമ്പിനു നേതൃത്വം നൽകി. പി.എഫ്.ടി., ജി.ആർ.ബി.എസ്. എന്നീ ടെസ്റ്റുകളും സൗജന്യ മരുന്നു വിതരണവും ക്രമീകരിച്ചു.

**ഫാ. ആന്റോ ആന്റണി പെരുമ്പള്ളിത്തറ**
*(അസിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. തോമസ് മാളിയേക്കൽ**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

■

# പ്രവാസി അപ്പോസ്തലേറ്റ്

പ്രവാസി അപ്പോസ്തലേറ്റിൽനിന്നും പ്രാർത്ഥനാശംസകൾ!!!

ഈശോയിൽ ഏറ്റം സ്നേഹമുള്ള പ്രവാസിസഹോദരങ്ങളേ,

പ്രവാസി അപ്പോസ്തലേറ്റിന്റെ 7-ാമതു വാർഷികവും കുടുംബസംഗമവും *ജൂലൈ 29 ശനിയാഴ്ച രാവിലെ 9.30 മുതൽ 1 മണിവരെ* ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയ ഓഡിറ്റോറിയത്തിൽ സമുചിതമായി ആഘോഷിക്കുകയാണ്. ഈ സംഗമത്തിന്റെ ഉദ്ഘാടനം ബഹു. ഗോവാ ഗവർണർ അഡ്വ. പി.എസ്. ശ്രീധരൻപിള്ള നിർവഹിക്കും. അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം അധ്യക്ഷത വഹിക്കുന്ന ഈ ചടങ്ങിന്റെ മുഖ്യാതിഥി സീറോമലബാർസഭ കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ ആയിരിക്കും.

വാർഷികാഘോഷത്തിന്റെ ഭാഗമായി വിവിധ കമ്മിറ്റി കൺവീനേഴ്സിന്റെയും എക്സിക്യുട്ടിവ് കമ്മിറ്റി അംഗങ്ങളുടെയും സാന്നിധ്യത്തിൽ നടന്ന ഓൺലൈൻ മീറ്റിംഗിൽ പബ്ലിസിറ്റി ടീം നിർമിച്ച 'ലോഗോ' അതിരൂപതാ ഡയറക്ടർ ഔദ്യോഗികമായി പ്രകാശനം ചെയ്തു. ഫാ. മാത്യു മാറാട്ടുകളം, വിവിധ കമ്മിറ്റികളുടെ കൺവീനേഴ്സായ രാജേഷ് കൂത്രപ്പള്ളി, ജോബിൻ തോമസ്, ജയിൻ വർഗീസ്, ജിറ്റോ ജയിംസ്, ബിജു മട്ടാഞ്ചേരി, സജീവ് ചക്കാലയ്ക്കൽ, ലിറ്റി വർഗീസ്, ജോസഫ് വി.എം. എന്നിവർ ആശംസകൾ നേർന്നു. സിബി വാണിയപ്പുരയ്ക്കൽ സ്വാഗതവും ലൈസാമ്മ ജോസ് കളരിക്കൽ കൃതജ്ഞതയും അർപ്പിച്ചു. വിവിധ കമ്മിറ്റികൾ രൂപീകരിച്ച് പ്രവാസിസംഗമത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചതായി പ്രോഗ്രാം കൺവീനർമാരായ ഗ്ലോബൽ കോർഡിനേറ്റർ ജോ കാവാലവും സെൻട്രൽ കോർഡിനേറ്റർ സിബി വാണിയപ്പുരയ്ക്കലും അറിയിച്ചു.

പ്രവാസി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന സെന്റ് ജോസഫ് ഓൺലൈൻ വിശ്വാസപരിശീലനത്തിന്റെ 2023-2024 അധ്യയനവർഷ ഉദ്ഘാടനം അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് നിർവഹിച്ചു.

**ആവേ മരിയ ഹോളിഡേയ്സ്**

സെപ്റ്റംബർ 19 നു നടത്തുന്ന യൂറോപ്യൻ യാത്രയുടെ ബുക്കിംഗ് അവസാനിച്ചു. നവംബർ മാസം നടത്തുന്ന വിശുദ്ധനാട് തീർത്ഥാടനത്തിന്റെ ബുക്കിംഗ് ആരംഭിച്ചു.

**ഫാ. മാത്യു മാറാട്ടുകളം**
*(അസിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പുതുവീട്ടിൽക്കളം**
*(ഡയറക്ടർ)*

NB: **ഓഫീസ് സമയം രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെ**
**വിളിക്കേണ്ട നമ്പർ 9207470117, 8089920614 (നോർക്ക ഹെൽപ്പ് ഡസ്ക്)**
**ആവേ മരിയ ഹോളിഡേയ്സ്: 9207777092**

# കേരള ലേബർ മൂവ്മെന്റ് (KLM)

ഈശോയിൽ പ്രിയപ്പെട്ടരേ,

കാലഘട്ടത്തിനനുസൃതമായി തൊഴിൽമേഖല മാറിക്കൊണ്ടിരിക്കുകയാണ്. നൂതനമായ തൊഴിൽമേഖല കണ്ടെത്തുന്നതിൽ കാലതാമസം ഉണ്ടാകുവാൻ പാടില്ല. പ്രത്യേകിച്ച് നമ്മുടെ യുവജനങ്ങളെ ഇക്കാര്യത്തിൽ നാം പ്രാപ്തരാക്കേണ്ടതുണ്ട്. 20 പേരുള്ള നമ്മുടെ സംഘങ്ങൾക്ക് ഇക്കാര്യത്തിൽ ഒരു വലിയ മുന്നേറ്റം സൃഷ്ടിക്കുവാൻ കഴിയും. പരസ്പരധാരണയോടെ ഉണർന്നു പ്രവർത്തിച്ചാൽ തൊഴിൽസംരംഭങ്ങൾവഴി ഇക്കാര്യത്തിൽ വിസ്മയങ്ങൾ തീർക്കാൻ നമുക്കാക്കും. തൊഴിൽരഹിതർക്കു തൊഴിലേകാനും ഏവർക്കും സാമ്പത്തിക സുസ്ഥിതി കൈവരിക്കാനും നല്ല സംരംഭങ്ങൾ വഴിതെളിക്കും. എല്ലാവർക്കും ദൈവകൃപ സമൃദ്ധമാകട്ടെയെന്നു പ്രാർത്ഥിക്കുന്നു.

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേകളം**
*(ഡയറക്ടർ)*

### വിജയികൾക്ക് അനുമോദനങ്ങൾ

പത്താം ക്ലാസിലും പ്ലസ്ടുവിലും ഫുൾ എ പ്ലസ് നേടിയ KLM പ്രവർത്തകരുടെ മക്കൾക്ക് അഭിനന്ദനങ്ങൾ. ഇവരെ അനുമോദിക്കുന്നതിനായി പേരുവിവരങ്ങൾ ഓഫീസിൽ എത്രയും വേഗം നൽകുക.

### ഫൊറോനാ നേതൃസമ്മേളനം

തുരുത്തി ഫൊറോനയിലെ KLM നേതൃസംഗമം ജൂൺ 4 നു നടത്തപ്പെട്ടു. മീറ്റിംഗിൽ സംഘടനയുടെ വരുംകാല പ്രവർത്തനങ്ങൾ തീരുമാനിച്ചു. സമ്മേളനത്തിൽ തുരുത്തി മാർത്ത് മറിയം ഫൊറോനാ പള്ളി വികാരി ഫാ. ജോസ് വരിക്കപ്പള്ളിൽ, അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം, സാജൻ ജോയി പതാരംചിറ, സാബു കോയിപ്പള്ളിൽ എന്നിവർ പ്രസംഗിച്ചു.

### പുതിയ സംഘങ്ങൾ

**പാറേൽ** യൂണിറ്റിൽ അമല SHG രൂപീകരിച്ചു. പാറേൽ സെന്റ് മേരീസ് പള്ളി വികാരി ഫാ. ജേക്കബ് വാരിക്കാട്ട് അദ്ധ്യക്ഷത വഹിച്ച സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു. അതിരൂപതാ സമിതി അംഗം വിജി സെബാസ്റ്റ്യൻ പങ്കെടുത്തു.

**നെടുമണ്ണി** യൂണിറ്റിൽ റാണി മരിയ SHG രൂപീകരിച്ചു. വികാരി ഫാ. അഗസ്റ്റിൻ കൊല്ലാപറമ്പിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു. അതിരൂപതാ സമിതിയംഗം തോമസ് ജോബ് പങ്കെടുത്തു.

## പുതിയ യൂണിറ്റ്

എടത്വാ സെന്റ് ജോർജ് ഫൊറോനാ പള്ളിയിൽ പുതിയ യൂണിറ്റ് രൂപീകരിച്ചു. വികാരി ഫാ. ഫിലിപ്പ് വൈക്കത്തുകാരൻവീട്ടിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു.

## കെ.എൽ.എം. വാർഷികം

KLM നാലുകോടി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട വാർഷികവും തൊഴിലാളിസംഗമവും അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു. നാലുകോടി സെന്റ് തോമസ് പള്ളി യൂണിറ്റ് ഡയറക്ടർ ഫാ. സക്കറിയാസ് കരുവേലിൽ അദ്ധ്യക്ഷത വഹിച്ചു. അസ്സി. വികാരി ഫാ. ജോസഫ് പുതുവീട്ടിൽകളം, അതിരൂപതാ സമിതിയംഗം പ്രിജോഷ് ചാക്കോ, യൂണിറ്റ് കോർഡിനേറ്റർ ഷാജി കോര, യൂണിറ്റ് സെക്രട്ടറി ബിജിമോൾ ജോൺ എന്നിവർ പ്രസംഗിച്ചു.

## ആദരാഞ്ജലികൾ

മാടപ്പള്ളി സെന്റ് തോമസ് സംഘാംഗം ടോംസ് മാത്യു പരവൻപറമ്പിൽ, വെട്ടിത്തുരുത്ത് സെന്റ് ആന്റണീസ് സംഘാംഗം കുര്യൻ ജോസഫ് വലിയ പറമ്പിൽ, മാമ്മൂട് സെന്റ് പീറ്റേഴ്സ് സംഘാംഗം പി.റ്റി. ചാക്കോ പാറയ്ക്കൽ എന്നിവരുടെ നിര്യാണത്തിൽ KLM കുടുംബം അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

■

# കത്തോലിക്കാ കോൺഗ്രസ് (AKCC)

പ്രിയ സ്നേഹിതരേ,

**മണിപ്പൂർ കലാപം: മുട്ടുകുത്തി യാചനാസമരം**

കഴിഞ്ഞ ഒന്നരമാസമായി മണിപ്പൂർ സംസ്ഥാനത്ത് തുടർന്നുകൊണ്ടിരിക്കുന്ന ആസൂത്രിതമായ നരഹത്യക്കെതിരെയും ക്രൈസ്തവ ആരാധനാലയങ്ങൾ തകർക്കുന്നതിനെതിരെയും കേന്ദ്രസർക്കാരിന്റെ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ടുകൊണ്ട് അതിരൂപതാസമിതിയുടെ നേതൃത്വത്തിൽ 2023 ജൂൺ 18 ഞായർ വൈകുന്നേരം 5.30ന് കോട്ടയം ഗാന്ധി സ്ക്വയറിൽ മുട്ടുകുത്തി യാചനാസമരം നടത്തി.

അതിരൂപതാ പ്രസിഡന്റ് പി.പി. ജോസഫ് അധ്യക്ഷതവഹിച്ചു. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, ട്രഷറർ ബാബു വള്ളപ്പുര, ഗ്ലോബൽ ഭാരവാഹികളായ രാജേഷ് ജോൺ, വർഗീസ് ആന്റണി, അതിരൂപതാ ഭാരവാഹികളായ ലിസി ജോസ്, ജോർജുകുട്ടി മുക്കത്ത്, ജോയ് പാറപ്പുറം, ജോസ് ജയിംസ്, സെബാസ്റ്റ്യൻ പുല്ലാട്ടുകാലാ, ബിനു ഡൊമിനിക്, ജിനോ ജോസഫ്, മനു ജെ. വരാപ്പള്ളി, കുഞ്ഞ് കളപ്പുര, ജോർജ് വർഗീസ്, എന്നിവർ പ്രസംഗിച്ചു.

**മണിപ്പൂർ കലാപം: പ്രതിഷേധം യൂണിറ്റുതലങ്ങളിൽ**

ഭാരതമൊട്ടാകെയും പ്രത്യേകിച്ച് മണിപ്പൂർ സംസ്ഥാനത്തും ഇപ്പോൾ നടന്നുവരുന്ന തുടർച്ചയായ ക്രൈസ്തവപീഡനങ്ങൾക്കെതിരെയും കേരളത്തിൽ വളരെ ആസൂത്രിതമായി പാർശ്വവൽക്കരിക്കപ്പെട്ട രീതിയിൽ ക്രൈസ്തവസ്ഥാപനങ്ങൾക്കു നേരെയുള്ള ആക്രമണങ്ങൾക്കെതിരെയും ജൂൺ 11, 18 തീയതികളിൽ ഇടവകയൂണിറ്റുകൾ കേന്ദ്രീകരിച്ച് പ്രത്യേക പ്രാർത്ഥനയും പ്രതിഷേധസമ്മേളനങ്ങളും ഐക്യദാർഢ്യ പ്രതിജ്ഞയും നടത്തി.

മണിപ്പൂർ കലാപം, കാഞ്ഞിരപ്പള്ളി അമൽജ്യോതി കോളേജിനെതിരായ വ്യാജപ്രചരണങ്ങൾ എന്നിവയ്ക്കെതിരെ പരസ്യപ്രതികരണങ്ങൾ നടത്തി. ഈ കാലയളവിൽ 2 അതിരൂപതാസമിതി യോഗങ്ങൾ നടന്നു.

സംഘടനയ്ക്കുവേണ്ടി സ്നേഹത്തോടെ,

| | | |
|---|---|---|
| **പി.പി. ജോസഫ്** | **ഫാ. സെബാസ്റ്റ്യൻ ചാമക്കാല** | **ബിജു സെബാസ്റ്റ്യൻ** |
| *(പ്രസിഡന്റ്)* | *(ഡയറക്ടർ)* | *(ജനറൽ സെക്രട്ടറി)* |

# ആത്മതാകേന്ദ്രം

## (ARCHDIOCESAN TEMPERANCE MOVEMENT FOR AWARENESS & TREATMENT OF ADDICTS)

ഈശോയിൽ പ്രിയപ്പെട്ടവരേ,

ലഹരിക്കെതിരെയുള്ള സന്ധിയില്ലാസമരത്തിൽ നാം കർമനിരതരാകേണ്ട തുണ്ട്. ഇതിന്റെ ഭാഗമായി ഈ വർഷം സ്കൂൾ കുട്ടികൾക്കായി പ്രത്യേക ബോധവത്ക്കരണ പരിപാടി STUDENTS AGAINST NARCOTICS 2023 (SAN) ജൂൺ 26 നു ചങ്ങനാശേരി എസ്.ബി. ഹയർസെന്ററി സ്കൂളിൽ തുടക്കംകുറിച്ചു. ബോധവത്ക്കരണ ക്ലാസ്സും കൗൺസിലിംഗും തുടർകർമപരിപാടികളും ഉൾപ്പെടുന്നതാണ് SAN 2023. ഈ സംരംഭത്തിൽ നിങ്ങളേവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേകളം**
*(ഡയറക്ടർ)*

### സപ്പോർട്ട് എ ചൈൽഡ് പദ്ധതി 19–ാമത് വാർഷികം പഠനോപകരണ വിതരണം

ആത്മതാകേന്ദ്രത്തിന്റെ സപ്പോർട്ട് എ ചൈൽഡ് എന്ന പ്രവർത്തനപദ്ധതി ഒരു ജീവകാരുണ്യപ്രവർത്തനവും സഭയുടെ സാമൂഹിക പ്രതിബദ്ധതയുടെ മാതൃകയുമാണെന്നും നിത്യരോഗികളെയും പാർശ്വവത്ക്കരിക്കപ്പെട്ടിരിക്കുന്നവരെയും ചേർത്തുപിടിക്കുന്ന ഇത്തരംപ്രവർത്തനങ്ങൾ മാതൃകാപരമാണെന്നും അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ 19–ാമത് വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിച്ചു. ഓരോ കുഞ്ഞുങ്ങളുടെയും ജീവിതം പഠനവിജയത്തിലൂടെ മുന്നേറി സമൂഹത്തിന്റെ സാന്ത്വനം സ്വീകരിച്ച് മാതൃകപരമായി ജീവിക്കാൻ മക്കൾ പ്രത്യേകം ശ്രദ്ധിക്കണമെന്നും സ്പോൺസർമാരുടെ സഹായം നമ്മുടെ ഉയർച്ചക്കാണെന്നുള്ള ബോധ്യം എല്ലാവർക്കുമുണ്ടാകണമെന്നും അഭി. പിതാവ് പറഞ്ഞു.

യോഗത്തിൽ ആത്മതാകേന്ദ്രം ഡയറക്ടർ ഫാ. ജോൺ വടക്കേകളം അദ്ധ്യക്ഷത വഹിച്ചു. കോട്ടയം, പത്തനംതിട്ട ആലപ്പുഴ ജില്ലകളിലെ കുട്ടികൾക്കുള്ള പഠനോപകരണവിതരണം JCI പ്രസിഡന്റ് ജോബി ജോസഫ്, എൻ.പി. തോമസ് നടയ്ക്കൽ, അരുൺ ആലുങ്കൽ എന്നിവരും സാമ്പത്തികസഹായവിതരണം പ്രൊഫ. മറിയാമ്മ ജോസഫ് അറുപറയിൽ, ഡോ. രാജു തോമസ് ചെത്തിപ്പുഴ, ജോണി പാലമുറിയിൽ, കുട്ടിയമ്മ അലക്സാണ്ടർ എന്നിവരും നിർവഹിച്ചു. യോഗത്തിൽ ആശംസകൾ നേർന്നുകൊണ്ട് ഡോ. എസ്.ജി. ബിജു മൾട്ടി സ്പെഷ്യാലിറ്റി ഹോമിയോ ഹോസ്പിറ്റൽ ഡയറക്ടർ, ജോബ് എ.റ്റി. അറുപറയിൽ, വൈസ്മെൻസ് ക്ലബ് ചങ്ങനാശേരി സെൻട്രൽ പ്രസിഡന്റ് ജോസ് കുളങ്ങര, പ്രത്യാശാകേന്ദ്രം കോർഡിനേറ്റർ ജിൻസി രാജൻ എന്നിവർ സംസാരിച്ചു. റ്റി.എം. മാത്യു തച്ചിലേട്ട് സ്വാഗതവും ട്രീസാ മാത്യു റിപ്പോർട്ടും അവതരിപ്പിച്ചു.

SABS സെന്റ് തോമസ് പ്രൊവിൻസ് പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലിസി ജോസ് കരോട്ടുവെമ്പേനിക്കൽ 400 പേർക്കുള്ള അന്നത്തെ ഉച്ചഭക്ഷണം നല്കി സഹായിച്ചു. കോട്ടയം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിൽ നിന്നും 350 ലധികം കുട്ടികൾക്ക് 2,64,500 രൂപയുടെ ധനസഹായവും പഠനോപകരണ വിതരണവും നടത്തി.

## ഹോമിയോ ചികിത്സാപദ്ധതി

ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിന് അടിമപ്പെട്ടവർക്കു പാർശ്വഫലങ്ങളില്ലാത്ത സൗജന്യനിരക്കിലുള്ള ഹോമിയോചികിത്സ താഴെപ്പറയുന്ന സ്ഥലങ്ങളിലും ദിവസങ്ങളിലുമായി നൽകിവരുന്നു. വിദഗ്ദ്ധ ഡോക്ടേഴ്സിന്റെയും കൗൺസിലേഴ്സിന്റെയും സേവനം ലഭ്യമാണ്. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തുവാൻ എല്ലാവരും ശ്രദ്ധിക്കുക.

ചൊവ്വ - (ആലപ്പുഴ) തത്തംപള്ളി, മരിയൻ ഹോമിയോ ഡിസ്പെൻസറി
ബുധൻ - (കോട്ടയം) ഇരവുചിറ, ഇമ്മാനുവൽ പ്രാർത്ഥനശുശ്രൂഷാകേന്ദ്രം
വ്യാഴം - (കോട്ടയം) അതിരമ്പുഴ, സെന്റ് മേരീസ് ഫൊറോനാ ദൈവാലയം
വെള്ളി - (കോട്ടയം) ചങ്ങനാശേരി, പാസ്റ്ററൽ സെന്റർ

## കെ.സി.ബി.സി. സംസ്ഥാനസമ്മേളനം

കെ.സി.ബി.സി. യുടെ 25-ാം വാർഷികവും സംസ്ഥാനസമ്മേളനവും പാലാരിവട്ടം പി.ഒ.സി. ൽ നടത്തപ്പെട്ടു. ആത്മതാകേന്ദ്രം, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളത്തിന്റെ നേതൃത്വത്തിൽ 17 അംഗങ്ങൾ നമ്മുടെ അതിരൂപതയെ പ്രതിനിധീകരിച്ച് പങ്കെടുത്തു.

## ലഹരി വിമുക്ത വിശുദ്ധീകരണധ്യാനം

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്കു പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും വിമുക്തിയുടെ മാർഗം തുറക്കാൻ കുന്നന്താനം പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ **2023 ജൂലൈ 9 മുതൽ 14 വരെ** ലഹരി വിമുക്ത കുടംബവിശുദ്ധീകരണധ്യാനം നടത്തപ്പെടുന്നു. ജൂലൈ 9 വൈകിട്ട് 5 മണിക്ക് ആരംഭിച്ച് 14 രാവിലെ 10 മണിക്ക് അവസാനിക്കുന്നു. താമസിച്ചുള്ള ഈ ധ്യാനത്തിനു ഫീസ് ഉണ്ടായിരിക്കുന്നതല്ല. പ്രഗത്ഭരായ ഡോക്ടേഴ്സ്, സൈക്കോളജിസ്റ്റ് എന്നിവരുടെ പ്രത്യേക ക്ലാസ്സ്, കൗൺസിലിംഗ് ലഭ്യമാകും.

പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം
0469 2693413, 2690414, 9495193406

■

# ദളിത് കത്തോലിക്കാ മഹാജന സഭ (DCMS)

## പഠനോപകരണ വിതരണം

മെയ് 6, 7 തീയതികളിൽ DCMS സംഘടിപ്പിച്ച ദ്വിദിന വിദ്യാർത്ഥി ക്യാമ്പിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്കു 27/05/2023 ശനിയാഴ്ച 10.30 am നു DCMS അതിരൂപതാ ഓഫീസിൽ പഠനോപകരണ വിതരണം ഫാ. ജോൺ വടക്കേകളം നിർവഹിച്ചു. അതിരൂപതാ DCMS പ്രസിഡന്റ് ഡോ. സിജോ ജേക്കബ്, സെക്രട്ടറി ഇൻ ചാർജ് മാത്യു ജോസഫ്, ഓഫീസ് സെക്രട്ടറി രഞ്ജിനി റെജി എന്നിവർ സന്നിഹിതരായിരുന്നു.

## അതിരൂപതാ കമ്മിറ്റി യൂണിറ്റ് ശക്തീകരണ സന്ദർശന മീറ്റിങ്ങ്

26/03/2023 മുതൽ അതിരൂപതാ DCMS സംയുക്ത കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്നുവരുന്ന യൂണിറ്റ് ശക്തീകരണ സന്ദർശന മീറ്റിങ്ങുകൾ 28/05/2023ൽ കുടമാളൂർ ഫൊറോനയിലെ മാന്നാനം സെന്റ് ജോസഫ്, കൈപ്പുഴ ഹോളി ഫാമിലി എന്നീ യൂണിറ്റുകളിലും 11/06/2023 നെടുങ്കുന്നം ഫൊറോനയിലെ കൂത്രപ്പള്ളി സെന്റ് മേരീസ്, നെടുംകുന്നം സെന്റ് ജോൺസ്, കോട്ടയം ഫൊറോനയിലെ അരുവിക്കുഴി എന്നീ യൂണിറ്റുകളിലും 18/06/2023 പുളിങ്കുന്ന് ഫൊറോനയിലെ കായൽപുറം സെന്റ് ആന്റണീസ്, മണലാടി സെന്റ് മേരീസ്, കാവാലം സെന്റ് തെരേസാസ് എന്നീ യൂണിറ്റുകളിലും നടന്നു. DCMS പ്രസിഡന്റ്, സെക്രട്ടറി, സെക്രട്ടറി ഇൻ ചാർജ്, അതിരൂപതാ കമ്മിറ്റിയംഗങ്ങൾ DCYL സെക്രട്ടറി, പ്രസിഡന്റ്, ട്രഷറർ, DCVS അതിരൂപതാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. *25/06/2023 ഞായറാഴ്ച* കുറുമ്പനാടം ഫൊറോനയിലെ അസംപ്ഷൻ യൂണിറ്റ്, സെന്റ് ആന്റണീസ് യൂണിറ്റ്, നെടുങ്കുന്നം ഫൊറോനയിലെ നെടുമണ്ണി ഫാത്തിമ മാതാ യൂണിറ്റുകളിലും സന്ദർശന മീറ്റിങ്ങ് നടക്കും.

## ഡിസിഎംഎസ്, ഡിസിവിഎസ്, ഡിസിവൈഎൽ അതിരൂപതാ സംയുക്ത കൗൺസിൽ മീറ്റിങ്ങ്

ജൂലൈ 2 ഞായറാഴ്ച 01.30 pm നു സംയുക്ത അതിരൂപതാ കൗൺസിൽ അംഗങ്ങൾ (DCMS, DCVS, DCYL ഉപദേശക സമിതിയംഗങ്ങൾ), യൂണിറ്റ്-ഫൊറോനാ സെക്രട്ടറിമാർ, പ്രസിഡന്റുമാർ, ഓർഗനൈസർമാർ, കൗൺസിൽ അംഗങ്ങൾ എന്നിവർ പങ്കെടുക്കുന്ന കൗൺസിൽ മീറ്റിങ്ങ് പാസ്റ്ററൽ സെന്റർ മിനി ഹാളിൽ നടക്കും. ഇതിൽ ഓഗസ്റ്റ് 20 നു നടക്കുന്ന നീതിഞായർ ആചരണം സംബന്ധിച്ച കാര്യങ്ങളും പ്രവർത്തനപരിപാടികളും ഇതര വിഷയങ്ങളും ചർച്ച ചെയ്യും.

**മാത്യു ജോസഫ്** *(സെക്രട്ടറി ഇൻ ചാർജ്)*

**ഡോ. സിജോ ജേക്കബ്** *(പ്രസിഡന്റ്)*

**ഫാ. ജോൺ വടക്കേകളം** *(ഡയറക്ടർ)*

■

# ഫ്രാൻസിസ്കൻ അല്മായസഭ (SFO)

പ്രിയ സഹോദരങ്ങളേ,

അതിരൂപതയിലെ എല്ലാ ഭാതൃത്വങ്ങളുടെയും പഠനത്തിനും ധ്യാനത്തിനും സഭാംഗങ്ങൾക്കായി നല്കപ്പെട്ടിരിക്കുന്ന ഔദ്യോഗിക 'നിയമാവലിയും ജീവിത ക്രമവും' തുടർച്ച! കർത്താവിന്റെ നാമത്തിൽ തപശ്ചര്യയുടെ സഹോദരീസഹോദരൻമാർക്കു വി. ഫ്രാൻസിസ് നൽകുന്ന ഉദ്ബോധനം.

**വകുപ്പ് 6**

1. അത്മായ ഫ്രാൻസിസ്കൻ സഭയുടെ അന്തർദേശീയ ഭാതൃത്വതിനു അതിന്റെ പൊതുസംഘം (Chapter) പാസാക്കിയ നിബന്ധനകളുണ്ടായിരിക്കണം. (ഫ്രാൻസിസ്കൻ ഒന്നാം സഭയിലെ ജനറാളന്മാരുടെ സംഘം അംഗീകരിച്ചതുമായ നിബന്ധനകൾ ഉള്ളതായിരിക്കണം.)
2. ദേശീയ ഭാതൃത്വങ്ങൾക്കു അന്തർദേശീയ പ്രസിഡൻസി കൗൺസിൽ അംഗീകരിച്ച നിബന്ധനകൾ ഉണ്ടാകണം.
3. റീജൻ ഭാതൃത്വങ്ങൾക്കും പ്രാദേശിക ഭാതൃത്വങ്ങൾക്കും അവരുടെ മേൽ ഉയർന്നതലത്തിലുള്ള ഘടക കൗൺസിലുകൾ അംഗീകരിച്ച നിബന്ധനകൾ ഉണ്ടായിരിക്കണം.

**വകുപ്പ് 7**

ഇപ്പോഴത്തെ ഭരണഘടനയ്ക്ക് അനുയോജ്യമല്ലാത്ത എല്ലാ നിയമങ്ങളും റദ്ദാക്കപ്പെട്ടിരിക്കുന്നു.

## SFO അതിരൂപതാ കൗൺസിൽ

9-06-2023 വെള്ളിയാഴ്ച 3 മണിക്ക് SFO അതിരൂപതാ കൗൺസിൽ വാഴപ്പള്ളി ഗത്സേമനി ആശ്രമത്തിൽ മൈക്കിൾ പറൂശ്ശേരിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു.

അതിരൂപതാ പ്രസിഡന്റ് സ്വാഗതം ആശംസിച്ചു. ഫാ. മൈക്കിൾ പറൂശ്ശേരിൽ അദ്ധ്യക്ഷപ്രസംഗം നടത്തി. എല്ലാ സഭാമക്കളും കൂടുതൽ തീക്ഷ്ണയോടെ സഭയോടു ചേർന്നുനിന്ന് സഭാനിയമങ്ങൾ അനുസരിച്ചു ജീവിക്കണമെന്നും (ഫ്രാൻസിസ്കൻ അൽമായ സഭയിലെ 38 ഭാതൃത്വങ്ങളുടെ പരസ്പരബന്ധത്തിനും കൂട്ടായ്മക്കുംവേണ്ടി മൈക്കിളച്ചന്റെ നേതൃത്വത്തിൽ അതിരൂപതാ ഡയറക്ടറി പ്രസിദ്ധീകരിച്ചു. ചങ്ങനാശേരി അതിരൂപതയുടെ പുതിയ സ്പിരിചൽ അസിസ്റ്റന്റായി ചാർജെടുത്ത ഫാ. തോമസുകുട്ടി വെട്ടിക്കൽ ഡയറക്ടറിയുടെ ഒരു കോപ്പി അതിരൂപതാ പ്രസിഡന്റ് വി.സി. അലക്സിനു കൈമാറികൊണ്ടു പ്രകാശനം നിർവഹിച്ചു. വരുംകാല പ്രവർത്തനങ്ങളെക്കുറിച്ച് അവലോകനം നടത്തിയതു പ്രോത്സാഹനമായി. സെക്രട്ടറി എൽസമ്മ സെബാസ്റ്റ്യൻ മരങ്ങാട്ട് റിപ്പോർട്ട് വായിച്ചു. അതിരൂപതാ ട്രഷറർ ബ്രദർ കെ.എം. മാത്യു കാനാട്ട് വരവു

ചെലവ് കണക്കുകൾ അവതരിപ്പിച്ചു. അതിരൂപതാ കൗൺസിലിലേയ്ക്കു സഹോദരി ലിസി ജോയ് താഞ്ചത്തിനെ നോമിനേറ്റ് ചെയ്തു.

**യാത്രാമംഗളങ്ങൾ**

SFO ചങ്ങനാശേരി അതിരൂപതയ്ക്കു എന്നും ഓർമിക്കത്തക്കവിധത്തിൽ കൃത്യതയാർന്ന പ്രവർത്തനശൈലിയിൽ മൂന്നുവർഷക്കാലത്തോളം അതിരൂപതാ SFO സ്പിരിചൽ അസിസ്റ്റന്റായി സേവനമനുഷ്ഠിച്ച ഫാ. മൈക്കിൾ പറൂശ്ശേരിൽ പുതിയകർമമണ്ഡലത്തിലേയ്ക്കു യാത്രയാവുകയാണ്. കോവിഡുമൂലം തളർന്നുപോയ സഭാപ്രവർത്തനങ്ങളെ തന്റെ നേതൃത്വത്തിലൂടെ വീണ്ടും ഊർജസ്വലമാക്കുന്നതിനു അച്ചൻ വിലപ്പെട്ട സമയം ചെലവഴിച്ചു. 8 ഭാതൃത്വങ്ങളുള്ള പുതിയ റീജൺ സ്ഥാപിച്ച് സഭയെ വിപുലവും ശക്തിമാക്കിത്തീർത്തു. തൊടുപുഴ സെന്റ് ആന്റണീസ് മേഴ്സിഹോമിന്റെ അധികാരിയായി. തന്റെ പുതിയ ദൗത്യത്തിലേയ്ക്കു നീങ്ങുന്ന ബഹു. മൈക്കിളച്ചനു അതിരൂപതാസമിതിയുടെ പേരിലുള്ള നന്ദിയും സ്നേഹവും മംഗളങ്ങളും നേരുന്നു. ഏറ്റെടുക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും പൂർണവിജയം കൈവരിക്കാൻ ആവശ്യമായ എല്ലാ അനുഗ്രഹങ്ങളും ദൈവം സമൃദ്ധമായി നൽകട്ടെയെന്നു പ്രാർത്ഥിക്കാം.

**സ്വാഗതം**

SFO ചങ്ങനാശേരി അതിരൂപതയുടെ പുതിയ സ്പിരിചൽ അസിസ്റ്റന്റായി ദൈവനിയോഗത്താൽ നിയമിതനായ തോമസുകുട്ടി വെട്ടിക്കൽ OFM Cap. അച്ചന് അതിരൂപതാസമിതിയുടെയും എല്ലാ സഭാമക്കളുടെയും പേരിലുള്ള സ്നേഹവും സ്വാഗതവും ആശംസിക്കുന്നു.

**ബ്രദർ വി.സി. അലക്സ് വലിയപറമ്പിൽ**
*(പ്രസിഡന്റ്)*

**ഫാ. തോമസ് വെട്ടിക്കൽ** OFM Cap.
*(സ്പിരിച്വൽ അസിസ്റ്റന്റ്)*

■

# വിൻസെൻഷ്യൻ വേദി

*മനുഷ്യന്റെ പാദങ്ങളെ നയിക്കുന്നതു കർത്താവാണ്; തനിക്കു പ്രീതികര മായി ചരിക്കുന്നവനെ അവിടുന്നു സുസ്ഥിരനാക്കും (സങ്കീ. 37:23).*

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

നിങ്ങൾ ലോകമെങ്ങും എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ *(മർക്കോ. 16:15)* എന്ന ദിവ്യനാഥന്റെ നിർദേശം സർവാത്മനാ സ്വീകരിച്ച് മാർതോമാശ്ലീഹാ ഭാരതത്തിൽ വന്ന് സുവിശേഷം പ്രസംഗിച്ച് രക്തസാക്ഷിത്വം വരിച്ചതിന്റെ 1950-ാം വാർഷികാചരണത്തിലായിരുന്നല്ലോ നമ്മൾ. മാർതോമാശ്ലീഹായാൽ സ്ഥാപിതമായതും പൗരസ്ത്യസുറിയാനി ആരാധനാക്രമം അനുഷ്ഠിക്കുന്നവരും റോമാ മാർപാപ്പയോട് എന്നും കൂട്ടായ്മയിൽ ആയിരിക്കുന്നവരുമായ മാർതോമാ നസ്രാണികളാണ് സീറോമലബാർസഭ. വിശ്വാസത്തിൽ നമ്മുടെ പിതാവായ തോമാശ്ലീഹായുടെ ദുക്റാനതിരുനാൾ നാം സഭാദിനമായി ആചരിക്കുന്നു. വളരുന്ന തലമുറ പ്രത്യേകിച്ചും വിദേശ രാജ്യങ്ങളിലുള്ള നമ്മുടെ മക്കളും പ്രിയപ്പെട്ടവരുമായ സഭാംഗങ്ങൾ മാതൃസഭയോടൊത്തു പ്രവർത്തിക്കുവാനും ആരാധനയർപ്പിക്കുവാനും പ്രചോദനം നൽകുവാൻ നമുക്കു സാധിക്കണം.

വാർഷിക റിപ്പോർട്ട് ഏരിയാകൗൺസിൽ, കോൺഫ്രൻസ് തലങ്ങളിൽ ചർച്ചയ്ക്കും വിശകലനത്തിനും വിധേയമായിയെന്നു കരുതുന്നു. വരവുചെലവു കണക്കുകൾ പരിശോധിക്കുമ്പോൾ രണ്ടൊഴികെ എല്ലാ ഏരിയാ കൗൺസിലുകളും മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവച്ചിട്ടുണ്ട്. പിന്നാക്കം പോയവർ വേണ്ട തിരുത്തലുകൾ വരുത്തി മെച്ചപ്പെടുത്തുവാൻ ഏരിയാകൗൺസിൽ ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ. നമ്മുടെ ദേശീയ അദ്ധ്യക്ഷൻ നിർദേശിച്ചതുപോലെ അദ്ധ്യാത്മിക ഉന്നമനത്തിനുള്ള പ്രവർത്തനങ്ങൾക്കു കൂടുതൽ പ്രാധാന്യം നൽകണം. മണിപ്പൂരിൽ ദുരിതമനുഭവിക്കുന്ന സഹോദരങ്ങൾക്കുവേണ്ടിയും അവിടെ സമാധാനം പുലരുന്നതിനുവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കണം. വാഴപ്പള്ളി ഏരിയാകൗൺസിലിന്റെയും വാഴപ്പള്ളി, മണ്ണന്തല കോൺഫ്രൻസുകളുടെയും ആദ്ധ്യാത്മിക ഉപദേഷ്ടാവായിരുന്ന ബഹു. ജോസഫ് കീപ്രത്തച്ചൻ, വെട്ടിത്തുരുത്ത് കോൺഗ്രസ് അംഗമായിരുന്ന സണ്ണിപ്പൻ വലിയപറമ്പിൽ, വെരൂർ കോൺഫ്രൻസ് അംഗം ബ്രദർ മാത്യു കുരീത്തറ എന്നിവരുടെ ആത്മശാന്തിക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം. അതിരൂപതാ നൂറുമേനി വചനപഠന മത്സരത്തിൽ ഒന്നാംസ്ഥാനം നേടിയ കായൽപ്പുറം വനിതാ കോൺഫ്രൻസ് പ്രസിഡന്റ് സി. റാണി സിബി FCC ക്ക് അഭിനന്ദനങ്ങൾ. നമ്മുടെ സൊസൈറ്റിയുടെ 17-ാം ഇന്റർനാഷണൽ പ്രസിഡന്റ് ജനറലായി തിരഞ്ഞെടുക്കപ്പെട്ട സ്പെയിനിൽ നിന്നുള്ള ബ്രദർ ജുവാൻ മാനുവലിന് അഭിനന്ദനങ്ങൾ.

ഈശോയിൽ സ്നേഹപൂർവം,

**ബ്രദർ തോമസ് ടി. മൂലയിൽ**
*(സി.സി. പ്രസിഡന്റ്)*

# കരിസ്മാറ്റിക് നവീകരണം

*നിങ്ങളിൽ ജ്ഞാനം കുറവുള്ളവൻ ദൈവത്തോടു ചോദിക്കട്ടെ. അവന് അതു ലഭിക്കും കുറ്റപ്പെടുത്താതെ എല്ലാവർക്കും ഉദാരമായി നൽകുന്നവനാണ് അവിടുന്ന് (യാക്കോബ് 1:5).*

നേതൃനിരയിലുള്ളവർക്ക് ആത്മീയവളർച്ച ലഭ്യമാക്കുന്നതിനായി കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ സംഘടിപ്പിച്ച പരിശുദ്ധാത്മാവിന്റെ വരദാനങ്ങളുടെ ധ്യാനം കുളത്തുവയൽ നിർമല ധ്യാനകേന്ദ്രം ഡയറക്ടർ സി. എൽസിസിന്റെ നേതൃത്വത്തിൽ നടന്നു. 140 പേർ പങ്കെടുത്തു. ആനിമേറ്റർ ലൂയിസ് വെള്ളാനിക്കൽ അച്ചൻ ഉദ്ഘാടന സന്ദേശം നൽകി. വൈദികരും കോർഡിനേറ്റർ മോൻ ചെത്തിമറ്റവും ചേർന്ന് നിലവിളക്ക് കൊളുത്തി ധ്യാനത്തിന് ആരംഭംകുറിച്ചു. രാമങ്കരി സെന്റ് ജോസഫ്സ് പള്ളിയിൽ LSS അവസാന ഘട്ടത്തിലാണ്. മണിപ്പൂരിൽ പീഡയനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങളുടെ വേദന ഹൃദയത്തിൽ ഏറ്റെടുത്തുകൊണ്ട് നൂറിലധികംപേർ ചങ്ങനാശേരി മേരി മൗണ്ട് ദൈവാലയത്തിൽ ഒത്തുചേർന്ന് ദിവ്യകാരുണ്യസന്നിധിയിൽ ഒരു ദിവസത്തെ ഉപവാസ പ്രാർത്ഥന നടത്തി. ലോർഡ്സ് കപ്പിൾസ് മിനിസ്ട്രി സർവീസ് ടീം ലൂയിസ് വെള്ളാനിക്കൽ അച്ചന്റെ നേതൃത്വത്തിൽ ആദ്യ ശനിയാഴ്ചകളിൽ നടന്നുകൊണ്ടിരിക്കുന്നു. ഇപ്പോൾ 13 ദമ്പതീസെല്ലുകൾ ആക്ടീവായി പ്രവർത്തിക്കുന്നു. ചീരഞ്ചിറ, പുന്നവേലി, തൃക്കൊടിത്താനം ഇടവകകളിൽ പുതിയ സെല്ലുകൾ ആരംഭിച്ചു.

സ്നേഹപൂർവം,

**മോൻ ചെത്തിമറ്റം**
*(കോർഡിനേറ്റർ)*

**ഫാ. ലൂയിസ് വെള്ളാനിക്കൽ**
*(ആനിമേറ്റർ)*

■

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ



# അഭിവാദനങ്ങൾ

(തിരുവചനഭാഗം: റോമാ 16,1-27)

റോമായിലെ സഭാംഗങ്ങൾക്കു പൗലോസ് തന്റെ വ്യക്തിപരമായ അഭിവാദനങ്ങളും ആശംസകളും നല്കി ലേഖനം അവസാനിപ്പിക്കുന്ന ഭാഗമാണിത്. ഈ തിരുവചനഭാഗം താഴെക്കാണുംവിധം വിഭജിക്കാം.

1. ഫൊയ്ബെയ്ക്ക് അഭിവാദനങ്ങൾ (16,1-2)
2. പ്രിസ്ക്കായ്ക്കും അകിീലായ്ക്കും അഭിവാദനം (16,3-5)
3. വിവിധ വ്യക്തികൾക്ക് അഭിവാദനങ്ങൾ (16,6-16)
4. സമാപനാശംസകൾ (16,17-24)
5. ദൈവത്തിനു മഹത്ത്വം (16,25-27)

ഈ വചനഭാഗം അജപാലകർക്കു നല്കുന്ന സന്ദേശങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാം.

## 1. ഫൊയ്ബെയ്ക്ക് അഭിവാദനങ്ങൾ

*''കെങ്ക്റെയിലെ സഭയിൽ ശുശ്രൂഷികയായ നമ്മുടെ സഹോദരി ഫോയ്ബെയെ നിങ്ങൾക്കു ഞാൻ ഭരമേൽപ്പിക്കുന്നു. വിശുദ്ധർക്ക് ഉചിതമായ വിധം കർത്താവിൽ നിങ്ങൾ അവളെ സ്വീകരിക്കണം; അവൾക്ക് ആവശ്യമുള്ള ഏതു കാര്യത്തിലും അവളെ സഹായിക്കണം; എന്തെന്നാൽ, അവൾ പലരെയും എന്നപോലെ എന്നെയും സഹായിച്ചിട്ടുണ്ട്''* (16,1-2).

താൻ സ്ഥാപിക്കാത്തതും ഒരിക്കലും സന്ദർശിച്ചിട്ടില്ലാത്തതുമായ സഭകൾക്കെഴുതുമ്പോൾ വ്യക്തിപരമായ അഭിവാദനങ്ങൾ അർപ്പിക്കുന്ന ശൈലി പൗലോസ്ശ്ലീഹായ്ക്കുണ്ട്. ഉദാഹരണത്തിനു കൊളോസൂസിലെ സഭ. പക്ഷേ, കൊളോസൂസിലെ സഭയ്ക്കെഴുതുമ്പോൾ പൗലോസ്ശ്ലീഹാ വ്യക്തിപരമായ അഭിവാദനങ്ങൾ അർപ്പിക്കുന്നതായി കാണുന്നുണ്ട് (കൊളോ 4,15,17). അതുകൊണ്ട് റോമായിലെ സഭയ്ക്കെഴുതിയ ലേഖനത്തിൽ വ്യക്തിപരമായ അഭിവാദനങ്ങൾ അർപ്പിക്കുന്നതിൽ അപ്രസക്തിയൊന്നുമില്ല. പുരാതനകാലത്തു വ്യക്തികളെ പരിചയപ്പെടുത്തിക്കൊണ്ടുള്ള എഴുത്തുകൾ ആവശ്യമല്ലായിരുന്നു. വ്യാജഅവകാശവാദങ്ങൾ ഒഴിവാക്കാൻ വ്യക്തികളെ പരിചയപ്പെടുത്തിക്കൊണ്ടുള്ള കത്തുകൾ സഹായകമായിരുന്നു. അതുകൊണ്ട് വ്യക്തികളെ പരിചയപ്പെടുത്തിക്കൊണ്ടും അവർക്ക് അഭിവാദനമർപ്പിച്ചുകൊണ്ടും പൗലോസ്

ശ്ലീഹാ റോമിലെ സഭയ്ക്ക് എഴുതുന്നതിൽ അതിശയിക്കാനൊന്നുമില്ല. അതുകൊണ്ട് ഈ പതിനാറാമദ്ധ്യായം പൗലോസ്ശ്ലീഹായുടെ റോമാലേഖനത്തിന്റെ ഭാഗംതന്നെയാണ് എന്നതിനു സംശയമില്ല.

വ്യാപാരത്തിനും സഞ്ചാരത്തിനുമായി ഇതരസ്ഥലങ്ങളിൽനിന്നുവന്ന റോമൻ സഭയിലെ അംഗങ്ങളുമായി പൗലോസ്ശ്ലീഹാ വ്യക്തിബന്ധം സ്ഥാപിച്ചിരുന്നതായി അനുമാനിക്കാം. അവരുടെ പേരുകളാണ് പതിനാറാം അദ്ധ്യായത്തിൽ പരാമർശിക്കുന്നത്. വ്യാജഅവകാശവാദങ്ങൾ ഒഴിവാക്കാൻ ഇത്തരം എഴുത്തുകൾ സഹായകരമായിരുന്നു. കോറിന്തിന്റെ കിഴക്കൻ തുറമുഖമായ കെങ്ക്‌റെയിൽ നിന്നുള്ള പ്രേഷിതയായിരുന്നു ഫൊയ്ബെ. ഇവൾ സഭയിലെ 'ഡീക്കൻ' പദവി സ്വീകരിച്ചിരുന്നോയെന്ന് ഉറപ്പിച്ചു പറയുവാൻ തെളിവുകളില്ല. സ്വീകരിച്ചിരുന്നെങ്കിൽ ആദിമസഭയിൽ വനിതാഡീക്കന്മാരുണ്ടായിരുന്നു എന്നതിനു തെളിവായി ഇതിനെ കരുതാം. സ്ത്രീകളുടെ മാമ്മോദീസായ്ക്കു സഹായിച്ചിരുന്ന സ്ത്രീകൾ പണ്ടുണ്ടായിരുന്നതായി പറയപ്പെടുന്നുണ്ട്. ഏതായാലും സഭയിലെ ഏതൊരു സേവനത്തെയും ശുശ്രൂഷയായി കരുതുന്ന പൗലോസ്ശ്ലീഹായുടെ ആഖ്യാനത്തിൽ ഫൊയ്ബെയെ വനിതാഡീക്കനായി കരുതേണ്ട ആവശ്യമില്ല. ഏതായാലും അവളെ സഭയാകുന്ന കുടുംബത്തിലെ അംഗമായി സ്വീകരിക്കുവാൻ പൗലോസ്ശ്ലീഹാ ആവശ്യപ്പെടുകയാണ്. സഭാംഗങ്ങളെ ദൈവമക്കളെന്ന നിലയിൽ പരസ്പരം സഹോദരങ്ങളായി കരുതുവാനും സ്വീകരിക്കുവാനും അജപാലകർക്കും അജഗണങ്ങൾക്കും കഴിയണം.

## 2. പ്രിസ്ക്കായ്ക്കും അക്വീലായ്ക്കും അഭിവാദനം

*''ഈശോമിശിഹായിൽ എന്റെ സഹപ്രവർത്തകരായ പ്രിസ്ക്കായ്ക്കും അക്വീലായ്ക്കും വന്ദനം പറയുവിൻ. അവർ എന്റെ ജീവനുവേണ്ടി തങ്ങളുടെ ജീവൻ പണയപ്പെടുത്തിയവരാണ്. ഞാൻ മാത്രമല്ല, വിജാതീയരുടെ സകല സഭകളും അവർക്കു നന്ദി പറയുന്നു. അവരുടെ ഭവനത്തിൽ സമ്മേളിക്കുന്ന സഭയ്ക്കും വന്ദനം പറയുവിൻ. ഏഷ്യയിൽ മിശിഹായിലുള്ള ആദ്യഫലമായ എന്റെ പ്രിയപ്പെട്ട എപ്പായിനേത്തോസിനെ അഭിവാദനം ചെയ്യുവിൻ''* (16,3-5).

പ്രിസ്ക്കായും അക്വീലായും സഭയിൽ ഏറെ അറിയപ്പെട്ടിട്ടുള്ളവരാണ്. ആദ്യമായി അവർ പ്രത്യക്ഷപ്പെടുന്നതു നടപടിഗ്രന്ഥം 18,2 ലാണ്. അവിടെ പൗലോസ്ശ്ലീഹായെപ്പറ്റി ഇപ്രകാരം പറയുന്നു: ''അവൻ പോന്തസുകാരനായ അക്വീലാ എന്ന ഒരു യഹൂദനെ കണ്ടുമുട്ടി. അവൻ തന്റെ ഭാര്യയായ പ്രിഷില്ലായോടൊപ്പം ആയിടെ ഇറ്റലിയിൽനിന്ന് എത്തിയതേ ഉണ്ടായിരുന്നുള്ളൂ. എന്തെന്നാൽ, എല്ലാ യഹൂദരും റോമാ വിട്ടുകൊള്ളണമെന്ന് ക്ലാവുദിയൂസിന്റെ കല്പനയുണ്ടായിരുന്നു. പൗലോസ്ശ്ലീഹാ അവരോടൊപ്പം താമസിച്ചു. ഇതു കോറിന്തോസിലാണ് സംഭവിച്ചത്. പൗലോസ്ശ്ലീഹാ അവിടംവിട്ട് എഫേസോസിലേക്കുപോയപ്പോൾ അവരും ശ്ലീഹായോടൊപ്പം എഫേസോസിലേക്കു പോയി. അവിടെവച്ച് പ്രസിദ്ധവാഗ്മിയായ അപ്പോളോസിനെ കണ്ടുമുട്ടുകയും അയാളെ തങ്ങളോടൊപ്പം വീട്ടിൽ കൊണ്ടുപോയി ക്രിസ്തീയവിശ്വാസത്തിൽ വേണ്ടുന്ന പ്രബോധനം നൽകുകയും ചെയ്തു (അപ്പ. 18,24-26)''.

അടുത്തപ്രാവശ്യം അവരെക്കുറിച്ച് പരാമർശിക്കുന്നത് അവർ എഫേസോസിൽ ആയിരിക്കുമ്പോഴാണ്. പൗലോസ്ശ്ലീഹാ കോറിന്തോസുകാർക്കു തന്റെ ഒന്നാം ലേഖനം എഴുതുന്നത് എഫേസോസിൽനിന്നാണ്. ആ ലേഖനത്തിൽ പൗലോസ്ശ്ലീഹാ പ്രിഷില്ലായുടെയും അക്വീലായുടെയും അവരുടെ ഭവനത്തിലുള്ള സഭയുടെയും ആശംസകൾ അറിയിക്കുന്നുണ്ട് (1 കോറി 16,19). ദൈവാലയങ്ങളൊക്കെ പണിയപ്പെടുന്നതിനുമുമ്പുള്ള ആ കാലഘട്ടത്തിൽ അവരുടെ ഭവനം സഭാസമ്മേളനത്തിന്റെ ഒരു വേദിയായിരുന്നിരിക്കണം. പിന്നീട് അവരെ നാം കാണുന്നത് ഈ ലേഖനത്തിൽ പറയുന്നതുപോലെ റോമിൽ തന്നെയാണ്. ക്ലാവുദിയൂസിന്റെ കല്പനയുടെ കാലഘട്ടം അവസാനിച്ചപ്പോൾ അവർ വീണ്ടും റോമിലേക്കു തിരിച്ചെത്തിയതായിരിക്കാം. ഏതായാലും പ്രിഷില്ലായും അക്വീലായും ഒരു യഥാർത്ഥ ക്രിസ്തീയകുടുംബത്തിന്റെ ഉടമസ്ഥരാണ്. ക്രിസ്തീയകുടുംബങ്ങൾ ക്രിസ്തീയവിശ്വാസം അതിന്റെ തനിമയിൽ ജീവിക്കുന്ന കുടുംബങ്ങളായിരിക്കണം. അതുപോലെതന്നെ സഭാകൂട്ടായ്മയെ സ്വാഗതം ചെയ്യുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നവരായിരിക്കണം. ഈ ദമ്പതികളുടെ മാതൃക സഭാകൂട്ടായ്മയുടെ പ്രാധാന്യം വ്യക്തമാക്കുന്നതാണ്.

### 3. വിവിധ വ്യക്തികൾക്ക് അഭിവാദനങ്ങൾ

*''നിങ്ങളുടെയിടയിൽ കഠിനാധ്വാനം ചെയ്ത മറിയത്തിനും വന്ദനം പറയുവിൻ. എന്റെ ബന്ധുക്കളും എന്നോടുകൂടെ കാരാഗൃഹവാസം അനുഭവിച്ചവരുമായ അന്ത്രോണിക്കോസിനും യൂണിയസിനും അഭിവാദനം നൽകുവിൻ. അവർ അപ്പസ്തോലഗണത്തിലെ പ്രമുഖരും എനിക്കുമുമ്പേ ക്രിസ്ത്യാനികളായവരുമാണ്''* (16,6-7).

*''ഫിലോലോഗോസിനും യൂലിയായ്ക്കും നെരേയൂസിനും അവന്റെ സഹോദരിക്കും ഒളിമ്പാസിനും അവരോടുകൂടെയുള്ള സകല വിശുദ്ധർക്കും വന്ദനം പറയുവിൻ. വിശുദ്ധ ചുംബനത്താൽ അന്യോന്യം വന്ദനം പറയുവിൻ. മിശിഹായുടെ സമസ്തസഭകളും നിങ്ങൾക്ക് ആശംസകൾ അയയ്ക്കുന്നു''* (16,15-16).

ഈ ഭാഗത്തു പരാമർശിക്കപ്പെടുന്ന വ്യക്തികൾ ഓരോരുത്തരെയുംകുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമല്ലെങ്കിലും റോമിലെ സഭയുടെ ഘടന മനസ്സിലാക്കാൻ ഈ പേരുകൾ സഹായകമാണ്. യഹൂദരും വിജാതീയരുമായവരുള്ള സഭയായിരുന്നു റോമിലേത്. അന്തോണിക്കൂസും ജൂണിയായും (വാ. 7) പൗലോസ്ശ്ലീഹായുടെ ബന്ധുക്കളായിരുന്നു. ഇവർ യഹൂദരായിരുന്നു. അപ്പസ്തോലഗണത്തിലെ പ്രമുഖരായി അവരെ കരുതുന്നത് ഉത്ഥിതന്റെ ദർശനം ലഭിച്ചവരുടെ കൂട്ടത്തിൽപ്പെട്ടവരാണ് എന്ന അർത്ഥത്തിലാകാം. കോറിന്തോസുകാർക്കു പൗലോസ്ശ്ലീഹാ എഴുതിയ ഒന്നാം ലേഖനം 15,6ൽ അഞ്ഞൂറിലധികം പേർക്ക് ഉത്ഥിതനായ മിശിഹാ ദർശനം ലഭിച്ചതായി പറയുന്നുണ്ട്. എപ്പായ്നേത്തോസിനെ ഏഷ്യാമൈനറിൽ നിന്നുള്ള ആദ്യവിശ്വാസിയായിട്ടാണ് പൗലോസ്ശ്ലീഹാ വിലയിരുത്തുന്നത് (16,16). ആമ്പ്ലില്ലാത്തൂസ്, ഉർബാനൂസ്, സ്താക്കീസ് എന്നീ പേരുകൾ വിജാതീയക്രൈസ്തവരെ സൂചിപ്പിക്കുമ്പോൾ (16,8-9) അപ്പല്ലേസ് എന്ന പേര് യഹൂദക്രൈസ്തവന്റേതാകാനാണ് സാദ്ധ്യത.

അരിസ്തോബുലൂസിന്റെ ഭവനത്തിലെ സഭയെയാണ് പൗലോസ്ശ്ലീഹാ അഭിവാദനം ചെയ്യുന്നതെന്നു കരുതാം.

ത്രിഫേന, ത്രിഫേസാ എന്നീ സ്ത്രീകളെ പൗലോസ്ശ്ലീഹാ എടുത്തു പറയുന്നത് ശ്രദ്ധാർഹമാണ്. ആദിമസഭയിൽ സുവിശേഷവേലയ്ക്കു പുരുഷന്മാരോടൊപ്പം സ്ഥാനം സ്ത്രീകൾക്കും ലഭിച്ചിരുന്നുവെന്നതിന്റെ തെളിവായി ഈ പേരുകളെ മനസ്സിലാക്കാം 6,12 6,13-14 വാക്യങ്ങളിലെ പേരുകളും പ്രസ്തുതഭവനങ്ങളിൽ സമ്മേളിച്ചിരുന്ന സഭയെ ലക്ഷ്യമാക്കിയുള്ളതാണെന്നു കരുതാം. തീർച്ചയായും പൗലോസ്ശ്ലീഹാ പേരുപരാമർശിക്കുന്നവർ മാത്രമേ റോമിലെ സഭയിലുള്ളൂവെന്നു കരുതേണ്ടാ. ഈ പേരുകളെല്ലാം സഭയ്ക്കുവേണ്ടി അദ്ധ്വാനിച്ചവരും അനേകരെ സഭയ്ക്കായി നേടിവരുടേതുമാകാനാണ് സാദ്ധ്യത. അതുകൊണ്ട് സജീവമായ ഒരു സഭാസമൂഹമാണ് റോമിലുണ്ടായിരുന്നതെന്ന് ഇതു വ്യക്തമാക്കുന്നു. സഭയിൽ അൽമായർക്കുള്ള പ്രാധാന്യമാണ് ഇതു വ്യക്തമാക്കുന്നത്. അവർ വിശ്വാസം സ്വീകരിച്ച് ജീവിക്കുന്നവർ മാത്രമാകാതെ തങ്ങളുടെ വിശ്വാസം മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നവരും സഭാശുശ്രൂഷയിലൂടെ സമൂഹത്തെ വളർത്തുന്നവരുമായിരിക്കണം.

## 4. സമാപനാശംസകൾ

*''സഹോദരരേ, നിങ്ങൾ പഠിച്ച തത്വങ്ങൾക്കു വിരുദ്ധമായി പിളർപ്പുകളും ദുർമാതൃകകളും ഉണ്ടാക്കുന്നവരെ ശ്രദ്ധിച്ചുകൊള്ളണമെന്നു ഞാൻ നിങ്ങളോടപേക്ഷിക്കുന്നു. അവരെ നിരാകരിക്കുവിൻ. അങ്ങനെയുള്ളവർ നമ്മുടെ കർത്താവായ മിശിഹായെയല്ല, തങ്ങളുടെതന്നെ ഉദരങ്ങളെയാണു ശുശ്രൂഷിക്കുന്നത്. ആകർഷകമായ മുഖസ്തുതി പറഞ്ഞ് അവർ സരളചിത്തരെ വഴിപിഴപ്പിക്കുന്നു. നിങ്ങളുടെ അനുസരണം എല്ലാവർക്കും അറിവുള്ളതാണ്. അതുകൊണ്ട്, ഞാൻ നിങ്ങളെക്കുറിച്ചു സന്തോഷിക്കുന്നു. നിങ്ങൾ നല്ല കാര്യങ്ങളിൽ അറിവുള്ളവരും തിന്മയുടെ മാലിന്യമേശാത്തവരുമായിരിക്കണമെന്നു ഞാനാഗ്രഹിക്കുന്നു. സമാധാനത്തിന്റെ ദൈവം ഉടൻതന്നെ പിശാചിനെ നിങ്ങളുടെ കാൽക്കീഴിലാക്കി തകർത്തുകളയും. നമ്മുടെ കർത്താവായ ഈശോ മിശിഹായുടെ കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ!''* (16,17-20).

സഭയുടെ അടിസ്ഥാനവിശ്വാസങ്ങളെ അപകടത്തിലാക്കുന്നവരെക്കുറിച്ചുള്ള മുന്നറിയിപ്പാണ് പൗലോസ്ശ്ലീഹാ ഇവിടെ നൽകുന്നത്. സഭയിൽ വിഭാഗീയതയുളവാക്കുന്നവരുടെ പ്രത്യേകതകളാണ് ഇവിടെ വിവരിക്കുന്നത്. മിശിഹായെ സേവിക്കുന്നതിനുപകരം സ്വന്തം ഉദരത്തെയാണ് അവർ സേവിക്കുന്നത്. അതുപോലെതന്നെ, മിശിഹായുടെ വചനങ്ങൾക്കുപകരം ആകർഷണീയമായ വാക്കുകൾ പറഞ്ഞ് -തിന്മയെ ന്യായീകരിക്കുന്ന വാക്കുകൾ പറഞ്ഞ്- അവർ വിശ്വാസികളെ വഴി തെറ്റിക്കുന്നു. വിശ്വാസത്തിൽ അനുസരണയോടെ ഉറച്ചുനിൽക്കുന്ന വാക്ക് പിശാചിനെ തോൽപ്പിക്കാൻ കഴിയുമെന്നാണ് പൗലോസ്ശ്ലീഹാ പ്രഖ്യാപിക്കുന്നത്. വിശ്വാസജീവിതത്തിന്റെ ഭാഗമാണ് അനുസരണം. ആദിമാതാപിതാക്കൾ വഴിതെറ്റിപ്പോയത് വിശ്വാസത്തിന്റെ അനുസരണമില്ലായ്മ മൂലമാണല്ലോ (ഉൽപത്തി 3,1-6). ഈ സാദ്ധ്യത മനുഷ്യ

സമൂഹത്തിന് എപ്പോഴും ഉണ്ടായിരിക്കുമെന്നു പൗലോസ്ശ്ലീഹാ അവരെ ഓർമിപ്പിക്കുന്നു. സഭാസമൂഹത്തിൽ എന്നും എപ്പോഴും ശ്രദ്ധിച്ചുകൊണ്ടിരിക്കേണ്ട ഒരു കാര്യമാണ് ഇവിടെ പൗലോസ്ശ്ലീഹാ അവരെ ഓർമിപ്പിക്കുന്നത്.

പൗലോസ്ശ്ലീഹായും സഹപ്രവർത്തകരും റോമിലെ സഭയ്ക്കു വന്ദനം പറയുന്ന വിവരണങ്ങളാണ് 16,21-24 വാക്യങ്ങളിലുള്ളത്. പൗലോസ്ശ്ലീഹായുടെ സഹപ്രവർത്തകനായ തിമോത്തിയോസ് എല്ലാവർക്കും സുപരിചിതനാണ് (അപ്പ 16,1-3; 1 കോറി 4,17; 16,10; 1 തെസ 3,2-6). എന്നാൽ ലൂസിയൂസ്, യാസോൻ, സോസിപാത്തർ എന്നിവരെക്കുറിച്ച് കൂടുതലൊന്നും അറിവില്ല. ഇവർ പൗലോസ്ശ്ലീഹായുടെ ബന്ധുക്കളായിരിക്കാം. പകർത്തിയെഴുതിയ തേർത്തിയോസിനെ ലേഖനകർത്താവായിട്ടല്ല, എഴുത്തുകാരനായിട്ടാണ് പരിഗണിക്കേണ്ടത്. ഗായിയൂസിന്റെ ഭവനത്തിൽ സമ്മേളിക്കുന്ന സഭയിലാണ് പൗലോസ്ശ്ലീഹാ കോറിന്തോസിലായിരുന്നപ്പോൾ പങ്കെടുത്തിരുന്നത് (1 കോറി 1,14) എന്നു കരുതാം. എരാസ്തൂസ് കോറിന്തിലെ ഒരു ഉദ്യോഗസ്ഥനായിരിക്കാനാണ് സാദ്ധ്യത (16,23). കാർതൂസിനെക്കുറിച്ച് മറ്റു വിവരങ്ങളൊന്നും ലഭ്യമല്ല. നല്ല മനുഷ്യബന്ധങ്ങൾ സ്ഥാപിക്കുവാനും അവ നിലനിർത്തുവാനും പൗലോസ്ശ്ലീഹാ ശ്രമിച്ചിരുന്നു. ഇതു സഭാസമൂഹത്തിനു നല്ല മാതൃകയാണ്. സ്വന്തം സമൂഹത്തിലും ഇതരക്രൈസ്തവസമൂഹത്തിലുള്ളവരുമായി നല്ല വ്യക്തിബന്ധങ്ങൾ സ്ഥാപിക്കുവാൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം.

## 5. ദൈവത്തിനു മഹത്ത്വം

*''എന്റെ സുവിശേഷമനുസരിച്ചും ഈശോമിശിഹായെക്കുറിച്ചുള്ള പ്രഘോഷണമനുസരിച്ചും രഹസ്യത്തിന്റെ വെളിപാടനുസരിച്ചും നിങ്ങളെ ബലപ്പെടുത്താൻ കഴിവുള്ളവനാണു ദൈവം. യുഗയുഗാന്തരങ്ങളായി നിഗൂഢമായിരുന്ന രഹസ്യം അവിടുന്നു പ്രവാചകന്മാരുടെ ലിഖിതങ്ങൾവഴി ഇപ്പോൾ വെളിപ്പെടുത്തി. ഈ രഹസ്യം നിത്യനായ ദൈവത്തിന്റെ ആജ്ഞയനുസരിച്ചു വിശ്വാസത്തിന്റെ അനുസരണത്തിനായി സകല ജനപദങ്ങൾക്കും അറിയപ്പെട്ടിരിക്കുകയാണ്. സർവജ്ഞനായ ആ ഏകദൈവത്തിന് ഈശോമിശിഹാവഴി എന്നേക്കും മഹത്ത്വമുണ്ടായിരിക്കട്ടെ! ആമ്മേൻ''* (16,25-27).


ലേഖനത്തിന്റെ ഉപസംഹാരവാക്യങ്ങളായി ഇവയെ മനസ്സിലാക്കാം. ദൈവികരഹസ്യങ്ങൾ കാലത്തിന്റെ പൂർണതയിൽ വെളിപ്പെടുത്താൻ തിരുമനസ്സായ ദൈവത്തിന് ഈശോയിലൂടെ മഹത്ത്വമർപ്പിച്ചുകൊണ്ടാണ് പൗലോസ്ശ്ലീഹാ ലേഖനം ഉപസംഹരിക്കുന്നത്. നമ്മെ ശക്തിപ്പെടുത്തുന്ന ദൈവത്തിനാണ് പൗലോസ്ശ്ലീഹാ സ്തുതിപറയുന്നത്. ഈശോയുടെ സുവിശേഷവും അതിന്റെ പ്രഘോഷണവും അതിലൂടെയുള്ള ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലും ബലഹീനരായ മനുഷ്യരെ ശക്തിപ്പെടുത്തുന്നതായിരുന്നു. പാപബദ്ധമായ മനുഷ്യപ്രകൃതിയെ രക്ഷാകരമായി ശക്തിപ്പെടുത്തി സകലമനുഷ്യർക്കും രക്ഷയുടെ വാതായനം തുറന്നുകൊടുക്കുന്നതായിരുന്നു. അതുകൊണ്ട് ഈശോയിലൂടെ പിതാവായ ദൈവത്തെ മഹത്ത്വപ്പെടുത്തുവാൻ അജപാലകർ കടപ്പെട്ടിരിക്കുന്നു.

യുഗയുഗാന്തരങ്ങളായി നിഗൂഢമായിരുന്ന രഹസ്യം പ്രവാചകന്മാരുടെ ലിഖിതങ്ങൾവഴി ഇപ്പോൾ വെളിപ്പെടുത്തിയെന്നാണ് പൗലോസ്ശ്ലീഹാ പറയുന്നത്. അതു നിത്യനായ ദൈവത്തിന്റെ ആജ്ഞയനുസരിച്ച് വിശ്വാസത്തിന്റെ അനുസരണത്തിനായിട്ടാണ് അറിയിക്കപ്പെട്ടിരിക്കുന്നതെന്നും എടുത്തുപറയുന്നു. പഴയനിയമത്തിൽ നിയമത്തിലൂടെയും പ്രവാചകന്മാരിലൂടെയും പുതിയനിയമത്തിൽ ഈശോമിശിഹായിലൂടെയും ഈ രക്ഷാകരരഹസ്യം ദൈവം വെളിപ്പെടുത്തിയത് വിശ്വാസത്തിന്റെ അനുസരണത്തിലൂടെ എല്ലാ മനുഷ്യരും രക്ഷ കൈവരിക്കുന്നതിനാണ്. വിശ്വാസത്തിന്റെ വിധേയത്വം സകലജാതികളുടെയിടയിലും ഉളവാക്കേണ്ടതിനാണ് ശ്ലീഹന്മാർ കൃപയും അപ്പസ്തോലസ്ഥാനവും പ്രാപിച്ചിരിക്കുന്നതെന്നു ലേഖനത്തിന്റെ ആരംഭത്തിൽ ശ്ലീഹാ എടുത്തുപറഞ്ഞിട്ടുണ്ട് (1,5). അതുകൊണ്ട് ദൈവത്തെ മഹത്ത്വപ്പെടുത്തുന്നതോടൊപ്പം വിശ്വാസത്തിന്റെ അനുസരണാജീവിതം നയിക്കുവാൻ അജപാലകർ നിരന്തരമായി ശ്രദ്ധിക്കണം.

## ജീവിതസൂചിക

1. സഭാംഗങ്ങളെ ദൈവമക്കളെന്ന നിലയിൽ പരസ്പരം സഹോദരങ്ങളായി കരുതി സ്വീകരിക്കുവാൻ ഞാൻ എപ്രകാരം പഠിപ്പിക്കുന്നു?
2. സഭാകൂട്ടായ്മയെ ഊട്ടിയുറപ്പിക്കുവാൻ ഞാൻ എങ്ങനെയെല്ലാം പരിശ്രമിക്കുന്നു?
3. വിശ്വാസം മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നവരും സഭാശുശ്രൂഷയിലൂടെ സമൂഹത്തെ വളർത്തുന്നവരുമായി വർത്തിക്കുവാൻ ഞാൻ ജനങ്ങളെ പരിശീലിപ്പിക്കുന്നുണ്ടോ?
4. സ്വന്തം സമൂഹത്തിലും ഇതരസമൂഹങ്ങളിലുമുള്ളവരുമായി നല്ല വ്യക്തിബന്ധങ്ങൾ സ്ഥാപിക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
5. ദൈവത്തെ മഹത്ത്വപ്പെടുത്തുവാനും വിശ്വാസത്തിന്റെ അനുസരണാജീവിതം നയിക്കുവാനും ഞാൻ ജനങ്ങളെ പഠിപ്പിക്കുന്നുണ്ടോ?

■



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**മെയ് 2023**

25 രാവിലെ ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്ഹോമിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ ലിബിൻ തോമസ് പ്രാക്കുഴിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. ചങ്ങനാശേരി ബൈപാസ് റോഡിലുള്ള ചാസിന്റെ പ്രീമിയം ഔട്ട്ലെറ്റ് വെഞ്ചരിച്ചു. ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്ക ദൈവാലയത്തിന്റെ ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ട HGN സന്യാസസമൂഹാഗംമായ കണ്ടത്തിപറമ്പിൽ ബഹു. ജോസഫച്ചന്റെ പൗരോഹിത്യ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു സംസാരിച്ചു. വൈകുന്നേരം ചങ്ങനാശേരി സന്ദേശനിലയം മാർ ജയിംസ് കാളാശ്ശേരി മെമ്മോറിയൽ ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തപ്പെട്ട സെന്റ് ജോസഫ് ഓർഫനേജ് പ്രസ്സിന്റെ സുവർണജൂബിലിയാഘോഷങ്ങളുടെ ഉദ്ഘാടനസമ്മേളനത്തിൽ അധ്യക്ഷ പ്രസംഗം നടത്തി.

26 ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ഇടവകാംഗങ്ങളായ ബെന്നിച്ചൻ കല്ലുകളം, ജെസമ്മ ഇലവുംമൂട്ടിൽ എന്നിവരുടെ വീടുകൾ വെഞ്ചരിച്ചു. ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ഇടവക ദൈവാലയത്തിൽ നടത്തപ്പെട്ട മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ ഗ്രന്ഥമായ 'റോമാ യാത്ര: പ്രതിപാദനവും പ്രസക്തിയും' എന്ന സിംപോസിയത്തിൽ പങ്കെടുത്തു. വൈകുന്നേരം കായൽപ്പുറം സെന്റ് ജോസഫ് ദൈവാലയത്തിൽ നടത്തപ്പെട്ട പോപ്പുലർ മിഷൻ ധ്യാനത്തിൽ സമാപന സന്ദേശം നൽകി. തുരുത്തി CANA സെന്റ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ടിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റിനെ പ്രഖ്യാപിക്കുന്ന സമ്മേളനത്തിൽ പങ്കെടുത്തു.

27 രാവിലെ ചങ്ങനാശേരി പാസ്റ്ററൽ സെന്റർ ഹാളിൽ നടത്തപ്പെട്ട ആത്മതാ കേന്ദ്രത്തിന്റെ സപ്പോർട്ട് എ ചൈൽഡ് എന്ന പ്രോഗ്രാമിന്റെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ വാണിയപ്പുരയ്ക്കൽ ബഹു. ജോസഫച്ചന്റെ സഹോദരപുത്രനായ വാണിയപ്പുരയ്ക്കൽ ജസ്റ്റിൻ-ജെസ്ന എന്നിവരുടെ വിവാഹമാശീർവദിച്ചു. ഉച്ചകഴിഞ്ഞ് കോയിൽമുക്ക് (എടത്വാ) സെന്റ് ജോസഫ് ദൈവാലയം കൂദാശചെയ്തു. വൈകുന്നേരം ചീരഞ്ചിറ സെന്റ് ജോർജ് ദൈവാലയത്തിൽ ചെന്നിക്കര സരുൺ-സൂര്യ എന്നിവരുടെ വിവാഹമാശീർവദിച്ചു.

28 ചേന്നങ്കരി ലൂർദുമാതാ ദൈവാലയത്തിൽ അജപാലന സന്ദർശനത്തിനോടനുബന്ധിച്ചു നടന്ന ആഘോഷമായ വി. കുർബാന സ്വീകരണത്തിനു മുഖ്യകാർമികത്വം വഹിച്ചു. തുടർന്ന് കുഞ്ഞുങ്ങളെ ആദ്യാക്ഷരമെഴു

തിച്ചു. ഇടവകയിലുള്ള വിവിധ സംഘടനകളുടെ പ്രതിനിധികളെ കണ്ടു സംസാരിച്ചു, ഇടവകയിലെ രോഗികളുടെ ഭവനങ്ങൾ സന്ദർശിച്ചു. അതിരൂപതാതല മതബോധനവർഷ ഉദ്ഘാടനം നിർവഹിച്ചു. വൈകുന്നേരം മങ്കൊമ്പ് സെന്റ് പയസ് X ദൈവാലയത്തിന്റെ ഇടവകദിനാഘോഷങ്ങളിൽ പങ്കെടുത്തു സംസാരിച്ചു.

29 ഉച്ചകഴിഞ്ഞ് പാലമറ്റം ബേത്-തോമ ആശ്രമത്തിൽ നടത്തപ്പെട്ട മാർ തോമാ സിസ്റ്റേഴ്സ് സന്യാസിനിസമൂഹത്തിന്റെ വാർഷികസമ്മേളനത്തിൽ പങ്കെടുത്തു. സെന്റ് മേരീസ് കൂത്രപ്പള്ളി ഇടവകാംഗമായ റിസൺ മാത്യു പാലയ്ക്കലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം ചങ്ങനാശേരി ഫാമിലി അപ്പോസ്തലേറ്റ് സംഘടിപ്പിച്ച ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

30 ഉച്ചയ്ക്ക് വായ്പൂര് ന്യൂ സെന്റ് ജോസഫ്സ് ഇടവകാംഗമായ എരുതനാട്ട് ബഹു. ജോസഫച്ചന്റെ ഒന്നാംചരമവാർഷികത്തിനു സിമിത്തേരിയിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. അടപ്പുകല്ലുങ്കൽ വർക്കിക്കുഞ്ഞ് ചേട്ടന്റെ ഭവനം സന്ദർശിച്ചു. പുന്നത്തുറ സെന്റ് തോമസ് ഇടവകാംഗമായ സോണി വൈതുണ്ടത്തിലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചെല്ലി പ്രാർത്ഥിച്ചു.

31 രാവിലെ കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. ഉച്ചകഴിഞ്ഞ് ചങ്ങനാശേരി ചാസിന്റെ ഓഫീസിൽ സ്റ്റാഫിനെ കണ്ട് സംസാരിച്ചു.

**ജൂൺ 2023**

01 രാവിലെ പച്ച-ചെക്കിടിക്കാട് സെന്റ് സേവ്യേഴ്സ് എൽ.പി. സ്കൂളിന്റെ പുതിയ കെട്ടിടം വെഞ്ചരിച്ച് അധ്യയനവർഷം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം മാങ്ങാനം മിഷനറി ഓറിയന്റേഷൻ സെന്ററിന്റെ അധ്യയനവർഷം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

02 ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയങ്കണത്തിലെ മാർത്ത് മറിയം കബറിടപള്ളിയിൽ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ 98-ാം ചരമവാർഷകത്തിന്റെ ഭാഗമായി പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. ഫാത്തിമാപുരം ഇടവകാംഗമായ പത്തിൽ ബഹു. ഫാൻസ്വാ അച്ചന്റെ വല്യമ്മച്ചിയുടെ മൃതസംസ്കാരശുശ്രൂഷയുടെ വീട്ടിലെ കർമങ്ങൾക്കു നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

03 രാവിലെ സന്ദേശനിലയം മാർ ജയിംസ് കാളാശ്ശേരി മെമ്മോറിയൽ ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തപ്പെട്ട മതാധ്യാപക നേതൃസംഗമം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. മരിയാപുരം മേരീമാതാ ഇടവകയിൽ നടത്തപ്പെട്ട ഒലിവ് മിനിസ്റ്റേഴ്സ് മീറ്റിൽ സന്ദേശം നൽകി. ചേർപ്പുങ്കൽ മാർ സ്ലീവാ ഇടവകാംഗമായ പൂത്തോട്ടാൽ മറിയക്കുട്ടി ഗ്രിഗറിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

04 രാവിലെ ചങ്ങങ്കരി സെന്റ് ജോസഫ് ഇടവക ദൈവാലയത്തിൽ അജപാലന സന്ദർശനത്തിനോടനുബന്ധിച്ചു പരി. കുർബാനയർപ്പിച്ചു സന്ദേശം

നൽകി; തുടർന്നു ദൈവാലയത്തിൽ പൂർവികരെ അനുസ്മരിച്ച് പ്രാർത്ഥിച്ചു. ഇടവകയിലുള്ള വിവിധ സംഘടനകളുടെ പ്രതിനിധികളെ കണ്ടു സംസാരിച്ചു, ഇടവകയിലെ രോഗികളുടെ ഭവനങ്ങൾ സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് വേഴപ്രാ സെന്റ് പോൾസ് ഇടവകാംഗവും സാഗർ രൂപതയിലെ വൈദികനുമായ പത്തിൽ ബഹു. തോമസ് ലാൽ അച്ചന്റെ പിതാവ് പി.ജെ. അബ്രാഹത്തിന്റെ മൃതസംസ്കാരശുശ്രൂഷയിൽ വീട്ടിലെ കർമങ്ങൾക്കു കാർമികത്വം വഹിച്ചു.

05 രാവിലെ വിരുതുനഗർ മിഷൻ സ്റ്റേഷനിൽ ആളുകൾക്കു തൈലാഭിഷേക കൂദാശ നൽകുകയും പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകുകയും ചെയ്തു. വൈകുന്നേരം അരുവിക്കുഴി ലൂർദ്മാതാ ദൈവാലയത്തിന്റെ കൽകുരിശ് വെഞ്ചരിച്ചു.

06-08 പാലാരിവട്ടം POC ൽ നടത്തപ്പെട്ട KCBC സമ്മേളനത്തിൽ പങ്കെടുത്തു.

09 രാവിലെ ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. തുടർന്ന് പുതുതായി നിർമിച്ച മുതിർന്നവർക്കുവേണ്ടിയുള്ള മാമ്മോദീസാത്തൊട്ടിയും പുതുതായി നിർമിച്ച ഫൊറോനാ കാര്യാലയവും സന്ദർശനമുറികളും വെഞ്ചരിച്ചു. പാറേൽ അമല തിയോളജിക്കൽ കോളേജിൽ നടത്തപ്പെട്ട കോൺവൊക്കേഷനിൽ പങ്കെടുത്തു. ചെത്തിപ്പുഴ വാരിക്കാട് ദയാലുവിന്റെ പിതാവിന്റെ 7-ാം ചരമദിനത്തിലെ വീട്ടിലെ കർമങ്ങൾക്കു കാർമികത്വം വഹിച്ചു.

10 രാവിലെ ചങ്ങനാശേരി സെന്റ് ബർക്കുമാൻസ് കോളേജ് കാവുകാട്ട് ഹാളിൽ നടത്തപ്പെട്ട നൂറുമേനി വചന മനഃപാഠമത്സരത്തിന്റെ സമ്മാനദാന ചടങ്ങിൽ പങ്കെടുത്തു. വൈകുന്നേരം കുരിശുമ്മൂട് സെന്റ് ജോസഫ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷനിൽ നടത്തപ്പെട്ട 'മെറിറ്റ് ഈവനിംഗ്' പരിപാടിയിൽ അദ്ധ്യക്ഷപ്രസംഗം നടത്തി സമ്മാനദാനം നിർവഹിച്ചു.

11 രാവിലെ പുതുക്കരി സെന്റ് സേവ്യേഴ്സ് ഇടവകദൈവാലയത്തിൽ അജപാലനസന്ദർശനത്തിനോടനുബന്ധിച്ചു പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്നു സിമിത്തേരി സന്ദർശനം നടത്തി. ഇടവകയിലുള്ള വിവിധ സംഘടനകളുടെ പ്രതിനിധികളെ കണ്ടു സംസാരിച്ചു, സൺഡേ സ്കൂൾ കുട്ടികളെയും അധ്യാപകരെയും കണ്ടു ഇടവകയിലെ രോഗികളുടെ ഭവനങ്ങൾ സന്ദർശിച്ചു. പുതുക്കരി സെന്റ് ജോസഫ് ചാപ്പലിലെ പുതിയ മണിമാളിക വെഞ്ചരിച്ചു.

12-16 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടത്തപ്പെട്ട മെത്രാന്മാരുടെ സിനഡിൽ സംബന്ധിച്ചു.

17 രാവിലെ മുഹമ്മ സെന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിൽ മനയ്ക്കൽ ഷിബിൻ-ജോസ്ന എന്നിവരുടെ വിവാഹമാശീർവദിച്ചു. ഉച്ചകഴിഞ്ഞ് മനയ്ക്കച്ചിറ സെന്റ് ജോസഫ് ഇടവകാംഗവും കോലത്ത് കുടുംബാംഗവുമായ ആലീസ് ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷയുടെ കർമങ്ങൾക്കു ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ കാർമികത്വം വഹിച്ചു. വൈകുന്നേരം പനയമ്പാല സെന്റ് സെബാസ്റ്റ്യൻസ്

ദൈവാലയത്തിന്റെ കല്ലിടീലിന്റെ ജൂബിലിയോടനുബന്ധിച്ചു വചന സന്ദേശം നൽകി.

18 രാവിലെ തോട്ടുവാത്തല തിരുഹൃദയ ദൈവാലയത്തിൽ പരി. കുർബാന യർപ്പിച്ചു വചനസന്ദേശം നൽകി. തുടർന്ന് മാതാപിതാക്കളെയും സൺഡേ സ്കൂൾ കുട്ടികളെയും പ്രത്യേകം കണ്ടുസംസാരിച്ചു. വൈകുന്നേരം ചങ്ങ നാശേരി SOIL സന്ന്യാസിനിസമൂഹത്തിന്റെ ഭവനത്തോടുചേർന്നു നിർമിച്ച ഹോസ്റ്റൽ വെഞ്ചരിച്ചു.

19 അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

20 രാവിലെ തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാ ഇടവകാംഗ മായ പള്ളത്ത് മുപ്പതിൽ ഏലിക്കുട്ടിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. വാഴപ്പള്ളി സെന്റ് തെരേസാസ് ഹയർ സെക്കന്ററി സ്കൂളിൽ നടത്തപ്പെട്ട കെ.സി.എസ്.എൽ. പ്രവർത്തനവർഷ ഉദ്ഘാടന സമ്മേളനത്തിലും ആനിമേറ്റേഴ്സ് മീറ്റിലും പങ്കെടുത്തു. അതിരൂപതാകേന്ദ്ര ത്തിൽ നടത്തപ്പെട്ട ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

21 പാറേൽ SVD സെമിനാരിയിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാ ഇടവകാംഗ മായ ജിജോ പറമ്പത്തിന്റെ മൃതസംസ്കാരശുശ്രൂഷയിൽ വീട്ടിലെ കർമ ങ്ങൾക്കു കാർമികത്വം വഹിച്ചു. വെരൂർ സെന്റ് ജോസഫ് ഇടവകാംഗമായ മേരിക്കുട്ടി മാത്യു പ്ലാമൂട്ടിലിന്റെ മൃതസംസ്കാരശുശ്രൂഷയിൽ ദൈവാലയ ത്തിലെ കർമങ്ങൾക്കു കാർമികത്വം വഹിച്ചു.

22 പുന്നത്തുറ സെന്റ് തോമസ് ദൈവാലയത്തിൽ പെരുന്തോട്ടം കുടുംബ ത്തിലെ മരണമടഞ്ഞവരുടെ ഓർമയ്ക്കായും ക്രിസ്റ്റോ പെരുന്തോട്ടത്തിന്റെ ആഘോഷമായ കുർബാന സ്വീകരണത്തിന്റെ ഭാഗമായും പരി. കുർബാന യർപ്പിച്ചു വചനസന്ദേശം നൽകി. അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ ഡോക്ടേഴ്സ് മീറ്റിൽ പങ്കെ ടുത്തു സംസാരിച്ചു.

■

## മാർ തോമസ് തറയിൽ

**മെയ് 2023**

26 ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ 'റോമാ യാത്ര: പ്രതി പാദനവും പ്രസക്തിയും' എന്ന സിമ്പോസിയത്തിൽ അധ്യക്ഷപ്രസംഗം നടത്തി. ചങ്ങനാശേരി സേക്രഡ് ഹാർട്ട് ഹയർസെക്കൻഡറി സ്കൂളിൽ നവീകരിച്ച ഹോസ്റ്റലിന്റെ വെഞ്ചരിപ്പുകർമം നിർവഹിച്ചു. യുവദീപ്തി സംഘടനയുടെ ആഭിമുഖ്യത്തിൽ തൃക്കൊടിത്താനം ഫൊറോനയിലെ യുവജനങ്ങൾക്കായി നടത്തിയ ക്യാമ്പിൽ പങ്കെടുത്ത് യുവജനങ്ങളോടു സംസാരിച്ചു.

27 പുന്നവേലി ആൽഫ കെയറിന്റെ ആഭിമുഖ്യത്തിൽ വയോധികർക്കായി നിർമിക്കുന്ന ഭവനത്തിന്റെ ശിലാസ്ഥാപനകർമം നിർവഹിച്ചു. ചെറുവാണ്ടൂർ സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. മാമ്മൂട് ലൂർദുമാതാ ഇടവകയിലെ യുവജനങ്ങളുടെ ആഭിമുഖ്യത്തിൽ നടന്ന യൂത്ത് ക്യാമ്പിൽ പങ്കെടുത്ത് സംസാരിച്ചു.

28 പുതുതായി കൂദാശ ചെയ്ത കോയിൽമുക്ക് (എടത്വാ) സെന്റ് ജോസഫ്സ് ഇടവകദൈവാലയത്തിൽ പ്രഥമ പരി. കുർബാനയർപ്പണം നടത്തി. തുടർന്ന് കുഞ്ഞുങ്ങളെ ആദ്യാക്ഷരമെഴുതിച്ചു. ചങ്ങനാശേരി ഫൊറോനയുടെ ആഭിമുഖ്യത്തിൽ സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽനടന്ന എയ്ഞ്ചൽസ് മീറ്റിൽ പങ്കെടുത്ത് കുട്ടികളോടു സംസാരിച്ചു. മലങ്കര കാത്തലിക് അസോസിയേഷൻ (MCA) മല്ലപ്പള്ളി മേഖല കർമപരിപാടിയുടെ ഉദ്ഘാടനത്തിൽ പങ്കെടുത്തു സന്ദേശം നൽകി. നെടുംകുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഫൊറോനാ ദൈവാലയത്തിന്റെ ഇടവക ദിനാഘോഷത്തിൽ പങ്കെടുത്തു സംസാരിച്ചു.

29 അതിരൂപതയിലെ 2020–21 ബാച്ചിലെ വൈദികരുടെ മീറ്റിങ്ങിൽ പങ്കെടുത്ത് അവരോടു സംസാരിച്ചു.

31 മാന്നില ഹോളി ഫാമിലി ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമം ചെയ്തു.

**ജൂൺ 2023**

01 കുരിശുമ്മൂട് മീഡിയാ വില്ലേജിൽ അധ്യാപകർക്കായി ഓറിയന്റേഷൻ ക്ലാസ് നയിച്ചു.

02 ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ 98–ാം ചരമ വാർഷിക ദിനത്തോടനുബന്ധിച്ച് ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. വൈകുന്നേരം പുന്നക്കുന്നത്തുശേരി വാരിക്കാട്ട് വി.എ. ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ഭവനത്തിലെ കർമങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ചു.

03 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. ചങ്ങനാശേരി സെന്റ് ബർക്കുമൻസ് ഹയർ സെക്കന്ററി സ്കൂളിൽ മതാധ്യാപകർക്കായി നടന്ന മീറ്റിങ്ങിൽ പങ്കെടുത്തു സന്ദേശം നൽകി.

04 നരിക്കൽ സെന്റ് മേരീസ് ദൈവാലയത്തിൽ അജപാലനസന്ദർശനം നടത്തി. തിരുവനന്തപുരം ലൂർദ് ഫൊറോനാ ദൈവാലയത്തിൽ നടത്തപ്പെട്ട പ്രൈവറ്റ് സ്കൂൾ മാനേജേഴ്സിന്റെയും ഹെഡ്മാസ്റ്റേഴ്സിന്റെയും മീറ്റിങ്ങിൽ പങ്കെടുത്തു സംസാരിച്ചു.

6–8 പാലാരിവട്ടം POC ൽ നടന്ന KCBC ൽ പങ്കെടുത്തു

09 കീപ്രത്ത് ബഹു. ജോസഫ് OFM Cap. അച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് CARP എക്സിക്യുട്ടിവ് മീറ്റിങ്ങിൽ പങ്കെടുത്തു.

10 ളായിക്കാട് സെന്റ് ജോസഫ് ദൈവാലയത്തിൽ ആഘോഷമായ വി. കുർബാന സ്വീകരണവും തൈലാഭിഷേകകൂദാശയും പരികർമം ചെയ്തു. ചങ്ങനാശേരി സന്ദേശനിലയത്തിൽ സംഘടിപ്പിച്ച മിഷൻലീഗ് പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. അതിരൂപതാ കുടുംബക്കൂട്ടായ്മ -ബൈബിൾ അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട നൂറുമേനി വചന മനഃപാഠപരീക്ഷയുടെ ഗ്രാൻഡ് ഫിനാലെയിൽ പങ്കെടുത്തു ആശംസകൾ അർപ്പിക്കുകയും അവാർഡുകൾ നൽകുകയും ചെയ്തു.

11 തിരുമല ഹോളി ഫാമിലി ദൈവാലയത്തിൽ അജപാലനസന്ദർശനം നടത്തി. വൈകുന്നേരം അതിരൂപതയിലെ വൈദികർക്കായി കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെട്ട ആദ്യബാച്ച് വാർഷികധ്യാനത്തിൽ സ്വാഗതം അർപ്പിച്ചു സംസാരിച്ചു.

12-16 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സിനഡിൽ പങ്കെടുത്തു

17 പഴയെരൂർ സെന്റ് തോമസ് ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. പുനലൂർ സേക്രഡ് ഹാർട്ട് ഇടവകയുടെ ആഭിമുഖ്യത്തിൽ നിർമിച്ച ഭവനത്തിന്റെ വെഞ്ചരിപ്പുകർമം നിർവഹിച്ചു.

18 പാലോട് സെന്റ് മേരീസ് ദൈവാലയത്തിൽ അജപാലനസന്ദർശനം നടത്തി. തിരുവനന്തപുരം ലൂർദുമാതാ എൻജിനീയറിങ് കോളേജിന്റെ ഗവേണിംഗ് ബോഡി മീറ്റിങ്ങിൽ പങ്കെടുത്തു സംസാരിച്ചു.

19-20 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വൈദികർക്കു ക്ലാസ് നയിച്ചു.

21 തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോന ഇടവക പറമ്പത്ത് ജിജോ ജോർജിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. അഡ്വ. ഒ.വി. ലൂക്കോസ് ഫൗണ്ടേഷൻ സംഘടിപ്പിച്ച കോളേജ് വിദ്യാർഥികൾക്കായുള്ള പ്രസംഗമത്സരത്തിൽ അവാർഡുകൾ നൽകി സംസാരിച്ചു. വൈകുന്നേരം നിരണം മാർ തോമാശ്ലീഹാ സെമിനാരിയിൽ വൈദികാർഥികൾക്കു ക്ലാസ് നയിച്ചു.

22 ചങ്ങനാശേരി സെന്റ് ബർക്കുമൻസ് സ്കൂൾ ബോർഡിങ്ങിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. ചങ്ങനാശേരി സെന്റ് ആൻസ് സ്കൂൾ സംഘടിപ്പിച്ച Merit Day ൽ പങ്കെടുത്തു സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് APOSTLE പ്രോഗ്രാമിന്റെ എക്സിക്യൂട്ടിവ് മീറ്റിംഗിൽ പങ്കെടുത്തു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിലെ ഡോക്ടർമാർക്കായി അതിരൂപതാകേന്ദ്രത്തിൽ സംഘടിപ്പിച്ച ഡോക്ടേഴ്സ് മീറ്റിൽ പങ്കെടുത്തു സംസാരിച്ചു.

23 ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോമിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകുകയും വൈദികരെ വ്യക്തിപരമായി കാണുകയും ചെയ്തു. മിഷൻലീഗിന്റെ പുതിയ സംസ്ഥാനതല എക്സിക്യൂട്ടിവ് മീറ്റിങ്ങിൽ പങ്കെടുത്തു സംസാരിച്ചു. വൈകുന്നേരം കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ പുതുതായി ചേർന്ന വൈദികാർഥികളോടു സംസാരിച്ചു.

■



# ENGAGEMENTS


## JULY 2023

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

| | | |
|---|---|---|
| 01 | 05:00 pm | Home Day Celebration @ St. Thomas Hospital, Chethipuzha |
| 02 | 01:15 pm | Holy *Qurbana* & Pilgrimage @ Mar Thoma Sleeha Centre, Niranam |
| | 07:00 pm | VIP Gathering @ St. Thomas Hospital, Chethipuzha |
| 03 | 06:00 am | Holy *Qurbana* @ St. Xavier's Forane Church, Thrickodithanam |
| | 10:00 am | Laying on Foundation Stone for Infant Jesus Hospital (Unit of St. Thomas Hospital Chethipuzha) @ Manimala |
| | 03:00 pm | 23rd Placid Symposium & 33rd Annual Day Celebration @ Marthoma Vidhyanikethan, Changanacherry |
| 04 | 06:45 am | Holy *Qurbana* & Medical College Visit @ Mother Theresa Home, Alappuzha |
| | 04:00 pm | Send off Meeting @ Media Village, Kurisummood |
| 05 | 07:00 am | Chapel Consecration & Meeting @ Precious School, Muthiramala, Nedumkunnam |
| | 12:00 pm | Betrothal @ St. Mary's Metropolitan Church, Changanacherry |
| 07- 26 | | Out of Station |
| 27 | 10:30 am | Sacraments of Initiation @ St. Mary's Forane Church, Athirampuzha |
| 28 | 06:30 pm | Meeting with Brothers @ Mar Thoma Sleeha Centre, Niranam |
| 29 | 10:00-1:00 pm | Pravasi Apostolate 7th Annual Day Celebration @ St. Mary's Metropolitan Church, Changanacherry |
| | 05:00 pm | House Blessing @ Cherupushpam, Arpookara |
| 30 | 06:45 am | Pastoral Visit @ St. Antony's Church, Perunna East |
| 31 | | KCBC Retreat |

**Fr. Secretary - 9447507393**

■





**Mar Thomas Tharayil**
Auxiliary Bishop of Changanacherry

# ENGAGEMENTS

## JULY 2023

| | | |
|---|---|---|
| 01 | 10:00 am | Church Consecration @ Palukal, St. Thomas Church |
| | 3:00-04:00 pm | Visitors @ Thiruvananthapuram, Lourdes Forane Church |
| | 04:00 pm | Edapalayam, St. George Church |
| 02 | | Pastoral Visit @ Edapalayam, St. George Church |
| | 3:00-06:00 pm | Visitors |
| | 06:15 pm | St. Thomas Day Celebration @ Thrickodithanam, St. Xavier's Forane Church |
| 03 | 07:00 am | Holy *Qurbana* @ Niranam, Mar Thoma Sleeha Pilgrim Centre |
| | 10:00 am | Foundation Stone Laying of Infant Jesus Hospital @ Manimala |
| | 11:30-1:00 pm | Visitors |
| | 02:30 pm | Placid Symposium @ Changanacherry, Marthoma Vidyanikethan |
| | 3:30-05:30 pm | Visitors |
| | 06:30 pm | Doctors' Day @ Kottayam, SH Medical Centre |
| 04 | 06:30 am | Holy *Qurbana* @ Kurichy, St. Thomas Minor Seminary |
| | 10:00 am | LMIMS Management Board Meeting @ Pallikkunnu |
| | 04:30 pm | Kurisummood, Media Village |
| 05 | 09:00 am | Academic Year Inauguration @ Muthiramala, Precious School |
| 06 | 06:15 am | Baptism @ Kaithavana, Immaculate Heart Church |
| | 02:30 pm | Graduation Ceremony @ Chethipuzha, St. Thomas College of Nursing |
| 07 | 2:30-04:30 pm | Visitors |
| 08 | 10:00 am | CLT Course Inauguration @ Changanacherry, Sandesanilayam |
| | 11:30 am | Betrothal @ Champakulam, St. Mary's Basilica |
| 09 | | Pastoral Visit @ Anakulam, St. Joseph's Church |
| | 03:00 pm | Talk @ Amboori, St. George Forane Church |
| | 05:30 pm | St. Thomas Day Celebration @ Thiruvananthapuram, Lourdes Forane Church |

| | | |
|---|---|---|
| 10-14 | | Priests' Retreat @ Kollam |
| 15 | 11:00 am | Holy Communion @ Champakulam, St. Mary's Basilica |
| | 05:30 pm | Holy *Qurbana* @ Pangodu, Carmel Monastery |
| 16-23 | | Priests' Retreat @ Guwahati |
| 24 | | Engaged |
| 25 | 11:30 am | Holy *Qurbana* @ Bharananganam, St. Alphonsa Piligrim Centre |
| | 2:30-04:30 pm | Visitors |
| | 06:00 pm | Youth Meet @ Perunna East, St. Antony's Church |
| 26 | 09:00 am | NEP Meeting @ Palai, St. Thomas College |
| | 03:00 pm | Holy *Qurbana* @ Pongummoodu, St. Alphonsa Church |
| 27- | | Engaged |

**Fr. Secretary - 8078088468**

■

## ഐക്കൺ വിവരണം
**(കവർ ബാക്ക്)**

# ദുക്റാന തിരുനാൾ ഐക്കൺ

ഈശോയുടെ മരണശേഷം യഹൂദരെ ഭയപ്പെട്ട് സീയോൻ മാളികയിലിരുന്ന ശ്ലീഹന്മാരുടെ അടുക്കലേയ്ക്ക് ഉയിർത്തെഴുന്നേറ്റ ഈശോമിശിഹാ രണ്ടാം പ്രാവശ്യം വന്നപ്പോൾ വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർ തോമാശ്ലീഹാ തന്റെ ഗുരുവും നാഥനും രക്ഷകനുമായ ഈശോയുടെ ആണിപ്പഴുതുകളിൽ തൊട്ടുകൊണ്ട് 'എന്റെ കർത്താവും എന്റെ ദൈവവും!' എന്ന് ഏറ്റുപറയുന്നു. പരമ്പരാഗതമായി ഈസ്റ്ററിനു ശേഷമുള്ള പുതുഞായറാഴ്ചയിൽ മാർ തോമാശ്ലീഹായുടെ ഈ വിശ്വാസപ്രഖ്യാപനം സഭ അനുസ്മരിക്കുന്നു.

*(യോഹ. 20:24 - 31)*

# മണിപ്പൂർ കലാപത്തിൽ ഇരയായവർക്ക് ഐക്യദാർഢ്യം

**(25 ജൂൺ 2023)**




**ജപമാലറാലിയും**
**പൊതുസമ്മേളനവും**
**(സെന്റ് മേരീസ് ദൈവാലയം, പാറേൽ)**

**VEDAPRACHARA MADHYASTAN VOL.96 No.01 2023 July**
Date of Publication: 30-06-2023
Registered No. RN-3149/1957
Postal Regn No. KL/CHC/74/2021-23
Licence No. KL/CR/CHC/WPP-2/2021-23
Licensed to Post Without Prepayment

Rs 25/-

Posted at Changanacherry sorting on the last day of every month

# ദുക്റാനതിരുനാളാശംസകൾ




'മറ്റുള്ള അപ്പസ്തോലന്മാരേക്കാൾ ഒരിക്കൽ വിശ്വാസത്തിൽ ബലഹീനനായിരുന്ന തോമസ്, അവരെക്കാളും കൂടുതൽ ധൈര്യത്തോടെ, കൂടുതൽ തീക്ഷ്ണതയോടെ, അശ്രാന്തമായി ദൈവകൃപയാൽ അദ്ധ്വാനിച്ചു, അങ്ങനെ അവൻ ഭയപ്പെടാതെ ഏതാണ്ട് മുഴുവൻ ഭൂമിയിലും പ്രസംഗിച്ചു.'

**വി. ജോൺ ക്രിസോസ്തോം**

Estd. 1928

Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala. Editor: Fr Biju George Alencherry.

E-mail: sjopresschry@gmail.com | Website: www.archdiocesechanganacherry.org